KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 19602

Author ബാലകൃഷ്ണപിള്ള

Title വിഷ്വക്സേനൻ.

1513

1-80

# ഹർഷവർദ്ധനൻ

19602

ഏ. ബാലകൃഷ്ണപിള്ള,

ബി. ഏ. ബി. എൽ.

പത്മാലയാ ബുക്ക് ഡിപ്പോ,

എറണാകുളം.

1116

വില

M08

PRINTED AT THE KAMALALAYA PRINTING WORKS, TRIVANDRUM.

# അവതാരിക.

നമ്മുടെ ഭാഷയിൽ, ചില ചരിത്രകഥകളും ജീവചരിത്രങ്ങളും, ഈയിടയ്ക്കു് പ്രചരിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും, സ്വഭാവരൂപവൽക്കരണത്തിനു പററിയ ജീവചരിത്രാഖ്യായികകൾ, തുലോം ദുർല്ലഭമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഒരുവൻ്റെ പരിതസ്ഥിതികളേയും, അവയ്ക്കിടയിൽക്കൂടിയുള്ള അയാളുടെ പ്രവൃത്തികളേയും, യഥാസൂക്ഷ്മം ചിത്രീകരിച്ചുകൊണ്ടു്, ഇവയുടെ സംയോഗപരിണാമമായ് ആ ജീവിതത്തെ ആദ്യന്തം വിമർശിച്ചു പ്രകാശിപ്പിക്കയാണു്, ഇത്തരം ജീവചരിത്രാഖ്യായികകളിൽ നാം പ്രതീക്ഷിക്കേണ്ടതു്. ഇങ്ങനെയുള്ള ജീവചരിത്രപഠനം, എപ്പോഴും, നമ്മുടെ ലോകപരിചയജ്ഞാനത്തെ വിപുലമാക്കുകയും, സ്വഭാവസംസ്കരണത്തെ ഉത്തേജിപ്പിക്കയും, ചെയ്യും. ജ്ഞാനസമ്പാദനമാർഗ്ഗങ്ങളിൽ വെച്ചു്, ഏററവും മാററുകൂടിയതാണല്ലൊ, 'അനുഭവസിദ്ധി'. ഏത്രയും അടുത്തു പരിചയമുള്ള ഒരു വ്യക്തിയുടെ ജീവിതാനുഭവത്തിൽനിന്നു നമുക്കു പാഠം നൽകുന്ന ആത്മബോധംപോലെയുള്ള ഒരു മാനസികാനുഭൂയിയാണു്, ഈദൃശാഖ്യായികകളുടെ പാരായണംകൊണ്ടു് നമുക്കുണ്ടാകുന്നതു്. ഒരുവൻ്റെ സ്വഭാവത്തെ ദൃഢപ്പെടുത്തുകയോ ശിഥിലീകരിക്കയോ ചെയ്യുന്ന പ്രധാന സന്ദർഭങ്ങളെ സൃഷ്ടിക്കുന്നതിൽ പരിതസ്ഥിതികൾക്കുള്ള പ്രവണതയും, അതുകൊണ്ടു് ആ ജീവിതത്തിനു വന്നുകൂടുന്ന പരിണാമഭേദങ്ങളും, വഴിപോലെ ഗ്രഹിക്കാനിടവരുന്നവക്കു്, സ്വന്തജീവിതഗതിയ്ക്കു് ഉപയോഗപ്രദങ്ങളായ പല ആദർശങ്ങളേയും ഇവയിൽനിന്നു സമാർജ്ജിക്കാൻ സാധിക്കും. ഇതാണു്

സ്വഭാവരൂപവൽക്കരണത്തിനുതകുന്ന ഇത്തരം കൃതികളിലെ, തത്വാംശകത്വം. പരിതസ്ഥിതികളേയും, പ്രവൃത്തികളേയും, പരിണാമദശകളേയും, ഒരു നോവലിലോ നാടകത്തിലോ എന്നപോലെ ചിത്രീകരിക്കുന്നതിൽ വേണ്ടിവരുന്ന വർണ്ണനാരാസികൃം, പ്രസ്തുതകൃതികളേ രസാത്മകങ്ങളാക്കിത്തീർക്കയും ചെയ്യുന്നു. ഇതാണ് പ്രസ്തുത കൃതികളിലെ പാരായണകൌതുകം ജനിപ്പിക്കുന്ന കലാസൌന്ദര്യം. ഇങ്ങനെ സാഹിത്യകലയുടെ തത്വപ്രഗത്ഭകവും, ഉന്മേഷജനകവും ആയ രണ്ടംശങ്ങളും ചേൎന്നു വിളങ്ങുന്ന കൃതികളത്രേ ജീവചരിത്രാഖ്യായികകൾ.

ഇപ്പറഞ്ഞ രീതിക്കുള്ള ഒരു ജീവചരിത്രാഖ്യായികയാണ്, ശ്രീമാൻ ഏ. ബാലകൃഷ്ണപിള്ള അവർകൾ ബി. ഏ., ബി. എൽ., പുതിയ ഗവേഷണഫലങ്ങളും കൂട്ടിച്ചേൎത്തു പരിഷ്കരിച്ചു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "ഹഷവൎദ്ധന"ന്റെ ഈ പുതിയ പതിപ്പ്. സാധാരണനിലയ്ക്കുള്ള ഒരു "സ്ഥാനേശ്വര"പതിയായ് മാത്രം, ആദ്യം പ്രത്യക്ഷപ്പെടുന്ന ഹഷവൎദ്ധനന്, കാലക്രമത്തിൽ, ഉത്തരഭാരതഖണ്ഡം മുഴുവൻ അടക്കിബ്ഭരിച്ച ചക്രവൎത്തിപ്രതാപവും, സംസ്കൃതകവിപ്രൌഢനായ ബാണഭട്ടന്റെ ഹഷചരിതത്തിലെ നായകനെന്ന നിലയ്ക്കും, "രത്നാവലി", "പ്രിയദൎശിക", "നാഗാനന്ദം" എന്നീ പ്രസിദ്ധ നാടകങ്ങളുടെ നിൎമ്മാതാവെന്ന നിലയ്ക്കും സുസ്ഥിരമായ്ഭവിച്ചിട്ടുള്ള സാഹിത്യയശസ്സും, എങ്ങനെ കൈവന്നുചേൎന്നുവെന്നു കാണിക്കുന്ന പശ്ചാത്തലനിദാനങ്ങളേയും,ഈ പ്രതാപയശസ്സുകൾക്കപ്പുറമായുള്ള അദ്ദേഹത്തിന്റെ സാക്ഷാത്തായ മഹിമാതിരേകത്തേയും, ഇതിൽ വളരെ സരസവും, സയുക്തികവും ആയ വിധം വിവരിച്ചി

രിക്കുന്നു. ഭാരതഖണ്ഡത്തിലെ പരിതസ്ഥിതികളേ മാത്ര മല്ലാ, ഏഷ്യ്യ, അറേബിയ, ചൈനാ, ടിബററ്, ആസ്സാം, ബർമ്മാ, ഇൻഡോചൈനാ എന്നീ അയൽരാജ്യങ്ങളിലെ സമകാലീന ചരിത്രങ്ങളേയും, യഥാസന്ദർഭം വിവരിച്ചു കാട്ടി—ഹഷവദ്ധനനേ ഏഷ്യയിലെ പ്രധാന സമ്രാട്ടുക ളുടെ നിരയിൽ ഒപ്പം നിറുത്തിത്താരതമ്മ്യം ചെയ്തിട്ടാ ണ്—അദ്ദേഹത്തിൻെറ യോഗ്യതയേ, ഇതിൽ നിണ്ണയി ച്ചിരിക്കുന്നതു്.

സ്വസഹോദരിയായ രാജ്യശ്രീയെ, ചിതയിൽനിന്നു്, തക്ക സമയത്തു രക്ഷിച്ചു് തൻെറ സൈന്യനിവേശത്തിൽ കൂട്ടിക്കൊണ്ടു പോരുന്നിടംവരെയുള്ള ഹഷവദ്ധനജീവിത ഭാഗത്തെപ്പററി കാവ്യരീതിയിൽ വിവരിക്കുന്ന ബാണഭട്ട ൻെറ "ഹഷചരിതം" ഗദ്യപ്രബന്ധത്തിൽനിന്നു്, മററു തെളിവുകളാൽ വസ്തുതകളെന്നു സാക്ഷ്യപ്പെടുന്ന പ്രസ്താ വങ്ങളേ, കവിയുടെ ആശയഗതിയനുസരിച്ചു പരാവത്ത നം ചെയ്തു്, ഇതിൽ അവിടവിടെ ചേത്തുകാണുന്നതു്, പ്രസ്തുതകൃതിയ്ക്കു് ഒരു ഭൂഷണവിശേഷം തന്നെയാണു്. എന്തെന്നാൽ, ജീവചരിത്രത്തെ അടിസ്ഥാനപ്പെടുത്തി കാവ്യനിമ്മാണത്തിനൊരുങ്ങിയ അപൂവ്ഭാരതീയകവിക ളിൽ അഗ്രഗണ്യനായ ബാണഭട്ടനോട്ടു് ആദരവും, ഭാര തീയരുടെ പഴയ കാലത്തെ കാവ്യരീതിയോടു പരിചയ പ്പെടാനുള്ള സൌകയ്യവും, മലയാളികൾക്കുണ്ടാക്കിക്കൊ ടുക്കുവാൻ, ഈ സമ്പ്രദായം, നല്ലവണ്ണം ഉപകരിക്കുന്നു. എന്നുതന്നെയല്ലാ, ബാണകവിയുടെ ഈ വിവരണങ്ങ ളിൽക്കൂടി—പിതാവിന്റെ ശവസംസ്കാരഘട്ടത്തിൽ ചിതാ പ്രവേശത്തിനൊരുങ്ങി നിൽക്കുന്ന മാതാവും പുത്രനും തമ്മിലുള്ള അതിദയനീയമായ സംഭാഷണം, ജ്യേഷ്ഠനായ

രാജ്യവദ്ധനന്റെ ചരമവൃത്താന്തശ്രവണത്തിലെ ഹഷവദ്ധനന്റെ സ്തംഭനാവസ്ഥ, സോദരിയെ തിരക്കിപ്പുറപ്പെട്ടുന്നതിലുള്ള ഹഷവദ്ധനന്റെ തിടുക്കം—എന്നീ സന്ദർഭങ്ങളിലെ ഹഷവർദ്ധനന്റെ സൌഹാദ്ദസമ്പൂർണ്ണമായ സ്വഭാവവിശേഷങ്ങൾ, നമുക്ക നല്ലവണ്ണം പ്രത്യക്ഷമാകുന്നുമുണ്ട്.

അതുപോലെതന്നെ, ചൈനാക്കാരനായ അന്നത്തെ ദേശസഞ്ചാരി, യുവാങ്ങ് ചാങ്ങിന്റെ, പ്രസ്താവനകളിൽനിന്നുള്ള ചില ഭാഗങ്ങളെ ഭാഷാന്തരം ചെയ്തു ഇതിൽ ചേത്തിരിക്കുന്നതും, പ്രസ്തുത കൃതിയ്ക്കുള്ള മറെറാരലംകരണമാണ്. ബുദ്ധമതപ്രസക്തികൊണ്ടു വന്നുകൂടാൻ കണക്കുള്ള ആ സഞ്ചാരിയുടെ ചില അതിശയോക്തിസ്പശങ്ങളൊഴിച്ചു നോക്കുന്നവക്ക്, ഹഷവദ്ധനചക്രവത്തിയുടെ ദിനചയ്യാവിശേഷങ്ങളേയും, നീതിന്യായനിഷ്ഠകളേയും, കലാപ്രവീണലക്ഷ്യങ്ങളേയും യാഥാസ്ഥിതികമായി നിരീക്ഷിച്ചറിയാൻ ഇതുകൊണ്ടു സാധിക്കുന്നു.

മയൂരൻ, ഭട്ടി, ഭാരവി എന്നീ സംസ്കൃത കവികളെപ്പററി, ഇതിൽ കാണുന്ന വിവരണംകൊണ്ട്, ഹഷവദ്ധനനും സമകാലീനരാജാക്കന്മാരും സംസ്കൃത സാഹിത്യത്തെ പുലത്തുന്നതിൽ എത്രമാത്രം ജാഗരൂകന്മാരായിരുന്നുവെന്നും, കാഞ്ചിപുരത്തേ പല്ലവരാജാവായ മഹേന്ദ്രവമ്മന്റെ രൂപകകൃതിയായ "മത്തവിലാസ പ്രഹസന"ത്തെപ്പററി ഇതിൽ ചെയ്തിട്ടുള്ള പ്രസ്താവംകൊണ്ട്, പൊതുവേ സംസ്കൃതസാഹിത്യപ്രണയികളായ അന്നത്തെ ഭാരതീയ രാജാക്കന്മാർ, നിവൃത്തിയുള്ളിടത്തോളം, സ്വയം, കവിയശഃപ്രാത്ഥികൾ കൂടിയായിരുന്നെന്നും നിസ്തക്കം തെളിയുന്നു.

സാഹിത്യരസം, ശില്പകല, മതവിശ്വാസം, ത്യാഗമഹിമ എന്നീ വിഷയങ്ങളെ അധികരിച്ച്, ഇതിൽ സന്ദർഭാനുസരണം ചെയ്തു കാണുന്ന ചർച്ചകൾ, അദ്ധ്യേതാക്കൾക്ക് മനസ്സംസ്കാരം വരുത്തുന്നതോടുകൂടി, ഈ കൃതിക്കു വേണ്ട രസവൈചിത്ര്യഭംഗിയും നൽകുന്നു.

പ്രസ്തുതഗ്രന്ഥത്തിലെ ഹർഷവർദ്ധനന്റെ സ്വഭാവത്തെപ്പററി നിരൂപിച്ചിരിക്കുന്ന ഒടുവിലത്തെ അദ്ധ്യായം, അത്യന്തം ചിന്തോദ്ദീപകവും രമണീയവുമാണ്. രാജാവ്, യോധകൻ, നയജ്ഞൻ, കലാകാരൻ, എന്നീ നിലകളിലോരോന്നിലും, ഹർഷവർദ്ധനനു പരാജയമാണ് വന്നുഭവിച്ചിട്ടുള്ളതെന്ന്, ഇവിടെ ഗ്രന്ഥകാരൻ സലക്ഷ്യം തെളിയിക്കുന്നു. തൻെറ സമകാലീനനായിരുന്ന അറേബിയയിലെ "കാലിഫ് ഓമറേ"പ്പോലെയോ, ചിലപ്പതികാരത്തിൽ പ്രസ്താവിച്ചിട്ടുള്ള "കുലശേഖരപാണ്ഡ്യചക്രവർത്തി"യെപ്പോലെയോ, ആദർശോചിതമായ ജീവിതമല്ലാ, ഹർഷവർദ്ധനൻ നയിക്കയുണ്ടായതു്. ഇങ്ങനെയെല്ലാമിരുന്നാലും, ഹർഷവർദ്ധനൻെറ ജീവിതത്തിൽ ആദ്യം മുതൽ അന്തർല്ലീനമായ് വർത്തിച്ച് ഒടുവിൽ വളർന്നു വികാസം പ്രാപിച്ച അദ്ദേഹത്തിൻെറ യഥാർത്ഥമഹത്വം എന്തെന്ന് നമ്മുടെ ഗ്രന്ഥകാരൻ ഇവിടെ സമഞ്ജസമായ് വിശദപ്പെടുത്തിയിട്ടുണ്ട്. അതു്, ഏറെക്കുറെ, താഴെപ്പറയും പ്രകാരമാണ്.

ബാല്യം മുതല്ക്കേ ഹർഷവർദ്ധനന്റെ സൌഹാർദ്ദപ്രകൃതി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടല്ലൊ. ബാണൻ 'ഹർഷചരിത'ത്തിൽ വിവരിക്കുന്ന പ്രകാരമുള്ള 'ഹർഷവർദ്ധന'ൻെറ ജീവിതാനുഭവങ്ങൾ, ഈ സൌഹാർദ്ദപ്രകൃതിയെ ഒന്നുകൂടി "ഇളക്കിവെച്ചുറപ്പിക്ക"യാണു ചെയ്തതു്.

അതിനാൽ സോദരിയോടുള്ള സൌഹാർദ്ദപാരമ്മ്യംനിമിത്തം, തൽപ്രതിപുരുഷനായ് മാത്രം മനസ്സില്ലാമനസ്സോടെ, ഹഷ്വർദ്ധനൻ കന്ന്യാകുബ്ജാധിപത്യം കൂടി കയ്യേററു നടത്തി. സൌഹാർദ്ദമൂർത്തിയായ ഒരു ഹൈന്ദവരാജാവായിട്ടുതന്നെയാണ്, അദ്ദേഹം തൻെറ രാജ്യഭാരം തുടങ്ങിയതു്. എന്നാൽ ബുദ്ധമതസംസർഗ്ഗം, അദ്ദേഹത്തിൻെറ സൌഹാർദ്ദത്തെ വഴിപോലെ വർദ്ധിപ്പിക്കയും, സംസ്കരിക്കയും ചെയ്തു. തന്നിമിത്തം അദ്ദേഹം പരസ്യമായ് ബുദ്ധമതം സ്വീകരിച്ചു. എങ്കിലും ചക്രവർത്തിയായ ഹഷ്വർദ്ധനൻ, തൻെറ രാജാതൃത്തിയ്ക്കുള്ളിലും അയൽ രാജ്യങ്ങളിലും പ്രചരിക്കുന്ന എല്ലാ അവാന്തരമതവിശ്വാസങ്ങളേയും പ്രതിനിധീകരിക്കുന്ന പ്രമാണികളെയെല്ലാം സാദരം ക്ഷണിച്ചു വരുത്തി, അവക്കായ് യഥായോഗ്യം "പഞ്ചവഷ്ദാനം" ചെയ്തു എന്നു കാണുന്നതിലേ, അദ്ദേഹത്തിന്റെ അസാമാന്ന്യമായ പരമതസഹിഷ്ണുതാപ്രകൃതി, തൻെറ സൗഹാർദ്ദമൂർത്തിത്വത്തിൻെറ പ്രകടലക്ഷ്യമായ് തന്നെ ഗണിക്കണം. ഇപ്രകാരം പ്രവൃദ്ധമായ്ത്തീന്നിട്ടുള്ള ഹഷ്വർദ്ധനൻെറ സൌഹാർദ്ദദൃഷ്ടിയിൽ, പരോപകാരാത്ഥമായ സ്വസുഖത്ത്യാഗത്തിനുള്ള മഹിമ, പ്രത്യക്ഷപ്പെട്ടതിൽ തെല്ലും വിസ്മയിക്കേണ്ടതില്ല. അവരവരുടെ മുക്തിക്കു വേണ്ടിയുള്ള സവ്സംഗപരിത്ത്യാഗം 'ജയിന'മതത്തിൽനിന്നും ഇക്കാലംകൊണ്ടു് ഹിന്ദുക്കളുടെയിടയിലും ധാരാളം പ്രചരിക്കുന്നുണ്ടെങ്കിലും, പരോപകാരത്തിനു വേണ്ടിയുള്ള ത്ത്യാഗം, ബുദ്ധമതത്തിനു പ്രത്യേകമായുണ്ടായിരുന്ന പരമതത്വമാണെന്നു്, അദ്ദേഹം വിശ്വസിച്ചു. ഈ പരമതത്വത്തെ ഉദാഹരിക്കുന്ന (ബൌദ്ധജാതകകഥ

യിലെ) ജീമൂതവാഹനൻെറ ജീവത്യാഗകഥയെ ഇതിവൃത്തമായ് സ്വീകരിച്ചും, സംസ്കൃതാലങ്കാരികന്മാരുടെ മാമൂൽനിയമം അതിലംഘിച്ച് ശാന്തരസത്തിന് സ്ഥായിത്വം കല്പിച്ചും, സാഹിത്യപ്രണയിയായ ഹർഷവർദ്ധനൻ, ഒരു സംസ്കൃതനാടകം രചിക്കയും തദ്വാരാ മേലാൽ പ്രേക്ഷകരുടെ ഉള്ളിൽ ഈ ഉൽകൃഷ്ടതത്വം ദൃഢപ്രരൂഢമായ് തഴച്ചു വളരുവാൻ കാരണമാക്കുകയും ചെയ്തു. ഇതാണ് ഹർഷവർദ്ധനൻെറ യഥാർത്ഥമഹത്വം.

ആകെക്കൂടി നോക്കുമ്പോൾ, കഥാനായകൻെറ സംവരണസ്ഥിതികളെ ഇത്ര വിപുലമായ് പ്രദർശിപ്പിച്ചും, അവ നിമിത്തം നായകപ്രകൃതിയ്ക്കു സിദ്ധിച്ച വളർച്ചയെ ഇത്ര സ്വാഭാവികമായ് പ്രതിപാദിച്ചും, അനേകം ജീവിതപാഠങ്ങളെ അവസരോചിതം ചൂണ്ടിക്കാണിച്ചും, നായകപ്രവൃത്തികളെ നിഷ്പക്ഷമായും നിശിതമായും നിരൂപിച്ചും, ഒടുവിൽ ഇവയിൽനിന്നെല്ലാം കടഞ്ഞെടുത്തിട്ടുള്ള മട്ടിൽ നായകൻ്റെ യഥാർത്ഥമഹത്വത്തെ വികസ്വരമായ് പ്രകാശിപ്പിച്ചും നിബന്ധിച്ചിട്ടുള്ള പ്രസ്തുതകൃതി, കഥാവസ്തുകൊണ്ട്, നവ്യരീതിയ്ക്കുള്ള ഒരു ജീവചരിത്രത്തിൻ്റേയും, കലാസൌന്ദര്യംകൊണ്ട് രസപുഷ്ടമായ ഒരാഖ്യായികയുടേയും കൃത്യങ്ങൾ ഒരേ സമയത്തു നിർവ്വഹിച്ചു കാണുകയാലത്രേ, “ജീവചരിത്രാഖ്യായിക”യെന്നുള്ള അഭിധാനം, ഇതിന്, ഞാൻ പ്രാരംഭത്തിൽതന്നെ നിർദ്ദേശിയ്ക്കുയുണ്ടായത്.

ശരിയായ ചരിത്രരേഖകൾ തീരെ ദുർല്ലഭമായുള്ള മുൻകാലങ്ങളിലെ ഒരതിപ്രസിദ്ധ ഭാരതീയചക്രവർത്തിയായ ഹർഷവർദ്ധനൻെറ ജീവചരിത്രത്തെപ്പററി മുൻചൊന്ന പ്രകാരം രസസമൃദ്ധവും സാരസമ്പൂർണ്ണവുമായ ഒരു സാഹിത്യകൃതി രചിക്കുന്നതിൽ, ഒരുവൻ പ്രധാന

മായി ആശ്രയിക്കേണ്ടിയിരിക്കുന്ന ഉപകരണങ്ങളുടെ പരസ്പരവൈരുദ്ധ്യവും ശൈഥില്യവും അറിയുമ്പോൾ മാത്രമേ, ഈ ഗ്രന്ഥകാരൻെറ അപാരമായ ചരിത്രപാണ്ഡിത്യവും, അക്ഷീണമായ ധിഷണാവൈഭവവും, അസാമാന്യമായ കാവ്യകലാസാമർത്ഥ്യവും, നമുക്ക്, ഇതിൽക്കൂടി നല്ലവണ്ണം നിരീക്ഷിക്കാൻ സാധിക്കയുള്ളു. ഈ ഉപകരണങ്ങൾ എന്തെല്ലാം, എങ്ങനെയുള്ളവ, എന്നു നോക്കുക.

൧. ബാണൻെറ ഹർഷചരിതവും അതുപോലെയുള്ള ചില ഭാരതീയകാവ്യങ്ങളും—ഇവയിൽ രാജപ്രീതിക്കായുള്ള അതിശയോക്തികളും മററു തരത്തിലുള്ള ചമല്ക്കാരപ്രയോഗങ്ങളും, സത്യാവസ്ഥകളെ വളരെ മറച്ചിരിക്കുവാനിടയുണ്ടെന്നുള്ളതു് നിർവിവാദം.

൨. യുവാൻചാങ്ങിൻെറ സഞ്ചാരവിവരണം—ചീനത്തുകാരനായ ഈ സഞ്ചാരിയുടെ പ്രസ്താവങ്ങളിൽ ബുദ്ധമതാസക്തികൊണ്ടു പല അവാസ്തവോക്തികളും കടന്നുക്രൂടിയിട്ടുണ്ടാവണം.

൩. അന്യരാജ്യങ്ങളിലെ സമകാലീനചരിത്രരേഖകളിലെ സൂചനകൾ—ഇവയ്ക്കു്, കേവലം കേട്ടുകേൾവിത്തെളിവിനുള്ള സ്ഥാനം മാത്രമേയുള്ളു.

൪. പ്രസിദ്ധീകൃതങ്ങളായ ഗവേഷണഫലങ്ങൾ—പുതിയ കണ്ടുപിടിത്തങ്ങളായ ഗ്രന്ഥങ്ങളേയും, ശിലാസ്തംഭങ്ങളേയും, ചിത്രങ്ങളേയും, ശാസനകളേയും സംബന്ധിച്ചു് ചരിത്രാന്വേഷികൾ അപ്പൊഴപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഓരോ അഭിപ്രായങ്ങളാകുന്നു ഈ ഗവേഷണഫലങ്ങൾ. യുക്തിഹീനത, വ്യാഖ്യാനസ്ഖലിതം, ഭാരതീയനാമധേയങ്ങളുടേയും സ്ഥാനപ്പേരുകളുടേയും സാദൃശ്യം, മുതലായ പല കാരണങ്ങളോരോന്നും, ചില

പ്പോൾ ഒരുമിച്ചു ചേൎന്നും, ഗവേഷകന്മാരുടെ അഭിപ്രായങ്ങളേ, സത്യഭ്രംശകങ്ങളും പരസ്പരവിരുദ്ധങ്ങളും ആക്കിത്തീൎക്കാറുണ്ട്. ഇങ്ങനെയാണ് മേല്പറഞ്ഞ ഉപകരണങ്ങളുടെ നില. അതുകൊണ്ട്, അവയ്ക്ക് ഏകൈകമായി നോക്കുമ്പോൾ, സത്യം കാട്ടിത്തരുവാനുള്ള സാക്ഷ്യശക്തിയില്ലെന്നുതന്നെ പറയണം. എന്നിരുന്നാലും, ഈ ഉപകരണങ്ങളെല്ലാം ഒന്നൊഴിയാതെ ഹൃദിസ്ഥമാക്കി, ഒരു യഥാൎത്ഥഗവേഷകൻ, വിവേകപൂൎവ്വം അവയെ കൂട്ടിയിണക്കിയും തമ്മിൽ തട്ടിക്കഴിച്ചും, ആകപ്പാടെ സമുച്ചയിച്ചു പരിശോധിക്കുമ്പോൾ മാത്രം, കറയററ സത്യം തെളിഞ്ഞുകിട്ടാതെ വരികയുമില്ല. ഈ സമുച്ചയപരിശോധനയ്ക്ക് ഇൻഡ്യയുടെതന്നെയല്ല അയൽസാമ്രാജ്യങ്ങളുടേയും ചരിത്രഗതികളെപ്പററിയുള്ള വിജ്ഞാനവും ഗവേഷണമതങ്ങളെ താരതമ്യപ്പെടുത്തി തുലനംചെയ്യുന്നതിൽ, നിൎദ്ദാക്ഷിണ്യവും നിരത്യയവുമായ ബുദ്ധിവിനിയോഗവും അത്യാവശ്യമാണ്. ഇങ്ങനെ, ചരിത്രപാണ്ഡിത്യവും തൽപ്രയോഗവൈദഗ്ദ്ധ്യവും ഒരുപോലെ സ്വാധീനമുണ്ടെങ്കിൽ മാത്രമേ, സത്യപ്രകാശകമായ വ്യാഖ്യാനത്തിന്, ഒരു ഗവേഷകനെ സമൎത്ഥനാക്കുകയുള്ളു. ഏതാദൃശമായ വ്യാഖ്യാനസാമൎത്ഥ്യംകൊണ്ട്, നമ്മുടെ ഗ്രന്ഥകാരൻ ഇതിൽ പലേ ദിക്കിലും, ഹൎഷവൎദ്ധനചക്രവൎത്തിയെ സംബന്ധിച്ച് ഇതേവരെ അംഗീകൃതനിലയിൽ പ്രചരിച്ചിരുന്ന പല അഭിപ്രായങ്ങളേയും, സയുക്തികം ഖണ്ഡിച്ച് സത്യസ്ഥിതികൾ വെളിപ്പെടുത്തിത്തന്നിരിക്കുന്നു! ഇതു് ഒരു വലിയ അനുഗ്രഹമായി, ഗവേഷകലോകവും പൊതുവേ ചരിത്രാദ്ധ്യേതാക്കളും ഭക്ത്യാദരപൂൎവ്വം സ്വീകരിച്ചുകൊള്ളുമെന്നുറപ്പു പറകയല്ലാതെ, ഇക്കാൎയ്യത്തിൽ നമ്മുടെ ഗ്രന്ഥകാരനെ എത്രമാത്രം അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

ഹഷ്വർദ്ധനൻെറ ജീവിതത്തിലെ, ഇപ്രകാരം ആക്ഷേപരഹിതമായി തെളിഞ്ഞുകിട്ടിയ വസ്തുതകളെയാണ്, ഈ ഗ്രന്ഥകാരൻ സഹൃദയാഹ്ലാദകവും വിജ്ഞാനപ്രദവും ആയ ആഖ്യായികാരൂപത്തിൽ ഇവിടെ നിബന്ധിച്ചിട്ടുള്ളത്. ഈ കൃതി, ആദ്യന്തം വായനക്കാരിൽ ജിജ്ഞാസ ജനിപ്പിച്ച്, ആ വഴിയിൽക്കൂടി അനേകം സാരവത്തായ ജീവിതപാഠങ്ങൾക്ക്, അവരുടെ ഹൃദയാന്തർഭാഗങ്ങളിൽ ബീജാവാപം ചെയ്യുന്നുണ്ടെന്ന്, ശ്രദ്ധാലുവായ ഏതു വായനക്കാരനും അനുഭവപ്പെടുന്നതാണ്. ഈ അനുഭവത്തിൽപരം ശ്രേഷ്ഠമായ ഒരു ലക്ഷ്യം, ഒരു കാവ്യകാരൻെറ സൽകലാസാമർത്ഥ്യത്തിനു സിദ്ധിക്കേണ്ടതായിരിക്കുന്നുമില്ല.

നമ്മുടെ ഗ്രന്ഥകാരൻെറ സ്വഭാവത്തിന് അനുഗുണമായുള്ള ചില പ്രത്യേകതകൾ അദ്ദേഹത്തിൻെറ ഗദ്യരീതിക്കുണ്ട്. സ്വാഭിപ്രായപ്രകാശനത്തിൽ, ധീരതയും, സ്വച്ഛന്ദതയും, ആർജ്ജവവും, ഊർജ്ജസ്വലതയും ആണ് ഈ ഗദ്യരീതിയിൽ ഞാൻ കാണുന്ന പ്രത്യേക ഗുണങ്ങൾ. അതായത്, പറയാനുള്ളതിനെ പറഞ്ഞേ കഴിയൂ എന്നുള്ള നിഷ്ഠ—ഉള്ളിൽ തോന്നുന്നപ്രകാരം തന്നെ, അത് ഉടനേ പറയുക—അത്, മുഴുവനും നേരേ പറയുക—അതു ചുണയായ്ത്തന്നെ പറയുക—എന്നീ സ്വഭാവലക്ഷ്യങ്ങളാണ്, അദ്ദേഹത്തിന്റെ ഗദ്യരീതിക്കുള്ള ഈ പ്രത്യേകതകൾ. ഗഹനവും ഗംഭീരവും ആയ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന സന്ദർഭങ്ങളിൽ, കവിഹൃദയപ്രതീതിക്ക്, ഇത്ര ഉപകരിക്കുന്ന രീതിവിശേഷങ്ങൾ, ഇവയല്ലാതെ മറെറാന്നല്ലെന്ന്, ഏതു മലയാളിക്കും തോന്നാതിരിക്കയില്ലാ നിശ്ചയം. പേരു കേട്ട ഗദ്യകാരന്മാരുടെ

വഴികളിൽ നിന്നു ഭിന്നമായ ഒരു പുതിയ വിധത്തിലാണ് ഈ ഗ്രന്ഥകാരൻ, തന്റെ ഗദ്യരീതിയ്ക്കു് ഇപ്പറഞ്ഞ ഊർജ്ജസ്വലത വരുത്തിക്കാണുന്നതെന്നും സമ്മതിക്കണം. എന്നാൽ ഈ പുതുമ, വാചകരീതിക്കു സാധാരണമായുള്ള അന്വയബന്ധത്തെ യഥേഷ്ടം മാറ്റി മറിച്ചോ, "അതും" "ഇതും" കണ്ടമാനം പ്രയോഗിച്ചോ, "ജീവൽസാഹിത്യ" പക്ഷക്കാരായ ചില ആധുനിക ഗദ്യകൃത്തുകൾ കൈയ്യോണ്ടുവരാറുള്ള കൃത്രിമവഴികളിൽക്കൂടിയുള്ളതല്ലതാനും. ഈ ഗ്രന്ഥകാരന്റെ മനോധർമ്മത്തിനുള്ള നൈസർഗ്ഗികപ്പുതുമ തന്നെയാണ് അദ്ദേഹത്തിൻെറ ഗദ്യരീതിക്കും ഈ വൈശിഷ്ട്യം വരുത്തിയിരിക്കുന്നതെന്നേ പറയാൻ തരമുള്ളു.

പല പ്രകാരത്തിലുള്ള അഭിനവപ്രൌഢിയും നാനോന്മുഖഗുണസമ്പത്തിയും തികഞ്ഞിട്ടുള്ള ഈ ഗദ്യകൃതി, മലയാളികളുടെ സാദരാസ്വാദനത്തിനു സവിശേഷം പാത്രമായിത്തീരുമെന്നാണ് എൻെറ ദൃഢവിശ്വാസം. ആധുനികഭാഷാസാഹിത്യമണ്ഡലത്തിൽ ഇതഹിക്കുന്ന ഉത്തമസ്ഥാനം ഇതിനു കൈവന്നു കാണ്മാൻ, ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടേ എന്നുള്ള പ്രാർത്ഥനയോടുകൂടി, "ഹർഷവർദ്ധന"ന്റെ എല്ലാംകൊണ്ടും പുതിയ പതിപ്പായ ഈ ജീവചരിത്രാഖ്യായികയെ, ഞാൻ ഇതാ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,<br>22—9—1115. } കെ. ശങ്കരപ്പിള്ള, ബി. എ.

# വിഷയസൂചി.


പേജ്.

അക്ബർ ൧൩൪

അഗ്നികഭരദ്വാജൻ ൧൦൮

അജണ്ടഗുഹകളിലെ
ഒരു ചിത്രം ൮൫

അപ്സരാദേവി ൯

അഭിനവഗുപ്തൻ
൧൦൧, ൧൦൨, ൧൨൦

അഭിനവഭാരതി ൧൨൦

അംശുവമ്മൻ (നേപ്പാള
രാജാവ്) ൪൭, ൩൧, ൩൬

അരുണാശ്വൻ ൩൨, ൩൬, ൧൮൦

അൎജ്ജുനൻ (അരുണാശ്വൻ
നോക്കുക)

അവന്തിവമ്മൻ (മൌഖരി
രാജാവ്) ൮, ൨൮

അവലോകിതേശ്വര
ബോധിസത്വൻ ൬൩, ൩൧

അശോകൻ ൧൬൩, ൧൩൬

അശ്വഘോഷൻ ൧൯

പേജ്.

അഷ്ടമഹാശ്രീചൈത്യ
സ്തോത്രം ൧൧൯

അറബികൾ ൮൨, ൧൩൪, ൧൩൮

ആദിത്യദേവൻ
൧൭, ൧൬൬, ൧൬൮, ൧൪൮

ആദിത്യവർദ്ധനൻ ൯, ൧൬൮

ആദിത്യസേനൻ (മഗധ
ഗുപ്തരാജാവ്) ൪൩

ആനന്ദഗിരി ൧൦൮

ആനന്ദപുരരാജ്യം ൮൧

ആനന്ദവർദ്ധനൻ ൧൦൧

ആരണ്യക ൯—൯൯

ആര്യശൂരൻ ൧൬൬

ഇററ്സിങ് ൧൬൨, ൧൬൬

ഈശാനപുരരാജ്യം ൮൨

ഈശാനവമ്മൻ (മൌഖരി
രാജാവ്) ൪, ൮, ൬൦

ഈശ്വരവമ്മൻ (മൌഖരി
രാജാവ്) ൪

പേജ്.

ഉദയനൻ ൭൯—൯൯

ഉദ്ധതൻ ൧൪൩

ഉദ്യോതകരൻ ൧൨൦

ഉദ്ഭടൻ ൧൦൨

ഋഷഭൻ ൧൦൪

ഒമർ മഹാൻ (ഖലിഫ്) ൧൮൭–൧൩൧, ൧൩൪

കച്ഛരാജ്യം ൮൧

കണ്ണപ്പനായനാർ ൧൫൪

കഥാസരിത്സാഗരം ൧൦൭

കന്യാകുബ്ജരാജ്യം ൪, ൩, ൧൩, ൨൩, ൫൦, ൫൪, ൫൭, ൪൦, ൪൧, ൪൨, ൧൪൧, ൧൪൪, ൧൮൨, ൧൮൫

കപിശരാജ്യം ൧൧

കല്ലുതാലൻ ൬

കർണ്ണസുവർണ്ണരാജ്യം ൨൩, ൨൯, ൫൦, ൫൬, ൪൫, ൪൪, ൪൮

കർണ്ണാടകം ൧൫൪

കർണ്ണാടകപഞ്ചതന്ത്രം ൧൫൦

കാഞ്ചീപുരം ൮൧, ൨൩

പേജ്.

കാമചന്ദ്രൻ ൧൪൭

കാദംബരി ൧൫൦, ൧൫൧

കാമരൂപരാജ്യം ൫൧, ൫൨, ൪൪, ൧൫൭

കാമലങ്കരാജ്യം ൮൨

കാർക്കോടകവംശം ൪൬, ൪൭

കാശ്മീരരാജ്യം ൫, ൩, ൯, ൧൪, ൪൬, ൪൭, ൮൨, ൮൫, ൧൫൨, ൧൫൪, ൧൪൭, ൧൩൫

കാളിദാസൻ ൨, ൧൨, ൧൫, ൧൯, ൨൬, ൭൯

കാറൽ മാർക്സ് ൧൩൬

കിരാതാർജ്ജുനീയം ൭൩

കുന്തളൻ ൨൯

കുന്തളരാജ്യം ൪൯, ൮൫

കുമാരഗുപ്തൻ (മഗധഗുപ്തരാജാവ്) ൪

കുമാരഗുപ്തൻ ൧൭, ൨൩, ൨൬, ൨൭

കുമാരിലഭട്ടൻ ൧൧൯

കുലശേഖരപാണ്ഡ്യൻ ൧൩൧–൧൩൨

പേജ്.

കുസ്രു നുഷീർവാൻ (പാരസിക ചക്രവത്തി) ൫൭, ൫൯

കുസ്രു പാർവിസ് (പാരസിക ചക്രവത്തി) ൫൩, ൫൪, ൫൫, ൫൬, ൮൬, ൧൫൮, ൧൬൩, ൧൬൫

കൃഷ്ണൻ ൧൨൬

കൊംഗോദരാജ്യം ൩൧, ൪൫, ൪൬, ൧൩൮

കോച്ചെക്കണനായനാർ ൧൩൪

കൌശാംബി ൮൯, ൯൬, ൯൮

ക്രിസ്തു ൧൬൬

ക്രിസ്ത്യാനികൾ ൧൩൪

ക്ഷേമേന്ദ്രൻ ൧൦൮

ഖൊറസ്സാൻരാജ്യം ൧൪൯

ഗംഗവംശം ൮൬

ഗംഭീരപക്ഷൻ ൧൪൭

ഗരുഡാൻ ൧൧൩-൧൧൭

ഗാന്ധി ൧൬൬, ൧൬൭

ഗാന്ധാരരാജ്യം ൧൦, ൧൧

ഗുണപ്രഭാചാര്യൻ ൧൪൭

പേജ്.

ഗുണാഢ്യൻ ൧൯, ൮൯

ഗുപ്തകല ൧൨൩—൧൨൫, ൧൫൮

ഗുപ്തചക്രവത്തികൾ ൧—൩

ഗൂർജ്ജരർ ൧൦, ൧൫, ൧൬

ഗൂർജ്ജരപ്രതിഹാരവംശം ൧൫, ൧൬

ഗൂർജ്ജരരാജ്യം ൧൦, ൧൫

ഗോനന്ദവംശം ൪൭

ഗോപിചന്ദ്രൻ (ഗൌഡരാജാവ്) ൪

ഗൌഡരാജ്യം ൪, ൩൦, ൪൫

ഗൌഡരീതി ൧൩൧

ഗൌരീദേവി ൧൦൩, ൧൧൭

ഗ്രഹവൎമ്മൻ (മൌഖരിരാജാവ്) ൬, ൨൬, ൩൯, ൪൧

ചണ്ഡപാലൻ ൧൩൧

ചണ്ഡീദേവി ൧൩൧

ചണ്ഡീശതകം ൧൩൧

ചന്ദകൻ (ചന്ദ്രകൻ നോക്കുക)

ചന്ദ്രകൻ ൧൯, ൧൦൬, ൧൦൭

ചന്ദ്രഗുപ്തൻ വിക്രമാദിത്യൻ ൧൩

പേജ്.

ചന്ദ്രഗോമി ൧൦൩, ൧൦൭

ചന്ദ്രവ്യാകരണം ൧൦൩

ചാലുക്യവംശം ൪൯, ൫൧

ചിലപ്പതികാരം ൧൩൧

ചീനം ൫൬, ൫൯, ൩൦, ൧൮൭, ൧൮൨, ൧൪൦

ഛച്ഛൻ ൫൧

ജയദേവകവി ൨൨

ജാതകമാല ൧൮൬, ൧൮൮

ജീമൂതകേതു ൧൦൨, ൧൧൧, ൧൧൪, ൧൧൩

ജീമൂതവാഹനൻ ൧൦൨-൧൧൭, ൧൫൭

ജൈനമതം ൧൦൪, ൧൦൫, ൧൮൪, ൧൮൩, ൧൪൭, ൧൪൨

ടക്കരാജ്യം ൧൫

ടാങ് വംശം ൫൯

ടിബററ് രാജ്യം ൪൭, ൫൬, ൩൦, ൩൧

ടീടിഭൻ ൧൦

ടൈട്സുങ് (ചീനചക്രവത്തി) ൫൯, ൩൦, ൩൬, ൩൮, ൨൩, ൧൪൦, ൧൪൧, ൧൫൨

പേജ്.

തന്ത്രവാർത്തിക ൧൧൯

തമിഴ് നാട്ട് ൧൮൪

തമിഴ് സംഘം ൨൭

താന്ത്രികമതം ൧൮൩

താമ്രലിപ്തിരാജ്യം ൪൫

താരാനാഥൻ ൧൬൧, ൧൪൭

തിരുജ്ഞാനസംബന്ധമൂർത്തി-നായനാർ ൨൭, ൧൮൪

തിരുനാവുക്കരചനായനാർ ൨൭, ൧൮൪

തിരുമഴിശൈയാഴ്വാർ ൧൮൪

തുഖാരരാജ്യം ൪൩

തുഞ്ജീനൻ (കാശ്മീരരാജാവ്) ൧൦൩, ൧൦൭

തുഷാരശൈലം ൪൩, ൪൭, ൪൨

തേവാരപ്പാട്ടുകൾ ൨൭

തൊമ്മി സംഭോടൻ ൩൧

ദട്ടൻ പ്രശാന്തരാഗൻ (ഭരുകച്ഛരാജാവ്) ൫൧

ദപ്പ്ശാതൻ ൧൬.൭, ൧൫൬

ദശരൂപകം ൨൨

പേജ്.

ദശാർണ്ണരാജ്യം ഫവ, ഫമ, ഉൈ

ദിഗംബരമതം ഫമന്ന

ദിങ്നാഗൻ ഫർവ്വ, ഫർൻ

ദിവാകരമിത്രൻ മമ

ദുർഗ്ഗസിംഹൻ ഫമ൦

ദുർല്ലഭവർദ്ധനൻ പ്രജ്ഞാദിത്യൻ (കാശ്മീരരാജാവ്) ർൈ, ർവ്വ

ദുർവിനീതൻ (ഗംഗരാജാവ്) വ്വന്ന, വ്വൈ

ദേവഗുപ്തൻ വന്ന, വൈ, വവ്വ, മവ, ർ൦

ദ്വാരാവതിരാജ്യം ഒവ

ധരസേനൻ (വലഭിരാജാവ്) ഒഫ

ധർമ്മപാലൻ (പാലരാജാവ്) ഫമൈ

ധർമ്മാദിത്യൻ (ഗൌഡരാജാവ്) ർ

ധ്രുവസേനൻ ബാലാദിത്യൻ (വലഭിരാജാവ്) ഒഫ, ഫർർ, ഫർൈ, ഫഒ൦

നരകൻ മവ

നരവർദ്ധനൻ ൻ

നരസിംഹവർമ്മൻ (പല്ലവരാജാവ്) ഒഫ

പേജ്.

നരേന്ദ്രഗുപ്തൻ (ശശാങ്കൻ നോക്കുക)

നളചമ്പു ഫമഫ

നാഗാനന്ദം വ്വൈ, ൻൻ—ഫഫൈ, ഫവവ, ഫഒൈ, ഫന്നൈ

നാഗാർജ്ജുനൻ ഫമഒ

നാലന്ദവിഹാരം ഒമ, ഫവവ, ഫമവ്വ, ഫർവ

നേപ്പാളരാജ്യം ർന്ന, ർൈ, ന്നഫ

പദതാഡിതക ഫമഫ

പർവ്വതകുലം ഫർ, ഫഒ, ഫന്ന, ഫൈ

പർവ്വതരാജ്യം ഫഒ

പല്ലവരാജ്യം ർൻ, വ്വന്ന, വ്വൈ

പശ്ചിമമാലവരാജ്യം മ, ഫവ

പാഞ്ചാലരീതി ഫമ൦

പാതാളസ്വാമി ൈ

പാരസികസാമ്രാജ്യം ഒവ, ഒമ, ഒവ്വ

പാരസികകല ഒർ

പാർസികൾ ഫമർ

പാർസിമതം ഫർൻ

പേജ്.

പാലവംശം ൧൩൫

പുണ്ഡ്രവർദ്ധനരാജ്യം ൩൦, ൪൩, ൪൪, ൪൬

പുലകേശി (ചാലുക്യരാജാവ്) ൪൯, ൬൦, ൬൧, ൬൨, ൬൮, ൬൯, ൧൫൩, ൧൫൬

പുഷ്യഭൂതി ൫, ൭, ൮, ൧൩൬

പുഷ്യഭൂതിവംശം ൬, ൫, ൨൭, ൪൧, ൧൬൪

പുളിന്ദൻ ൧൩൦

പൂതത്താഴ്വാർ ൧൩൪

പൂർവ്വമാളവരാജ്യം ൧൨, ൧൩, ൨൭, ൪൦

പൃഥിവീശ്വരൻ ൧൨൦

പേയാഴ്വാർ ൧൩൪

പൊയ്ഗൈയാഴ്വാർ ൧൩൪

പ്രഭാകരവർദ്ധനൻ പ്രതാപശീലൻ ൬, ൯, ൧൦, ൧൨, ൧൩, ൧൪, ൧൬, ൧൭, ൨൦, ൨൬, ൨൭, ൧൩൬

പ്രവരസേനൻ ൧൯

പ്രസന്നരാഘവം ൮൮

പ്രാഗ്ജ്യോതിഷരാജ്യം (കാമരൂപം നോക്കുക)

പേജ്.

പ്രിയദർശിക ൨൭, ൨൯, ൯൫–൯൯

ഫിറൂസ് (പാരസികചക്രവർത്തി) ൧൦൭

ഫിർഹാഡ് ൬൬

ബലഹറ്ബാദ് ൬൬

ബാണൻ ൫, ൯, ൧൪, ൧൫, ൧൭, ൧൮, ൧൯, ൨൪, ൨൬, ൨൯, ൩൨, ൩൪, ൪൫, ൪൮, ൬൨, ൭൧, ൮൮, ൧൨൧, ൧൨൬, ൧൨൫—൧൩൧, ൧൪൫, ൧൬൦, ൧൬൬, ൧൬൫, ൧൫൫

ബുദ്ധൻ ൪൭, ൪൮, ൧൦൪, ൧൦൬, ൧൨൨, ൧൨൯, ൧൩൩, ൧൩൬, ൧൩൭, ൧൪൬, ൧൫൫, ൧൫൭

ബുദ്ധഗയ ൪൫

ബുദ്ധചരിതം ൧൯

ബുദ്ധമതം ൧, ൧൧, ൨൮, ൩൩, ൩൭, ൪൫, ൫൧, ൧൦൬, ൧൦൫, ൧൩൬, ൧൩൫, ൧൩൭, ൧൪൨

ബൃഹദ്കഥ ൧൯, ൮൯

ബൃഹത്കഥാമഞ്ജരി ൧൦൮

ഭഗവദ്ഗീത ൧൨൩

ഭട്ടഭരദ്വാജൻ ൧൨൦

ഭട്ടികാവ്യം ൬൧

പേജ്.

ഭണ്ഡി ൧൬, ൧൭, ൧൮, ൨൦, ൩൨, ൩൩, ൩൪

ഭണ്ഡിവംശം ൧൬

ഭരതനാട്യശാസ്ത്രം ൧൯, ൮൭, ൮൯, ൯൯, ൧൦൨, ൧൧൯

ഭരുകച്ഛരാജ്യം ൫൧

ഭാരവി ൮൬

ഭാസൻ ൧൯, ൮൯

ഭാസ്കരവർമ്മൻ (കാമരൂപരാജാവ്) ൩൧, ൩൨, ൪൪, ൧൩൮, ൧൪൪, ൧൪൭, ൧൫൬

ഭൈരവാചാര്യൻ ൬, ൭, ൮

മഗധഗുപ്തവംശം ൨൭, ൪൬

മഞ്ജുശ്രീമൂലകല്പം ൩൯, ൪൩, ൪൪, ൪൫

മണ്ഡനമിശ്രൻ ൧൦൫

മത്തവിലാസപ്രഹസനം ൮൬, ൧൩൧

മയൂരൻ ൫൦, ൧൨൫, ൧൩൧, ൧൩൨, ൧൪൬

മലയവതി ൧൦൮—൧൧൬

മഹമ്മദ് നബി ൧൬൪

പേജ്.

മഹാചമ്പരാജ്യം ൫൨

മഹായാനമതം ൧൩൫, ൧൩൬, ൧൩൭

മഹാസമ്മതൻ ൧൪൮

മഹാസേനഗുപ്താ ൯

മഹേന്ദ്രവർമ്മൻ (പല്ലവരാജാവ്) ൪൯, ൮൬, ൮൭, ൧൩൧, ൧൪൭, ൧൫൮

മാതംഗദിവാകരൻ ൧൨൫, ൧൩൨, ൧൬൩

മാധവഗുപ്തൻ ൧൮, ൨൭

മാധവവർമ്മൻ (ആന്ധ്രരാജാവ്) ൪

മാധവവർമ്മൻ (കൊംഗോദരാജാവ്) ൪൫, ൪൬

മാളവികാഗ്നിമിത്രം ൧൨, ൮൯

മിഹിരകുലൻ (ഹൂണരാജാവ്) ൩

മുകുടതാഡിതക ൧൩൧

മൂലസ്ഥാനപുരരാജ്യം ൧൫, ൧൪൮

മേഘദൂത് ൧൨, ൧൩

മൈത്രകവംശം ൧൧, ൫൧

മൌഖരിവംശം ൪, ൫, ൯, ൨൫, ൩൨, ൩൯, ൪൧

പേജ്.

മൌൎയ്യവംശം (സിന്ധുരാജ്യത്തിലെ) ൧൦, ൫൨

യവനരാജ്യം ൫൨

യശോധൎമ്മൻ വിഷ്ണുവൎദ്ധനൻ (പശ്ചിമമാലവരാജാവു്) ൩, ൨൯

യശോമതി ൧൪, ൧൬, ൨൧, ൨൪

യഹൂദർ ൧൩൪

യുവൻചാങ് ൧൧, ൧൫, ൩൪, ൩൮, ൪൨, ൪൩, ൪൬, ൪൭, ൪൯, ൬൩, ൬൪, ൬൬, ൬൭, ൭൦, ൧൨൨, ൧൩൭—൧൪൩, ൧൪൬, ൧൫൨, ൧൫൬

യൌഗന്ധരായണൻ ൮൯, ൯൦, ൯൫, ൯൬

രജ്ജിലൻ (ഗ്ഗൂൎജ്ജരരാജാവു്) ൧൧

രത്നാവലി ൮൭, ൮൮, ൮൯—൯൬, ൧൧൭—൧൧൯

രാജതരംഗിണി ൧൦൬, ൧൦൭

രാജരാജചോഴൻ ൧൬൪

രാജേന്ദ്രചോഴൻ ൧൬൪

രാജ്യവൎദ്ധനൻ I—൯, ൧൩൫

രാജ്യവൎദ്ധനൻ II—൧൭, ൨൦, ൨൫, ൨൬, ൨൮, ൨൯, ൧൩൬

രാജ്യശ്രീ ൧൭, ൨൫, ൨൬, ൩൩, ൩൪, ൩൯, ൪൦, ൪൧, ൪൨, ൧൩൭, ൧൫൫

പേജ്.

ലക്ഷണം ൧൨൦

ലങ്കാശുകരാജ്യം ൫൨

ലങ്കേശ്വരൻ ൧൧൯

ലാടരാജ്യം ൧൦, ൧൧

ലിംഗാനുശാസനം ൧൨൦, ൧൨൧

ലെനിൻ ൧൬൬, ൧൬൭

ലോകാനന്ദം ൧൯, ൧൦൬, ൧൦൭

വങ് യുവൻ ത്സെ ൬൨

വജ്ജിണീദേവി ൯

വരരുചി ൧൨൧

വലഭിരാജ്യം ൧൧, ൨൯, ൫൧, ൧൬൫

വല്ലഭദേവൻ ൧൨൦

വസുബന്ധു ൧, ൧൨൧, ൧൪൭, ൧൪൯

വസുരാതൻ ൧൨൧

വാതാപി ൪൯, ൫൧

വാസവദത്ത ൮൯—൯൯

വാസവദത്താഖ്യായിക ൧൯

വിശമചന്ദ്രൻ ൧൪൮

വിന്ധ്യാടവി ൩൩

| | പേജ്ജ്. |
|---|---|
| വിഷ്ണുകുണ്ഡിവംശം | ൪ |
| വിഷ്ണുവർദ്ധനൻ (പൂർവ്വചാലുക്യരാജാവു്) | ൭൩ |
| വൃക്ഷചന്ദ്രൻ (ഗൌഡരാജാവു്) | ൧൪൬ |
| വൈഷ്ണവമതം | ൧൨൪ |
| വ്യാസൻ | ൧൯, ൧൦൩, ൧൦൬ |
| ശക്തിദേവി | ൧൨൩ |
| ശങ്കരാചാൎയ്യർ | ൧൦൫ |
| ശംഖചൂഡൻ | ൧൧൨—൧൧൬ |
| ശബരസ്വാമി | ൧൮൦, ൧൮൧ |
| ശർവ്വവർമ്മൻ (മൌഖരിരാജാവു്) | ൫ |
| ശശാങ്കൻ | ൮൩, ൮൭, ൮൯, ൨൦, ൨൧, ൨൮, ൨൨, ൪൨, ൪൪, ൪൫, ൪൩, ൧൪൬, ൧൫൩ |
| ശാതവാഹനൻ | ൧൯ |
| ശാൎങ്ഗധരപദ്ധതി | ൧൮൦ |
| ശിവൻ | ൧൦൨, ൧൪൫ |
| ശിവസ്തോത്രം | ൧൧൯ |
| ശീലഭദ്രൻ | ൧൨൭ |
| ശീലാദിത്യൻ (ഹർഷൻ നോക്കുക) | |
| ശീലാദിത്യൻ ധൎമ്മാദിത്യൻ (വലഭിരാജാവു്) | ൧൮ |
| ശൈലോദ്ഭവകുലം | ൪൫, ൪൩ |
| ശൈവമതം | ൧൨൪, ൧൪൬ |
| ശ്യാമിലകൻ | ൧൨൧ |
| ശ്വേതാംബരമതം | ൧൨൩ |
| ശ്രീകണ്ഠൻ | ൬, ൭ |
| ശ്രീകണ്ഠരാജ്യം | ൫, ൩ |
| ശ്രീകുമാരൻ | ൧൫൮ |
| ശ്രീക്ഷേത്രരാജ്യം | ൫൮ |
| ഷിറീൻ | ൫൪, ൫൫ |
| സപ്തശതീ | ൧൯ |
| സമതടരാജ്യം | ൪൫ |
| സമാചാരചന്ദ്രൻ (ഗൌഡരാജാവു്) | ൨൧ |
| സമുദ്രഗുപ്തൻ | ൧൩൪ |
| സച്ചരിതപ്രഹസനം | ൧൨൧ |
| സാഗരിക | ൯൦—൯൩ |
| സാസാൻവംശം | ൫൨, ൧൦൬ |
| സാഹസി (സിന്ധുരാജാവു്) | ൫൮ |

പേജ്.

സാഹിത്യദർപ്പണം ൭൭

സിന്ധുരാജ്യം ൧൦, ൫൨, ൫൬, ൫൯, ൧൬൫

സിംഹനാദൻ ൨൮

സിറോസ് (പാരസികചക്രവർത്തി) ൫൫, ൫൬

സുപ്രഭാതസ്തോത്രം ൧൧൮

സുപ്രസ്ഥിതവർമ്മൻ (കാമരൂപരാജാവ്) ൩൨

സുബന്ധു ൧൮

സുഭാഷിതാവലി ൧൨൦

സുരാഷ്ട്രരാജ്യം ൫൧

സുവർണ്ണദർപ്പണം ൬൦

സുവ്രതവർമ്മൻ ൩൮, ൪൦, ൪൧, ൧൫൩

സുസ്ഥിതവർമ്മൻ (കാമരൂപരാജാവ്) ൩൨

സുസ്ഥിതവർമ്മൻ (മൌഖരിരാജാവ്) ൫

സൂര്യശതകം ൧൩൧

സേതുബന്ധം ൧൮

സൌന്ദരനന്ദം ൧൮

പേജ്.

സ്കന്ദഗുപ്തൻ വിക്രമാദിത്യൻ ൨, ൧൦, ൧൦൯, ൧൨൧, ൧൩൩, ൧൪൮, ൧൬൪

സ്ഥാനേശ്വരരാജ്യം ൫, ൧൦, ൨൦, ൨൫, ൩൦, ൩൪, ൩൭, ൪൧

സ്ഥിരമതി ൧൪൭, ൧൪൮

സ്രോങ്ങ് ത്സൻഗമ്പോ (ടിബററിലെ രാജാവ്) ൪൯, ൬൦, ൬൧, ൬൩

ഹരിചന്ദ്രൻ ൧൮

ഹർഷചരിതം ൬, ൩൪, ൪൬, ൯൧, ൧൨൬, ൧൩൦, ൧൫൦—൧൫൧

ഹർഷൻ—

ജനിക്കുമെന്ന പ്രവചനം ൭

ജനനം ൧൯

ശരീരപ്രകൃതി ൧൭

വിദ്യാഭ്യാസം ൧൭, ൧൮

ചങ്ങാതികൾ ൧൭

നായാട്ട് ൨൦

സ്വപ്നം ൨൦

മാതാവുമായുള്ള അന്ത്യസമാഗമം ൨൧—൨൪

പിതൃമരണം ൨൫

| ഹർഷൻ (തുടൎച്ച) | പേജ്. |
|---|---|
| ജ്യേഷ്ഠമരണം | ൨൯ |
| ഗൌഡയുദ്ധയാത്ര | ൨൯ |
| കാമരൂപവുമായി സഖ്യം | ൩൧ |
| വിന്ധ്യാടവിയിലേക്കു യാത്ര | ൩൨ |
| രാജ്യശ്രീയെ ചിതയിൽനിന്നു രക്ഷിച്ചു | ൩൨ |
| അവലോകിതേശ്വരഭജനം | ൩൬ |
| ശീലാദിത്യബിരുദം | ൩൭ |
| സ്ഥാനേശ്വരസിംഹാസനാരോഹണം | ൩൭ |
| കന്യാകുബ്ജസിംഹാസനപ്രശ്നം | ൩൯ |
| ഹർഷാബ്ദസ്ഥാപനം | ൪൨ |
| പുണ്ഡ്രവർദ്ധനയുദ്ധം | ൪൩ |
| കാമരൂപസന്ദർശനം | ൪൪ |
| കൊംഗോദയുദ്ധം | ൪൬ |
| തുഷാരശൈലയുദ്ധം | ൪൬ |
| കാശ്മീരയുദ്ധം | ൪൮ |
| പുലകേശിയോടുള്ള യുദ്ധം | ൪൯—൫൦ |
| വലഭിയുദ്ധം | ൫൧ |
| ആനന്ദപുരയുദ്ധം | ൫൧ |

| | പേജ്. |
|---|---|
| കാഛയുദ്ധം | ൫൧ |
| സുരാഷ്ട്രയുദ്ധം | ൫൧ |
| പുത്രിയുടെ വിവാഹം | ൫൧ |
| സിന്ധുയുദ്ധം | ൫൨ |
| സാമ്രാജ്യവിസ്താരം | ൫൨ |
| വിദേശനയം | ൫൨—൬൩ |
| ദിനചര്യ | ൬൩—൬൪ |
| ഭരണരീതി | ൬൪—൭൦ |
| പ്രഥമ ദിഗ്വിജയയാത്രാവൎണ്ണനം | ൭൦—൭൫ |
| സാഹിത്യകാരൎക്കു പ്രോത്സാഹനം | ൭൬ |
| കവിയായ ഹർഷൻ | ൭൭—൭൯ |
| നാടകകൃതികൾ | ൭൭—൮൯ |
| ശാന്തരസത്തിനു വേണ്ടി വാദം | ൮൮—൯൦ |
| സ്തോത്രകൃതികൾ | ൮൯ |
| ഹർഷവാൎത്തികം | ൮൯ |
| സംഗീതവാസന | ൯൧, ൯൨ |
| നടനായി അഭിനയിക്കുന്നു | ൯൨ |
| പ്രതിമാശില്പകലയും ഹർഷനും | ൯൨—൯൫ |

| ഹർഷൻ (തുടർച്ച) | പേജ് |
|---|---|
| ശില്പകലയും ഹർഷനും | ൧൨൫ |
| ബാണനും ഹർഷനും | ൧൨൫—൧൩൧ |
| ബാണമയൂരമത്സരം | ൧൩൨ |
| ജാതകമാല | ൧൩൨—൧൩൩ |
| മതപരിവർത്തനം | ൧൩൬ |
| യുവൻചാങ്ങും ഹർഷനും | ൧൩൮—൧൪൧ |
| മതപണ്ഡിതസമ്മേളനം | ൧൪൧—൧൪൨ |
| ഹർഷനെ വധിക്കാനുള്ള ഉദ്യമം | ൧൪൨ |
| പഞ്ചവാർഷികമഹാദാനം | ൧൪൩—൧൪൬ |
| പരമതസഹിഷ്ണുത | ൧൪൬-൧൪൯ |

| | പേജ് |
|---|---|
| രാജ്ഞി | ൧൪൯ |
| അന്തഃപുരജീവിതം | ൧൪൯—൧൫൦ |
| പുത്രനും പുത്രിയും | ൧൫൦ |
| മരണം | ൧൫൦ |
| സ്വഭാവം | ൧൫൦—൧൬൭ |
| ഹർഷവാർത്തികം | ൧൧൯ |
| ഹിന്ദുമതം | ൧൦൪, ൧൦൫, ൧൩൪ |
| ഹീനയാനമതം | ൧൩൫—൧൩൭ |
| ഹൂണന്മാർ | ൨, ൧൦, ൧൪, ൨൦, ൧൦൭ |
| ഹെറാക്ലിയസ് (റോമാ ചക്രവർത്തി) | ൫൪ |
| ഹോർമസ്ദ് (പാരസികചക്രവർത്തി) | ൫൭ |

# വിഷയവിവരം


പേജ്.

അദ്ധ്യായം ൧.

ഹർഷൻെറ വംശം 1.—9

അദ്ധ്യായം ൨.

ബാല്യവും വിദ്യാഭ്യാസവും 10—19

അദ്ധ്യായം ൩.

മാതാപിതാക്കന്മാരുടേയും ജ്യേഷ്ഠൻേറയും മരണങ്ങൾ 20—29

അദ്ധ്യായം ൪.

സിംഹാസനാരോഹണം 29—42

അദ്ധ്യായം ൫.

യുദ്ധങ്ങളും വിദേശനയവും 42—63

അദ്ധ്യായം ൬.

ഹർഷൻെറ ഭരണരീതിയും, സാമാന്യജനങ്ങളുടെ ജീവിതരീതിയും 63—85

അദ്ധ്യായം ൭.

ഹർഷനും സാഹിത്യലോകവും 86—133

അദ്ധ്യായം ൮.

മതവും, കുടുംബജീവിതവും, സ്വഭാവവും 134-167

അനുബന്ധം ൧.

ഹർഷൻെറ മധുവനശാസനം i—iii

അനുബന്ധം ൨.

ഹർഷൻെറ സുപ്രഭാതസ്തോത്രം iv—viii


ടിബറ്റ്
ബ്രഹ്മപുത്രനദി
നേപാളം
ലക്നൌ
പ്രയാഗ
കാശി
പാടലീപുത്രം
നാളന്ദ
കാമരൂപം
വിദിശ
മഹാനദി
നർമ്മദാനദി
ബോംബെ
വാതാപി
ഗോദാവരിനദി
കൃഷ്ണാനദി
പെണ്ണാർ
മദ്രാസ്
കാഞ്ചിപുരം
കാവേരി
കൊടുങ്ങല്ലൂർ
സിലോൺ
ബംഗാൾ ഉൾക്കടൽ
അറബിക്കടൽ
ശ്രീക്ഷേത്രം
സയാം ഉൾക്കടൽ
സ്കെയിൽ — മൈൽസ്
0 100 200 300 400 500
ഹർഷന്റെ സാമ്രാജ്യം
കുത്തുകൾകൊണ്ടുള്ള രേഖകൾ സാമ്രാജ്യാതിർത്തികൾ.

# ഹർഷവർദ്ധനൻ

## അദ്ധ്യായം ൧.

ഹർഷന്റെ വംശം.

പൂർവ്വാപരസമുദ്രങ്ങളും ഹിമാലയവും നർമ്മദയും സീമകളായി ഭവിച്ചിരുന്ന പ്രബലമായ ഒരു സാമ്രാജ്യം എ. ഡി. നാലാംശതാബ്ദത്തിൽ ഗുപ്തചക്രവർത്തികൾ സ്ഥാപിച്ച് അതിനെ കാര്യക്ഷമതയോടും കർത്തവ്യനിഷ്ഠയോടും രണ്ടു ശതാബ്ദത്തോളം കാലം ഭരിച്ചു. കാളിദാസാദികവികളേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിച്ച് ഭാരതീയസാഹിത്യത്തിലും കലയിലും ഒരു പുതിയ അദ്ധ്യായം അവർ തുടങ്ങി. ബുദ്ധമതത്തിന്റെ പ്രചാരത്താൽ ക്ഷയോന്മുഖമായിരുന്ന ഹിന്ദുമതത്തെ പുനർജ്ജീവിപ്പിച്ചും, തത്സമയത്തു തന്നെ വസുബന്ധ്വാദികളായ കേൾവി കേട്ട ബൌദ്ധമതാചാര്യന്മാരെ സഹായിച്ച് ബൌദ്ധധർമ്മത്തിന് ഊനം വരാതെ കാത്തു രക്ഷിച്ചും അവർ പ്രസിദ്ധി നേടി. ഈ ഗുപ്തചക്രവർത്തികളുടെ ശക്തിയും കാലചക്രഭ്രമണത്താൽ എ. ഡി. ആറാംശതാബ്ദത്തിന്റെ പ്രാരംഭത്തോടുകൂടി നശിക്കുകയുണ്ടായി. രണ്ടു വിഭാഗങ്ങളായി ഗുപ്തചക്രവർത്തികളുടെ ഭരണത്തിന്റെ അന്ത്യകാലത്തോടു സമീപിച്ച് ഗുപ്തസാമ്രാജ്യത്തെ വിഭജിച്ചത് അതിനെ

ക്ഷയോന്മുഖമാക്കിച്ചമച്ചു. തത്സമയത്തു തന്നെ മദ്ധ്യ ഏഷ്യയിലെ വങ്ക്ഷു, അഥവാ, ഓക്സസ് നദിയുടെ തീരങ്ങളിൽനിന്ന് സംസ്കാരശൂന്യരും എന്നാൽ പ്രബല രുമായ ഹൂണന്മാർ എന്ന വർഗ്ഗക്കാർ ഏഷ്യയുടേയും യൂറോപ്പിൻേറയും ദക്ഷിണഭാഗങ്ങൾ ആക്രമിച്ച്, ഏഷ്യ യിലെ രണ്ടു മഹച്ഛക്തികളായ ഗുപ്തസാമ്രാജ്യത്തിനും പാരസികസാമ്രാജ്യത്തിനും, യൂറോപ്പിലെ ഏകമഹച്ഛ ക്തിയായ റോമാസാമ്രാജ്യത്തിനും, ശക്തിക്ഷയം സംഭവി പ്പിച്ചു. ഹൂണന്മാർ ഇദംപ്രഥമമായി ഗുപ്തസാമ്രാജ്യം ആക്രമിച്ച കാലമായ ഏ. ഡി. ൪൫൫-ൽ, ഒരു അവി ഭക്തമായ ആ സാമ്രാജ്യത്തെ വീരരിൽവീരനായ സ്കന്ദ ഗുപ്തൻ വിക്രമാദിത്യൻ ഭരിച്ചിരുന്നതിനാൽ, ഹൂണരുടെ ആക്രമണം നിഷ്ഫലമായി എന്നു മാത്രമല്ല, അവരുടെ രാജ്യമായ വങ്ക്ഷുതീരങ്ങളും ഗുപ്തചക്രവർത്തിയുടെ പ്രത്യാ ക്രമണത്തിനു വിധേയമായി ഭവിക്കുകയും കൂടി ചെയ്തു. രഘുവിൻെറ ദിഗ്വിജയത്തിലെ ഒരു സംഭവമെന്ന രൂപ ത്തിൽ കാളിദാസമഹാകവി ഈ പ്രത്യാക്രമണത്തെ സരസമായി ഇങ്ങിനെ വിവരിച്ചിരിക്കുന്നു:—

"നടന്ന മാൽ പോംപടി വങ്ക്ഷുവക്കിൽ-
ക്കിടന്നുരുണ്ടാ നൃപവാജിവൃന്ദം
കുടഞ്ഞു ചെങ്കുങ്കുമരേണു പാരം
തടഞ്ഞു ചേരുന്നൊരു കേസരങ്ങൾ.
സ്വവിക്രമം കാന്തരിൽ നേക്കു കാട്ടി-
ക്കവിൾക്കു ഹൂണാബലമാർക്കശേഷം
അവിക്ഷതം ചോപ്പണിയിയ്ക്കുവോന്നായ്-
ഭവിച്ചിതങ്ങാ രഘുചേഷ്ടിതങ്ങൾ."

എന്നാൽ ഗുപ്തസാമ്രാജ്യത്തിന്റെ വിഭജനത്തേയും, അനന്തരം ജനിച്ച അന്തശ്ഛിദ്രങ്ങളേയും തുടന്ന് ഹൂണരുടെ ആക്രമണവും ഉണ്ടായപ്പോൾ, വേരു കെട്ടുപോയിരുന്ന ഒരു മഹാവൃക്ഷം ഉഗ്രമായ ഒരു കൊടുംകാററടിക്കുമ്പോൾ നിലംപതിക്കുന്നതുപോലെ ഗുപ്തസാമ്രാജ്യം നിലംപതിക്കുകയും ചെയ്തു.

ഇങ്ങിനെ അധഃപതിച്ച ഗുപ്തസാമ്രാജ്യത്തിന്റെ പശ്ചിമഭാഗത്ത്, അതായത് കാശ്മീരം, പഞ്ചാബ്, രാജപുട്ടാണ എന്നീ ഭാഗങ്ങളിൽ, ഹൂണന്മാർ രാജ്യങ്ങൾ സ്ഥാപിച്ച് ഉത്തരഇൻഡ്യയുടെ ഇതരഭാഗങ്ങളെ ആക്രമിക്കുവാൻ തുടങ്ങി. ഈ ആക്രമങ്ങളെ ചെറുത്തതിൽ നിന്ന് കീത്തിയും ശക്തിയും നേടിയ മൂന്നു പുതിയ രാജവംശങ്ങൾ ഉത്തരഭാരതത്തിൽ ഏ. ഡി. ആറാംശതാബ്ദത്തിൽ തുടരെത്തുടരെ ജനിച്ചു. ഏ. ഡി. ൫൱൩൰-നു കുറേ മുമ്പ് ശക്തനും, ക്രൂരതയ്ക്കു കുപ്രസിദ്ധനുമായ മിഹിരകുലൻ എന്ന ഹൂണരാജാവിനെ തോല്പിച്ച് യശോധമ്മൻ വിഷ്ണുവർദ്ധനൻ എന്ന പശ്ചിമമാലവരാജാവ് അതിയായ കീത്തി നേടി. ഈ പശ്ചിമമാലവരാജ്യം രാജപുട്ടാണയിലെ ചംബൽനദീതീരങ്ങളിലും കാംബേ ഉൾക്കടലിൽ വീഴുന്ന മാഹിനദീതീരങ്ങളിലുമായി സ്ഥിതിചെയ്തിരുന്നു. യശോധമ്മന്റെ അപദാനങ്ങൾ കൊത്തിയിട്ടുള്ള ഒരു ജയസ്തംഭം ചംബൽനദീതീരങ്ങൾക്കടുത്തുള്ള മണ്ഡസോർ ഗ്രാമത്തിൽ നിന്നുകൊണ്ട് മനുഷ്യരുടെ വീരപരാക്രമങ്ങളുടേയും യശസ്സിന്റേയും ക്ഷണഭംഗുരത്വം ഇന്നും വിളിച്ചു പറയുന്നുണ്ട്. യശോധമ്മന്റെ മരണത്തെത്തുടന്ന് പശ്ചിമമാലവത്തിന്റെ യശസ്സും അസ്തമിച്ചു.

അനന്തരം ഏ. ഡി. ഒരർ-നു സമീപിച്ച് യുണൈറ്റഡ് പ്രോവിൻസിൽ ഗംഗാതീരത്തു സ്ഥിതിചെയ്തിരുന്ന ചരിത്രപ്രസിദ്ധമായ കന്യാകുബ്ജത്തിലെ മൌഖരിരാജാവായ ഈശാനവമ്മൻ ഉത്തരഭാരതത്തിലെ ഏററവും ശക്തനായ രാജാവായി ഭവിച്ചു. ഹൂണരോടു പട വെട്ടി കീർത്തിയും ശക്തിയും നേടിയ പിതാവായ ഈശ്വരവമ്മനാണ് ഈശാനവമ്മൻെറ സാമ്രാജ്യത്തിന് അടിസ്ഥാനമിട്ടത്. "മഗധഗുപ്തവംശം" എന്നു ചരിത്രകാരന്മാർ പേരിട്ടിട്ടുള്ളതും, മഗധയുടെ സമീപത്ത് നാടു വാണിരുന്നതുമായ ഒരു സാമന്തരാജവംശത്തിലെ രാജാവായ കുമാരഗുപ്തനെ ഈശാനവമ്മൻ തോല്പിച്ചതുനിമിത്തം, കുമാരഗുപ്തൻ പ്രയാഗയിൽ വച്ച് ഗംഗയിൽ മുങ്ങി മരിക്കുകയുണ്ടായി. ഗൌഡ, അഥവാ ഉത്തരബംഗാൾരാജാവും പ്രസിദ്ധനായ ഗോപിചന്ദ്രൻെറ പിൻഗാമിയുമായ ധമ്മാദിത്യനേയും ഈശാനവമ്മൻ തോല്പിച്ചു. ഉത്തരഇൻഡ്യയിലെ രാജാക്കന്മാരോടു മാത്രമല്ല, ദക്ഷിണാപഥത്തിലേ രാജാക്കന്മാരോടും കൂടി ഈശാനവമ്മൻ പോരാടി. ആന്ധ്രദേശം ഭരിച്ചിരുന്നവനും, വിഷ്ണുകുണ്ഡിവംശത്തിൽ പെട്ടവനുമായ മാധവവമ്മൻ ഒന്നാമനും, തെലുങ്കുചോളവംശത്തിൽ പെട്ട ഒരു രാജാവുമാണ് ഈശാനവമ്മൻ പടവെട്ടിയ ദക്ഷിണാപഥരാജാക്കന്മാർ. ഈശാനവമ്മൻ്റെ കുലമായ മൌഖരിവംശം ക്രിസ്തുവബ്ദം തുടങ്ങുന്നതിനു മുമ്പ് ഉത്ഭവിച്ചിരുന്നു എന്നു കാണിക്കുന്ന രേഖകൾ നമുക്കു ലഭിച്ചിട്ടുണ്ട്. സൂര്യവംശജരായ മൌഖരികളുടെ ശാഖകൾ ഏ. ഡി. മൂന്നാംശതാബ്ദത്തിലും അതിനെത്തുടന്നുള്ള കാലങ്ങളിലും രാജപുട്ടാണയിലെ കോട്ടരാജ്യത്തിലും, ബീഹാറിലെ ഗയജില്ലയിലും സാമന്തന്മാരായി നാടു വാണിരുന്നു. മൌഖരികളുടെ

ശക്തിയും ഈശാനവമ്മന്റെ പിൻഗാമികളായ ശവ്വവമ്മൻ, സുസ്ഥിതവമ്മൻ, അവന്തിവമ്മൻ എന്നിവരുടെ കാലത്തിനുശേഷം അസ്തമിച്ചു. തങ്ങളുടെ സാമന്തരായിരുന്ന പുഷ്പഭൂതിവംശത്തിന്റെ വദ്ധിച്ചുവന്ന ശക്തിയാണ് മൌഖരികളുടെ ശക്തിക്ഷയത്തിനു പ്രധാന കാരണമായി ഭവിച്ചതു്. ഈ പുഷ്പഭൂതിവംശമാണ് നമ്മുടെ കഥാനായകനും, പ്രസിദ്ധ ഭാരതീയ ചക്രവത്തിയും, ഒരു സരസകവിയുമായ ഹഷവർദ്ധനൻ ശീലാദിത്യൻെറ വംശം.

ഹഷവർദ്ധനൻെറ പിതാവും, മൌഖരിശവ്വവമ്മൻെറ സമകാലീനനായ ആദിത്യവമ്മൻെറ പുത്രനുമായ പ്രഭാകരവർദ്ധനൻ പ്രതാപശീലൻെറ കാലത്തു് പുഷ്പഭൂതികരം ശക്തരായി ഭവിച്ചു. സുപ്രസിദ്ധങ്ങളായ കുരുക്ഷേത്രയുദ്ധം, പാനിപ്പട്ട് യുദ്ധം എന്നിവ നടന്നതും, ഡൽഹിക്ക് അല്പം വടക്കായി യമുനാതീരങ്ങളിൽ സ്ഥിതിചെയ്തിരുന്നതുമായ സ്ഥാനേശ്വരത്തിലാണ് പ്രഭാകരവർദ്ധനൻെറ രാജ്യം സ്ഥിതിചെയ്തിരുന്നതു്. നാഗവംശക്കാരായ ഒരു രാജവംശം പണ്ടു ഭരിച്ചിരുന്ന ഒരു രാജ്യമായിരുന്ന ശ്രീകണ്ഠരാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു സ്ഥാനേശ്വരം. ദുർഗ്ഗമങ്ങളായ ഹിമാലയപവ്വതനിരകളുടേയും, രാജപുട്ടാണയിലെ താർമണൽക്കാടിൻേറയും ഇടയ്ക്കു സ്ഥിതിചെയ്തിരുന്ന സ്ഥാനേശ്വരം എന്ന പ്രദേശത്തു കൂടിയല്ലാതെ ഭാരതത്തിനെ ആക്രമിക്കുന്നവക്ക് അതിൻെറ അന്തർഭാഗങ്ങളിലേക്കു കടക്കുവാൻ സുഗമമായ മറെറാരു മാർഗ്ഗവുമുണ്ടായിരുന്നില്ല. തന്നിമിത്തം പ്രാചീനകാലം മുതൽക്ക് സ്ഥാനേശ്വരം ഒരു പോർക്കളമായി ഭവിച്ചിരുന്നു. ഭാരതത്തിൻെറ അന്തർഭാഗങ്ങളുടെ ദ്വാരം എന്ന് പേരിടാവുന്ന ഈ പ്രദേശത്തു്

പ്രബലരായി ഭവിക്കുന്നവൎക്ക് വിദേശികളുടെ ആക്രമണങ്ങളെ ചെറുത്തു് കീൎത്തിയും ശക്തിയും നേടി ഉത്തരഭാരതം അടക്കിവാഴുന്നതിനു സൌകൎയ്യങ്ങൾ ഉണ്ടായിരുന്നു. ഇങ്ങിനെയാണ് വൈശ്യരായ പുഷ്പഭൂതിവംശക്കാർ ശക്തരായി ഭവിച്ചതും. മൌഖരിരാജാക്കന്മാരുടെ സാമന്തരായിരുന്ന ഇവർ അവരോടുകൂടി തങ്ങളുടെ പശ്ചിമഭാഗത്തുള്ള കാശ്മീരത്തിലും പഞ്ചാബിലും രാജ്യം സ്ഥാപിച്ചിരുന്ന ഹൂണരോടു പൊരുതി ശക്തി പ്രാപിച്ചു. അവന്തിവൎമ്മന്റെ ചരമാനന്തരം ബാലനായ ഗ്രഹവൎമ്മൻ കന്യാകുബ്ജത്തിലെ രാജാവായി ഭവിച്ചു. ഇതോടുകൂടി മൌഖരികളുടെ ശക്തി ക്ഷയിച്ചുതുടങ്ങിയതിനാൽ പുഷ്പഭൂതിവംശരാജാവായ പ്രഭാകരവൎദ്ധനന് ഒരു സാമ്രാജ്യത്തിന്റെ അടിസ്ഥാനക്കല്ലു നാട്ടുവാൻ സൌകൎയ്യം ലഭിക്കുകയും ചെയ്തു.

ഹൎഷന്റെ പണ്ഡിതസദസ്സിലെ ഒരു അംഗവും ഒരു പ്രസിദ്ധസംസ്കൃതകവിയുമായ ബാണൻ ഒരു ഗദ്യകാവ്യരൂപത്തിൽ ഹൎഷന്റെ ജീവിതത്തെ ആസ്പദിച്ചു രചിച്ചിട്ടുള്ള "ഹൎഷചരിതം" എന്ന ആഖ്യായികയിൽ ഹൎഷന്റെ വംശസ്ഥാപകനായ പുഷ്പഭൂതിയേയും, അദ്ദേഹത്തിന്റെ ഗുരുവും ഒരു ശൈവതാന്ത്രികസന്യാസിയുമായ ഭൈരവാചാൎയ്യനേയും കുറിച്ചു് ഒരു കഥ പറഞ്ഞിരിക്കുന്നു. അതു് ഇപ്രകാരമാണ്:—ശ്രീകണ്ഠരാജ്യത്തിന്റെ ഒരു വിഷയമായ സ്ഥാനേശ്വരത്തെ ഭരിച്ചിരുന്ന പുഷ്പഭൂതി ശൈവസന്യാസിയായ ഭൈരവാചാൎയ്യനെ പലപ്പോഴും സന്ദൎശിക്കാറുണ്ടായിരുന്നു. ഇതിനാൽ ഭൈരവാചാൎയ്യൎക്ക് പുഷ്പഭൂതിയിൽ പ്രീതി തോന്നു

കയും, തന്റെ ശിഷ്യനായ പാതാളസ്വാമി ഒരു ബ്രഹ്മ രാക്ഷസന്റെ കൈയിൽനിന്നും അപഹരിച്ച അട്ടഹാസ മെന്ന അത്ഭുതകരമായ ഖഡ്ഗം അദ്ദേഹം ആ സാമ ന്തനു സമ്മാനിക്കുകയും ചെയ്തു. അനന്തരം താൻ ഒരു ശ്മശാനത്തിൽ വെച്ച് നടത്തിക്കൊണ്ടിരുന്ന മഹാ കാലഹൃദയമെന്ന കമ്മത്തിന്റെ അവസാനത്തെ ക്രിയ യായി വേതാളത്തെ തനിക്ക് അടക്കണമെന്നും, അതിന് തന്റെ ശിഷ്യരായ ടീടിഭൻ, പാതാളസ്വാമി, കണ്ണതാ ലൻ എന്നിവരുടെ സഹായം മാത്രം മതിയാകുകയില്ലെ ന്നും, അതിനാൽ പുഷ്പഭൂതികൂടി ആ ക്രിയയുടെ നിവ് ഹണത്തിന് തന്നെ സഹായിക്കണമെന്നും ഭൈരവാചാ യ്യൻ ഒരു ദിവസം അദ്ദേഹത്തെ അറിയിച്ചു. ഉടനേ താൻ അതിനു തയ്യാറുണ്ടെന്ന് പുഷ്പഭൂതി ആ സന്യാ സിയോടു പറഞ്ഞു.

ആ കമ്മം ചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന ദിവസം രാത്രിയിൽ പുഷ്പഭൂതി 'അട്ടഹാസം' കൈയിലേന്തിക്കൊ ണ്ട് ശ്മശാനത്തിൽ ചെന്നു. അപ്പോൾ ഭൈരവാചാൎയ്യനും ശിഷ്യന്മാരും അവിടെ അദ്ദേഹത്തെ പ്രതീക്ഷിച്ചു നി ല്ക്കുകയായിരുന്നു. പുഷ്പഭൂതി വന്നുചേൎന്നയുടനെ ഭൈരവാ ചാൎയ്യൻ അവർ നാലുപേരേയും ദിക്പാലന്മാരായി നാലു വശത്തും നിറുത്തി. അനന്തരം അദ്ദേഹം അവരുടെ മദ്ധ്യത്തിൽ ഇരുന്ന് കമ്മങ്ങൾ ചെയ്തുതുടങ്ങി. അദ്ധ്രാത്രി ആയപ്പോൾ അവരുടെ ഉത്തരഭാഗത്തുള്ള ഭൂമി പിളരു കയും, അതിൽനിന്ന് ശ്രീകണ്ഠൻ എന്ന നാഗൻ അവ രോടു യുദ്ധത്തിനു സന്നദ്ധനായി വരുകയും ചെയ്തു. ആ നാഗൻ ഭൈരവാചാൎയ്യന്റെ മൂന്നു ശിഷ്യന്മാരേയും നി ഷ്പ്രയാസം തോല്പിച്ചു. ഉടനേ പുഷ്പഭൂതി അദ്ദേഹ ത്തോടു യുദ്ധം ചെയ്ത് ആ നാഗനെ നിലംപതിപ്പിച്ചു.

പിന്നീട് താൻ വെന്ന ശത്രുവിൻെറ ശിരസ്സ് ഛേദിക്കുവാനായി പുഷ്പഭൂതി അട്ടഹാസം എടുത്തു. അപ്പോൾ ശ്രീകണ്ഠൻെറ സ്കന്ധത്തിൽ യജ്ഞോപവീതം കണ്ടതിനാൽ അദ്ദേഹം ആ കൃത്യത്തിൽനിന്നും വിരമിക്കുകയും ചെയ്തു.

ഉടനെ അദ്ദേഹം ഒരു പ്രകാശം കണ്ടു. കമലങ്ങളുടെ സുരഭി അദ്ദേഹം ശ്വസിച്ചു. നൂപുരശബ്ദം അദ്ദേഹം കേൾക്കുകയും ചെയ്തു. ഇവയ്ക്കു കാരണം എന്താണെന്നറിയുവാൻ അദ്ദേഹം ചുററും നോക്കിയപ്പോൾ തൻെറ കൈയിൽ ഉണ്ടായിരുന്ന അട്ടഹാസത്തിൻെറ മദ്ധ്യത്തിൽ ശ്രീദേവി അതിതേജോമയയായി സ്ഥിതിചെയ്യുന്നത് അദ്ദേഹത്തിനു് കാണുവാൻ കഴിഞ്ഞു. ഉടനെ അദ്ദേഹം ആ ദേവിയെ വന്ദിച്ചു വാഴ്ത്തി. സ്വന്തം കാര്യം വിസ്മരിച്ച് ഭൈരവാചാര്യരുടെ കർമ്മം സഫലമാക്കിക്കൊടുക്കണമെന്നാണ് മഹാമനസ്കനായ പുഷ്പഭൂതി അപ്പോൾ ആ ദേവിയോട് അപേക്ഷിച്ചതു്. ഇതു കണ്ട് അദ്ദേഹത്തോട് വളരെ പ്രീതി തോന്നി ആ ദേവി അദ്ദേഹത്തിനു് വരം കൊടുത്തു. അദ്ദേഹം പ്രബലമായ ഒരു രാജവംശത്തിൻെറ സ്ഥാപകനായിത്തീരുമെന്നും, അതിൽനിന്നു് മാന്ധാതാവിനും ഹരിശ്ചന്ദ്രനും സമനായ ഹർഷൻ എന്നൊരു ചക്രവർത്തി ജനിക്കുമെന്നുമായിരുന്നു ഈ വരത്തിൻെറ സാരം. ആ ദേവിയുടെ പ്രസാദംമൂലം ഭൈരവാചാര്യൻ ഒരു വിദ്യാധരനായി ഭവിക്കുകയും ചെയ്തു.

പുഷ്പഭൂതിയെപ്പററി ഇപ്രകാരം ബാണൻ പ്രസ്താവിച്ചിരിക്കുന്നെങ്കിലും, ഹർഷൻെറ ശാസനങ്ങളിൽ അദ്ദേഹത്തെപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല. ഹർഷന്റെ ശാസനങ്ങളിൽ തൻെറ പൂർവ്വികരായ നാലു രാജാക്കന്മാ

രുടെ നാമങ്ങൾ മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. ഇവർ നരവർദ്ധനനും, നരവർദ്ധനന്റെ പുത്രനായ രാജ്യവർദ്ധനനും, രാജ്യവർദ്ധനന്റെ പുത്രനായ ആദിത്യവർദ്ധനനും, ആദിത്യവർദ്ധനന്റെ പുത്രനായ പ്രഭാകരവർദ്ധനനുമാകുന്നു. നരവർദ്ധനനു് വജ്രിണീദേവിയിൽ ജനിച്ച പുത്രനാണു് രാജ്യവർദ്ധനൻ. ആദിത്യഭക്തനായ രാജ്യവർദ്ധനന്റെ രാജ്ഞിയുടെ പേരു് അപ്സരാദേവി എന്നാണു്. മഹാസേനഗുപ്താ എന്ന രാജ്ഞിയെയാണു് ആദിത്യവർദ്ധനൻ വേട്ടതു്. ഒരുപക്ഷേ, മഗധഗുപ്തവംശത്തിലെ ഒരു രാജകുമാരിയായിരുന്നിരിക്കാം ഈ രാജ്ഞി.

ഹർഷന്റെ ശാസനങ്ങളിൽ നരവർദ്ധനനും, രാജ്യവർദ്ധനനും, ആദിത്യവർദ്ധനനും കേവലം മഹാരാജാവു് എന്ന അഭിധാനം മാത്രം നൽകിയിരിക്കുന്നതിനാലും, പ്രഭാകരവർദ്ധനൻ മഹാരാജാധിരാജനെന്നും പരമഭട്ടാരകനെന്നുമുള്ള ചക്രവർത്തിബിരുദങ്ങൾ ധരിച്ചിരിക്കുന്നതിനാലും, പ്രഭാകരവർദ്ധനന്റെ കാലംവരെ സ്ഥാനേശ്വരരാജാക്കന്മാർ പ്രബലരായി ഭവിച്ചിരുന്നില്ലെന്നു് അനുമാനിക്കാം. അതിനാൽ ആദിത്യവർദ്ധനൻ അശ്വമേധാദിയാഗങ്ങൾ അനവധി ചെയ്തു എന്നു് ബാണൻ ഹർഷചരിതത്തിൽ സൂചിപ്പിച്ചിരിക്കുന്നതു് കവിസഹജമായ അതിശയോക്തിയാണെന്നു മാത്രമേ വിചാരിക്കാവൂ. എ. ഡി. ൫൦൦-നു സമീപിച്ചു് നാടു വാഴാൻ തുടങ്ങിയ ആദിത്യവർദ്ധനൻ തന്റെ മേൽക്കോയ്മയായ മൌഖരി രാജാക്കന്മാരുടെ കീഴിൽ കാശ്മീരത്തിലെ ഹൂണന്മാരോടു പടവെട്ടിയിരുന്നിരിക്കാം.

---

# അദ്ധ്യായം ൨

ബാല്യവും വിദ്യാഭ്യാസവും.

ഹഷൻെറ പിതാവായ പ്രഭാകരവർദ്ധനൻ എ. ഡി. ൫൮൦-ൽ സമീപിച്ച് സ്ഥാനേശ്വരരാജാവായി ഭവിച്ചു. സിന്ധു, ഗ്രൂർജ്ജരം, ഗാന്ധാരം, ലാടം, മാലവം എന്ന രാജ്യങ്ങളോടും, ഹൂണന്മാരോടും പ്രഭാകരവർദ്ധനൻ യുദ്ധം ചെയ്തു ജയം നേടി എന്നു് ബാണൻ പ്രസ്താവിക്കുന്നുണ്ട്. പ്രഭാകരവർദ്ധനൻെറ യുദ്ധക്കളങ്ങളുടെ പരപ്പും, തന്നിമിത്തം അദ്ദേഹത്തിൻെറ പ്രാബല്യത്തിൻെറ അളവും ഗ്രഹിക്കുന്നതിന് ഈ രാജ്യങ്ങളുടെ സ്ഥാനങ്ങൾ അറിഞ്ഞേ മതിയാവൂ. മൌര്യവംശത്തിൽ പെട്ട ഒരു രാജകുടുംബം ഭരിച്ചിരുന്നതും, ഇൻഡസ് നദിയുടെ പശ്ചിമതീരത്ത് മുഖ്യമായി സ്ഥിതിചെയ്തിരുന്നതുമായ ഒരു രാജ്യമാണു് സിന്ധു. സ്കന്ദഗുപ്തൻ വിക്രമാദിത്യൻെറ കാലത്തിനു മുമ്പു് സിന്ധുരാജ്യം പാരസികചക്രവത്തികളുടെ മേൽക്കോയ്മയിൻകീഴിൽ വത്തിച്ചിരുന്നിരുന്നു. കച്ഛിലെ റണ്ണിൽ രാജപുട്ടാണയിൽക്കൂടി ഒഴുകിവീഴുന്ന ലൂനീനദിയുടെ പശ്ചിമതീരങ്ങളിലുള്ള ബാൽമെർ, ജോഡ്പൂർ എന്ന നഗരങ്ങൾ സ്ഥിതിചെയ്യുന്നതും, ആരവല്ലിപവ്വതത്തിനും താർമണൽക്കാടിനും ഇടയ്ക്കുള്ളതുമായ രാജപുട്ടാണയിലെ ഒരു രാജ്യമാണു് ഗ്രൂർജ്ജരം. അഫ്ഗാണിസ്ഥാൻെറ ഉത്തരഭാഗങ്ങളിൽനിന്നു് എ. ഡി. അഞ്ചാംശതാബ്ദത്തിൻെറ പ്രാരംഭത്തിൽ പഞ്ചാബിലും, അനന്തരം അവിടെനിന്നു് പശ്ചിമരാജപുട്ടാണയിലും കുടിയേറിപ്പാത്തിരുന്ന ഗ്രൂർജ്ജരർ എന്ന

വൎഗ്ഗത്തിൽപ്പെട്ട ഒരു രാജവംശം ഈ രാജ്യത്തെ അന്നു ഭരിച്ചിരുന്നു. പ്രഭാകരവർദ്ധനന്റെ കാലത്തെ ഗ്രൎജ്ജര രാജാവു് രജ്ജിലൻ ആയിരിക്കുവാൻ ഇടയുണ്ടു്. വടക്കുപടിഞ്ഞാറൻ പ്രാവിൻസിലെ പെഷവാർ, അഥവാ, പുരുഷപുരം പ്രധാന നഗർമായുള്ള ഒരു സാമന്തരാജ്യമായിരുന്നു ഗാന്ധാരം. കാബൂളിന്റെ പശ്ചിമോത്തരഭാഗത്തു് ഹിന്ദുകുഷ് പൎവ്വതനിരയ്ക്കു സമീപം സ്ഥിതിചെയ്തിരുന്ന തലസ്ഥാനത്തോടുകൂടിയ ഒരു രാജ്യമായ കപിശരാജ്യത്തിന്റെ മേൽക്കോയ്മയിൻകീഴിൽ അന്നു് ഗാന്ധാരം സ്ഥിതിചെയ്തിരുന്നു. ബുദ്ധമതാനുസാരികളായ ഒരു ക്ഷത്രിയരാജവംശമാണു് അന്നു് കപിശത്തെ ഭരിച്ചിരുന്നതു്. പ്രാചീന ഗാന്ധാരരാജവംശം നശിച്ചിരുന്നതിനാൽ കപിശത്തിലെ ഒരു ഉദ്യോഗസ്ഥൻ ഗാന്ധാരം അന്നു ഭരിച്ചുവന്നിരുന്നു.

ലാടം എന്നു് ബാണൻ പേരു കൊടുത്തിട്ടുള്ള രാജ്യം ചരിത്രകാരന്മാർ വലഭി എന്നു പേരിട്ടിട്ടുള്ള ഗുജറാത്തിലെ ഒരു രാജ്യമാണെന്നു് ഹൎഷന്റെ കാലത്തു് ഭാരതത്തിൽ സഞ്ചരിച്ച പ്രസിദ്ധ ചീനസഞ്ചാരിയായ യുവൻചാങ്ങിന്റെ വിവരണത്തിൽനിന്നു മനസ്സിലാക്കാം. ഗുജറാത്തിലെ ഭവനഗരത്തിനു് ഒരു ഇരുപതു മൈൽ പടിഞ്ഞാറായി വലഭിരാജ്യത്തിന്റെ തലസ്ഥാനമായ വലഭിനഗരം സ്ഥിതിചെയ്തിരുന്നു. യാദവകുലത്തിൽ പെട്ട മൈത്രകവംശത്തിലെ രാജാക്കന്മാരാണു് വലഭിയെ അന്നു ഭരിച്ചിരുന്നതു്. ഇന്നത്തെ രാജപുത്രരുടെ രാജവംശങ്ങളുടെ ഇടയ്ക്കു് കുലശ്രേഷ്ഠതകൊണ്ടു് ഒന്നാംപന്തിയിൽ നിൽക്കുന്ന ഉദെയ്പൂറിലെ രാജാക്കന്മാർ പ്രസിദ്ധപ്പെട്ട വലഭിയിലെ മൈത്രകവംശത്തിൽനിന്നു ജനിച്ചവ

രാണ്. ഗുപ്തചക്രവത്തികളുടെ സാമ്രാജ്യം ക്ഷയിച്ചതോടുകൂടി പ്രാബല്യത്തിൽ വന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഒന്നാണിതു്. പ്രഭാകരവർദ്ധനനോടു പൊരുത വലഭി, അഥവാ, ലാടരാജാവു് പശ്ചിമമാലവത്തിൻെറ ചില ഭാഗങ്ങൾ പിടിച്ചടക്കിയ പ്രസിദ്ധനായ ശീലാദിത്യൻ ധമ്മാദിത്യനായിരുന്നു.

പ്രഭാകരവർദ്ധനൻെറ ശത്രുവായ മാലവരാജാവു് വിദിശ തലസ്ഥാനമായുള്ള പൂവ്മാലവത്തിലെ രാജാവായിരുന്നിരിക്കണം. കാളിദാസൻെറ മാളവികാഗ്നിമിത്രത്തിലെ നായകനായ അഗ്നിമിത്രൻേറയും, ബാണൻെറ കാദംബരിയിലെ ശൂദ്രകൻ എന്ന രാജാവിൻേറയും തലസ്ഥാനമായിരുന്ന വിദിശ (ഭിൽസ) ഇന്നത്തെ ഭോപാൽ നാട്ടുരാജ്യത്തിൽ സ്ഥിതിചെയ്യുന്ന ബേസ്നഗരം എന്ന ഒരു കുഗ്രാമമാണ്. മേഘദൂതിൽ കാളിദാസൻ ദശാണ്ണം എന്ന പേരുംകൂടിയുള്ള ഈ രാജ്യത്തെ ഇങ്ങിനെ വണ്ണിച്ചിരിക്കുന്നു:—

"ഗ്രാമത്തോപ്പിൽ വളത്തു പക്ഷികൾ ഗൃഹം
 തീക്കുന്ന കോലാഹലം
പൂന്തോട്ടപ്പുറവേലിമേൽ വെളുവെളെ-
 പ്പൂക്കുന്ന പൂങ്കൈതകൾ
ഞാവൽകാട്ടിലിരുണ്ട കാകകൾ ഗഗന-
 ത്തന്നങ്ങൾ പോകും തിര-
ക്കിമ്മട്ടോടെ ദശാണ്ണദേശമുടനേ
 നിന്നെ പ്രതീക്ഷിച്ചിടും.

അദ്ദേശത്തിനു രാജധാനി വിദിശ-
 യ്യുലപ്പുകൾ ചെങ്ങാതിയാൾ
ശൃംഗാരത്തൊടടുത്തു വേത്രവതിതൻ-
 പക്കത്തിലെത്തീടുകിൽ

തീരത്തിന്നരികത്തിരുന്നു പുരിക-
ക്കുരുത്തൊത്ത വക്ത്രം കണ-
ക്കോളം തുള്ളിന നീർ നുകർന്നു രസമോ-
ടാത്തും രമിച്ചീടലാം.

നീചൈസ്സാം മലതാനമത്ര മുടിമേൽ
നീ ചെന്നിരുന്നാലുടൻ
പാടേ പൂത്ത കടമ്പുകൊണ്ടു പുളകം
പൂണ്ടെന്നപോൽ നിന്നിടും
പൌരന്മാരിഹ ദാസിമാരുമൊരുമി-
ച്ചാടും വിലാസങ്ങളെ-
ക്കാണിക്കും ചിലെടത്തു കല്ലറ നിറ-
ഞ്ഞൂറുന്ന പൂമെയ്യുണം."

വിദിശനഗരത്തിൻെറ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്നതും, കാളിദാസൻ നീചൈർഗിരി എന്ന പേരിൽ വർണ്ണിച്ചിരിക്കുന്നതുമായ ഉദയഗിരിയിലെ ഗുഹകളിൽ ഒന്നിൽ ഗുപ്തചക്രവർത്തിയായ ചന്ദ്രഗുപ്തൻ വിക്രമാദിത്യൻെറ കാലത്തെ ഒരു ശിലാശാസനവും, ഗുപ്തസാമ്രാജ്യകാലത്തെ അനേകം വിഗ്രഹങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഈ ചന്ദ്രഗുപ്തൻ വിക്രമാദിത്യൻെറ രാജധാനികളിൽ ഒന്നായിരുന്നു വിദിശ. ഗുപ്തസാമ്രാജ്യത്തിൻെറ അധഃപതനത്തിനുശേഷം "ഗുപ്ത" എന്ന പദത്തിൽ അവസാനിക്കുന്ന പേരുകൾ വഹിച്ചിരുന്ന രാജാക്കന്മാരുള്ള ഒരു സാമന്തവംശം പൂർവ്വമാലവത്തെ, അഥവാ, ദശാർണ്ണത്തെ ഭരിച്ചുവന്നിരുന്നു. ഈ സാമന്തവംശത്തിന് ഗുപ്തചക്രവർത്തികളുടെ വംശവുമായി ബന്ധമുണ്ടായിരുന്നു എന്നു കാണിക്കുന്ന രേഖകൾ ഒന്നുമില്ല. പ്രഭാകരവർദ്ധനൻ

യുദ്ധം ചെയ്തത് ഈ പൂർവ്വമാലവത്തിലെ ഒരു രാജാവിനോട് ആയിരുന്നിരിക്കണം.

പ്രഭാകരവർദ്ധനനോടു പട വെട്ടിയ ഹൂണന്മാർ കാശ്മീരത്തിലേയും പഞ്ചാബിലേയും ഹൂണരാജാക്കന്മാരായിരുന്നിരിക്കണം. പ്രഭാകരവർദ്ധനന്റെ മുകളിൽ വിവരിച്ച ശത്രുക്കളുടെ സ്ഥാനങ്ങളിൽ നിന്ന് യമുനാനദീതീരത്തു സ്ഥിതിചെയ്തിരുന്ന തന്റെ രാജ്യത്തിൽനിന്നും പുറപ്പെട്ട് പടിഞ്ഞാറ് അഫ്ഗാണിസ്ഥാൻ, ബലൂചിസ്ഥാൻ എന്നീ രാജ്യങ്ങൾവരെയും, തെക്ക് ഗുജറാത്തും വിദിശയുംവരെയും ഉള്ള പ്രദേശങ്ങളിൽ വച്ച് പ്രഭാകരവർദ്ധനൻ യുദ്ധം ചെയ്തു എന്നു കാണാവുന്നതാണ്. ഇത്രമാത്രം വിസ്തൃതമായ ഒരു പ്രദേശത്ത് തന്റെ പ്രാബല്യം സ്ഥാപിച്ചതിനാലാണ് ഹർഷന്റെ ശാസനങ്ങളിൽ പ്രഭാകരവർദ്ധനന് മഹാരാജാധിരാജൻ, പരമഭട്ടാരകൻ എന്ന ചക്രവർത്തിബിരുദങ്ങൾ നൽകിയിരിക്കുന്നതും.

ഹർഷന്റെ മാതാവ് യശോമതി എന്ന രാജ്ഞിയാണ്. യശോമതിയെ വർണ്ണിക്കുമ്പോൾ ബാണൻ "മഹാഭൃത്കുലോദ്ഗതാ" എന്നു വിവരിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥം ഒരു മഹത്തായ രാജവംശത്തിൽ ജനിച്ചവൾ എന്നോ, മഹാപർവ്വതകുലത്തിൽ ജനിച്ചവൾ എന്നോ ആകാം. ഒരു രാജവംശത്തിൽ ജനിച്ചവൾ എന്ന അർത്ഥം സ്വീകരിക്കുന്നത് ധ്വനി ഇഷ്ടപ്പെട്ടിരുന്ന ബാണന്റെ ഭാഷാരീതിക്കു യോജിക്കുന്നതല്ല. കൂടാതേ, കേവലം ഒരു രാജകുമാരി എന്നത് യശോമതിയുടെ കുലത്തെ പൂർണ്ണമായി വിവരിക്കുന്നുമില്ല. അതിനാൽ മഹത്തായ പർവ്വതകുലത്തിൽ ജനിച്ചവൾ എന്ന അർത്ഥമാണ്

ബാണൻ. ഉദ്ദേശിച്ചിട്ടുള്ളതു് എന്നു വേണം വിചാരിക്കേണ്ടതു്. ഒരു പവ്തരാജവംശം പ്രഭാകരവർദ്ധനൻെറ രാജ്യത്തിൻെറ അയൽരാജ്യമായ പഞ്ചാബിൽ വാണിരുന്നു എന്നു കാണിക്കുവാൻ രേഖകളുമുണ്ടു്.

ഹഷ്ൻെറ സമകാലീനനായ മുമ്പു പ്രസ്താവിച്ചിട്ടുള്ള യുവൻചാങ്ങ് എന്ന ചീന സഞ്ചാരി മൂലസ്ഥാനപുരത്തിനു്, അതായതു്, ഇന്നത്തെ മുൾട്ടാനു്, ഒരു നൂററിപ്പതിനാറു മൈൽ വടക്കുകിഴക്കായി 'പവ്തം' എന്നൊരു രാജ്യം ഉണ്ടായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ടു്. ടക്ക എന്ന രാജ്യത്തിൻെറ മേൽക്കോയ്മയിൻകീഴിലുള്ള ഒരു സാമന്തരാജ്യമായിരുന്നു ഇതു്. മൂലസ്ഥാനപുരവും ടക്കയുടെ കീഴിലുള്ള ഒരു സാമന്തരാജ്യമായിരുന്നു. ടക്കയെ ഒരു ഗുജ്ജരരാജവംശം അന്നു ഭരിച്ചിരുന്നു. ഗുജ്ജരന്മാർ മുമ്പു വിവരിച്ചതുപോലെ എ. ഡി. അഞ്ചാം ശതാബ്ദത്തിൻെറ പ്രാരംഭത്തിൽ അഫ്ഗാണിസ്ഥാനിൽനിന്നു പഞ്ചാബിലേക്കു കടന്നപ്പോൾ, അവർ പഞ്ചാബിൽ ചില രാജ്യങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇക്കൂട്ടത്തിലുള്ള രണ്ടു രാജ്യങ്ങളാണു് ടക്കയും പവ്തവും. ഈ രാജ്യങ്ങളിൽ ചിലതിലെ രാജവംശങ്ങളുടെ ശാഖകൾ പശ്ചിമരാജപുട്ടാണയിലേക്കു പിന്നീടു കടന്നു് പല രാജ്യങ്ങളും സ്ഥാപിച്ചു. പല ഗുജ്ജരരാജ്യങ്ങളും അടങ്ങിയ ഒരു സംഘടനയുടെ നായകത്വം പ്രഭാകരവദ്ധനൻ തോല്പിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുള്ള ജോഡ്പൂരിലെ ഗുജ്ജരരാജവംശം അദ്ദേഹത്തിൻെറ കാലത്തിനു സമീപിച്ചു് കരസ്ഥമാക്കിയിരുന്നു. ഈ രാജവംശത്തിനു് ഗുജ്ജരപ്രതിഹാരവംശം എന്നും പേരുണ്ടു്. ഇവക്കു് പരിഹാരവംശം (പ്രതിഹാരവംശം) എന്നു പേരു കിട്ടിയതു് ഇവരുടെ പൂവ്വികൻ

ശ്രീരാമന്റെ പരിഹാരനായ, അതായത്, ദ്വാരപാലനായ ലക്ഷ്മണൻ ആയിരുന്നതിനാലാണെന്നാണ് ഇവരുടെ ശാസനങ്ങൾ പ്രസ്താവിച്ചിട്ടുള്ളത്. ജോഡ്പൂരിലെ ഗ്രുജ്ജരപ്രതിഹാരരുടെ ഒരു ശാഖയായ അവന്തിയിലെ, അതായത്, ഉജ്ജൈനിയിലെ ഗ്രുജ്ജരപ്രതിഹാരവംശം എ. ഡി. എട്ടാം ശതാബ്ദത്തിൽ ജോഡ്പൂരിലെ ഗ്രർജ്ജരപ്രതിഹാരവംശത്തെ തോല്പിക്കുകയും, ഗംഗാതീരത്തിലുള്ള കന്യാകുബ്ജം കരസ്ഥമാക്കി വിസ്തൃതമായ ഒരു സാമ്രാജ്യം ഉത്തരഇൻഡ്യയിൽ സ്ഥാപിക്കുകയും ചെയ്തു.

ജോഡ്പൂരിലെ ഗ്രുജ്ജരപ്രതിഹാരവംശം ഗ്രർജ്ജരരുടെ ഭണ്ഡി എന്ന ഉപകുലത്തിൽ പെട്ടതാണെന്ന് ചില ശാസനങ്ങളിൽ നിന്നു മനസ്സിലാക്കാം. ഹർഷൻെറ മാതുലപുത്രനും, അദ്ദേഹത്തിൻെറ ബാല്യകാലത്തെ സ്നേഹിതനും, പിൽക്കാലത്തെ മന്ത്രിയുമായ ഭണ്ഡി എന്ന പ്രഭുവിൻെറ പേരിൽനിന്ന്, അദ്ദേഹത്തിൻെറ വംശമായ പവ്ത്തസാമന്തരുടെ വംശവും, ജോഡ്പൂരിലെ ഗ്രർജ്ജരപ്രതിഹാരരെപ്പോലെ ഭണ്ഡി എന്ന ഉപകുലത്തിൽ ഉൾപ്പെട്ടിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രഭാകരവർദ്ധനൻ തോല്പിച്ച ജോഡ്പൂരിലെ ഗ്രുജ്ജരപ്രതിഹാരവംശത്തിൻെറ ഒരു ശാഖയായ പവ്ത്തവംശത്തിലെ ഒരു രാജകുമാരിയാണ് ഹർഷൻെറ മാതാവായ യശോമതീരാജ്ഞി.

യശോമതിയെ ശ്രീപാവ്ത്തി, രോഹിണി, ലക്ഷ്മി, അരുന്ധതി എന്നിവരോട് ബാണൻ ഉപമിച്ചിരിക്കുന്നു. ഹഷ്നിൽ തെളിഞ്ഞു കാണുന്ന സാത്വീകഗുണങ്ങൾ കുലീനയായ ഈ മാതാവിൽനിന്ന് അദ്ദേഹത്തിനു ലഭി

ച്ചിരിക്കുവാൻ ഇടയുണ്ടു്. ഈ സ്ത്രീയുടെ ഭത്തൃഭക്തി അവർ തൻെറ ഭത്താവായ പ്രഭാകരവർദ്ധനൻെറ മരണത്തോടുകൂടി അഗ്നിപ്രവേശം ചെയ്യതിൽ നിന്നു മനസ്സിലാക്കാം.

ആദിത്യഭക്തനായിരുന്ന പ്രഭാകരവർദ്ധനൻ രാജ്യഭാരമേററതിനു ശേഷം അദ്ദേഹത്തിൻെറ രാജ്ഞി. മൂന്നു സന്താനങ്ങളെ—രണ്ടു ബാലന്മാരേയും ഒരു ബാലികയേയും—പ്രസവിച്ചു. രാജ്യവർദ്ധനൻ, ഹഷവർദ്ധനൻ, രാജ്യശ്രീ എന്നായിരുന്നു ഇവരുടെ നാമങ്ങൾ. ഹഷന്റെ ജനനസമയത്തെ ഗ്രഹസ്ഥിതിയെക്കുറിച്ചു് ബാണൻ നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ ജനനം എ. ഡി. ൫൯൦ ജൂൺ മാസം ൪-ാംനു- രാത്രിയാണെന്നു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഗണിച്ചു കണ്ടുപിടിച്ചിട്ടുണ്ടു്. രാജ്യവർദ്ധനന് ആറു വയസ്സു പ്രായമുള്ളപ്പോൾ, ഹഷൻ ധാത്രിയുടെ കൈ പിടിച്ചു് അഞ്ചാറു് അടി നടന്നു തുടങ്ങിയിരുന്നു എന്നും, ഈ സമയത്തുതന്നെ യശോമതീ ദേവി രാജ്യശ്രീയെ ഗർഭം ധരിച്ചിരുന്നു എന്നും ബാണൻ സൂചിപ്പിച്ചിരിക്കുന്നതിനാൽ, ഹഷനും രാജ്യവർദ്ധനനും തമ്മിലും, ഹഷനും രാജ്യശ്രീക്കും തമ്മിലും, മൂന്നുവയസ്സിൽ അധികം പ്രായവ്യത്യാസമുണ്ടായിരുന്നില്ലെന്നു സ്പഷ്ടമാകുന്നുണ്ടു്. അതിനാൽ രാജ്യവർദ്ധനൻെറ ജനനം എ. ഡി. ൫൮൬-ലും രാജ്യശ്രീയുടേതു് ൫൯൨-ലും ആയിരുന്നിരിക്കുവാൻ ഇടയുണ്ടു്.

ബാല്യകാലത്തു് രാജ്യവർദ്ധനനും ഹഷവർദ്ധനനും തങ്ങളുടെ മാതുലപുത്രനായ ഭണ്ഡിയുമായി കളിച്ചു നടന്നിരുന്നു. പവ്വതകുലത്തിലെ ഒരു അംഗമായ ഭണ്ഡിക്കു് രാജ്യവർദ്ധനനെക്കാൾ രണ്ടു വയസ്സു മൂപ്പുണ്ടായി

രുന്നു. പ്രഭാകരവർദ്ധനൻ ഭണ്ഡിയെ തൻെറ പുത്രന്മാരെപ്പോലെയാണു ലാളിച്ചു വളത്തിവന്നതു്. പിൽക്കാലങ്ങളിൽ ഭണ്ഡി രാജ്യവർദ്ധനൻേറയും ഹഷൻേറയും വിശ്വസ്തമന്ത്രിയായിത്തീരുകയും ചെയ്തു.

തൻെറ പുത്രന്മാരുടെ യൌവ്വനാരംഭത്തിൽ പ്രഭാകരവർദ്ധനൻ അവരുടെ അനുചരന്മാരും, ചങ്ങാതികളുമായി കുമാരഗുപ്തൻ, മാധവഗുപ്തൻ എന്നു രണ്ടു കുലീനരായ യുവാക്കന്മാരെ നിയമിച്ചു. മഗധഗുപ്തരാജവംശത്തിലെ അംഗങ്ങളായിരിക്കാം ഇവർ. ഇവരിൽ മാധവഗുപ്തൻ പിൽക്കാലങ്ങളിൽ ഹഷൻെറ പ്രിയസഹചരനായിത്തീരുകയും ചെയ്തു.

ബാണൻെറ വണ്ണനകളിൽനിന്നു് ഹഷൻ ശരീരബലമുള്ളവനും, പൊക്കം കുറഞ്ഞവനുമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണു്. അക്കാലത്തു സാഹിത്യപരമായ വിദ്യാഭ്യാസത്തിനു പുറമേ കായികാഭ്യാസവും ആയുധാഭ്യാസവും ബാലന്മാൎക്കു നൽകുന്നതു പതിവായിരുന്നു. രാജ്യവർദ്ധനനും ഹഷനും ബാല്യത്തിൽ തന്നെ ആയുധാഭ്യാസത്തിൽ വിദഗ്ദ്ധരായിത്തീൎന്നിരുന്നു എന്നു് ബാണന്റെ വാക്കുകൾ സ്പഷ്ടമാക്കുന്നുണ്ടു്.

വായന, എഴുത്തു് കണക്കു് എന്നിവകൾക്കു പുറമെ കാവ്യം, വ്യാകരണം, പുരാണം മുതലായവയും, ധമ്മശാസ്ത്രങ്ങളും, അത്ഥശാസ്ത്രവും അന്നത്തെ രാജകുമാരന്മാരുടെ വിദ്യാഭ്യാസകാൎയ്യപരിപാടിയിൽ ഉൾപ്പെട്ടിരുന്നു. ഇവയെല്ലാം ഹഷൻ തൻെറ ഗുരുക്കന്മാരിൽനിന്നു പഠിച്ചിരുന്നിരിക്കണം. ഈ വിഷയങ്ങൾ എല്ലാററിലും വച്ചു് അദ്ദേഹം കൂടുതലായി ഇഷ്ടപ്പെട്ടിരുന്നതു് കാവ്യപാരായണമാണെന്നു് അദ്ദേഹത്തിൻെറ പിൽക്കാലജീവിതത്തിൽ

നിന്നും അനുമാനിക്കാം. ബാല്യകാലത്തിൽ ഹർഷൻ ഏതെല്ലാം സാഹിത്യകൃതികളാണു പ്രധാനമായി വായിച്ചിരുന്നതെന്നു കണ്ടുപിടിക്കുവാൻ ബാണന്റെ ഹർഷചരിതം നമ്മെ സഹായിക്കുന്നു. ഹർഷചരിതത്തിന്റെ പ്രാരംഭത്തിൽ തന്റെ കാലത്തിനു മുമ്പ് പ്രസിദ്ധരായിത്തീർന്ന കവികളെ ബാണൻ സ്തുതിച്ചിട്ടുണ്ട്. മഹാഭാരതകർത്താവായ വ്യാസൻ, വാസവദത്ത എന്ന ആഖ്യായികയുടെ കർത്താവായ സുബന്ധു, ഒരു ഗദ്യകാരനായ ഹരിചന്ദ്രൻ, സപ്തശതീ എന്ന പ്രാകൃതകവിതാകോശത്തിന്റെ കർത്താവായ ഹാലൻ, അഥവാ സാതവാഹനൻ, സേതുബന്ധം എന്ന പ്രാകൃതകാവ്യത്തിന്റെ കർത്താവായ പ്രവരസേനൻ, പ്രസിദ്ധ നാടകകർത്താക്കളായ ഭാസൻ, കാളിദാസൻ എന്നിവർ, ബൃഹത്കഥയുടെ കർത്താവായ ഗുണാഢ്യൻ എന്നിവരെയാണു ബാണൻ പ്രശംസിച്ചിട്ടുള്ളത്. ഈ സാഹിത്യകാരന്മാരുടെ കൃതികൾ ഹർഷന്റെ കാലത്തു പ്രസിദ്ധിനേടിയിരുന്നതിനാൽ, ഇവയെ ഹർഷൻ പാരായണം ചെയ്തിരുന്നു എന്നു നമുക്കു വിശ്വസിക്കാം.

മേൽ വിവരിച്ച കൃതികളുടെ കൂട്ടത്തിൽ ഹർഷൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നതു് ഭാസന്റേയും കാളിദാസന്റേയും നാടകങ്ങളിലും, ഗുണാഢ്യന്റെ ബൃഹത്കഥയിലുമാണെന്നു് അദ്ദേഹത്തിന്റെ പിൽക്കാലത്തെ നാടകകൃതികൾ സ്പഷ്ടമാക്കുന്നുണ്ട്. പ്രസ്തുത കൃതികൾക്കു പുറമേ ഭരതന്റെ നാട്യശാസ്ത്രവും, അശ്വഘോഷന്റെ ബുദ്ധചരിതകാവ്യവും, സൌന്ദരനന്ദകാവ്യവും, ചന്ദ്രകന്റെ ലോകാനന്ദം എന്ന ബൌദ്ധനാടകവും ഹർഷൻ സശ്രദ്ധം വായിച്ചിരുന്നിരിക്കണം; എന്തെന്നാൽ ഇവയെ വായിച്ചിരുന്നതിനുള്ള ലക്ഷ്യങ്ങൾ ഹർഷന്റെ നാടകകൃതികൾ കാണിക്കുന്നുണ്ട്.

# അദ്ധ്യായം ൯.

രാജ്യവർദ്ധനന്റെ ബാല്യദശ അവസാനിച്ചതിനു ശേഷം, ഒരിക്കൽ പ്രഭാകരവർദ്ധനൻ ആ രാജകുമാരനെ പശ്ചിമോത്തരഭാഗത്തുള്ള ഹൂണന്മാരെ കീഴടക്കുവാനായി നിയോഗിച്ചയച്ചു. രാജ്യവർദ്ധനന്റെ സൈന്യത്തിനു പുറകിലായി അശ്വസൈന്യത്തോടു കൂടി ഹർഷനും പോയിരുന്നു.

മാതാപിതാക്കന്മാരുടേയും ജ്യേഷ്ഠന്റേയും മരണങ്ങൾ.

ഹിമാലയത്തിനു സമീപം ആ സൈന്യം എത്തിയപ്പോൾ, ഹർഷൻ സൈന്യത്തിൽനിന്നു പിരിഞ്ഞു് വന്യമൃഗങ്ങൾ ധാരാളമുള്ള ആ പർവ്വതപംക്തിയുടെ പ്രാന്തപ്രദേശങ്ങളിലെ മഹാരണ്യങ്ങളിൽ വേട്ടയാടുവാൻ പോയി. ഇങ്ങിനെ വേട്ടയാടി ആ വനങ്ങളിൽ ഹർഷൻ പാർക്കുമ്പോൾ, ഒരു ദിവസം അദ്ദേഹം ഒരു സ്വപ്നം കണ്ടു എന്നു് ബാണൻ പറഞ്ഞിരിക്കുന്നു. കാട്ടുതീയിൽ ഒരു സിംഹം അകപ്പെട്ടതു കണ്ടു് അതിന്റെ സിംഹി തന്റെ സന്താനങ്ങളെ പരിത്യജിച്ചു് ഭർത്താവിനോടുകൂടി ആ അഗ്നിയിൽ പതിച്ചു മരിച്ചു എന്നായിരുന്നു ഹർഷൻ കണ്ട സ്വപ്നം. അന്നുച്ചതിരിഞ്ഞതയുടനെ പിതാവു് ജ്വരബാധിതനായിക്കിടക്കുന്നു എന്നു് ഒരു കത്തു് ഹർഷനു് രാജധാനിയിൽനിന്നു ലഭിച്ചു. ദുഃഖിച്ചു് അദ്ദേഹം നായാട്ടു് അവസാനിപ്പിച്ചു് ഭണ്ഡി മുതലായ പരിജനങ്ങളോടുകൂടി രാജധാനിയിലേക്കു യാത്രയാകുകയും ചെയ്തു.

സ്ഥാനേശ്വരത്തു് ഹർഷൻ ചെന്നതിനു ശേഷം അധികം ദിവസങ്ങൾ കഴിയുന്നതിനു മുമ്പു് പ്രഭാകരവർദ്ധ

നൻ മരണമടയുകയും, യശോമതീരാജ്ഞി സരസ്വതീ നദീതീരത്തിൽ ചിത കൂട്ടി അതിൽ അഗ്നിപ്രവേശം ചെയ്യുകയും ചെയ്തു. യശോമതിയും പുത്രനായ ഹർഷനും തമ്മിലുണ്ടായ അന്ത്യസമാഗമത്തെ ബാണൻ ഭംഗിയായി വിവരിച്ചിട്ടുണ്ട്. പ്രഭാകരവർദ്ധനനെ വൈദ്യന്മാർ കൈവെടിഞ്ഞ വിവരം അറിഞ്ഞയുടനേതന്നെ, അദ്ദേഹം മരിക്കുന്നതിനു മുമ്പുതന്നെ, യശോമതീദേവി അഗ്നിപ്രവേശം ചെയ്യുകയുണ്ടായി. യശോമതീരാജ്ഞി അഗ്നിപ്രവേശത്തിനു തയ്യാറാകുന്നു എന്ന് അവരുടെ പ്രധാന ചേടിയായ വേലാ ഹർഷനെ അറിയിച്ചയുടനെ അദ്ദേഹം കുറേ നേരത്തേയ്ക്ക് സ്തംഭിച്ചു നിന്നുപോയി. അനന്തരം അദ്ദേഹം ബദ്ധപ്പെട്ട് അന്തഃപുരത്തിലേക്കു തിരിച്ചു. അതിനു സമീപം എത്തിയപ്പോൾ അഗ്നിപ്രവേശനത്തിനു സന്നദ്ധരായ മററു ചില രാജ്ഞിമാരുടെ ആമന്ത്രണങ്ങൾ അദ്ദേഹം കേൾക്കുകയുണ്ടായി. ഹർഷൻ അന്തഃപുരത്തിനകത്തു പ്രവേശിച്ചപ്പോൾ, കുളിച്ചു കുങ്കുമമണിഞ്ഞു സർവാഭരണഭൂഷിതയായി നിൽക്കുന്ന യശോമതീദേവിയെ അദ്ദേഹം കണ്ടു. അവർ ഭർത്താവിൻെറ മന്ത്രിമരോടും ബന്ധുജനങ്ങളോടും അന്ത്യകല്പനകൾ നൽകുകയായിരുന്നു ചെയ്തിരുന്നത്. "അമ്മാ! നിസ്സഹായനായ എന്നേയും ഉപേക്ഷിച്ചു പോകുവാനാണോ നിങ്ങൾ തുനിയുന്നത്? ദയവു തോന്നി നിങ്ങളുടെ നിശ്ചയത്തെ പരിത്യജിക്കുക" എന്നു പറഞ്ഞുകൊണ്ട് ഹർഷൻ മാതാവിൻെറ കാല്ക്കൽ വീണു. തൻെറ കാല്ക്കൽ കിടക്കുന്ന ഇളയപുത്രൻെറ സങ്കടം കണ്ടപ്പോൾ, ആ രാജ്ഞി വാവിട്ടു കരഞ്ഞുതുടങ്ങി. കരഞ്ഞുകഴിഞ്ഞതിനു ശേഷം കണ്ണുനീർ തുടച്ചുകൊണ്ട് യശോമതി പുത്രനേ പിടിച്ച് എഴുന്നേൽപ്പിച്ചു. കുറേ നേരം പുത്രൻെറ മുഖത്തു സൂക്ഷിച്ചു നോക്കിയതിനു ശേഷം,

നെടുവീൎപ്പിട്ടുകൊണ്ടു് ഹൎഷനോടു് യശോമതി ഇപ്രകാരം പറഞ്ഞു:—

"നിന്നെ സ്നേഹിക്കാത്തതുകൊണ്ടോ, നിനക്കു ശ്രേഷ്ഠഗുണങ്ങൾ ഇല്ലായ്കകൊണ്ടോ, നീ ഉപേക്ഷിക്കപ്പെടേണ്ടവൻ ആയതുകൊണ്ടോ അല്ല, എന്റെ പ്രിയപ്പെട്ട മകനേ, ഞാൻ നിന്നെ വിട്ടുംവച്ചു പോകുന്നതു്. നീ എന്റെ മുല കുടിച്ചുതുടങ്ങിയതോടുകൂടി എന്റെ ഹൃദയവും കരസ്ഥമാക്കി. ഈ മുഹൂൎത്തത്തിൽ ഞാൻ നിന്നെ വിഗണിച്ചതിനുള്ള കാരണം എന്റെ ഭൎത്താവു് എന്നോടു കാണിച്ചിട്ടുള്ള കാരുണ്യമാണു്. കൂടാതെ, പ്രിയപ്പെട്ട മകനേ, ഞാൻ ലക്ഷ്മിയെപ്പോലെയോ, ഭൂമിയെപ്പോലെയോ നിഷ്ഠുരുണയല്ല. ഇവരെപ്പോലെ മറെറാരു നാഥനെ സദാ കാംക്ഷിച്ചുകൊണ്ടിരിക്കുന്നതു് അധികാരമോഹമുള്ളവൎക്കു മാത്രമേ ഉചിതമായിരിക്കുകയുള്ളു. കറയററ പൂൎവ്വികരുള്ള ഒരു ഉന്നതകുലത്തിലെ അംഗമാണു് ഞാൻ. പാതിവ്രത്യമാണു് എന്റെ സ്ത്രീധനം. നൂറിൽപരം യുദ്ധങ്ങളിൽ ഏൎപ്പെട്ടു് ആനന്ദിച്ച സിംഹതുല്യനായ ഒരു മഹാപുരുഷന്റെ സിംഹിയാണു് ഞാൻ എന്ന കാൎയ്യം നീ മറന്നുപോയോ? വീരരുടെ പുത്രിയും, ഭാൎയ്യയും, മാതാവുമായ എനിക്കു്—വീരരെ മാത്രം വരിക്കുന്ന എനിക്കു്—മറെറാരു വിധത്തിൽ പ്രവൎത്തിക്കുവാൻ സാധിക്കുമോ? രാജാക്കന്മാരിൽ വെച്ചു് ശ്രേഷ്ഠനും, ഭരതൻ, ഭഗീരഥൻ, നാഭാഗൻ എന്നിവരോടു തുല്യനും, വീരനുമായ നിന്റെ അച്ഛൻ എന്റെ ഈ കരം ഗ്രഹിച്ചിട്ടുണ്ടു്. അസംഖ്യം സാമന്തരുടെ ഹിതാനുസാരിണികളായ ഭാൎയ്യമാർ സുവൎണ്ണകുംഭങ്ങളിൽനിന്നു് എന്റെ ഈ ശിരസ്സിൽ അഭിഷേകജലം ഒഴിച്ചിട്ടുണ്ടു്. ഒരു പട്ടമഹിഷിയുടെ മകുടം നേടി എന്റെ ഈ ശിരസ്സ് പ്രായേണ അസാദ്ധ്യമായ ഒരു

പദവി അനുഭവിച്ചിട്ടുണ്ട്. ശത്രുക്കളുടെ ബന്ധനസ്ഥരായ ഭാൎയ്യമാർ ചാമരങ്ങൾ വീശി ജനിപ്പിച്ച കാററിനാൽ ചലിപ്പിക്കപ്പെട്ട വസ്ത്രങ്ങൾ എൻെറ ഈ സ്തനങ്ങൾ ധരിച്ചിട്ടുണ്ട്; നിന്നെപ്പോലെയുള്ള പുത്രന്മാർ അവയെ നുകൎന്നിട്ടുമുണ്ട്. സഹഭാൎയ്യമാരുടെ ശിരസ്സുകളിൽ എന്റെ ഈ പാദങ്ങൾ പതിഞ്ഞിട്ടുണ്ട്; ഒരു രാജധാനിയിലുള്ള സകല നാരിമാരുടേയും നമ്രശിരസ്സുകൾ ധരിച്ചിട്ടുള്ള മകുടങ്ങളുടെ വജ്രമാലകൾ എൻെറ ഈ പാദങ്ങളെ അലങ്കരിച്ചിട്ടുമുണ്ട്. ഇങ്ങിനെ എൻെറ ഓരോ അവയവവും അതിന്റെ ഉദ്ദേശം നിറവേററിക്കഴിഞ്ഞിരിക്കുന്നു. എന്റെ സൽകൎമ്മങ്ങളുടെ ഫലം മുഴുവനും ഞാൻ അനുഭവിച്ചുകഴിഞ്ഞിട്ടുമുണ്ട്. ഇനി എന്താണ് എനിക്കു പ്രതീക്ഷിക്കാനുള്ളതു്? വൈധവ്യം ഭവിക്കുന്നതിനു മുമ്പ് മരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിധവയായ രതിയെപ്പോലെ ദഹിച്ച ഒരു ഭൎത്താവിനെക്കുറിച്ച് നിഷ്പ്രയോജനങ്ങളായ വിലാപങ്ങൾ പുറപ്പെടുവിക്കുവാൻ എനിക്കു കഴിയുകയില്ല. എൻെറ ഭൎത്താവിൻെറ സ്വർഗ്ഗാരോഹണം മുൻകൂട്ടി അറിയിക്കുവാനായി അദ്ദേഹത്തിൻെറ പാദപാംസുതുല്യം മുമ്പേ പോകുന്നതായാൽ; വീരരെ സ്നേഹിക്കുന്ന ദേവഭാൎയ്യമാർ എന്നെ അധികം ബഹുമാനിക്കുകയും ചെയ്യും. അദ്ദേഹം ഈയിടെ അനുഭവിച്ച ഹൃദയഭേദകമായ വേദന കണ്ടു് അഗ്നിയിൽ വീണിട്ടുള്ള എന്നോടു് അഗ്നിദേവന് കൂടുതലായി എന്തു ചെയ്യുവാൻ കഴിയും? ഇങ്ങിനെയുള്ള ഒരു മുഹൂൎത്തത്തിൽ മരിക്കാതെ ജീവിക്കുന്നതു് ഹൃദയശൂന്യത കാണിക്കുന്നതിനു തുല്യമായിരിക്കും. അനശ്വരമായ അനുരാഗം ഇന്ധനമായുള്ള ഒരു ഭാൎയ്യയുടെ ദുഃഖാഗ്നിയുടെ ജ്വാലയോടു് താരതമ്യപ്പെ

ട്ടത്തി നോക്കിയാൽ, അഗ്നിയും വളരെ തണുത്തിരിക്കും. കൈലാസത്തെപ്പോലെ ഗംഭീരനായ ആ ജീവനാഥൻ മരണത്തിലേക്കു ചരിക്കുമ്പോൾ, ജീർണ്ണിച്ച ഒരു തൃണംപോലെ ലഘുവായ ജീവിതത്തെ സംബന്ധിച്ചു പിശുക്കു പിടിക്കുന്നതു് ഉചിതമാണോ? ഞാൻ ജീവിച്ചിരുന്നാൽപോലും, രാജാവിന്റെ മരണത്തെ വിഗണിച്ച മഹാപാതകത്തിനുശേഷം, എൻെറ പുത്രൻെറ വാഴ്ച്ചയുടെ ആനന്ദങ്ങൾ എന്നെ സ്പർശിക്കുകയില്ല. ദുഃഖം കരണ്ടുതിന്നുന്നവരിൽ സൌഖ്യം ദുസ്സഹനഗർഭവും, ശപ്തവും, നിഷ്പ്രയോജനവുമായിരിക്കും. ശരീരത്തിലല്ല, പ്രിയപ്പെട്ട മകനേ, ഭർത്തൃഭക്തകളായ വിധവമാരുടെ മാഹാത്മ്യത്തിലാണ് ഭൂമിയിൽ നിലനിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നതു്. അതുകൊണ്ടു്, എൻെറ ഓമനമകനേ, എൻെറ ആഗ്രഹത്തെ തടഞ്ഞു് എന്നെ അപമാനിക്കരുതേ എന്നു് ഞാൻ നിന്നോടു് അപേക്ഷിക്കുന്നു.''

ഇങ്ങിനെ പറഞ്ഞുകൊണ്ടു് യശോമതി പുത്രൻെറ കാൽക്കൽ വീണു. ഹർഷൻ വേഗത്തിൽ അവരെ താങ്ങി എഴുന്നേല്പിച്ചു. ആ രാജ്ഞിയുടെ അചഞ്ചലമായ നിശ്ചയം അറിഞ്ഞു് ഹർഷൻ കുറേനേരം നമ്രമുഖനായി നിലകൊണ്ടു. അനന്തരം പുത്രനെ ആലിംഗനം ചെയ്തു് അദ്ദേഹത്തിൻെറ മൂർദ്ധാവിൽ ചുംബിച്ചതിനുശേഷം യശോമതി അന്തഃപുരത്തിനകത്തേയ്ക്കു പോകുകയും, താമസിയാതെ അഗ്നിപ്രവേശം ചെയ്കയും ചെയ്തു. ബാണന്റെ ഈ ചരിത്രത്തിൽ കവിസഹജമായ അതിശയോക്തിയുണ്ടെങ്കിലും, ഹർഷനും മാതാവും തമ്മിലും, അദ്ദേഹത്തിൻെറ മാതാവും പിതാവും തമ്മിലുമുള്ള ബന്ധങ്ങളുടെ ഒരു സൂക്ഷ്മമായ ഛായ സമകാലീനനും കൊട്ടാരംസേവ

കനമായ ബാണൻെറ ഈ വർണ്ണനയിൽ അന്തർഭവിച്ചിട്ടുണ്ടെന്നു സംശയംവിനാ വിശ്വസിക്കാം. 19602.

പ്രഭാകരവർദ്ധനൻ മരിച്ചതു് എ. ഡി. ൬൦൫-ൽ ആയിരുന്നു. അന്നു് രാജ്യവർദ്ധനനു് പതിനേഴ വയസ്സും, ഹർഷനു് പതിനഞ്ചു വയസ്സും പ്രായമുണ്ടായിരുന്നു. പ്രഭാകരവർദ്ധനൻെറ മരണത്തെത്തുടർന്നു് അദ്ദേഹത്തിൻെറ ആശ്രിതരിൽ ചിലർ ആത്മഹത്യ ചെയ്യുകയും, മററു ചിലർ സന്ന്യസിക്കുകയും ചെയ്തു എന്നും ബാണൻ പ്രസ്താവിച്ചിരിക്കുന്നു. നൃപന്മാർ മരിക്കുമ്പോൾ അവരുടെ ആശ്രിതരിൽ ചിലർ ആത്മഹത്യ ചെയ്യുന്ന പതിവു് ജപ്പാൻ മുതലായ മററു ചില രാജ്യങ്ങളിൽ നടപ്പുണ്ടായിരുന്നതിനാൽ, ബാണൻെറ ഈ വാക്കുകൾ കേവലം അതിശയോക്തികളല്ലെന്നു് നമുക്കു വിശ്വസിക്കാം.

യുദ്ധക്കളത്തിൽനിന്നു് വിജയശ്രീലാളിതനായും, എന്നാൽ ക്ഷതശരീരനായും രാജ്യവർദ്ധനൻ സ്ഥാനേശ്വരത്തിൽ തിരിച്ചുവന്നപ്പോൾ, രണ്ടു സഹോദരന്മാരും ഒരുമിച്ചു് മാതാപിതാക്കന്മാരുടെ ദേഹവിയോഗങ്ങളെക്കുറിച്ചു വിലപിച്ചു. അനന്തരം രാജ്യവർദ്ധനൻ സ്ഥാനേശ്വരസിംഹാസനത്തിൽ ആരോഹണം ചെയ്യുകയും ചെയ്തു. നിർഭാഗ്യവശാൽ, മാതാപിതാക്കന്മാരുടെ മരണത്തെപ്പററിയുള്ള ദുഃഖം ആറിത്തണുക്കുന്നതിനു മുൻപു് മറെറാരു ദുഃഖവാർത്തയും കൂടി ആ സഹോദരന്മാർക്കു് കേൾക്കേണ്ടിവന്നു. തങ്ങളുടെ സ്യാലൻെറ വധവും, സഹോദരിയുടെ ബന്ധനവുമായിരുന്നു ഈ വാർത്ത.

പ്രഭാകരവർദ്ധനൻ മരിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം പുത്രി രാജ്യശ്രീയെ മൌഖരിരാജാവായ അവന്തിവ

ർമ്മൻെറ പുത്രൻ ഗ്രഹവർമ്മനു കല്യാണം കഴിച്ചു കൊടുത്തിരുന്നു. മാലവരാജാവായ ദേവഗുപ്തൻ, രാജ്യവർദ്ധനൻ രാജ്യഭാരമേററയുടനെ മൌഖരികളുടെ തലസ്ഥാനമായ കന്യാകുബ്ജം ആക്രമിച്ച് ഗ്രഹവർമ്മനെ വധിക്കുകയും, രാജ്ഞിയായ രാജ്യശ്രീയെ ശൃംഖലകളാൽ ബന്ധിച്ച് ആ നഗരത്തിലെ ഒരു കാരാഗൃഹത്തിൽ അടയ്ക്കുകയും ചെയ്തു. അനന്തരം ദേവഗുപ്തൻ ബംഗാളിലെ കർണ്ണസുവർണ്ണരാജാവായ ശശാങ്കനോട്, അഥവാ, നരേന്ദ്രഗുപ്തനോട്, സഖ്യം ചെയ്ത് സ്ഥാനേശ്വരരാജാക്കന്മാരുടെ വർദ്ധിച്ചുവരുന്ന ശക്തി ക്ഷയിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി അതിപ്രബലനായ അദ്ദേഹവുമായി കൂടിയാലോചിക്കുകയും ചെയ്തു. ഈ വാർത്തകളാണ് രാജ്യവർദ്ധനനം ഹർഷനം വീണ്ടും ദുഃഖമുളവാക്കിയത്.

സ്യാലൻെറ വധവും, സോദരിയുടെ കാരാഗൃഹവാസവും അറിഞ്ഞയുടനെ, രാജ്യവർദ്ധനൻ സഹോദരനായ ഹർഷനെ ഭരണം നടത്തുവാൻ നിയമിച്ചതിനു ശേഷം, തൻെറ ചങ്ങാതിയായ കുമാരഗുപ്തനോടും, പതിനായിരം അശ്വഭടന്മാരോടും കൂടി മാലവരാജാവിനെ ശിക്ഷിക്കുവാനായി പുറപ്പെട്ടു. ജ്യേഷ്ഠനോടുകൂടി യുദ്ധത്തിനു പുറപ്പെടാൻ ഹർഷൻ സന്നദ്ധനായിരുന്നുവെങ്കിലും, രാജ്യവർദ്ധനൻെറ നിർബന്ധം നിമിത്തം നമ്മുടെ കഥാനായകന് സ്ഥാനേശ്വരത്തു പാർക്കേണ്ടി വന്നു. ദേവഗുപ്തൻ എന്നു പേരുള്ള ഈ മാലവരാജാവ് ആരാണെന്നുള്ളതിൽ പണ്ഡിതന്മാർക്ക് ഒരു നിശ്ചിതമായ അഭിപ്രായം ജനിച്ചിട്ടില്ല. രാജ്യവർദ്ധനൻേറയും ഹർഷൻേറയും ചങ്ങാതിമാരായി അവരുടെ പിതാവ് നിയമിച്ച

മാധവഗുപ്തന്റേയും കുമാരഗുപ്തന്റേയും ഒരു സഹോദരനം, മഗധഗുപ്തവംശത്തിലെ അംഗവും, എന്നാൽ മാലവത്തെ രാജാവുമാണ് ദേവഗുപ്തനെന്ന സാധാരണമായി വിചാരിച്ചുവരുന്നു. പുഷ്പഭൂതിവംശത്തിന്റെ പരമശത്രുവായ ദേവഗുപ്തൻ അവരുടെ ആശ്രിതരായ മാധവഗുപ്താദികളുടെ സഹോദരനായി ഭവിക്കുന്നത് അസംഭവ്യമാണ്. ദേവഗുപ്തന് മഗധഗുപ്തന്മാരോട് ചാർച്ചയുണ്ടായിരുന്നു എന്നുള്ളതിന് ഗുപ്ത എന്ന പേരു മാത്രമല്ലാതെ മററു യാതൊരു വിശ്വാസയോഗ്യമായ രേഖയുമില്ല. കേവലം ഒരു സാമന്തകുലമാണെന്ന് ഇന്നത്തെ ഗവേഷകർ കണ്ടുപിടിച്ചിട്ടുള്ള മഗധഗുപ്തന്മാർക്ക് പുഷ്പഭൂതിവംശത്തോടു വേഴ്ചയുണ്ടായിരുന്നു എന്നു കാണിക്കുന്നതിനു ചില കാരണങ്ങൾ ഉള്ളതും ദേവഗുപ്തനും മഗധഗുപ്തന്മാർക്കും തമ്മിൽ ചാർച്ചയുണ്ടെന്നുള്ള വാദത്തിനു പ്രതികൂലമായി നില്ക്കുന്നു. മുകളിൽ വിവരിച്ചതും, വിദിശ തലസ്ഥാനമായുള്ളതുമായ പൂർവ്വമാലവത്തിലെ, അഥവാ, കാളിദാസന്റെ ദശാർണ്ണത്തിലെ ഒരു സാമന്തരാജാവാണ് ദേവഗുപ്തൻ എന്ന് ഇതെഴുതുന്ന ആൾക്കു തോന്നുന്നു. പ്രഭാകരവർദ്ധനൻ തോല്പിച്ച മാലവരാജാവ് ഇദ്ദേഹമോ, ഇദ്ദേഹത്തിന്റെ മുൻഗാമിയോ ആയിരുന്നിരിക്കണം. പ്രഭാകരവർദ്ധനൻ തോല്പിച്ച രാജാവുതന്നെയാണു ദേവഗുപ്തൻ എന്നു വിചാരിക്കുന്നതാണ് കൂടുതൽ സൂക്ഷ്മമായിട്ടുള്ളതെന്നു തോന്നുന്നു. പ്രഭാകരവർദ്ധനനോടുള്ള പക വീട്ടാനായിരിക്കാം ദേവഗുപ്തൻ ആ പുഷ്പഭൂതിരാജാവിന്റെ ജാമാതാവിനെ വധിച്ചതും, പുത്രിയെ കാരാഗൃഹത്തിലാക്കിയതും. പൂർവ്വമാലവത്തിലെ സാമന്തരായ ഗുപ്തന്മാർക്ക് ഗുപ്തചക്രവർത്തികളോട് ബന്ധമൊന്നുമില്ലെന്ന് മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ;

രാജ്യവർദ്ധനൻ കാലതാമസം കൂടാതെ ദേവഗുപ്തനെ യുദ്ധത്തിൽ തോല്പിച്ചു. എന്നാൽ നിർഭാഗ്യവശാൽ ദേവഗുപ്തന്റെ സഖാവും, കർണ്ണസുവർണ്ണരാജാവുമായ ശശാങ്കന്റെ ചതിയാൽ തന്റെ വിജയത്തെ തുടർന്ന് രാജ്യവർദ്ധനനും കുമാരഗുപ്തനും മരിക്കയും ചെയ്തു.

രാജ്യവർദ്ധനൻ മാലവരാജാവായ ദേവഗുപ്തനെ തോല്പിച്ചതിനു ശേഷം, അദ്ദേഹത്തിന്റെ സഖാവായ ശശാങ്കനോട് യുദ്ധം ചെയ്യുവാൻ കിഴക്കോട്ടു പുറപ്പെട്ടു. അപ്പോൾ ശശാങ്കൻ താൻ സന്ധിക്കു തയ്യാറാണെന്നും, രാജ്യവർദ്ധനന് തന്റെ പുത്രിയെ കല്യാണം കഴിച്ചു കൊടുക്കാമെന്നും ദൂതന്മാർ മുഖേന അദ്ദേഹത്തെ അറിയിച്ചു. ഒരു പഠിച്ച കള്ളനായ ശശാങ്കന്റെ പഞ്ചാരവാക്കുകൾ വിശ്വസിച്ച് സത്യസന്ധനും, ലോകപരിചയശൂന്യനും, യുവാവുമായ രാജ്യവർദ്ധനൻ തന്റെ ചങ്ങാതിയായ കുമാരഗുപ്തനോടുകൂടി ശശാങ്കന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹത്തിന്റെ പാളയത്തിലേക്കു പോയി. അവിടെവച്ചു നടന്ന ഒരു സദ്യയ്ക്കിടയ്ക്ക് ശശാങ്കൻ രാജ്യവർദ്ധനനേയും കുമാരഗുപ്തനേയും വധിക്കുകയും ചെയ്തു.

രാജ്യഭാരമേററ് ഒരു വർഷം തികയുന്നതിനു മുമ്പ് ഇപ്രകാരം ഒരു വഞ്ചതിയാൽ യമപുരത്തേക്കു ഗമിച്ച നിർഭാഗ്യവാനായ രാജ്യവർദ്ധനൻ വിവാഹം കഴിച്ചിരുന്നോ എന്നതു സംശയമാണ്. അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹത്തിന് പതിനെട്ടു വയസ്സു കഴിഞ്ഞിരുന്നില്ല. അദ്ദേഹം ഒരു ബൌദ്ധനായിരുന്നു എന്ന് ഹർഷന്റെ ശാസനങ്ങളിൽ അദ്ദേഹത്തെ "പരമസൌഗതൻ" എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്നു മനസ്സിലാക്കാം,

പിതാവായ പ്രഭാകരവർദ്ധനന്റെ ചരമവൃത്താന്തം കേട്ടയുടനെ രാജ്യവർദ്ധനൻ സന്യസിക്കുവാൻ നിശ്ചയിച്ചു എന്നും, സഹോദരിയുടെ ബന്ധനവിവരം അറിഞ്ഞപ്പോൾ മാത്രമേ അദ്ദേഹം ഈ നിശ്ചയം പരിത്യജിച്ചുള്ളു എന്നും ബാണൻ പറഞ്ഞിരിക്കുന്നതിൽ അതിശയോക്തിയുണ്ടെങ്കിലും, അദ്ദേഹത്തിന്റെ സ്നേഹശീലത്തെ അതു സൂചിപ്പിക്കുന്നുണ്ട്.

---

## അദ്ധ്യായം ൪.

---

രാജ്യവർദ്ധനന്റെ ഒരു അശ്വനായകനായ കുന്തളനിൽനിന്നാണ് ഹർഷൻ ജ്യേഷ്ഠന്റെ മരണവൃത്താന്തം അറിഞ്ഞത് എന്നു ബാണൻ പറയുന്നു. അപ്പോൾ അദ്ദേഹത്തിനു തോന്നിയ ദുഃഖത്തിനും

സിംഹാസനാരോഹണം.

കോപത്തിനും കണക്കും കയ്യുമില്ല. ഉടനെ ഹർഷൻ ശശാങ്കനോട് യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് പിതാവിന്റെ വൃദ്ധസേനാപതിയായ സിംഹനാദനോടുകൂടി ആലോചിച്ചു. അനന്തരം ഒരു ശുഭമുഹൂർത്തത്തിൽ ഹർഷൻ വലുതായ ഒരു സൈന്യത്തോടുകൂടി കർണ്ണസുവർണ്ണം സ്ഥിതി ചെയ്തിരുന്ന ബംഗാളിലേക്കു യാത്ര തിരിക്കുകയും ചെയ്തു.

ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനത്തെ തുടർന്ന് ഉത്തരഇൻഡ്യയിൽ തുരുതുരെ ഉദിച്ചുയർന്നുവന്ന പുതിയ രാജവംശങ്ങളിൽ ഒന്നാണ് ശശാങ്കന്റെ വംശം. ഗുജറാത്തിലെ വലഭിരാജ്യം, യശോധർമ്മന്റെ കീഴിലുള്ള

പശ്ചിമമാലവം, മൌഖരികളായ ഈശാനവൎമ്മാദികളുടെ കീഴിലുള്ള കന്യാകുബ്ജം, പുഷ്പഭൂതിവംശജനായ പ്രഭാകരവൎദ്ധനൻെറ കീഴിലുള്ള സ്ഥാനേശ്വരരാജ്യം എന്നിവ ഇപ്രകാരം ഉദിച്ചുയൎന്നവയാണെന്നു മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇങ്ങിനെ ആവിൎഭവിച്ച പ്രബലരാജ്യങ്ങളിൽ ഒടുവിലത്തേതാണു് ശശാങ്കൻെറ, അഥവാ, നരേന്ദ്രഗുപ്തൻെറ കീഴിലുള്ള കൎണ്ണസുവൎണ്ണം. ബംഗാളിൻെറ മദ്ധ്യഭാഗത്തു് ഗംഗാനദീതീരങ്ങൾക്കടുത്തായി സ്ഥിതിചെയ്യുന്ന ബെർഹാംപൂറിനു സമീപമുള്ള ഒരു ചെറിയ സാമന്തരാജ്യമായിരുന്നു കൎണ്ണസുവൎണ്ണം. പ്രഭാകരവൎദ്ധനൻെറ ഭരണകാലത്തിൻെറ അന്ത്യത്തോടു സമീപിച്ചു് കൎണ്ണസുവൎണ്ണത്തിലെ സാമന്തനായിത്തീൎന്ന ശശാങ്കൻ തൻെറ അസാധാരണമായ നയവൈദഗ്ദ്ധ്യം മുഖേന താമസിയാതെ തൻെറ അധികാരം ബംഗാളിലെ ദക്ഷിണഭാഗത്തും മദ്ധ്യഭാഗത്തും പൂൎവ്വഭാഗത്തുമുള്ള സമതടം മുതലായ രാജ്യങ്ങളിലും, അതിൻെറ ഉത്തരഭാഗത്തുള്ള ഗൌഡത്തിലും, അഥവാ പുണ്ഡ്രവൎദ്ധനത്തിലും സ്ഥാപിക്കുകയുണ്ടായി. മൌഖരിരാജാവായ ഈശാനവൎമ്മൻ തോല്പിച്ച ഗൌഡരാജാവായ ധൎമ്മാദിത്യനുശേഷം, സമാചാരചന്ദ്രൻ ഗൌഡത്തെ ഭരിക്കുകയുണ്ടായി. സമാചാരചന്ദ്രൻെറ മരണാനന്തരം കൎണ്ണസുവൎണ്ണരാജാവായ ശശാങ്കൻ ഗൌഡത്തെ കൈവശപ്പെടുത്തി. ഇങ്ങിനെ ഗൌഡവും ശശാങ്കൻെറ കീഴിലായിരുന്നതുകൊണ്ടാണു് ചില ചരിത്രഗ്രന്ഥങ്ങൾ ഇദ്ദേഹത്തിനു് ഗൌഡരാജാവെന്നും പേരിട്ടിട്ടുള്ളതു്. ഹൎഷനുമായുള്ള യുദ്ധം തുടങ്ങുന്നതിനു മുമ്പു് ശശാങ്കനു് ബംഗാളിനു പുറമേയുള്ള മദ്രാസ്സംസ്ഥാനത്തിലെ ഗഞ്ജാംജില്ലയിൽ സ്ഥിതിചെയ്തിരുന്ന

കൊംഗോദരാജ്യത്തിലും, ബീഹാറിലെ ഗയാ, രോഹിതാശ്വഗിരി മുതലായ ചില പ്രദേശങ്ങളിലും മാത്രമല്ല, പടിഞ്ഞാറ് കാശിവരെയുള്ള സ്ഥലങ്ങളിലും തൻെറ അധികാരം സ്ഥാപിക്കുവാൻ സാധിച്ചിരുന്നു.

മുകളിൽ വിവരിച്ച സംഗതികളിൽനിന്ന് പ്രബലനായ ഒരു രാജാവാണ് ശശാങ്കനെന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. പ്രബലനും, ചതുരുപായങ്ങളിൽ അതിവിദഗ്ദ്ധനുമായ ശശാങ്കനോടു യുദ്ധം ചെയ്യുവാൻ തുടങ്ങുമ്പോൾ, മറെറാരു രാജാവിൻെറ സഖ്യം കൂടി ആർജ്ജിക്കുന്നതിന് സ്വാഭാവികമായി ഹഷ്നു മോഹം തോന്നും. ഈ മോഹത്തെ നിറവേററുന്ന ഒരു സംഭവം ഹഷൻെറ യുദ്ധയാത്രാമദ്ധ്യത്തിൽവച്ചു നടന്നു. ഇന്നത്തെ ആസ്സാമിൽ സ്ഥിതിചെയ്തിരുന്ന കാമരൂപരാജ്യത്തിലെ രാജാവായ ഭാസ്കരവമ്മൻെറ ദൂതന്മാർ ഹഷനുമായി സഖ്യം ചെയ്യുവാൻ താൻ ആഗ്രഹിക്കുന്നു എന്നുള്ള തങ്ങളുടെ യജമാനൻെറ സന്ദേശവും വഹിച്ചുകൊണ്ടു ഹഷൻെറ പാളയത്തിൽ പ്രവേശിച്ചതാണു പ്രസ്തുത സംഭവം. ഇതു ഹഷനു സന്തോഷം ജനിപ്പിച്ചു എന്നും, ആ സന്ദേശത്തിന് അനുകൂലമായ മറുപടി ഹഷൻ ദൂതന്മാരെ അറിയിച്ചു എന്നും പ്രത്യേകം പറയേണ്ടതില്ലല്ലൊ. മുകളിൽ വിവരിച്ച ഹഷൻെറ മോഹത്തിൻെറ സിദ്ധിക്കു പുറമേ, ഈ സഖ്യത്തെ സംബന്ധിച്ചുള്ള മറ്റൊരു സംഗതിയും ഹഷനെ സന്തുഷ്ടചിത്തനാക്കിച്ചമച്ചിരിക്കണം. കാമരൂപം ശശാങ്കൻെറ രാജ്യത്തിനു കിഴക്കുള്ള ആസ്സാമിലും, തൻെറ രാജ്യം അതിനു പടിഞ്ഞാറും സ്ഥിതിചെയ്തിരുന്നതിനാൽ, രണ്ടു വശങ്ങളിൽകൂടി ശശാങ്കൻെറ രാജ്യം ആക്രമിക്കാമെന്നുള്ളതത്രെ ഈ സംഗതി.

നരകാസുരനാൽ സ്ഥാപിതമായതും, മഹാഭാരത യുദ്ധത്തിലെ വീരന്മാരിൽ ഒരുവനായ ഭഗദത്തനെ ജനിപ്പിച്ചിരുന്നതുമായ ഒരു അതിപ്രാചീന വംശമാണ് ഭാസ്കരവമ്മൻെറ വംശം. വിഷ്ണു വരാഹമായി അവതരിച്ചപ്പോൾ, അദ്ദേഹത്തിനു ഭൂമിദേവിയിൽനിന്നു ജനിച്ച പുത്രനാണ് കാമരൂപരാജവംശത്തിൻെറ സ്ഥാപകനായ നരകൻ എന്ന് ബാണൻ പറയുന്നുണ്ട്. കാമരൂപത്തിനു് പ്രാഗ്ജ്യോതിഷം എന്നും പേരുണ്ട്. ഭാസ്കരവമ്മൻെറ പിതാമഹനായ സുസ്ഥിതവമ്മനെ മൌഖരിരാജാക്കന്മാർ തോല്പിച്ചതിനെ തുടന്ന് കാമരൂപത്തിൻ്റെ ശക്തി ക്ഷയിച്ചിരുന്നു. ഈ ശക്തിക്ഷയം ഭാസ്കരവമ്മൻെറ പിതാവായ സുപ്രസ്ഥിതവമ്മൻ്റെ കാലത്തും നിലനിന്നു. അതിനാൽ ഈ അധഃപതനത്തിൽ നിന്ന് തൻെറ രാജ്യത്തെ ഉയത്തണമെന്ന് യുവാവായ ഭാസ്കരവമ്മൻ രാജ്യഭാരമേററതു മുതൽ വിചാരിച്ചിരുന്നിരിക്കണം. ഈ മോഹം നിറവേറുന്നതിന് ഇപ്പോൾ പ്രതിബന്ധമായി നിന്നതു് മൌഖരികളല്ല, കണ്ണസുവണ്ണരാജാവായ ശശാങ്കനാണ്. ഹഷൻ ശശാങ്കനുമായി യുദ്ധം ചെയ്യുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ, തൻെറ മോഹം നിറവേറുന്നതിനുള്ള അവസരം അതാണെന്ന് ഭാസ്കരവമ്മൻ മനസ്സിലാക്കിയതിനാലാണ് അദ്ദേഹം ഹഷനുമായി സഖ്യം ചെയ്യുവാൻ ദൂതന്മാരെ അയച്ചതും.

ഭാസ്കരവമ്മൻെറ ദൂതന്മാർ തിരിച്ചുപോയയുടനെ വഴിമദ്ധ്യേയുള്ള ഹഷൻെറ പാളയത്തിൽ ഭണ്ഡി വന്നു ചേന്നു. മാലവരാജാവായ ദേവഗുപ്തനോടുള്ള യുദ്ധം വിജയത്തിൽ കലാശിപ്പിച്ച് അതിൽനിന്നു ലഭിച്ച ധനത്തോടും തടവുകാരോടും കൂടിയാണ് ഭണ്ഡി ഹഷൻെറ

പാളയത്തിൽ എത്തിയത്. രാജ്യശ്രീയെ കന്യാകുബ്ജത്തിലെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കുവാൻ തനിക്കു സാധിക്കുന്നതിനു മുമ്പ്, ആ യുവരാജ്ഞി കാരാഗൃഹത്തിൽനിന്നു രക്ഷപ്പെട്ടു വിന്ധ്യാടവിയിലേക്കു പൊയ്ക്കളഞ്ഞു എന്ന് ഭണ്ഡി ഹർഷനെ ധരിപ്പിച്ചു. നിർഭാഗ്യവതിയായ ആ യുവതിയേ കണ്ടുപിടിക്കുവാനായി താൻ ചാരന്മാരെ നിയോഗിച്ചിട്ടുണ്ടെന്നും ഭണ്ഡി ഹർഷനോട്ട് പറയാതെയിരുന്നില്ല. ഈ വിവരം അറിഞ്ഞയുടനെ ഹർഷൻ തന്നത്താനെ സഹോദരിയെ അന്വേഷിക്കുവാൻ നിശ്ചയിച്ച്, ശശാങ്കനോടു യുദ്ധംചെയ്യുന്നതിനു ഭണ്ഡിയെ ചുമതലപ്പെടുത്തിയതിനു ശേഷം, കുറേ ഭടന്മാരോടുകൂടി അദ്ദേഹം വിന്ധ്യാടവിയിലേക്കു യാത്രതിരിക്കുകയും ചെയ്തു.

വിന്ധ്യാടവിയിൽ എത്തിയതിനു ശേഷം ഹർഷൻ സഹോദരിയെ കണ്ടുപിടിക്കുവാൻ കുറേ ദിവസം ശ്രമിച്ചു എങ്കിലും, ഈ ശ്രമങ്ങൾ നിഷ്ഫലമായി പരിണമിക്കുകയാണു ചെയ്തത്. അനന്തരം അവിടെയുള്ള ഒരു ശബരപ്രഭുവിൻെറ ഉപദേശമനുസരിച്ച് ഹർഷൻ ആ വനത്തിൽ പാർത്തിരുന്ന ദിവാകരമിത്രൻ എന്ന ബൌദ്ധസന്യാസിയുടെ ആശ്രമം സന്ദർശിച്ചു. അവിടെ വെച്ച് തൻെറ സഹോദരി കുറേ ദൂരത്തുള്ള ഒരു സ്ഥലത്ത് അഗ്നിപ്രവേശത്തിനു സന്നദ്ധയാകുന്നു എന്ന് അദ്ദേഹം അറിഞ്ഞു. ഉടനേതന്നെ ഹർഷൻ ബദ്ധപ്പെട്ട് ആ സ്ഥലത്തു ചെന്ന് രാജ്യശ്രീയെ ചിതയിൽനിന്നു രക്ഷിച്ചു. അനന്തരം അദ്ദേഹം സഹോദരിയോടുകൂടി വിന്ധ്യാടവിയിൽനിന്നു പുറപ്പെട്ട് തൻെറ സൈന്യസന്നിവേശസ്ഥലമായ ഗംഗാതീരത്തിലേക്കു പോകുകയും ചെയ്തു. ഇതോടുകൂടി

ബാണന്റെ ഹർഷചരിതം അവസാനിക്കുകയും ചെയ്യുന്നു.

വിന്ധ്യാടവിയിൽനിന്ന് രാജ്യശ്രീയോടുകൂടി ഹർഷൻ തന്റെ സൈന്യം കിടന്നിരുന്ന ഗംഗാതീരത്തു തിരിച്ചെത്തിയപ്പോൾ, അദ്ദേഹത്തിന് ഒരു വിഷമമേറിയ പ്രശ്നത്തിന് പരിഹാരം കണ്ടുപിടിക്കേണ്ടതായി വന്നു. കന്യാകുബ്ജസിംഹാസനത്തെ സംബന്ധിച്ചുള്ളതായിരുന്നു ഈ പ്രശ്നം. ഹർഷനു നേരിടേണ്ടി വന്ന പ്രശ്നത്തെക്കുറിച്ച് ഇന്നത്തെ പണ്ഡിതന്മാരിൽ പലക്കും ഒരു തെററിദ്ധാരണ ഉണ്ടായിട്ടുണ്ട്. ഈ പ്രശ്നം കന്യാകുബ്ജത്തെ സംബന്ധിച്ചുള്ളതല്ല; പിന്നെയോ, സ്ഥാനേശ്വരത്തെ സംബന്ധിച്ചുള്ളതാണ് എന്നാണ് ഇവർ വിചാരിച്ചുവരുന്നതു്. സ്ഥാനേശ്വരസിംഹാസനത്തിൽ ആരോഹണം ചെയ്യുവാൻ ഹർഷൻ വൈമനസ്യം കാണിച്ചു എന്നും, ഒടുവിൽ മനസ്സില്ലാമനസ്സോടെ അതിന് അദ്ദേഹം സമ്മതിച്ചു എന്നുമാണ് ഇവരുടെ അഭിപ്രായം. രാജ്യഭാരം കൈയേൽക്കുവാൻ ഹർഷൻ വിമുഖനായിരുന്നു എന്നുള്ള ബാണന്റെ സൂചനയും, ഹർഷന്റെ സിംഹാസനാരോഹണത്തെപ്പററി യുവൻചാങ് എന്ന ചീനസഞ്ചാരി പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളുമാണ് ഈ പണ്ഡിതന്മാരിൽ പ്രസ്തുത തെററിദ്ധാരണ ജനിപ്പിച്ചിട്ടുള്ളതു്. ഈ സംഗതിയെക്കുറിച്ച് യുവൻചാങ് പറഞ്ഞിട്ടുള്ളതു് ചുവടെ ചേർക്കുന്നു:—

"രാജ്യത്തിൽ രാജാവില്ലാതെ വന്നതിനാൽ അതിന്റെ ഐശ്വര്യം നശിച്ചു. അപ്പോൾ പ്രബലനും പ്രസിദ്ധനുമായ ഭണ്ഡി എന്ന പ്രധാന മന്ത്രി മന്ത്രശാലയിൽ കൂടിയിരുന്ന സചിവസമൂഹത്തോട് ഇപ്രകാരം

പറഞ്ഞു:—"പ്രജകളുടെ ഭാവി എന്താണെന്ന് നമുക്ക് ഇന്നു നിശ്ചയിക്കണം. പഴയ രാജാവിൻെറ പുത്രൻ മരിച്ചു. അദ്ദേഹത്തിൻെറ അനുജൻ ദയാലുവും സ്നേഹ ശീലനമാണ്. അദ്ദേഹത്തിൻെറ ദേവദത്തമായ സ്വഭാവത്തിൽ ഭക്തിയും ആജ്ഞാനുരോധവും കാണ്മാനുണ്ട്. അദ്ദേഹത്തിൽ ബന്ധുവാത്സല്യം കുടികൊണ്ടിരിക്കുന്നതിനാൽ, ജനങ്ങൾക്ക് അദ്ദേഹത്തോട് വിശ്വാസം ഉണ്ടാകും. അദ്ദേഹത്തെ പട്ടംകെട്ടണമെന്നാണ് എൻെറ അഭിപ്രായം. ഇതിനെക്കുറിച്ച് നിങ്ങളിൽ ഓരോരുത്തരുടേയും അഭിപ്രായം എനിക്ക് അറിയണം." ഉടനെ മന്ത്രിമാർ ആസകലം ഭണ്ഡിയുടെ അഭിപ്രായത്തോടു യോജിക്കുകയും, ഹർഷൻെറ വിശിഷ്ടസ്വഭാവത്തെ സമ്മതിക്കുകയും ചെയ്തു.

അനന്തരം മന്ത്രിമാരും മററുള്ള പ്രധാന ഉദ്യോഗസ്ഥന്മാരും ഹർഷനോട് ഇപ്രകാരം പറഞ്ഞു:—'കുമാരൻ, ഞങ്ങൾ പറയുന്നതു് ശ്രദ്ധിച്ചു കേൾക്കണം. മുമ്പിലത്തെ രാജാവിൻെറ യോഗ്യതയും സദ്ഗുണങ്ങളും കൊണ്ട് രാജ്യത്തിൻെറ ശ്രേയസ്സു വർദ്ധിച്ചു. അദ്ദേഹത്തിൻെറ മരണാനന്തരം രാജ്യവർദ്ധനൻ പലകാലം നാടു വാഴുമെന്നു ഞങ്ങൾ കരുതിയിരുന്നു. എന്നാൽ മന്ത്രിമാരുടെ വീഴ്ച്ചമൂലം അദ്ദേഹം ശത്രുവിൻെറ കൈയിൽ അകപ്പെടുകയും പ്രജകൾക്ക് ദുഃഖം ഉണ്ടായിത്തീരുകയും ചെയ്തു. അതു് മന്ത്രിമാരുടെ സൂക്ഷ്മക്കുറവിനാലാണ് സംഭവിച്ചതു്. ജനങ്ങളുടെ പാട്ടുകളിൽനിന്ന് അവർ അവിടുത്തെ അടിമകളായിത്തീർന്നിരിക്കുന്നുവെന്നു വിശദമാകുന്നുണ്ട്. അതിനാൽ അവിടുന്ന് ഈ രാജ്യത്തിൻെറ ഭരണം കൈയേററു കീർത്തിമാനായിത്തീരണം;

അവിടുത്തെ കുലവൈരികളെ അവിടുന്നു കീഴടക്കണം. അവിടുത്തെ രാജ്യത്തേയും, ശ്രേഷ്ഠനായ പിതാവിനേയും അവമാനിച്ച ശത്രുക്കളെ അവിടുന്നു സംഹരിക്കണം. ഇപ്രകാരം അവിടുന്നു പ്രവൎത്തിക്കുകയാണെങ്കിൽ അവിടുത്തെ കീൎത്തി വൎദ്ധിക്കും. ഞങ്ങളുടെ അപേക്ഷയെ നിരസിക്കരുതെന്ന് ഞങ്ങൾ അവിടുത്തോട് പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഇതിന് ആ രാജകുമാരൻ ഇപ്രകാരം മറുപടി പറഞ്ഞു:—"രാജ്യഭരണം ഉത്തരവാദിത്വമുള്ളതും നിത്യസങ്കടകരവുമായ ഒരു ജോലിയാണ്. രാജ്യഭരണനിർവ്വഹണത്തിന് മുന്നാലോചന അപരിത്യാജ്യവുമാണ്. ഞാൻ നിസ്സാരനാണെന്ന് എനിക്കുതന്നെ നല്ലപോലെ അറിയാം. എന്നാലും പിതാവും ജ്യേഷ്ഠനും മരിച്ച സ്ഥിതിക്ക് ഞാൻ സിംഹാസനത്തെ പരിത്യജിക്കുന്നതു പ്രജകൾക്കു പ്രയോജനകരമായിത്തീരുകയില്ല. ജനങ്ങളുടെ അഭിമതത്തെ ശിരസാ വഹിച്ച് എന്റെ അല്പത്വത്തെ വിസ്മരിക്കേണ്ടതു് എന്റെ കടമ തന്നെ. പല അത്ഭുതകൎമ്മങ്ങളും പ്രവൎത്തിച്ചിട്ടുള്ള അവലോകിതേശ്വരബോധിസത്വന്റെ ഒരു പ്രതിമ ഗംഗാനദീതീരത്തിൽ നില്ക്കുന്നുണ്ട്. അവിടെ ചെന്ന് ആ ദേവന്റെ ഉപദേശം ചോദിച്ചതിനു ശേഷം ഞാൻ രാജ്യഭാരം സ്വീകരിക്കാം."

അനന്തരം ആ രാജകുമാരൻ അവലോകിതേശ്വരന്റെ പ്രതിമ നില്ക്കുന്ന സ്ഥലത്തു ചെന്നു വ്രതം നോല്ക്കുകയും പ്രാൎത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിഷ്ഠാപടുത്വത്തെ മനസ്സിലാക്കിയയുടനെ ആ ബോധിസത്വൻ രാജകുമാരന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

ബോധിസത്വൻ:—'എന്തിനായിട്ടാണ് അങ്ങ് ഇപ്രകാരം തപസ്സു ചെയ്യുന്നതു്?'

രാജകുമാരൻ:—'ഞാൻ അസഹ്യമായ ദുഃഖഭാരത്താൽ വലയുന്നു. കരുണാനിധിയായ എൻെറ പിതാവു് മരിച്ചു. ദയാലുവും സൌമ്യനുമായ എൻെറ ജ്യേഷ്ഠനെ കുത്സിതമായ വിധത്തിൽ ശത്രുക്കൾ വധിച്ചു. ഈ സന്താപങ്ങളാൽ വലയുന്ന എനിക്കു് ഒന്നും ചെയ്യുവാൻ ശക്തിയില്ല. എന്നാലും ശ്രേഷ്ഠനായ പിതാവിന്റെ സിംഹാസനത്തിൽ എന്നെ സ്ഥാപിക്കുവാൻ ജനങ്ങൾ ശ്രമിക്കുന്നു. ഞാൻ വാസ്തവത്തിൽ അറിവില്ലാത്തവനും മൂഢനുമാണ്. ഈ സങ്കടാവസ്ഥയിൽ ഞാൻ അവിടുത്തെ ഉപദേശത്തിനായി പ്രാൎത്ഥിക്കുന്നു.'

ബോധിസത്വൻ:—'അവിടുത്തെ പൂൎവ്വജന്മത്തിൽ അവിടുന്നു് ഈ വിപിനത്തിൽ ഒരു ഭിക്ഷുവായി നിവസിച്ചിരുന്നു. ആ ജന്മത്തിൽ അവിടുന്നു ചെയ്ത പുണ്യത്തിൻെറ ഫലമായി അവിടുന്നു് ഈ ജന്മത്തിൽ ഒരു രാജകുമാരനായി ജനിച്ചു. കൎണ്ണസുവൎണ്ണ (ഗൌഡ)ത്തിലെ രാജാവു ബൌദ്ധധൎമ്മത്തെ നശിപ്പിച്ചിരിക്കുന്നു. അവിടുന്നു രാജ്യഭാരം ഏൽക്കുമ്പോൾ ബൌദ്ധധൎമ്മത്തിനു കഴിയുന്നിടത്തോളം സഹായങ്ങൾ ചെയ്യണം. ആതുരന്മാരിൽ അനുകമ്പ തോന്നി അവിടുന്നു് അവരെ പരിപാലിക്കുവാൻ ഉദ്യമിക്കുമെങ്കിൽ; അവിടുത്തേയ്ക്കു ഭാരതം ആസകലം കീഴടക്കുവാൻ സാധിക്കും. അതിനു മോഹമുണ്ടെങ്കിൽ, അവിടുന്നു് എൻേറ ഉപദേശം അനുസരിച്ചു പ്രവൎത്തിക്കണം. എൻെറ ഗൂഢസഹായം അവിടുത്തേയ്ക്കു സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ, അന്യരാജാക്കന്മാൎക്കു് ആൎക്കുംതന്നേ അവിടുത്തെ വെല്ലുവാൻ സാധി

ക്കുകയില്ല. അവിടുന്നു സിംഹാസനത്തിൽ ആരോഹണം ചെയ്യുകയോ, മഹാരാജാവെന്ന സ്ഥാനം സ്വീകരിക്കുകയോ ചെയ്യരുതെന്നാണ് എന്റെ ഉപദേശം.'

അനന്തരം രാജകുമാരൻ രാജധാനിയിലേയ്ക്കു തിരിച്ചുപോയി രാജ്യഭാരം ഏററു. അദ്ദേഹം കുമാരൻ എന്ന സ്ഥാനമേ സ്വീകരിച്ചുള്ളു. അദ്ദേഹത്തിന്റെ ബിരുദ് ശീലാദിത്യൻ എന്നായിരുന്നു.

യുവൻചാങ്ങിന്റെ മേലുദ്ധരിച്ച വാക്കുകളിൽനിന്നു പ്രസ്തുത പണ്ഡിതന്മാർ മുകളിൽ പ്രസ്താവിച്ച അഭിപ്രായം പുറപ്പെടുവിച്ചതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ യുവൻചാങ്ങ് ഈ സംഭവം നടന്ന കാലത്ത് ചീനത്തായിരുന്നു എന്നും, അദ്ദേഹം ഇൻഡ്യയിൽ വന്ന സമയത്ത് ഹർഷൻ സ്ഥാനേശ്വരത്തേയും കന്യാകുബ്ജത്തേയും ഒരു ഒറ്റ സാമ്രാജ്യത്തിന്റെ വിഭാഗങ്ങളെന്നപോലെ ഭരിച്ചുവന്നിരുന്നു എന്നും, തന്മൂലം യുവൻചാങ്ങിനു സ്ഥാനേശ്വരസിംഹാസനത്തോടുള്ള ഹർഷന്റെ ബന്ധത്തിനും കന്യാകുബ്ജസിംഹാസനത്തോടുള്ള അദ്ദേഹത്തിന്റെ ബന്ധത്തിനും തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുന്നതല്ലെന്നുമുള്ള സംഗതികൾ ഓർക്കുന്നതായാൽ, ആ സഞ്ചാരിയുടെ വാക്കുകൾ മുഴുവനും വിശ്വസിക്കുന്നതിന്റെ അനൌചിത്യം പ്രത്യക്ഷമാകുന്നതാണ്. രാജ്യവർദ്ധനൻ സന്താനരഹിതനായി മരിച്ച നിമിഷത്തിൽതന്നെ ഹിന്ദുനിയമമനുസരിച്ച് ഹർഷൻ സ്ഥാനേശ്വരത്തെ രാജാവായി ഭവിച്ചിരുന്നു. സ്ഥാനേശ്വരരാജാവെന്ന നിലയിലാണ് ഹർഷൻ ജ്യേഷ്ഠന്റെ മരണവാർത്ത അറിഞ്ഞയുടനെ ശശാങ്കനുമായി യുദ്ധത്തിനു പുറപ്പെട്ടത്. കേവലം ഒരു ചടങ്ങായ അഭി

ഷേകം അദ്ദേഹം അപ്പോൾ നടത്തിയിരുന്നില്ലെന്നേ യുള്ളു.

നേരേ മറിച്ച് കന്യാകുബ്ജസിംഹാസനത്തെ സംബന്ധിച്ച് ഹർഷൻെറ നില വേറേ ഒന്നായിരുന്നു. ആ സിംഹാസനത്തിന് അദ്ദേഹത്തിന് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. കന്യാകുബ്ജത്തിലെ രാജാവായ ഗ്രഹവമ്മൻ ഹഷൻെറ സോദരിയെ കല്യാണം കഴിച്ചിരുന്നു എന്നുള്ള ഒരു സംഗതിമാത്രമേ അദ്ദേഹത്തെ കന്യാകുബ്ജവുമായി ബന്ധപ്പെടുത്തിയിരുന്നുള്ളു. ഈ ബന്ധം ഹഷന് കന്യാകുബ്ജരാജാവായിത്തീരുവാൻ അവകാശം നൽകുന്നതുമല്ല. തൻെറ സോദരിയും ഗ്രഹവമ്മൻെറ വിധവയുമായ രാജ്യശ്രീക്കപോലും, ആ യുവരാജ്ഞിക്ക സന്താനമില്ലായ്കയാൽ, കന്യാകുബ്ജസിംഹാസനത്തിൽ ഹിന്ദുനിയമമനുസരിച്ച യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. പോരെങ്കിൽ, പരേതനായ കാശിപ്രസാദ് ജയസ്വാൽ എന്ന പ്രസിദ്ധ പണ്ഡിതൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മഞ്ജുശ്രീമൂലകല്പം എന്ന ബൌദ്ധചരിത്രഗ്രന്ഥത്തിൽനിന്ന് ഗ്രഹവമ്മൻെറ മരണാനന്തരം കന്യാകുബ്ജസിംഹാസനത്തിന് മൌഖരിവംശത്തിലെ അംഗമായ ഒരു അവകാശി ഉണ്ടായിരുന്ന എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. മഞ്ജുശ്രീമൂലകല്പത്തിൽ ഗ്രഹവമ്മനു ശേഷം സുവ്രതൻ എന്നൊരു മൌഖരിരാജാവും കൂടി ഉണ്ടായിരുന്നു എന്നും, ഈ സുവ്രതനു ശേഷം മൌഖരികൾ അധഃപതിച്ചു എന്നും പ്രസ്താവിച്ചിരിക്കുന്നു. മററു ചരിത്രഗ്രന്ഥങ്ങൾ ഈ സുവ്രതവമ്മനെപ്പററി ഒന്നും പറയാതെയിരിക്കുന്നതിനു കാരണം ഗ്രഹവമ്മന്റെ ചരമാനന്തരം കന്യാകുബ്ജസിംഹാസനം രാജ്യ

ശ്രീയുടെ പേരിൽ ഹഷൻ കൈവശപ്പെടുത്തിയതാണെന്നു വേണം വിചാരിക്കേണ്ടതു്. സുവ്രതവൎമ്മന്റെ അവകാശം ഈ ചരിത്രഗ്രന്ഥങ്ങൾ അംഗീകരിച്ചിട്ടില്ല.

മുകളിൽ വിവരിച്ച സംഗതികളിൽനിന്നു്, ഹഷൻ രാജ്യശ്രീയോടുകൂടി ഗംഗാതീരത്തുള്ള തന്റെ സൈന്യസന്നിവേശസ്ഥലത്തു തിരിച്ചെത്തിയപ്പോൾ, അദ്ദേഹത്തെ അഭിമുഖീകരിച്ച പ്രശ്നം എന്താണെന്നു് നമുക്കു് അനുമാനിക്കാം. കന്യാകുബ്ജസിംഹാസനത്തിനു് ന്യായമായ അവകാശമുള്ള സുവ്രതവൎമ്മന്റെ അവകാശം സ്വീകരിച്ചു് അദ്ദേഹത്തെ കന്യാകുബ്ജരാജാവായി അംഗീകരിക്കണമോ? അല്ല, കന്യാകുബ്ജത്തെ ഒരു പ്രത്യേക രാജ്യമായി വെച്ചുകൊണ്ടിരിക്കാതെ, അതിനെ സ്ഥാണ്വേശ്വരരാജ്യത്തിന്റെ ഒരു ഭാഗമായി കൂട്ടിച്ചേൎക്കണമോ? അതും അല്ല, കന്യാകുബ്ജത്തെ ഒരു പ്രത്യേക രാജ്യമായി വെച്ചുകൊണ്ടു് അതിൽ രാജ്യശ്രീമുഖേന തന്റെ അധികാരം സ്ഥാപിക്കണമോ?—ഈ മൂന്നു മാൎഗ്ഗങ്ങളിൽ ഏതാണു സ്വീകാൎയ്യയോഗ്യമായിട്ടുള്ളതെന്ന പ്രശ്നമാണു രാജ്യശ്രീയേയും കൊണ്ടു തിരിച്ചുവന്നപ്പോൾ ഹൎഷനെ അലട്ടിയതു്. ഈ ഓരോ പരിഹാരമാൎഗ്ഗത്തിനും ഓരോ ദൂഷ്യവും ഉണ്ടായിരുന്നു. സുവ്രതവൎമ്മനെ കന്യാകുബ്ജരാജാവായി അംഗീകരിക്കുന്നതായാൽ, ഒരു വിസ്തൃതമായ സാമ്രാജ്യം സ്ഥാപിക്കണമെന്നുള്ള തന്റെ മോഹത്തിനു വേണ്ടതായ ഒരു പ്രാചീന തലസ്ഥാനം തനിക്കു നഷ്ടമാകും. അതിപ്രാചീനകാലം മുതൽക്കു പ്രസിദ്ധമായ ഒരു തലസ്ഥാനമാണു് കന്യാകുബ്ജം. കൂടാതെ, മറെറാരു ദൂഷ്യവും ഈ മാൎഗ്ഗത്തിനു് ഉണ്ടായിരുന്നു എന്നു് അനുമാനിക്കാം. മാലവത്തിലെ ദേവഗുപ്തൻ കന്യാകുബ്ജത്തെ ആക്രമിച്ചു്

ഗ്രഹവമ്മനെ വധിച്ചതും, രാജ്യശ്രീയെ തടവിൽ പാപ്പിച്ചതും സുവ്രതവമ്മൻെറ പ്രേരണയാലായിരുന്നു എന്നു വന്നേയ്ക്കാം. ഇതു വാസ്തവമാണെങ്കിൽ, ഈ ദ്രോഹങ്ങൾക്കു കാരണഭൂതനായ സുവ്രതവമ്മനെ തൻെറ രാജ്യത്തിൻെറ അയൽരാജ്യമായ കന്യാകുബ്ജത്തിൽ വാഴാൻ അനുവദിക്കുന്നതു്, തൻെറ ശത്രുവിൻെറ കൈയിൽ ഒരു നിറച്ച തോക്ക് ഏല്പിക്കുന്നവൻെറ പ്രവൃത്തിക്കു തുല്യമായിരിക്കും.

കന്യാകുബ്ജത്തെ സ്ഥാനേശ്വരത്തോടു നേരിട്ടു കൂട്ടിച്ചേക്കുന്ന രണ്ടാമത്തെ മാഗ്ഗത്തിനുള്ള ദൂഷ്യം അധികവും സന്മാഗ്ഗപരമായിട്ടുള്ളതാണു്. സ്ഥാനേശ്വരത്തിലെ പുഷ്പഭൂതിവംശക്കാർ പണ്ടു് മൌഖരികളുടെ സാമന്തന്മാരും മന്ത്രിമാരുമായിരുന്നവരാണു്. അതിനാൽ മൌഖരികളുടെ രാജ്യം അപഹരിക്കുന്നതു സന്മാഗ്ഗദൃഷ്ട്യാ കൃതഘ്നതയായിരിക്കും. കൂടാതെ, ഹർഷൻെറ സ്നേഹഭാജനമായ അനുജത്തി രാജ്യശ്രീക്ക് രാജപദവി നൽകുന്നതിനുള്ള സൌകയ്യങ്ങൾ ഈ മാഗ്ഗം സ്വീകരിച്ചാൽ നഷ്ടമാകുന്നതുമാണു്. ഹർഷൻ ഒടുവിൽ സ്വീകരിച്ചതായ മൂന്നാമത്തെ മാഗ്ഗത്തിൻെറ ദൂഷ്യം ഉടനേതന്നെ ഉണ്ടാകുന്ന ഒന്നല്ല. രാജ്യശ്രീ കന്യാകുബ്ജത്തിലെ രാജ്ഞിയായും, ഹർഷൻ രാജ്യശ്രീയുടെ പ്രതിപുരുഷനായും വാഴുന്നിടത്തോളം കാലം ഈ മാഗ്ഗത്തിൽനിന്നു് ഒരു കുഴപ്പവും ഉണ്ടാകുന്നതല്ല. എന്നാൽ ഇവരുടെ മരണാനന്തരം ഉണ്ടാകുന്നതു് എന്താണു്? നിശ്ചയമായും, കന്യാകുബ്ജസിംഹാസനം കരസ്ഥമാക്കുവാനായി മന്ത്രിമാർ തമ്മിലുള്ള ഒരു ആഭ്യന്തരയുദ്ധം. ഹർഷൻെറ മരണാനന്തരം ഇതു വാസ്തവത്തിൽ സംഭവിക്കയും ചെയ്തു എന്നു പിന്നീടു കാണാവുന്നതാണു്.

ഇങ്ങിനെ കന്യാകുബ്ജത്തിലെ രാജാവെന്ന നില സ്വീകരിക്കാതെ, അതിന്റെ രാജ്ഞിയായി രാജ്യശ്രീയെ ഹർഷൻ വാഴിച്ചതിനേയും, രാജ്യശ്രീയുടെ പ്രതിപുരുഷൻ എന്ന നിലയിൽ കുമാരൻ എന്ന ബിരുദം മാത്രം കന്യാകുബ്ജത്തെ സംബന്ധിച്ച് ഹർഷൻ സ്വീകരിച്ചതിനേയും പററിയാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിൽ വാസ്തവത്തിൽ യുവൻചാങ് പ്രസ്താവിച്ചിരിക്കുന്നത്. ഏ. ഡി. ൬൦൬-ൽ ആണ് ഹർഷൻ സ്ഥാനേശ്വരസിംഹാസനത്തിൽ നേരിട്ടും, കന്യാകുബ്ജസിംഹാസനത്തിൽ രാജ്യശ്രീയുടെ പിറകിലായും ആരോഹണം ചെയ്തത്. ഈ വർഷം മുതൽക്കു തുടങ്ങുന്ന ഒരു അബ്ദം, അതായത് ഹർഷാബ്ദം, ഹർഷൻ സ്ഥാപിച്ചിട്ടുമുണ്ട്.

---

## അദ്ധ്യായം ൫.

---

ഹർഷന്റെ ദിഗ്വിജയം യുവൻചാങ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വർണ്ണിച്ചിരിക്കുന്നു. "അദ്ദേഹത്തിന്റെ മന്ത്രിമാർ രാജ്യത്തിലുള്ള സകല ഭടന്മാരേയും, കളരിക്കുരുപ്പന്മാരേയും ശേഖരിച്ചു. അദ്ദേഹത്തിന് അയ്യായിരം ഗജങ്ങളും, ഇരുപതിനായിരം അശ്വഭടന്മാരും, അമ്പതിനായിരം പദാതിയുമുണ്ടായിരുന്നു. പൂർവ്വദിക്കിൽനിന്നു പശ്ചിമദിക്കിലേക്ക് അദ്ദേഹം ദിഗ്വിജയം നടത്തി. ഇക്കാലങ്ങളിൽ അദ്ദേഹം ഒരു നിമിഷം പോലും തന്റെ ഗജങ്ങളുടെ പല്ലാണങ്ങളെ അയയ്ക്കുകയോ, തന്റെ ഭടന്മാരെ

യുദ്ധാങ്ങളും വിദേശനയവും.

ത്യക്തകങ്കടരായിരിക്കുവാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. ആറു വഷംകൊണ്ട് അദ്ദേഹം ഭാരതം ആസകലം കീഴടക്കി. ഇപ്രകാരം രാജ്യത്തെ വിസ്തീണ്ണപ്പെടുത്തിയതിനുശേഷം, അദ്ദേഹം തന്റെ സൈന്യത്തെ വർദ്ധിപ്പിച്ചു. അറുപതിനായിരം ഗജങ്ങളും ഒരുലക്ഷം അശ്വഭടന്മാരും അദ്ദേഹത്തിന് ഇപ്പോഴുണ്ട്. മുപ്പതുവഷങ്ങൾക്കുശേഷം അദ്ദേഹം യുദ്ധം അവസാനിപ്പിക്കുകയും, സമാധാനത്തോടുകൂടി നാടു വാഴാൻ തുടങ്ങുകയും ചെയ്തു."

യുവൻ ചാങിന്റെ അല്പം അതിശയോക്തിയോടുകൂടിയുള്ള ഈ വിവരണത്തിൽനിന്നു ഹഷൻ ആദ്യമായി യുദ്ധം നടത്തിയതു് പൂവ്ഭാരതത്തിൽ വച്ചായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഇവിടെ വച്ചു് അദ്ദേഹം യുദ്ധം ചെയ്തതു് ശശാങ്കനോടല്ലാതെ മററാരോടുമല്ല. മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, ഗംഗാതീരങ്ങളിൽ വച്ചു് കന്യാകുബ്ജരാജ്യത്തിൻെറ ഭരണംകൂടി കൈയേററതിനു ശേഷം, ഹഷൻ ശശാങ്കനോടു യുദ്ധം ചെയ്യുവാനായി ബംഗാളിലേക്കുള്ള തൻെറ യാത്ര തുടന്നിരുന്നിരിക്കണം. ബംഗാളിൽ എത്തി അദ്ദേഹം അതിന്റെ ഉത്തരഭാഗമായ പുണ്ഡ്രവർദ്ധനത്തിലേക്കു പ്രയാണം ചെയ്തു എന്നും, അതിൻെറ രാജധാനിയായ പുണ്ഡ്രവദ്ധന നഗരത്തിൽ (ഇന്നത്തെ ബോഗ്രാനഗരത്തിനു സമീപമുള്ള മഹാസ്ഥാൻ ഗ്രാമത്തിൽ) വച്ചു് ശശാങ്കനോടു യുദ്ധം ചെയ്തു് ആ കണ്ണസുവണ്ണരാജാവിനെ തോല്പിച്ചു എന്നും മഞ്ജുശ്രീ മൂലകല്പം എന്ന ബൌദ്ധഗ്രന്ഥത്തിൽനിന്നു മനസ്സിലാക്കാവുന്നതാണു്,

ഈ യുദ്ധത്തിൽ ഹഷൻ തന്നോടു സഖ്യം ചെയ്തിരുന്ന കാമരൂപരാജാവായ ഭാസ്കരവമ്മന്റെ സഹായം ലഭിച്ചിരുന്നു. യുദ്ധാനന്തരം ഹഷൻ ഭാസ്കരവമ്മന്റെ ക്ഷണമനുസരിച്ചു സമീപമുള്ള കാമരൂപം സന്ദർശിച്ച് ആ രാജാവിന്റെ സൽക്കാരങ്ങൾ സ്വീകരിച്ചതിനുശേഷം തന്റെ രാജധാനിയിലേക്കു തിരിച്ചു പോയി എന്നും വിചാരിക്കുവാൻ കാരണമുണ്ട്; എന്തെന്നാൽ ശശാങ്കനെ തോല്പിച്ചതിൽ പിന്നീട് ഹഷൻ മ്ലേച്ഛരാൽ പൂജിക്കപ്പെട്ടതിനു ശേഷം തിരിച്ചു പോന്നു എന്നു മഞ്ജുശ്രീമൂലകല്പത്തിൽ പറഞ്ഞിരിക്കുന്നു. കാമരൂപരാജവംശം ടിബററിൽനിന്നു വന്ന ഒരു വംശമാണെന്നു വിചാരിക്കുവാൻ കാരണമുണ്ട്. അതിനാലാണ് അതിനെ മ്ലേച്ഛവംശമെന്നു മഞ്ജുശ്രീമൂലകല്പത്തിൽ പേരിട്ടിരിക്കുന്നത്. ശശാങ്കന്റെ രാജ്യത്തിന്റെ ചില ഭാഗങ്ങൾ ഹഷൻ ഭാസ്കരവമ്മനു നൽകിയിരുന്നിരിക്കണം. ഹഷനും ഭാസ്കരവമ്മനും തമ്മിലുള്ള സ്നേഹബന്ധം ഹഷന്റെ മരണം വരെ നിലനിന്നിരുന്നുതാനും.

ശശാങ്കനെ പുണ്ഡ്രവദ്ധനയുദ്ധത്തിൽ തോല്പിച്ചതിനു ശേഷം.ഹഷൻ അദ്ദേഹത്തോട് സ്വന്തം രാജ്യം വിട്ടുപോകരുതെന്ന് ആജ്ഞാപിച്ചു എന്ന് മഞ്ജുശ്രീമൂലകല്പത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിന്റെ അത്ഥം ശശാങ്കൻ പിടിച്ചടക്കിയ രാജ്യങ്ങളെല്ലാം ഹഷൻ അദ്ദേഹത്തിൽനിന്നു കരസ്ഥമാക്കി എന്നാണെന്നു വിചാരിക്കണം. ശശാങ്കന്റെ സ്വന്തം രാജ്യമായ മദ്ധ്യബംഗാളിലുള്ള കണ്ണസുവണ്ണം മാത്രം ഭരിച്ചുകൊള്ളുവാൻ അദ്ദേഹത്തെ ഹഷൻ അനുവദിച്ചു എന്നും ഇതിൽനിന്ന് അനുമാനിക്കാം. എന്നാൽ ഗഞ്ജാംജില്ലയിൽ സ്ഥിതിചെയ്തി

രുന്ന കൊംഗോദ എന്ന സാമന്തരാജ്യത്തിലെ രാജാവും, ശൈലോദ്ഭവകുലത്തിൽപ്പെട്ട ദേഹവുമായ മാധവവമ്മൻ ഏ. ഡി. ൬൧൯-ൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ശാസനത്തിൽ, അദ്ദേഹം താൻ “മഹാരാജാധിരാജൻ ശശാങ്ക” രാജാവിൻെറ സാമന്തനാണെന്നു പ്രസ്താവിച്ചിരിക്കുന്നു. തന്നിമിത്തം ഹഷൻ ശശാങ്കനെ തോല്പിച്ച കൊല്ലമായ ഏ. ഡി. ൬൦൬-ൽ നിന്ന് പതിമൂന്ന് വഷം കഴിഞ്ഞതിനു ശേഷവും ശശാങ്കന് കൊംഗോദരാജ്യത്തിന്റെ മേൽക്കോയ്മ ഉണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ട്. മഞ്ജുശ്രീമൂലകല്പത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വാസ്തവമാണെങ്കിൽ, ശശാങ്കൻ അന്ന് കൊംഗോദരാജ്യത്തിന്റെ മേൽക്കോയ്മയായിരിക്കുന്നതല്ല. ഈ സംഗതികളിൽനിന്നു പുണ്ഡ്രവദ്ധനയുദ്ധത്തിൽ വെച്ചു ശശാങ്കനെ തോല്പിച്ചതിനു ശേഷം, ശശാങ്കൻ പിടിച്ചടക്കിയ ഉത്തരബംഗാളിലുള്ള പുണ്ഡ്രവദ്ധന രാജ്യവും, അഥവാ, ഗൌഡരാജ്യവും, ബംഗാളിനു പടിഞ്ഞാറു കാശിവരെയുള്ള പ്രദേശത്തു് അദ്ദേഹം കൈവശപ്പെടുത്തിയ സ്ഥലങ്ങളും മാത്രമേ ഹർഷൻ പിടിച്ചെടുത്തുള്ളൂ എന്നും, മദ്ധ്യബംഗാളിലെ കണ്ണസുവണ്ണവും, ദക്ഷിണബംഗാളിലെ സമതടം, താമ്രലിപ്തി മുതലായ രാജ്യങ്ങളും, ഇവയെ തൊട്ടുകിടക്കുന്ന ഗഞ്ജാംജില്ലയിലെ കൊംഗോദരാജ്യവും പ്രസ്തുത തോൽവിക്കു ശേഷവും ശശാങ്കൻെറ കൈവശം ഇരുന്നിരുന്നു എന്നും വിചാരിച്ചേ മതിയാവൂ.

തൻെറ പതിനേഴുകൊല്ലത്തെ ഭരണം കഴിഞ്ഞു് ഏ. ഡി. ൬൨൩-നു സമീപിച്ചു ശശാങ്കൻ മരിച്ചു എന്നു മഞ്ജുശ്രീമൂലകല്പത്തിൽനിന്നു മനഃസ്സിലാക്കാം. ശശാങ്കൻ ബ്രാഹ്മണകുലത്തിൽപെട്ട ഒരു രാജാവായിരുന്നു,

ഒരു മതഭ്രാന്തനായ ശൈവനും, ബുദ്ധമതക്കാരെ ഹിംസിച്ച ഒരു രാജാവുമായിരുന്നു അദ്ദേഹം. ബുദ്ധഗയയിലെ സുപ്രസിദ്ധമായ മഹാബോധിവൃക്ഷത്തെ ശശാങ്കൻ വെട്ടിക്കളഞ്ഞു എന്നു് യുവൻചാങ് പ്രസ്താവിക്കുന്നുണ്ടു്. ശശാങ്കൻെറ മരണത്തോടുകൂടി അദ്ദേഹത്തിൻെറ വംശം മുടിയുകയും ചെയ്തു.

ശശാങ്കനുമായുള്ള യുദ്ധത്തിനു ശേഷം, ഭാരതത്തിൻെറ പൂർവ്വഭാഗത്തുള്ള സകല രാജാക്കന്മാരും ഹർഷനു കീഴടങ്ങിയിരുന്നു. ഇക്കൂട്ടത്തിൽ മഗധയിലെ ഗുപ്തന്മാരും ഉൾപ്പെട്ടിരുന്നിരിക്കണം. എന്തെന്നാൽ ഏ. ഡി. ൬൭൨-ൽ മഗധയെ ഭരിച്ചിരുന്ന ഗുപ്തരാജാവായ ആദിത്യസേനൻ ഏ. ഡി. ൬൦൬-ൽ ഹർഷൻ സ്ഥാപിച്ച ഹർഷാബ്ദത്തെ സ്വീകരിച്ചിരുന്നതായി അദ്ദേഹത്തിൻെറ ഒരു ശാസനത്തിൽനിന്നു് മനസ്സിലാക്കാം. ശശാങ്കനുമായുണ്ടായ യുദ്ധത്തിനു ശേഷം ഏ. ഡി. ൬൪൩-നു സമീപിച്ചു മാത്രമേ ഹർഷനു് കിഴക്കേ ഇൻഡ്യയിൽ യുദ്ധം ചെയ്യേണ്ടതായി വന്നുള്ളു. ശശാങ്കൻെറ ചരമാനന്തരം സ്വതന്ത്രനും ശക്തനുമായി ഭവിച്ച കൊംഗോദരാജാവും ശൈലോത്ഭവകുലജാതനുമായ മാധവവർമ്മനോടായിരുന്നു ഈ യുദ്ധം വിജയപൂർവ്വം ഹർഷൻ നടത്തിയതു്.

ഹർഷചരിതത്തിൽ ഹർഷൻ തുഷാരശൈലത്തിലുള്ള ഒരു ദുർഗ്ഗം പിടിച്ചടക്കിയെന്നു ബാണൻ പ്രസ്താവിച്ചിരിക്കുന്നു. ഈ തുഷാരപർവ്വതം ഓക്സസ്നദീതീരങ്ങളിലുള്ള തുഖാരം അഥവാ, തുരുഷ്കദേശമാണെന്നു ചില പണ്ഡിതന്മാരും, നേപ്പാളരാജ്യമാണെന്നു മററു ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഹർഷൻ വളരെ ദൂരത്തിലുള്ള ഓക്സസ്നദിവരെ യുദ്ധയാത്ര ചെയ്തു എന്നു കാണിക്കുന്ന

മററു യാതൊരു ലക്ഷ്യങ്ങളുമില്ലായ്കയാൽ, ആദ്യത്തെ അഭിപ്രായം സ്വീകാര്യമല്ല. നേപ്പാളത്തിലാണ് തുഷാര ശൈലം സ്ഥിതിചെയ്തിരുന്ന എന്നുള്ള അഭിപ്രായത്തിനു കാരണം, ആ രാജ്യത്തിലെ ഒരു രാജാവായ അംശുവർമ്മൻ ഹർഷൻ സ്ഥാപിച്ച ഹർഷാബ്ദത്തെ തന്റെ ശാസനങ്ങളിൽ സ്വീകരിച്ചിരുന്നു എന്നുള്ള ഊഹമാണ്. ഈ ഊഹം ശരിയല്ലെന്നു മഹാപണ്ഡിതനായ സിൽവെയിൻ ലെവി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ അംശുവർമ്മന്റെ കാലത്തു നേപ്പാളം ടിബററിലെ സുപ്രസിദ്ധ രാജാവായ സ്രോങ്ത്സൻ ഗമ്പോയുടെ മേൽക്കോയ്മയിൻകീഴിൽ സ്ഥിതിചെയ്തിരുന്നു എന്നതിനു ലക്ഷ്യങ്ങളുമില്ലാതില്ല. അതിനാൽ ഹർഷൻ നേപ്പാളത്തോടാണു യുദ്ധംചെയ്തത് എന്നുള്ള അഭിപ്രായവും ശരിയല്ലെന്നു വേണം വിചാരിക്കേണ്ടതു്.

ബുദ്ധൻെറ ഒരു ദന്തത്തിനു വേണ്ടി ഹർഷൻ കാശ്മീരത്തെ ആക്രമിച്ചു എന്നു് യുവൻചാങ് പ്രസ്താവിച്ചിരിക്കുന്നു. കാശ്മീരവുമായുള്ള ഈ യുദ്ധത്തെയാണു ഹർഷന്റെ തുഷാരശൈലാക്രമണമായി ബാണൻ വിവരിച്ചിരിക്കുന്നതെന്നു വിചാരിക്കുവാൻ കാരണമുണ്ടു്. എ. ഡി. ൬൨൫-നു സമീപിച്ചു് അതിപ്രാചീനകാലം മുതല്ക്കു കാശ്മീരത്തെ ഭരിച്ചിരുന്ന ഗോനന്ദരാജവംശം അന്യംനില്ക്കുകയും, ശക്തിയേറിയ കാക്കോടകരാജവംശം കാശ്മീരസിംഹാസനം കരസ്ഥമാക്കുകയും ചെയ്തു. ഈ കാക്കോടകവംശം സ്ഥാപിച്ച കാശ്മീരരാജാവ് ഉദ്ദേശം എ. ഡി. ൬൨൫-മുതല്ക്കു ൬൬൧-വരെ നാടുവാണ ദുർല്ലഭവർദ്ധനൻ പ്രജ്ഞാദിത്യനാണു്. ഇദ്ദേഹം ഹർഷൻെറ സമകാലീനനായിരുന്നു. യുവൻചാങ്ങിൻെറ സഞ്ചാരഗ്രന്ഥത്തിൽനിന്ന്

ഹർഷൻെറ കാലത്തു കാർക്കോടകരാജാവായ ദുർല്ലഭവർദ്ധനൻ പഞ്ചാബിൻെറ പല ഭാഗങ്ങളിലും തൻെറ മേൽക്കോയ്മ സ്ഥാപിച്ചിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഇതുനിമിത്തം പഞ്ചാബിനെ തൊട്ടുകിടന്നിരുന്ന സാമ്രാജ്യത്തിൻെറ നാഥനായ ഹർഷനുമായി ദുർല്ലഭവർദ്ധനന് ഏററുമുട്ടാതെയിരിക്കുവാൻ സാധിക്കുകയില്ല. പിന്നെയും, കാശ്മീരത്തിൻെറ തലസ്ഥാനമായ ശ്രീനഗരത്തിനു തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ഒരു ബൌദ്ധക്ഷേത്രത്തിലുള്ള സ്തൂപത്തിൽ ബുദ്ധൻെറ ഒരു ദന്തമുണ്ടായിരുന്നു എന്ന് യുവൻചാങ്ങ് പ്രസ്താവിച്ചിട്ടുള്ളതും ബാണൻെറ തുഷാരശൈലം കാശ്മീരത്തിലാണു സ്ഥിതിചെയ്തിരുന്നതെന്നു സൂചിപ്പിക്കുന്നുണ്ട്. ഈ ദന്തം കരസ്ഥമാക്കുവാനുള്ള മോഹവും കാശ്മീരത്തെ ആക്രമിച്ചപ്പോൾ ഹർഷന് ഉണ്ടായിരുന്നിരിക്കും. പ്രസ്തുത ബൌദ്ധക്ഷേത്രം സ്ഥിതിചെയ്തിരുന്നതിനു വടക്കായി ഒരു മഹാപർവ്വതം നിന്നിരുന്നു എന്നും യുവൻചാങ്ങ് വർണ്ണിച്ചിട്ടുണ്ട്. ഹരിപർവതമെന്നു പേരുള്ള ഈ മലയുടെ ശിഖരങ്ങൾ ഹിമപൂർണ്ണങ്ങളായിരുന്നതിനാലായിരിക്കും അതിനെ തുഷാരശൈലമെന്നു ബാണൻ വർണ്ണിച്ചിട്ടുള്ളതു്. ബുദ്ധൻെറ ദന്തം ഹർഷനു കരസ്ഥമാക്കുവാൻ സാധിച്ചില്ലെന്ന്, യുവൻചാങ്ങിൻെറ സന്ദർശനകാലത്തു് അതു് ആ സ്തൂപത്തിൽ തന്നെ ഉണ്ടായിരുന്നതു നിമിത്തം അനുമാനിക്കാം. അതിനാൽ കാശ്മീരവുമായുള്ള യുദ്ധത്തിൽ ഹർഷനു വിജയം ലഭിച്ചില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കാശ്മീരം ഹർഷൻെറ സാമ്രാജ്യത്തിൽ ഉൾപ്പെടാതെയിരുന്നതിനുള്ള കാരണവും ഇതുതന്നെയാകുന്നു.

ഹർഷൻെറ ഏററവും പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്ന്, ദക്ഷിണാപഥത്തിലെ ചാലുക്യചക്രവത്തിയായ

പുലകേശി രണ്ടാമനോട് ഏ. ഡി. ൬൨൦-ൽ സമീപിച്ച് അദ്ദേഹം നടത്തിയ യുദ്ധമാണ്. മദ്രാസിനടുത്തുള്ള കാഞ്ചീപുരത്തിലെ പ്രബലനായ പല്ലവരാജാവ് മഹേന്ദ്രവർമ്മനെ പല തവണ തോല്പിച്ചും, ദക്ഷിണാപഥത്തിലെ മററു രാജ്യങ്ങളെ കീഴടക്കിയും, ദക്ഷിണഭാരതത്തിലെ ചക്രവർത്തിപദം പ്രാപിച്ചിരുന്ന ഒരു പ്രസിദ്ധനാണു കുന്തളാധിപനും, ചാലുക്യവംശജനുമായ പുലകേശി രണ്ടാമൻ. ബോംബെ പ്രസിഡൻസിയിലെ ബിജപ്പൂർജില്ലയിലാണു പുലകേശിയുടെ രാജധാനിയായ വാതാപി സ്ഥിതിചെയ്തിരുന്നത്. പുലകേശിയുടെ ശക്തിയെ യുവൻചാങ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വർണ്ണിച്ചിരിക്കുന്നു:—

"ക്ഷത്രിയനും യുദ്ധവീരനുമായ ആ രാജാവു ജയോദാഹരണമാണു പ്രഥമഗണനീയമായി കരുതിയിരുന്നത്. അതിനാൽ അദ്ദേഹത്തിൻെറ പദാതികളേയും അശ്വഭടന്മാരേയും യുദ്ധവിദഗ്ദ്ധന്മാരാക്കുന്നതിൽ അദ്ദേഹം പ്രത്യേകമായ നിഷ്കൎഷ പ്രദർശിപ്പിച്ചു. യുദ്ധസംബന്ധമായ സകല നിയമങ്ങളും അവിടെ എല്ലാവക്കും അറിയാമായിരുന്നുവെന്നു മാത്രമല്ല, അവർ അവയെ ഒരിക്കലും ലംഘിച്ചിരുന്നുമില്ല. അദ്ദേഹത്തിൻെറ സേനാനായകന്മാർ യുദ്ധങ്ങളിൽ തോൽക്കുന്നുവെങ്കിൽ, അദ്ദേഹം അവരെ ദേഹദണ്ഡം അനുഭവിപ്പിക്കുക പതിവില്ല. അതിനു പകരം അവരെ മാനംകെടുക്കുന്നതിനായി അദ്ദേഹം സ്ത്രീകളുടെ വസ്ത്രങ്ങളെ അവരെ ധരിപ്പിക്കുകയാണു ചെയ്തുവന്നത്. അതിനാൽ അദ്ദേഹത്തിൻെറ സൈന്യാധിപന്മാൎക്കു പരാജയം ഉണ്ടാകുമ്പോൾ, അവർ അവമാനത്തെ ഭയന്ന് ആത്മഹത്യ ചെയ്തിരുന്നു. എല്ലായ്പോഴും അദ്ദേഹം

അനേകം ശൂരയോധാക്കളേയും, അനേകം മദഗജങ്ങളേയും സംരക്ഷിച്ചുവന്നു. യുദ്ധത്തിന് അല്പം മുമ്പ് അദ്ദേഹം ആ ശൂരന്മാക്കും ഗജങ്ങൾക്കും മദ്യം നൾകി അവരെ ഉന്മത്തരാക്കിത്തീക്കുക പതിവാണ്. അനന്തരം അദ്ദേഹം അവരെ ശത്രുക്കളുടെ നേക്ക് അയയ്ക്കുകയും ചെയ്യും. ഇപ്രകാരം ഉന്മത്തരായവരുടെ ആക്രമണത്തെ ശത്രുക്കൾക്കു ചെറുക്കുവാൻ സാധിക്കുന്നതുമല്ല. ഇവരുടെ സഹായമുള്ളതിനാൽ അദ്ദേഹം തൻെറ ശത്രുക്കളായ അയൽരാജാക്കന്മാരെ വകവെച്ചിരുന്നില്ല. യുദ്ധശാസ്ത്രപരിജ്ഞാനത്തിനും, ധീരരായ സേനാനികൾക്കും പ്രസിദ്ധി നേടിയിരുന്ന ശീലാദിത്യചക്രവത്തി തന്നെത്താനെ തൻെറ സൈന്യങ്ങളെ ആസകലം അദ്ദേഹത്തിൻെറ നേക്കു നയിച്ചു. എന്നാൽ ശീലാദിത്യനു പോലും പുലകേശിയെ തോല്പിക്കുവാൻ കഴിഞ്ഞില്ല."

നമ്മദാനദിയുടെ തീരങ്ങളിൽ വച്ചാണ് ഹഷ്നും പുലകേശിയുമായുള്ള യുദ്ധം നടന്നത്. ഹഷൻെറ ആശ്രിതനായ മയൂരൻ എന്ന കവി തൻെറ ഒരു ഒററശ്ലോകത്തിൽ ഹഷ്നു കുന്തളരാവാവിനെ തോല്പിക്കുവാൻ സാധിച്ചു എന്നു സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, വാസ്തവം നേരേ മറിച്ചാണ്. ഈ യുദ്ധത്തിൽ, മുകളിൽ ഉദ്ധരിച്ച ഭാഗത്തിൽ യുവൻചാങ് പ്രസ്താവിച്ചിട്ടുള്ളതുപോലെ, പുലകേശിക്കാണു വാസ്തവത്തിൽ വിജയം ലഭിച്ചതു്. പുലകേശിയുടെ ശിലാശാസനങ്ങളും അദ്ദേഹത്തിൻെറ ഈ വിജയത്തെ വാഴ്ത്തിയിരിക്കുന്നു. ഈ യുദ്ധത്തിനു ശേഷം, നമ്മദാനദി ഹഷൻേറയും പുലകേശിയുടേയും സാമ്രാജ്യങ്ങളുടെ സീമയായി ഭവിച്ചു. ഹഷനോടു താൻ നടത്തിയ യുദ്ധത്തിനു ശേഷം ഒരു ഇരുപത്തിമൂന്നു വഷ

ങ്ങളോളം കൂടി പുലകേശി പ്രബലനായി നാടു വാണു. ഏ. ഡി. ൬൪൨-ൽ കാഞ്ചീപുരത്തെ പല്ലവരാജാവായ നരസിംഹവമ്മൻ ഒന്നാമൻ പുലകേശിയുടെ രാജ്യം ആക്രമിച്ച് അതിന്റെ തലസ്ഥാനമായ വാതാപിയെ കൊള്ളയിട്ടു. ഇതോടുകൂടി ചാലുക്യരുടെ ശക്തി തൽക്കാലത്തേയ്ക്കു ക്ഷയിക്കയും ചെയ്തു. ഈ സംഭവം നടന്നത് ഹർഷന്റെ മരണശേഷമായിരുന്നു താനും.

ഗുജറാത്തിലെ വലഭിരാജ്യത്തോടും, അതിനു കീഴടങ്ങിയിരുന്നവയും ഗുജറാത്തിലും കഛിലുമായി സ്ഥിതി ചെയ്തിരുന്നവയുമായ ആനന്ദപുരം, കഛം, സുരാഷ്ട്രം എന്ന രാജ്യങ്ങളോടും നടത്തിയ യുദ്ധമാണ് ഹർഷന്റെ പ്രധാന യുദ്ധങ്ങളിൽ മറെറാന്ന്. ധ്രുവസേനൻ ബാലാദിത്യനെന്ന മൈത്രകവംശരാജാവാണ് അന്നു വലഭിയെ ഭരിച്ചിരുന്നത്. ഹർഷനുമായുണ്ടായ ഈ യുദ്ധത്തിൽ തോററു ധ്രുവസേനൻ ഭരുകഛത്തിലെ (ഇന്നത്തെ ബ്രോച്ചിലെ) ഗുജ്ജരരാജാവായ ദദ്ദൻ പ്രശാന്തരാഗനെ അഭയം പ്രാപിച്ചു. ഒടുക്കം ഹർഷനും ധ്രുവസേനനും തമ്മിൽ ഒരു സന്ധിയുണ്ടായി. ഹർഷൻ തന്റെ പുത്രിയെ ധ്രുവസേനനു കല്യാണം കഴിച്ചു കൊടുത്തു. ധ്രുവസേനൻ ഹർഷനെ തന്റെ മേൽക്കോയ്മയായി സ്വീകരിക്കുകയും ചെയ്തു. ഹർഷനുമായുള്ള ഈ സഖ്യം വലഭിയുടെ പ്രതാപം തൽക്കാലത്തേക്കു വർദ്ധിപ്പിച്ചു. ഹർഷന്റെ പൌത്രനും, ധ്രുവസേനന്റെ പുത്രനുമായ ധരസേനൻ നാലാമൻ ഹർഷന്റെ മരണാനന്തരം ചക്രവത്തിബിരുദങ്ങൾ സ്വീകരിച്ചതു് വലഭിയുടെ പ്രതാപം വർദ്ധിച്ചതു കാണിക്കുന്നു. ഭട്ടികാവ്യത്തിന്റെ കത്താവ് ഈ ധരസേനൻ നാലാമന്റെ സംരക്ഷണത്തിലാണു വലഭിയിൽ പാത്തിരുന്നതു്.

ഹർഷൻ സിന്ധുരാജ്യത്തോടും യുദ്ധം ചെയ്തു എന്നു ബാണൻ പ്രസ്താവിച്ചിരിക്കുന്നു. ഹർഷന്റെ പിതാവായ പ്രഭാകരവർദ്ധനനും സിന്ധുരാജ്യവുമായി യുദ്ധം ചെയ്തുവെന്നു മുമ്പു വിവരിച്ചിരുന്നല്ലൊ. സിന്ധുരാജ്യത്തിൽ നാടുവാണിരുന്ന മൌര്യവംശത്തിലെ ഒടുവിലത്തെ രാജാവായ സാഹസിയോടാണു ഹർഷൻ പൊരുതത്തു്. ഈ യുദ്ധത്തിൽ ഹർഷൻ ജയിച്ചു. ഈ തോൽവി മൌര്യവംശത്തിനു വരുത്തിവച്ച ബലക്ഷയം ഹേതുവായി, താമസിയാതെ സാഹസിയുടെ ഒരു ബ്രാഹ്മണമന്ത്രിയായ ഛഛന് അദ്ദേഹത്തിന്റെ മരണാനന്തരം സിന്ധുരാജ്യത്തിന്റെ രാജാവായിത്തീരുവാൻ സാധിച്ചു. ഛഛൻ സ്ഥാപിച്ച രാജവംശത്തിൽനിന്നാണു് എട്ടാംശതാബ്ദത്തിന്റെ പൂർവാർദ്ധത്തിൽ അറബികൾ സിന്ധുരാജ്യം കരസ്ഥമാക്കിയത്തു്.

ഏ. ഡി. ൬൪൭-നു കുറേ മുമ്പു് അവസാനിച്ചിരുന്ന മുകളിൽ വിവരിച്ച യുദ്ധങ്ങളുടെ ഫലം വടക്കു ഹിമാലയപർവ്വതം മുതൽ തെക്കു നർമ്മദാനദിവരേയും, കിഴക്കു ബ്രഹ്മപുത്രനദി മുതൽ പടിഞ്ഞാറു സിന്ധുനദിവരേയും പരന്നു കിടന്നിരുന്ന ഒരു സാമ്രാജ്യം ഹർഷനു ലഭിച്ചതാകുന്നു. വിസ്തൃതമായ ഈ സാമ്രാജ്യത്തിനു തെക്കു കുന്തളരാജാവായ പുലകേശിയുടെ സാമ്രാജ്യവും കിഴക്കു ബർമ്മയിലെ ശ്രീക്ഷേത്രം, മലയാ ഉപദ്വീപിലെ കാമലങ്ക, അഥവാ, ലങ്കാശുകം, സയാമിലെ ദ്വാരാവതി, ഇൻഡോചൈനയിലെ ഈശാനപുരം, മഹാചമ്പ, യവനരാജ്യം എന്നീ രാജ്യങ്ങളും, വടക്കു കാശ്മീരം, നേപ്പാളം, ടിബററ്, ചീനസാമ്രാജ്യം എന്നിവയും, പടിഞ്ഞാറു പാരസിക, അഥവാ, പെർസ്യാ സാമ്രാജ്യവും

സ്ഥിതിചെയ്തിരുന്നു. ഈ അയൽരാജ്യങ്ങളുടേയും സാമ്രാജ്യങ്ങളുടേയും കൂട്ടത്തിൽ കുന്തളസാമ്രാജ്യത്തോടും, കാശ്മീരത്തോടും ഹർഷൻ പൊരുതിരുന്നതിനാൽ അദ്ദേഹത്തിനും ഇവയ്ക്കും തമ്മിൽ മൈത്രീബന്ധം ഉണ്ടായിരുന്നില്ലെന്നു വിചാരിക്കാം. ബർമ്മയിലും ഇൻഡോചൈനയിലുമായി കിടന്നിരുന്നതും, ഹിന്ദുപരിഷ്കാരം വ്യാപിച്ചു പ്രാബല്യം പ്രാപിച്ചിരുന്നതുമായ രാജ്യങ്ങളോട് ഹർഷൻ മൈത്രീഭാവത്തിൽ പെരുമാറി എന്നു വിശ്വസിക്കാതെയിരിക്കുവാൻ കാരണങ്ങളില്ല. ഹർഷന്റെ സാമ്രാജ്യസീമകൾക്കകത്തുള്ള നാലന്ദവിഹാരവുമായി ഈ പൂർവ്വദേശങ്ങൾക്ക് അന്നു ബന്ധമുണ്ടായിരുന്നത് ഹർഷനും ഈ രാജ്യങ്ങളും തമ്മിൽ സൌഹാർദ്ദത്തിൽ വർത്തിച്ചിരുന്നു എന്നു സൂചിപ്പിക്കുന്നുമുണ്ട്.

ഹർഷന്റെ സമകാലീനനായ പാരസികചക്രവർത്തി ഏ. ഡി. ൫൯൦ മുതൽക്ക് ൬൨൮-വരെ നാടുവാണിരുന്ന സുപ്രസിദ്ധനായ കുസ്രു പാർവിസ് ആയിരുന്നു. സാസർവംശജനായ കുസ്രു പാർവ്വിസിനെപ്പോലെ സുപ്രസിദ്ധനും, അതിശക്തനും, സൌഭാഗ്യത്തിന്റെ പരമകോടിയിൽനിന്നു ദുരിതത്തിന്റെ അടിത്തട്ടുവരെ ആണ്ടവനുമായ മറെറാരു രാജാവു പാരസികസിംഹാസനത്തെ അലങ്കരിച്ചിരുന്നോ എന്നതു് സംശയമാണ്. അതിപ്രക്ഷോഭകരമായ ഒരു നോവലിലെ കഥാനായകനെപ്പോലെ ജീവിതം നയിച്ചിരുന്ന കുസ്രുവിനു തുല്യരായ മനുഷ്യർ ലോകത്തിൽ വളരെ അപൂർവ്വമായി മാത്രമേ കാണുകയുള്ളൂ. തന്റെ പക്ഷക്കാർ കൊലചെയ്ത പിതാവിന്റെ ശവശരീരത്തിൽ ചവിട്ടി കുസ്രു പാർവിസ് പാരസികസിംഹാസനത്തിൽ കേറി. പാരസികകലകളെ പോഷിപ്പിക്കുവാൻ

അദ്ദേഹം പ്രവൎത്തിച്ചതുപോലെ മററൊരു പാരസികചക്രവൎത്തിയും പ്രവൎത്തിച്ചിട്ടില്ല. അദ്ദേഹം ചെയ്യിച്ച തക്തിബൊസ്ഥാനിലെ വിജയതോരണത്തിലെ കൊത്തുപണികളും, മചിതകൊട്ടാരത്തിന്റെ അലങ്കാരങ്ങളും പാരസികകലയുടെ ഉത്തമകുസുമങ്ങളാണ്. അദ്ദേഹത്തിന്റെ സേനാനികൾ പാരസികസാമ്രാജ്യത്തെ ആഫ്രിക്കയിലെ നൈൽനദിവരെയും ഗ്രീസിനടുത്തുള്ള മാർമൊറക്കടൽവരെയും പരത്തി. അദ്ദേഹത്തെ ഭയന്നു ശക്തിയേറിയ റോമാസാമ്രാജ്യചക്രവൎത്തിയായ ഹെറാക്ലിയസ് തലസ്ഥാനമായ കാൺസ്റ്റാന്റിനോപ്പിളിനെ ഉപേക്ഷിച്ച് ആഫ്രിക്കയിൽ പോയി രക്ഷപ്പെടാൻ ഭാണ്ഡം കെട്ടി. അദ്ദേഹത്തിന്റെ കൊട്ടാരത്തിലുള്ള ആഡംബരവും, സുഖസാധനസമൃദ്ധിയും മററൊരു കാലത്തും, മററൊരു രാജ്യത്തിലും ഉണ്ടായിരുന്നില്ല. യാത്രാവേളകളിൽ അദ്ദേഹത്തിനു വേണ്ട ഉപകരണങ്ങളേയും അംഗരക്ഷകരേയും സേവകരേയും വഹിച്ചുകൊണ്ടു പോകുന്നതിനായി മാത്രം ആയിരം ഗജങ്ങളും, പന്തീരായിരം ഒട്ടകങ്ങളും, അമ്പതിനായിരം കുതിരകളും, കഴുതകളും, കോവർകഴുതകളും കൊട്ടാരത്തിലുണ്ടായിരുന്നു. പന്തീരായിരം ചേടികളാൽ പരിചരിക്കപ്പെട്ട മൂവായിരം ഉപഭാൎയ്യമാർ കുസ്രുവിനുണ്ടായിരുന്നെങ്കിലും, ലോകപ്രസിദ്ധയായ ഷിറീൻ എന്ന ക്രിസ്ത്യാനിയായ ഭാൎയ്യയെ മാത്രമേ പാർസിമതക്കാരനായ അദ്ദേഹം അത്ഭുതപൂൎവ്വമായ പ്രണയാതിരേകത്തോടു സ്നേഹിച്ചിരുന്നുള്ളൂ. ഇവരുടെ അന്യോന്യമുള്ള അനിതരസാധാരണമായ പ്രണയം ലോകമാസകലമുള്ള കവികളുടെ കാവ്യങ്ങൾക്കു വിഷയമായി ഭവിച്ചു. ഷിറീനു പുറമേ അദ്ദേഹത്തിന്റെ വിശേഷപ്പെട്ട കുതിരയായ ഷബ്ദീസും; അതിൻെറ മരണാനന്തരം അതിൻെറ രൂപം പാരസിക

രാജധാനിക്കു സമീപമുള്ള പാറകളിൽ കൊത്തിയ ശില്പിയും, അദ്ദേഹത്തിൻെറ കൊട്ടാരംകവിയും ഗായകനുമായ ബലഹ്ബാദും, ഷിറീനെ അപരിഹാൎയ്യമായ നൈരാശ്യത്തോടുകൂടി സ്നേഹിച്ച നിർഭാഗ്യവാനായ കാമുകൻ ഫർഹാഡും ലോകചരിത്രത്തിൽ പ്രസിദ്ധരായി ഭവിച്ചു.

ഈ സ്ഥിതിയിലിരുന്നിരുന്ന കുസ്രു പെട്ടെന്നു വിധിവൈപരീത്യത്തിനു വിധേയനായി ഭവിച്ചു. താൻ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഷിറീൻ കാലധൎമ്മം പ്രാപിച്ചു. താൻ ഭയപ്പെടുത്തി വിറപ്പിച്ച റോമാചക്രവൎത്തി കുസ്രുവിൻെറ സൈന്യങ്ങളെ തോല്പിച്ചു പരസികരാജധാനിയുടെ ദ്വാരംവരെ റോമാസൈന്യത്തെ നയിച്ചു. ഷിറീൻെറ പുത്രനെ മറെറാരു ഭാൎയ്യയിൽ തനിക്കുണ്ടായ ഔരസപുത്രൻെറ അവകാശത്തെ വിഗണിച്ചു തൻെറ പിൻഗാമിയാക്കുവാൻ കുസ്രു തീരുമാനിച്ചതു നിമിത്തം, അദ്ദേഹത്തിൻെറ പ്രഭുക്കന്മാർ ഔരസപുത്രനായ സിറോസിനെ വാഴിക്കുവാനായി സിറോസിൻെറ പ്രേരണയാൽ അദ്ദേഹത്തെ ബന്ധിച്ചു കാരാഗൃഹത്തിൽ പാൎപ്പിച്ചു. തൻെറ സ്നേഹഭാജനമായ ഷിറീൻെറ പുത്രനെ കുസ്രുവിൻെറ മുമ്പിൽ വച്ചു സിറോസ് വധിപ്പിച്ചു. പിതാവിനെ അഞ്ചു ദിവസം പട്ടിണിയിട്ടശേഷം, സിറോസ് അദ്ദേഹത്തെ അതിക്രൂരങ്ങളായ പീഡനങ്ങൾ അനുഭവിപ്പിച്ചു വധിപ്പിക്കുകയും ചെയ്തു: കുസ്രുവിനെ വധിച്ചവൻെറ അവസാനവും വിചിത്രമാണ്. കുസ്രുവിനെ വധിക്കുവാൻ സിറോസ് നിയോഗിച്ച മനുഷ്യൻെറ പിതാവിനെ കുസ്രു ചക്രവൎത്തിയായിരുന്നപ്പോൾ ഒരു കുററത്തിനു വധിപ്പിക്കുകയുണ്ടായി. ഇതു നിമിത്തം അയാൾക്കു കുസ്രുവിനോടു തോന്നിയിരുന്ന വൈരം അറിഞ്ഞാണ്

പിതാവിനെ ഫേമദണ്ഡുങ്ങൾ ഏല്പിച്ചു വധിക്കുവാൻ ആ മനുഷ്യനെത്തന്നെ സിറോസ് നിയോഗിച്ചതും. കുസ്രുവിനെ വധിച്ചു കഴിഞ്ഞതിനുശേഷം ആ ഘാതകൻ സന്തുഷ്ടനായി സമ്മാനം വാങ്ങുവാൻ സിറോസിൻെറ മുമ്പിൻ ചെന്നപ്പോൾ, 'താൻ തൻെറ പിതാവിനെ വധിപ്പിച്ച ആളിനെ വധിച്ചു സംതൃപ്തനായോ?' എന്നു സിറോസ് അയാളോടു ചോദിച്ചു. 'സംതൃപ്തനായി' എന്ന് ആ മനുഷ്യൻ മറുപടി പറഞ്ഞപ്പോൾ, 'എങ്കിൽ എൻ്റെ പിതാവിനെ വധിച്ച ആളിനെ കൊന്നു ഞാനും സംതൃപ്തി അടയട്ടെ' എന്നു പറഞ്ഞുകൊണ്ടു സിറോസ് അയാളെ വധിക്കുകയും ചെയ്തു.

കുസ്രുവിൻെറ മരണത്തെത്തുടന്നു പെർസ്യയിൽ ഉണ്ടായ അന്തഃഛിദ്രങ്ങളുടെ ഫലമായി ആ സാമ്രാജ്യത്തിൻെറ ശക്തി ക്ഷയിക്കുകയും, ഒരു ഇരുപത്തഞ്ചുവഷത്തിനകം അതിനെ അറബികൾ പിടിച്ചടക്കുകയും ചെയ്തു. ഇങ്ങിനെ ഹഷൻെറ ഭരണത്തിൻെറ പൂർവാദ്ധത്തിൽ അതിപ്രബലവും, അതിൻെറ ഉത്തരാദ്ധത്തിൽ അതിദുബ്ബലവുമായി ഭവിച്ചിരുന്ന ഒരു സാമ്രാജ്യമാണു പെർസ്യ. ഹഷനു പാരസികസാമ്രാജ്യവുമായി മൈത്രീബന്ധങ്ങൾ ഉണ്ടായിരുന്നില്ലെന്നു വിചാരിക്കുവാനാണു കാരണം കാണുന്നത്. സിന്ധ് രാജ്യത്തെ സംബന്ധിച്ചാണ് ഹഷനും പെർസ്യയും തമ്മിൽ നീരസം ജനിച്ചതെന്നും അനുമാനിക്കാം.

സ്കന്ദഗുപ്തൻെറ കാലത്തിനു മുമ്പു സിന്ധ് പാരസികചക്രവത്തികളുടെ മേൽക്കോയ്മയിൻകീഴിൽ സ്ഥിതിചെയ്തിരുന്നു. അതിനുശേഷം അതു ഗുപ്തചക്രവത്തികളുടെ മേൽക്കോയ്മയിൻകീഴിൽ വന്നു. ഗുപ്തരുടെ അധഃപതന

ത്തോടുകൂടി സിന്ദ് സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. സിന്ദിനെ ഭരിച്ചിരുന്ന മൌര്യവംശജരായ രാജാക്കന്മാർ ഗുപ്തന്മാരിൽനിന്നു സ്വതന്ത്രരായതിനു ശേഷം പാരസിക സാമ്രാജ്യവുമായി അടുപ്പമേറിയ മൈത്രീബന്ധത്തിൽ കഴിച്ചുകൂട്ടിയിരുന്നു എന്ന് ചില ഐതിഹ്യങ്ങളിൽനിന്ന് അനുമാനിക്കാവുന്നതാണ്. ചതുരംഗക്കളി കണ്ടുപിടിച്ച ഒരു പ്രസിദ്ധനായ സിന്ധുരാജാവിനേയും, ഏ. ഡി. ആറാം ശതാബ്ദത്തിൽ പാരസികസാമ്രാജ്യം ഭരിച്ചിരുന്ന കുസ്രു നൂഷീർവാൻ എന്ന വിശ്വവിശ്രുതനായ ചക്രവർത്തിയേയും തമ്മിൽ ഘടിപ്പിക്കുന്ന ഐതിഹ്യം ഈ ഐതിഹ്യങ്ങൾക്ക് ഒരു ഉദാഹരണമാണ്. ഇങ്ങിനെ പാരസികവുമായി സൌഹാർദ്ദബന്ധമുള്ളതും, അതിൻെറ അയൽപക്കത്തു സ്ഥിതിചെയ്തിരുന്നതുമായ സിന്ധുരാജ്യത്തെ ഹഷന്റെ പിതാവായ പ്രഭാകരവർദ്ധനൻ ആക്രമിച്ചതു പാരസിക ചക്രവർത്തികൾക്കു പുഷ്പഭ്രുതികളോടു നീരസമേ ജനിപ്പിക്കുകയുള്ളു എന്നു ന്യായമായി വിചാരിക്കാം. പ്രഭാകരവർദ്ധനൻ സിന്ധിനെ ആക്രമിച്ചപ്പോൾ പാരസികസാമ്രാജ്യം ഭരിച്ചിരുന്നതു്, ഒന്നുകിൽ കുസ്രു പാർവിസ്സിൻെറ പിതാവും ദുർബലനുമായ ഹോർമസ്ദോ, അല്ലെങ്കിൽ കുസ്രുപാർവിസ് തന്നെയോ ആയിരുന്നിരിക്കണം. കുസ്രു ആണെങ്കിൽ, ആ സംഭവം നടന്നതു് അദ്ദേഹത്തിൻെറ സിംഹാസനാരോഹണത്തിനു സമീപിച്ചും, അദ്ദേഹം പ്രബലനായിത്തീരുന്നതിനു മുമ്പും ആയിരിക്കുകയേയുള്ളു. കുസ്രു ശക്തനായിത്തുടങ്ങിയതോടു കൂടിയാണു ഹഷൻ സിംഹാസനാരോഹണം ചെയ്തതു്. കുസ്രു പാർവിസ് ജീവിച്ചിരിക്കുന്നിടത്തോളം കാലം ഹഷൻ സിന്ധുരാജ്യം ആക്രമിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. ആ പാര

സികചക്രവത്തിയുടെ മരണാനന്തരം പെർസ്യ ദൌർബല്യം പ്രാപിച്ചതിനു ശേഷമാണു ഹഷ്ൻ വളരെ പ്രബലനായ ഒരു ചക്രവത്തിയായതും, സിന്ധുരാജ്യത്തെ ആക്രമിച്ചതും.

ഹൈദ്രാബാദ് നാട്ടുരാജ്യത്തിൻെറ പശ്ചിമോത്തരഭാഗത്തു് സ്ഥിതിചെയ്യുന്ന സുപ്രസിദ്ധങ്ങളായ അജണ്ടാഗുഹകളിലുള്ള ഭിത്തിചിത്രങ്ങളുടെ കൂട്ടത്തിൽ ഒരു പാരസികരാജാവിൻെറ ദൂതന്മാർ ഒരു ഭാരതീയരാജാവിനെ സന്ദർശിക്കുന്നതിൻെറ ചിത്രം വരച്ചിട്ടുണ്ട്. ഇതു് കുസ്രൂപാർവിസിൻെറ ദൂതന്മാർ ചാലുക്യചക്രവത്തിയായ പുലകേശനെ സന്ദർശിച്ചതിനെയാണ് ചിത്രീകരിക്കുന്നതു് എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടേയും അഭിപ്രായം. എന്നാൽ ഏതാനും ചില പണ്ഡിതന്മാർ ഇതു് കുസ്രുവിൻെറ ദൂതന്മാർ ഹഷ്നെ നന്ദർശിച്ച രംഗമാണു കാണിക്കുന്നതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ ഒടുവിലത്തെ അഭിപ്രായം ശരിയല്ല. ഒന്നാമതായി, കുസ്രുവിൻെറ ഭരണകാലത്തു ഹഷ്ൻ പുലകേശിയെപ്പോലെ അതിശക്തനും പ്രസിദ്ധനുമായി ഭവിച്ചിരുന്നില്ല. കുസ്രുവിൻെറ മരണശേഷമാണ് ഹഷ്ന് അതിയായ പ്രാബല്യവും പ്രസിദ്ധിയും സിദ്ധിച്ചതു്. രണ്ടാമതായി, അജണ്ടാഗുഹകൾ പുലകേശിയുടെ സാമ്രാജ്യാതൃത്തികൾക്കകത്താകയാൽ അതിലെ ചിത്രങ്ങൾ പുലകേശിയെ സംബന്ധിച്ചവയായിരിക്കുവാനേ ഇടയുള്ളു. മൂന്നാമതായി, ഭാരതവും പെർസ്യയും തമ്മിൽ കടൽമാൎഗ്ഗമായും കരമാൎഗ്ഗമായും അന്നു കച്ചവടം നടന്നിരുന്നു എങ്കിലും, ഇതിന്റെ അധികം ഭാഗവും കടൽമാൎഗ്ഗമായിയാണു നടത്തിവന്നിരുന്നതു്. അതിനാൽ പാരസികചക്രവത്തി സൌഹാൎദ്ദ

ബന്ധം പുലർത്തിക്കൊണ്ടു പോകുവാൻ നോക്കുന്നതു് ഏറിയ ക്രൂരം പാരസികകപ്പലുകൾ അടുക്കുന്ന തുറമുഖങ്ങൾ സ്ഥിതിചെയ്യുന്ന രാജ്യത്തിലെ രാജാവിനോടായിരിക്കും. തങ്ങളുടെ വണിക്കുകളുടെ കടൽക്കച്ചവടം നിർവിഘ്നം നടത്തിച്ചുകൊണ്ടു പോകുന്നതിൽ പാരസിക ചക്രവർത്തികൾ സദാ താല്പര്യം കാണിച്ചിരുന്നു എന്നു് ഒരു സിലോൺ രാജാവു പാരസിക കച്ചവടക്കാരെ ഉപദ്രവിച്ചതിനു പ്രതികാരമായി കുസ്രു നൂഷീർവൻ ഒരു പാരസിക കപ്പൽപടയെ സിലോണിലേക്കു് അയച്ചു് സിലോൺ രാജാവിനെ തോല്പിച്ചു എന്നുള്ള ഐതിഹ്യം സൂചിപ്പിക്കുന്നുണ്ടു്. പാരസികരുമായി കച്ചവടം വടത്തിവന്ന തുറമുഖങ്ങളിൽ ഭൂരിഭാഗവും സ്ഥിതിചെയ്തിരുന്നതു പുലകേശിയുടെ സാമ്രാജ്യത്തിലായിരുന്നതിനാൽ, കുസ്രുവിൻെറ ദൂതന്മാർ ആ ചാലുക്യചക്രവർത്തിയെയാണു സന്ദർശിച്ചതു് എന്നു വേണം വിചാരിക്കേണ്ടതും. ഇങ്ങിനെ തന്റെ ശത്രുവായ പുലകേശിയെ പാരസികദൂതന്മാർ സന്ദർശിച്ചതു നിമിത്തം ഹർഷനു കുസ്രുവിനോടു സ്നേഹം തോന്നുവാനും ഇടയില്ല.

കുസ്രുവിനെപ്പോലെ സുപ്രസിദ്ധനും, ലോകത്തിൽ ഏതൽപര്യന്തം ഉണ്ടായിട്ടുള്ള ഏററവും മഹാന്മാരായ രാജാക്കന്മാരിൽ ഒരുവനുമായ ഒരു ചക്രവർത്തിയാണു ഹർഷൻെറ കാലത്തു് ചീനസാമ്രാജ്യം ഭരിച്ചിരുന്നതു്. ഏ. ഡി. ൬൨൭-മുതൽക്കു് ൬൪൯-വരെ നാടു വാണ ടാങ്ങ്‌വംശത്തിലെ ചക്രവർത്തിയായ ടൈട്സുങ്ങ് ആണു് ഇദ്ദേഹം. ഏ. ഡി. ൨൨൦-മുതൽക്കു് ൬൧൮-വരെ നിലനിന്നു ചീനത്തെ ദുർബ്ബലവും ക്ഷയോന്മുഖവുമാക്കിച്ചമച്ച ആഭ്യന്തരകലഹങ്ങളേയും, ടാർട്ടാർവർഗ്ഗങ്ങളുടെ ആക്രമ

ണാങ്ങളേയും അവസാനിപ്പിച്ച് ഒരു ശക്തിയേറിയ ചീന സാമ്രാജ്യം വീണ്ടും സ്ഥാപിച്ച മഹാനാണ ടൈട്സുങ് ചക്രവത്തി. തൻെറ ഭരണത്തിൻെറ പ്രാരംഭത്തിൽ കൊറിയ മുതൽക്ക കാസ്പിയൻകടൽവരെയുള്ള മദ്ധ്യഏഷ്യയിലെ പ്രദേശങ്ങളുടെ നാഥരായിരുന്ന തുക്കിവൎഗ്ഗക്കാരെ ടൈട്സുങ് തോല്പിച്ച്, അവരെക്കൊണ്ടു തന്റെ മേൽക്കോയ്മ സ്വീകരിപ്പിച്ചു. ചീനസാഹിത്യത്തേയും കലയേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. "സുവൎണ്ണദൎപ്പണം" എന്നൊരു ഗ്രന്ഥവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. തൻെറ സാമ്രാജ്യത്തിൻെറ ദക്ഷിണഅതൃത്തിയിൽ സ്ഥിതിചെയ്തിരുന്ന ശക്തിയേറിയ രാജ്യമായ ടിബററിലെ പ്രബലനായ രാജാവു സ്രോങ്ങ്ത്സൻ ഗംപോവിന് ഒരു ചീനരാജകുമാരിയെ കല്യാണം കഴിച്ചുകൊടുത്തു ടിബററിനെക്കൊണ്ടും തന്നെ മേൽക്കോയ്മയായി ടൈട്സുങ് അംഗീകരിപ്പിച്ചു.

ടിബററിലെ രാജാവായ സ്രോങ്ങ്ത്സൻ ഗംപോയും ഹഷൻെറ സുപ്രസിദ്ധനായ ഒരു സമകാലീനനായിരുന്നു. ഭിന്നിച്ചുകിടന്നിരുന്ന ടിബററിലെ വൎഗ്ഗക്കാരെ അയൽവാസികളായ തുക്കികളുടെ നേക്കു നയിച്ചു വിജയം നേടി ടിബററിൽ ഒരു ശക്തിയേറിയ ഏകീകൃതഭരണം സ്ഥാപിച്ച മഹാനാണ് ഏ. ഡി. ൬൫൦-വരെ നാടുവാണിരുന്ന സ്രോങ്ങ്ത്സൻ ഗംപോ. ചീനവുമായി പോരാടി ഒരു ചീനരാജകുമാരിയെ വിവാഹംചെയ്തതിനു ശേഷം, ചീനയുടെ നാമമാത്രമായ മേൽക്കോയ്മ അംഗീകരിച്ച് അപരിഷ്കൃതരായ തൻെറ നാട്ടുകാരുടെ ഇടയ്ക്കു ബുദ്ധമതവും ചീനപരിഷ്കാരവും ഇദ്ദേഹം സ്ഥാപിക്കുകയുണ്ടായി. സ്രോങ്ങ്ത്സൻ ഗംപോയെ ഇന്നും ടിബററു

കാർ തങ്ങളുടെ നാട്ടിൽ ആദ്യമായി പരിഷ്കാരം സ്ഥാപിച്ച അവലോകിതേശ്വരബോധിസത്വന്റെ ഒരു അവതാരമായി ബഹുമാനിച്ചുവരുന്നു. ടിബററിലെ ഭാഷയ്ക്കു് ഇദ്ദേഹത്തിന്റെ കാലംവരെ ലിപികൾ ഉണ്ടായിരുന്നില്ല. ഈ കുറവു പരിഹരിക്കുവാനായി ഇദ്ദേഹം തന്റെ ഒരു പ്രസിദ്ധമന്ത്രിയും പണ്ഡിതനുമായ തൊമ്മിസംഭോടനെ പുറമേ അയച്ച് ടിബററിനു വടക്കുപടിഞ്ഞാറു സ്ഥിതിചെയ്തിരുന്ന ഖോട്ടാൻരാജ്യത്തിൽ അന്നു പ്രചരിച്ചിരുന്ന ഒരു ലിപിമാലയെ ടിബററിലേക്കു കൊണ്ടുവരുവിച്ചു. ഭാരതത്തിൽ ഗുപ്തചക്രവത്തികളുടെ കാലത്തു നടപ്പിലിരുന്നിരുന്ന ഗുപ്തലിപികളെ ആസ്പദിച്ചു സൃഷ്ടിക്കപ്പെട്ടതായിരുന്നു ഖോട്ടാനിലെ പ്രസ്തുത ലിപി. ഇതിനെ പണ്ഡിതാഗ്രേസരനായ തൊമ്മി സംഭോടൻ ചില ഭേദഗതികളോടുകൂടി ടിബററിലെ ഭാഷ എഴുതുന്നതിന് ഉപയോഗിച്ചു. ഇങ്ങിനെ ബുദ്ധമതവും, ഒരു ഭാരതീയ ലിപിയും ടിബററുകാർ സ്വീകരിച്ചതിനാൽ, സ്രോങ്ങ്ത്സൻ ഗംപോയുടെ കാലത്ത് ടിബററിനു ചീനത്തോടു മാത്രമല്ല, ഭാരതത്തോടും സംസ്കാരപരമായ അടുപ്പം ഉണ്ടായി. പ്രായേണ ഒരു ഭാരതീയനെന്നു ഗണിക്കാവുന്ന നേപ്പാളരാജ്യത്തിലെ സൂര്യവംശരാജാവ് അംശുവമ്മനെ കൊണ്ടു സ്രോങ്ങ്ത്സൻ ഗംപോ തന്റെ മേൽക്കോയ്മ സ്വീകരിപ്പിക്കുകയും, ആ നേപ്പാളരാജാവിന്റെ ഒരു പുത്രിയെ അദ്ദേഹം വേൾക്കുകയും ചെയ്തിരുന്നു. ഇതും ടിബററും ഭാരതവുമായുള്ള ബന്ധത്തെ ബലപ്പെടുത്തുകയാണു ചെയ്തതു്.

ഹഷന്റെ കാലത്തുള്ള ഏഷ്യയിലെ രണ്ടു ശക്തിയേറിയ സാമ്രാജ്യങ്ങൾ പാരസികസാമ്രാജ്യവും, ചീനസാ

മ്രാജ്യവുമായിരുന്നു. ഇവയിൽ പാരസികസാമ്രാജ്യത്തോടു ഹഷ്നു മൈത്രീബന്ധം ഉണ്ടായിരുന്നില്ലെന്നു മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. നേരേ മറിച്ച് ഹഷ്ൻ ചീനവു മായി മൈത്രീബന്ധം സ്ഥാപിക്കുന്നതിനു ശ്രമിച്ചിരുന്നു. തന്റെ ഭരണത്തിന്റെ അന്ത്യകാലത്താണ് അദ്ദേഹം ഈ ഉദ്യമം തുടങ്ങിയതു്. ഏ. ഡി. ന്നൂർ൫-ൽ ഹഷ്ൻ ചീനചക്രവൎത്തിയായ ടൈട്സുങിന്റെ രാജധാനിയി ലേക്കു വിലയേറിയ സമ്മാനങ്ങളോടുകൂടി തന്റെ രാജ ദൂതനെ അയച്ചു ചീനവുമായി സഖ്യം ചെയ്തു. രണ്ടു വൎഷം കഴിഞ്ഞതിനു ശേഷം ഹഷ്ന്റെ ദൂതൻ ചീനച ക്രവൎത്തി ഹഷ്ന്റെ രാജധാനിയിലേയ്ക്കു് അയച്ച രാജദൂത നോടുകൂടി കന്യാകുബ്ജത്തിലേക്കു തിരിച്ചുവന്നു. ചീന രാജദൂതൻ രണ്ടു വൎഷത്തിലധികം കാലം ഹഷ്ന്റെ രാജ ധാനിയിൽ പാൎക്കുകയും ചെയ്തു.

ചീനചക്രവൎത്തിയായ ടൈട്സുങ് രണ്ടാമത്തും വില യേറിയ സമ്മാനങ്ങളോടുകൂടി തന്റെ മറെറാരു രാജദൂത നെ ഹഷ്ന്റെ തലസ്ഥാനത്തേയ്ക്കു് അയച്ചു. ഈ ദൂതൻ രാജധാനിയിൽ എത്തുന്നതിനു മുമ്പ്, അതായതു്, ഏ. ഡി. ന്നൂർ൬-ൽ, ഹഷ്ൻ കാലധൎമ്മം പ്രാപിച്ചിരുന്നു. ഹഷ്ന്റെ മരണാനന്തരം രാജ്യം കരസ്ഥമാക്കിയ ഹഷ് ന്റെ മന്ത്രിയായ അരുണാശ്വൻ, അഥവാ, അൎജ്ജുനൻ, ഹർഷൻ ജീവിച്ചിരിക്കുന്നു എന്നു വിചാരിച്ചു രാജധാനി യിലേക്കു വന്ന ചീനരാജദൂതനോടു യുദ്ധം ചെയ്തു്, അദ്ദേ ഹത്തിന്റെ അനുചരന്മാരിൽ പലരേയും വധിക്കുകയും, അവർ കൊണ്ടുവന്നിരുന്ന സമ്മാനങ്ങളെ അപഹരിക്കു കയും ചെയ്തു. വങ്യുവൻത്സേ എന്ന പേരുള്ള ചീന രാജദൂതൻ ശത്രുക്കളിൽനിന്നു രക്ഷപ്പെട്ടു നേപ്പാളത്തി

ലേക്കു് ഓടിപ്പോയി. അനന്തരം ചീനചക്രവൎത്തിയുടെ ബന്ധുവായ ടിബററിലെ സ്രൊങ്ങ്ത്സൻഗംപോയും, ഇദ്ദേഹത്തിൻെറ സാമന്തനും ശക്തനുമായ അംശുവൎമ്മനും കൂടി ഒരു സൈന്യത്തെ ചീനരാജദൂതനായ വങ്ങ്യു വൻത്സേയുടെ കീഴിൽ അരുണാശ്വൻെറ നേക്കു് അയച്ചു. ഇവർ തമ്മിൽ നടന്ന യുദ്ധത്തിൽ ചീനരാജദൂതനു് അരുണാശ്വനെ തടവുകാരനായി പിടിക്കുവാൻ കഴിഞ്ഞു. അനന്തരം ആ രാജദൂതൻ അരുണാശ്വനെ ചീനത്തേയ്ക്കു കൊണ്ടുപോയി ടൈട്സുങ്ങ് ചക്രവൎത്തിക്കു കാഴ്ച വയ്ക്കുകയും ചെയ്തു.

---

## അദ്ധ്യായം ൯.

---

മുകളിൽ വിവരിച്ച പ്രകാരം ഹിമാലയം, നൎമ്മദ ബ്രഹ്മപുത്രനദി, സിന്ധുനദി എന്നിവ സീമകളായിട്ടുള്ള ഒരു വിസ്തീൎണ്ണസാമ്രാജ്യം സ്ഥാപിച്ചതിനു ശേഷം ഹൎഷൻ അതിനെ കാൎയ്യക്ഷമമായ രീതിയിൽ ഭരിച്ചു. ഹൎഷൻെറ ദിനചൎയ്യ യുവൻചാങ്ങ് ഇപ്രകാരം വിവരിച്ചിരിക്കുന്നു:- "അദ്ദേഹം ദിവസത്തെ മൂന്നു ഭാഗങ്ങളായി വിഭജിച്ചിരുന്നു. ആദ്യത്തെ ഭാഗത്തിൽ അദ്ദേഹം രാജ്യഭരണസംബന്ധമായ കാൎയ്യങ്ങൾ അന്വേഷിച്ചുവന്നു. രണ്ടാമത്തെ ഭാഗത്തിൽ അദ്ദേഹം മതസംബന്ധമായ കൎമ്മങ്ങളിൽ ഏൎപ്പെട്ടിരുന്നു. അതിനു് അദ്ദേഹത്തിനു സമയം മതിയാകാത്തതു തോന്നി." മൂന്നാമത്തെ ഭാഗത്തിൽ ഹൎഷൻ എന്തു ചെയ്തിരുന്നുവെന്നു

ഹൎഷൻെറ ഭരണരീതിയും, സാമാന്യജനങ്ങളുടെ ജീവിതരീതിയും.

നമ്മുടെ സഞ്ചാരി പറയുവാൻ വിസ്മരിക്കുന്നെങ്കിലും അതു് എന്തായിരുന്നിരിക്കണമെന്നു നമുക്കു കൌടില്യന്റെ അത്ഥശാസ്ത്രത്തിൽനിന്നും അശോകൻെറ ശാസനങ്ങളിൽ നിന്നും അനുമാനിക്കാം. ദിവസത്തിൻെറ അന്ത്യഭാഗത്തിൽ അദ്ദേഹം അശോകനെപ്പോലെ ആരാമത്തിൽ ഇരുന്നു വിശ്രമിക്കുകയോ, തൻെറ രാജധാനിയിലുള്ള സാഹിത്യകുശലന്മാരോടു സൈ്വരസല്ലാപം ചെയ്യുകയോ ചെയ്തിരുന്നുവെന്നു നമുക്കു വിശ്വസിക്കാം.

ഹർഷൻ തൻെറ പ്രജകളെ സാമന്തന്മാരുടേയോ ഉദ്യോഗസ്ഥന്മാരുടേയോ സ്വേച്ഛാഭരണത്തിനു വിട്ടുകൊടുക്കാതെയിരിക്കുവാൻ കഴിയുന്നിടത്തോളം ശ്രമിച്ചു. "കൂടെക്കൂടെ അദ്ദേഹം തൻെറ സാമ്രാജ്യവിഭാഗങ്ങളിൽ സഞ്ചരിച്ചു പ്രജകളുടെ സ്ഥിതി അന്വേഷിച്ചറിഞ്ഞു; അദ്ദേഹം ഒരു സ്ഥലത്തുതന്നെ എല്ലായ്പോഴും താമസിച്ചിരുന്നില്ല. ഓരോ സ്ഥലങ്ങളിൽ നിവസിക്കുവാനായി അദ്ദേഹം അപ്പൊഴപ്പോൾ ഭവനങ്ങൾ തീൎപ്പിച്ചിരുന്നു. വർഷകാലം മൂന്നു മാസം മാത്രമേ അദ്ദേഹം സഞ്ചാരങ്ങളിൽ നിന്നു വിരമിച്ചിരുന്നുള്ളു." ഇപ്രകാരമാണു യുവൻ ചാങ് ഹർഷൻെറ സഞ്ചാരങ്ങളെ വൎണ്ണിച്ചിരിക്കുന്നതു്.

അക്രമികളായ ഉദ്യോഗസ്ഥന്മാരെ ഹൎഷൻ കഴിയുന്നിടത്തോളം ശിക്ഷിക്കുകയും സത്സ്വഭാവികളായവരെ സമ്മാനിക്കുകയും ചെയ്തു. യുവൻചാങ് ഇതിനെ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു:—"സമീപസ്ഥന്മാരായ രാജാക്കന്മാരും അവരുടെ മന്ത്രിമാരും ധൎമ്മനിബന്ധനകളെ നിരന്തരമായി അനുസരിച്ചു ഗുണവാന്മാരായി ജീവിക്കുകയാണെങ്കിൽ, അദ്ദേഹം അവരുടെ കൈയ്യു പിടിച്ചു്

തന്നോടുകൂടി സിംഹാസനത്തിൽ ഇരുത്തിയിരുന്നു. എന്നാൽ ഇതിനു വിപരീതമായ സ്വഭാവമുള്ളവരുടെ മുഖത്തു നോക്കുന്നതിനുപോലും അദ്ദേഹം വൈമനസ്യം കാണിച്ചു."

തന്റെ വിസ്തീർണ്ണമായ സാമ്രാജ്യത്തെ ഹർഷൻ പാരമ്പര്യേണ ഭരിക്കുവാൻ അവകാശമുള്ള മഹാസാമന്തന്മാരെക്കൊണ്ടും, താൻ നേരിട്ടു നിയമിച്ച ഉദ്യോഗസ്ഥന്മാർമുഖേനയും ആണു ഭരിച്ചതു്. സാമന്തരാജാക്കന്മാരുടെ ഭരണാതൃത്തികൾക്കു പുറമെയുള്ള പ്രദേശങ്ങൾ ഹർഷന്റെ കാലത്തിൽ പല ഭുക്തികളായും, ഓരോ ഭുക്തിയും പല വിഷയങ്ങളായും വിഭജിക്കപ്പെട്ടിരുന്നു. ഒരു വിഷയത്തിൽ അനേകം ഗ്രാമങ്ങൾ അടങ്ങിയിരുന്നു. മഹാസാമന്തന്മാർ, മഹാരാജാക്കന്മാർ, ദൌഃസാധസാധനികന്മാർ, പ്രമാതാരന്മാർ, രാജസ്ഥാനീയന്മാർ, കുമാരാമാത്യന്മാർ, ഉപരികന്മാർ, വിഷയപതികൾ എന്ന ഭരണാധികാരികളും ഉദ്യോഗസ്ഥന്മാരും ഹർഷന്റെ കീഴിൽ ഭരണകർമ്മം നിർവഹിച്ചുവന്നുവെന്നു് അദ്ദേഹത്തിന്റെ ശാസനങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം. ഇവരിൽ മഹാസാമന്തന്മാരും, മഹാരാജാക്കന്മാരും പാരമ്പര്യേണ ഭരിക്കുവാൻ അവകാശമുള്ള നാടുവാഴികളും, പ്രാചീനരാജവംശങ്ങളിൽ ജനിച്ചവരും ആയിരുന്നു. മററുള്ളവരെ ഹർഷൻ തന്നെ നിയമിക്കുകയും മാററുകയും ചെയ്തു. ഇവൎക്കു പുറമെ രാജധാനിയിലുള്ള ഒരു മന്ത്രിസഭ അദ്ദേഹത്തെ ഭരണകാൎയ്യത്തിൽ സഹായിച്ചു. സേനാധിപതിയും, സന്ധിവിഗ്രഹാധികൃതനും മററും ഈ മന്ത്രിസഭയുടെ അംഗങ്ങളായിരുന്നു: കൂടാതെ, രാജശാസനങ്ങളേയും മററും വെച്ചു സൂക്ഷിക്കുന്നതിനു ചുമതലയുള്ള മഹാക്ഷ

പടലാധികരണാധികൃതൻ എന്ന ഒരു പ്രധാന ഉദ്യോഗസ്ഥനും അദ്ദേഹത്തിൻെറ രാജധാനിയിൽ ഉണ്ടായിരുന്നു.

യുവൻചാങ്ങ് അക്കാലത്തെ സൌമ്യമായ ഭരണരീതിയെക്കുറിച്ച് ഇപ്രകാരം പറയുന്നുണ്ട്:—"സകല ഭരണനിയമങ്ങളും ദയാസമ്പൂൎണ്ണങ്ങളായിരുന്നതിനാൽ, രാജ്യകാൎയ്യനിൎവ്വഹണത്തിനു പ്രതിബന്ധങ്ങൾ ഉണ്ടാകാറില്ല. ജനങ്ങളെ സൎക്കാർ തലക്കണക്കിൽ കൊള്ളിച്ചിരുന്നില്ല. പ്രതിഫലം കൂടാതെ ബലാൽക്കാരേണ ജനങ്ങളെക്കൊണ്ടു സൎക്കാർ ഉദ്യോഗസ്ഥന്മാർ സൎക്കാർവക ജോലികൾ ചെയ്യിച്ചിരുന്നില്ല. രാജാവിൻെറ പ്രത്യേക വസ്തുക്കൾ നാലായി വിഭജിക്കപ്പെട്ടിരുന്നു. ആദ്യഭാഗത്തെ രാജ്യഭരണം, ബലികൾ ഇവയുടെ ചെലവിലേയ്ക്കും, രണ്ടാമത്തെ ഭാഗം അമാത്യന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും ശമ്പളം വകയ്ക്കും, മൂന്നാമത്തെ ഭാഗം പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും, നാലാമത്തെ ഭാഗം മതസംബന്ധമായ ദാനങ്ങൾക്കും അവർ ഉപയോഗപ്പെടുത്തി. ഇതിനാൽ ജനങ്ങൾ സൎക്കാരിലേയ്ക്കു കൊടുക്കേണ്ട കരവും, സൎക്കാരിനു വേണ്ടി ചെയ്യേണ്ടതായ ജോലികളും ലഘുവായിരുന്നു. പ്രജകളിൽ ഓരോരുത്തരും അവനവൻെറ സ്വത്തുക്കളെ സമാധാനപൂൎവ്വം അനുഭവിക്കുകയും, എല്ലാവരും ഉപജീവനാൎത്ഥം അവരുടെ പാടങ്ങളിൽ കൃഷി ചെയ്യുകയും ചെയ്തിരുന്നു. രാജാവിൻെറ കുടിയാനവന്മാർ അദ്ദേഹത്തിനു വിളവിൽ ആറിൽ ഒരംശം മാത്രമേ മിച്ചവാരമായി കൊടുത്തിരുന്നുള്ളു. കച്ചവടക്കാർ വ്യാപാരത്തിനായി അങ്ങോട്ടുമിങ്ങോട്ടും യഥേഷ്ടം സഞ്ചരിച്ചുകൊണ്ടിരുന്നു. നദികളിലുള്ള കടത്തുകളിലും, രാജമാൎഗ്ഗങ്ങളിലുള്ള ചവുക്കസ്ഥലങ്ങളിലും അധികാരികൾ ഒരു

ലഘുവായ ചുങ്കം പിരിച്ചിരുന്നു. സക്കാർ വക പണി കൾക്കു കൂലി കൊടുത്തു മാത്രമേ ജനങ്ങളെക്കൊണ്ടു വേല ചെയ്യിച്ചിരുന്നുള്ളു. ജോലിക്കു തക്കവണ്ണം സക്കാർ കൂലി നൽകിയിരുന്നു. ഭടന്മാർ രാജ്യസീമകളെ കാക്കു കയും ശത്രുക്കളോടു യുദ്ധംചെയ്യുകയും ചെയ്തു. രാത്രികാ ലങ്ങളിൽ അവർ രാജമന്ദിരങ്ങളിൽ കാവൽ നിന്നിരുന്നു. ആവശ്യത്തിനു വേണ്ടിടത്തോളം സൈന്യങ്ങളെ മാത്രമേ ഭാരതീയരാജാക്കന്മാർ ശേഖരിച്ചിരുന്നുള്ളു. അവർ ഭട ന്മാക്കു പ്രതിഫലം കൊടുക്കാമെന്നു പറഞ്ഞാണു് അ വരെ പരസ്യമായി സൈന്യത്തിൽ ചേത്തിരുന്നതു്. ഉദ്യോ ഗസ്ഥന്മാർ, മന്ത്രിമാർ എന്നിവക്കു പ്രതിഫലമായി ഭൂസ്വത്തുക്കളാണു് രാജാക്കന്മാർ നൽകി വന്നിരു ന്നതു്."

ഹർഷന്റെ കാലത്തെ ന്യായപരിപാലനരീതി യുവൻചാങ്ങ് ഇപ്രകാരം വണ്ണിച്ചിരിക്കുന്നു:—"ഭാരതത്തി ലെ സാധാരണ ജനങ്ങൾ ജാത്യാൽതന്നെ പ്രസന്നരാ ണെങ്കിലും, അവർ സത്യസന്ധന്മാരും അഭിമാനികളും കൂടി ആണു്. പണം സംബന്ധിച്ച കാര്യങ്ങളിൽ അവക്കു കപടം ഉണ്ടായിരുന്നില്ല. ന്യായപരിപാലനത്തിൽ അവർ ദയ കാണിച്ചിരുന്നു. പരലോകത്തിൽ വെച്ചു് ഉണ്ടാകു വാൻ പോകുന്ന ശിക്ഷകളെയാണു് അവർ ഇഹലോക ശിക്ഷകളെക്കാൾ അധികം ഭയന്നിരുന്നതു്............ കുററം ചെയ്യുന്നവരും, രാജദ്രോഹികളും അവരുടെ ഇട യിൽ അധികം ഉണ്ടായിരുന്നില്ല. ഇവരിൽനിന്നു ജന ങ്ങൾ അപൂർവ്വമായി മാത്രമേ സങ്കടം അനുഭവിച്ചിരുന്നുള്ളു. നിയമലംഘനമോ, രാജദ്രോഹമോ ഒരുവൻ ചെയ്യു മ്പോൾ, അതിനെക്കുറിച്ചു് അവർ അന്വേഷണം നടത്തി

അവനെ കാരാഗൃഹത്തിൽ പാർപ്പിക്കുന്നു. അവർ ദേഹദണ്ഡം വിധിക്കുക പതിവില്ല. ദണ്ഡ്യന്മാർ മരിച്ചാലും ശരി, ജീവിച്ചിരുന്നാലും ശരി,—അവരെ മനുഷ്യരായി അവർ പരിഗണിക്കുന്നില്ല. മര്യാദഹീനമായ കർമ്മമോ, അന്യായമോ, വിശ്വാസവഞ്ചനയോ, ഗുരുജനദ്രോഹമോ ഒരുത്തൻ ചെയ്താൽ, അവൻെറ നാസികയേയൊ, കണ്ണുങ്ങളേയൊ, കരങ്ങളേയൊ, പാദങ്ങളേയൊ അവർ ഛേദിക്കുന്നു. ചിലപ്പോൾ ഈ പ്രവൃത്തികൾ ചെയ്യുന്നവരെ അവർ നാടുകടത്തുകയോ, വനങ്ങളിലേയ്ക്കു് ഓടിക്കുകയോ ചെയ്യും. അന്യ കുററങ്ങൾക്കു് അവർ ഒരു പിഴ മാത്രമേ വിധിക്കാറുള്ളു. കുററം ചെയ്തവനെക്കൊണ്ടു കുററം സമ്മതിപ്പിക്കുന്നതിനായി അവർ അവനെ പീഡിപ്പിച്ചിരുന്നില്ല. കുറ്റക്കാരനെ വിസ്തരിക്കുമ്പോൾ, അവൻ സത്യം പറയുകയാണെങ്കിൽ, അവർ അവനു ലഘുവായ ശിക്ഷ മാത്രമേ വിധിച്ചിരുന്നുള്ളു. എന്നാൽ അവൻ കുററം ചെയ്തില്ലെന്നു ശഠിക്കുകയോ, തൻെറ കുററത്തെ നിസ്സാരമായി വിചാരിക്കുകയോ ചെയ്യുന്നുവെങ്കിൽ, സത്യം കണ്ടുപിടിക്കുന്നതിനായി അവർ പരീക്ഷകൾ നടത്തുക പതിവാണു്.

ജലപരീക്ഷ, അഗ്നിപരീക്ഷ, തുലാപരീക്ഷ, വിഷപരീക്ഷ എന്നു നാലു വിധത്തിലായിരുന്നു ഈ പരീക്ഷകൾ. ജലപരീക്ഷയിൽ അവർ കുറ്റക്കാരനെ ഒരു ചാക്കിൽ കെട്ടി അതിൽ ഒരു കല്ലും ബന്ധിച്ചു് ജലം നില്ക്കുന്ന അഗാധമായ സ്ഥലത്തു് അവനെ എറിയുന്നു. അവൻ താഴുകയും കല്ലു പൊങ്ങിക്കിടക്കുകയും ചെയ്യുകയാണെങ്കിൽ അവനെ കുറ്റക്കാരനായും, അവൻ പൊങ്ങിക്കിടക്കുകയും, കല്ലു താഴുകയും ചെയ്യുകയാണെങ്കിൽ, അവനെ നിരപ

രാധിയായും അവർ പരിഗണിക്കുന്നു. അഗ്നിപരീക്ഷയിൽ ഒരു ഇരുമ്പുപലക പഴുപ്പിച്ചതിനു ശേഷം കുറ്റക്കാരനോട്ട് അതിൽ ചവിട്ടുവാനും, കരംകൊണ്ട് അതിൽ സ്പർശിക്കുവാനും, നാക്കുകൊണ്ട് അതിനെ നക്കുവാനും അവർ ആജ്ഞാപിക്കുന്നു. ഇതിൽനിന്ന് അവൻ ക്ഷതാംഗനായി ഭവിച്ചിരുന്നില്ലെങ്കിൽ, അവനെ നിരപരാധിയായും, അപ്രകാരമായിത്തീൎന്നിരുന്നാൽ കുററക്കാരനായും അവർ വിചാരിക്കുന്നു. ഈ പരീക്ഷ സഹിക്കുവാൻ ധൈൎയ്യവും ശക്തിയും ഒരു കുററക്കാരന് ഉണ്ടായിരുന്നില്ലെങ്കിൽ, അവർ ഒരു പൂമൊട്ട് എടുത്ത് അഗ്നിയിൽ എറിയുന്നു. അതു വിടരുകയാണെങ്കിൽ അവൻ നിരപരാധിയാണെന്നും, അതു ദഹിച്ചുപോകുകയാണെങ്കിൽ അവൻ കുററക്കാരനാണെന്നും അവർ വിശ്വസിക്കുന്നു. തുലാപരീക്ഷയിൽ കുറ്റക്കാരനേയും, അവനു തുല്യമായ ഘനമുള്ള ഒരു കല്ലിനേയും തുലാത്തിൻെറ ഓരോ തട്ടുകളിൽ അവർ നിക്ഷേപിക്കുന്നു. അവൻ താഴുകയാണെങ്കിൽ അവൻ കുറ്റം ചെയ്തിട്ടില്ലെന്നും, കല്ലു താഴുകയാണെങ്കിൽ അവൻ കുററക്കാരനാണെന്നും അവർ അനുമാനിക്കുകയും ചെയ്യും. വിഷപരീക്ഷയിൽ അവർ ഒരു ആടിൻെറ തുടയിൽ ഒരു മുറിവുണ്ടാക്കി കുററക്കാരൻെറ ഭക്ഷണസാധനത്തിൻെറ ഒരു അംശത്തിൽ പല വിഷങ്ങളും ചേൎത്ത് ആ മുറിവിൽ അതിനെ വയ്ക്കുന്നു. ഇതിൽനിന്ന് ആ ആടു മരിക്കുകയാണെങ്കിൽ അവൻ കുററക്കാരനാണെന്നും, അതു ജീവിക്കുകയാണങ്കിൽ അവൻ നിരപരാധിയാണെന്നും അവർ കരുതുന്നു. ഏവംവിധങ്ങളായ പരീക്ഷാചതുഷ്ടയംമുഖേനയാണ് അവർ കുറ്റങ്ങളെ നിരോധിച്ചിരുന്നതു്." ഇപ്രകാരം യുവൻചാങ് ഭാരതീയരുടെ ന്യായപരിപാലന

ക്രമത്തിൻെറ മാഹാത്മ്യത്തേയും, കാര്യക്ഷമതയേയും വാഴ്ത്തിയിരിക്കുന്നുവെങ്കിലും, ആ തീർത്ഥയാത്രക്കാരനെ ഗംഗാനദിയിൽ വച്ചു കടൽക്കൊള്ളക്കാർ ഹനിക്കുവാൻ ഉദ്യമിച്ചതു് ഈ അവസരത്തിൽ സ്മരണീയമാണുതാനും.

ഹർഷൻെറ കാലത്തുള്ള ഭാരതീയസൈന്യങ്ങളെക്കുറിച്ചു യുവൻചാങ് ഇപ്രകാരം സാമാന്യമായി പറഞ്ഞിരിക്കുന്നു:—"ഭാരതീയസൈന്യങ്ങളിലെ പ്രധാന ഭടന്മാർ ഏററവും ധൈര്യശാലികളായ ജനങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണു്. ഭടവൃത്തി അവർ പാരമ്പര്യേണ അനുകരിച്ചു വന്നതിനാൽ, അവർ യുദ്ധക്രമങ്ങളിൽ വേഗത്തിൽ വിദഗ്ദ്ധന്മാരായിത്തീർന്നിരുന്നു. സമാധാനകാലങ്ങളിൽ അവർ രാജമന്ദിരങ്ങൾക്കു സമീപം നിവസിച്ചിരുന്നു. യുദ്ധകാലങ്ങളിൽ സൈന്യത്തിൻെറ മുന്നണിയിലാണു് അവർ യാത്ര ചെയ്തിരുന്നതു്. ഭാരതീയസൈന്യങ്ങളിൽ പദാതി, അശ്വസൈന്യം, ഗജസൈന്യം, രഥസൈന്യം എന്നു നാലു വിഭാഗങ്ങൾ ഉണ്ടായിരുന്നു. ഗജങ്ങൾക്കു് അഭേദ്യമായ തനുത്രാണങ്ങളും, കൊമ്പുകളിൽ കൂർത്ത ആയുധങ്ങളും ഉണ്ടായിരുന്നു. സേനാപതികൾ നാലു കുതിരകളെ കെട്ടിയ രഥങ്ങളിൽ ഇരുന്നു സൈന്യത്തെ നയിച്ചുവന്നു. സേനാപതിക്കു പുറമെ ഓരോ രഥത്തിലും രണ്ടു സാരഥികളും ഉണ്ടായിരിക്കും. സേനാപതിയുടെ രഥങ്ങൾക്കു ചുററും അംഗരക്ഷകന്മാരായ ഭടന്മാരും നിന്നിരുന്നു. സൈന്യത്തിൻെറ മുന്നണിയിൽനിന്നു ശത്രുവിൻെറ ആക്രമണത്തെ ചെറുക്കുന്നതു് അശ്വഭടന്മാരാണു്. പരാജയവേളകളിൽ സേനാനിയുടെ ആജ്ഞകളെ അങ്ങുമിങ്ങും വഹിച്ചുകൊണ്ടു പോകുന്നതും അവർ തന്നെ. പദാതിസൈന്യം

വേഗത്തിൽ ശത്രുവിനെ തോല്പിക്കുന്നതിൽ സഹായിക്കു ന്നു. ധൈര്യശാലികളേയും കായബലമുള്ളവരേയും ആണ് അവർ പദാതികളായി തിരഞ്ഞെടുത്തിരുന്നത്. ഇവ രുടെ ആയുധങ്ങൾ ദീർഘകുന്തങ്ങളും, വലിയ പരിച കളുമായിരുന്നു. ചിലപ്പോൾ ഇവർ ഖഡ്ഗപാണിക ളായി മുമ്പോട്ടു ചെന്നു ശത്രുവിനെ എതിർക്കുന്നു. ഇവ രുടെ ആയുധങ്ങളെല്ലാം കൂർത്ത അഗ്രങ്ങളോടുകൂടിയവയും നിശിതങ്ങളും ആയിരുന്നു. പല തരത്തിലുള്ള കുന്തങ്ങൾ, പരിചകൾ, അമ്പുകൾ, വില്ലുകൾ, ഖഡ്ഗങ്ങൾ, കര വാളങ്ങൾ, മഴുകൾ, ശൂലങ്ങൾ, കവിണകൾ എന്നിവ യാണ് അവരുടെ ആയുധങ്ങൾ. ഇവയെ അവർ പ്രാചീ നകാലം മുതൽക്ക് ഉപയോഗിച്ചിരുന്നതാണു."

ഹർഷൻെറ കാലത്തെ സൈനികജീവിതരീതിയും, ജനസാമാന്യത്തിൻെറ ജീവിതത്തിൻെറ ചില വശങ്ങളും, ഹർഷൻെറ സൽഭരണത്തിൽപോലും ഉണ്ടായിരുന്ന ചില കുറവുകളും മനസ്സിലാക്കുന്നതിനു് അദ്ദേഹത്തിന്റെ പ്രഥമ ദിഗ്വിജയയാത്രയുടെ (അതായതു് അദ്ദേഹം ശശാങ്കനോടു യുദ്ധം ചെയ്യുവാൻ പുറപ്പെട്ട യാത്രയുടെ) പ്രാരംഭം ബാ ണൻ ഹർഷചരിതത്തിൽ വർണ്ണിച്ചിട്ടുള്ള ഭാഗത്തെപ്പോലെ മറെറാരു വിവരണവും ഉപകരിക്കുന്നതല്ല. അതിനാൽ പ്രസ്തുത ഭാഗം ചുവടെ ചേർക്കുന്നു:—

"അനന്തരം സകല ജന്തുക്കളും സുപ്തരായി നിശ്ശബ്ദത ലോകമെങ്ങും വ്യാപിച്ചിരുന്ന സമയമായ മൂന്നാംയാമ ത്തിൻെറ അന്ത്യത്തിൽ ദിക്കുഞ്ജരങ്ങളുടെ ജൃംഭണധ്വനി ക്കു തുല്യമായ ഗംഭീരനാദത്തോടുകൂടി പ്രയാണപടഹം മുഴങ്ങി. അല്പം കഴിഞ്ഞതിനുശേഷം അന്നു യാത്ര ചെയ്യേണ്ട ക്രോശസംഖ്യയെ സൂചിപ്പിക്കുവാനായി പി

ന്നെയും പടഹം എട്ടുപ്രാവശ്യം താഡിക്കപ്പെട്ടു. ഉടനെ പടഹങ്ങൾ, നാന്ദികൾ, കുഞ്ജങ്ങൾ, കാഹളങ്ങൾ എന്നീ വാദ്യങ്ങളുടെ ശബ്ദങ്ങളും, ശംഖുവിളിയും അവിടെ കേൾക്കമാറായി. ക്രമേണ ആ പാളയത്തിലെ കളകളരവം വൎദ്ധിച്ചുതുടങ്ങി. ഉദ്യോഗസ്ഥന്മാർ പരിജനങ്ങളെ ഉണൎത്തി. ചുററികകളുടെ ദ്രുതഘട്ടനങ്ങളിൽനിന്നും, പടഹക്കോലുകളിൽനിന്നും ജനിച്ച കോലാഹലം ദിക്കുകൾ ആസകലം നിറഞ്ഞു. പടത്തലവന്മാർ ഭടനിവാസരക്ഷകവൎഗ്ഗത്തെക്കൊണ്ടു ശരിയാകുംവണ്ണം ജോലി ചെയ്യിച്ചു. പരിജനങ്ങൾ കത്തിച്ച അസംഖ്യം തീവട്ടികൾ രാത്രിയുടെ ഇരുട്ടിനെ നശിപ്പിച്ചു. യാമക്കണക്ക് അറിയിക്കുന്ന ചേടികളുടെ ചരണചലനങ്ങൾ നിദ്രപ്രാപിച്ചിരുന്ന ദമ്പതികളെ ഉണൎത്തി. ഗജസൈന്യനായകന്മാരുടെ രൂക്ഷമായ ആജ്ഞകൾ നിദ്രാലുക്കളായ ആനക്കാരെ ജാഗരൂകരാക്കിത്തീൎത്തു. ഉണൎന്ന ഗജസമൂഹങ്ങൾ അവയുടെ ശയ്യാഗൃഹങ്ങളിൽനിന്നു പുറപ്പെട്ടു. അശ്വങ്ങൾ ഉണൎന്നു തങ്ങളുടെ സടകളെ ചലിപ്പിച്ചു. കൂടാരങ്ങളെ ഭൂമിയോടു ചേൎത്തുറപ്പിച്ചിരുന്ന കയറുകളെ മോചിപ്പിക്കുന്ന ചുററികകളുടെ നാദം ആ പാളയസ്ഥലമെങ്ങും മാറെറാലിക്കൊണ്ടു. ആനകളുടെ ഇടന്തുചങ്ങലകളുടെ ആണികൾ മാററപ്പെട്ടപ്പോൾ, അവ കിലുങ്ങിത്തുടങ്ങി. അശ്വഭടന്മാർ കൊണ്ടുവന്ന ചങ്ങലത്താക്കോലുകളുടെ കളരവം കേട്ടു കുന്തിക്കുന്ന കുതിരകൾ അവയുടെ കുളമ്പുകൾ വളച്ചു. ആനച്ചേവകർ മദയാനകളെ മോചിപ്പിക്കുമ്പോൾ അവയുടെ ചങ്ങലകളിൽനിന്നു പുറപ്പെട്ടുന്ന ഖനഖനനാദം പത്തുദിക്കുകളും നിറഞ്ഞു. പൊടി നിറഞ്ഞ കരിപ്പൃഷ്ഠങ്ങളെ വൈക്കോൽകൊണ്ടു തേച്ചു

മിനക്കി, നിറച്ച ചമ്മസഞ്ചികൾ അവയിൽ ആസനാത്ഥം വിരിച്ചിരുന്നു. കൂടാരങ്ങൾ ഉറപ്പിക്കുന്നവരുടെ ഭൃത്യന്മാർ ചെറിയ തരവും വലിയ തരവുമായ കൂടാരങ്ങളുടെ ജവനികകളേയും വിതാനങ്ങളേയും ചുരുട്ടിത്തുടങ്ങി. കൂടാര ആണികൾകൊണ്ടു തോൽസഞ്ചികൾ നിറഞ്ഞു. കലവറ വിചാരിപ്പുകാരന്മാർ സാമാനങ്ങൾ ശേഖരിച്ച് അവയെ വഹിച്ചുകൊണ്ടു പോകുവാനായി ആനച്ചേവകരെ ചുമതലപ്പെടുത്തി. ആനക്കാർ നിശ്ചലമായി നിറുത്തിയിരുന്ന ഗജങ്ങളിൽ സമീപഗൃഹങ്ങൾ നിറയത്തക്കവണ്ണം നിക്ഷേപിച്ചിരുന്ന കലശാദിപാത്രങ്ങൾ കേററപ്പെട്ടു. ദീർഘയാത്രകളിൽ തഴക്കം വന്നിട്ടുള്ള ഭൃത്യന്മാർ ദുഷ്ടദന്തികളുടെ പുറങ്ങൾ നിറയത്തക്കവണ്ണം സാമാനങ്ങളെ വേഗത്തിൽ നിക്ഷേപിച്ചു.

സൈന്യത്തോടു നടന്നെത്താത്ത തടിച്ചികളും, തന്മൂലം പരതന്ത്രരുമായ ഗണികകളെ കാണികൾ ചിരിക്കുമാറു ചിലർ മുന്നോട്ടു വലിച്ചിഴച്ചു. മദമത്തഗജങ്ങളുടെ പുറങ്ങളിൽ ഉണ്ടായിരുന്ന വിചിത്രങ്ങളായ പര്യാണങ്ങളെ അവയുടെ ദേഹങ്ങളോടു ചേർത്തുകെട്ടിയിരുന്ന ചരടുകളുടെ മുറുക്കത്താൽ അവയുടെ ഗാത്രങ്ങൾക്ക് സൈ്വരവിഹാരത്തിനു സൌകൎയ്യമില്ലാതായി ഭവിക്കുകയും, തന്നിമിത്തം അവ നിലവിളിക്കുകയും ചെയ്തു. ഗജസൈന്യങ്ങളിൽനിന്നു പുറപ്പെടുന്ന ഘണ്ടാടാങ്കാരം ശ്രോതാക്കൾക്കു കൎണ്ണജ്വരം നൽകി. ഒട്ടകങ്ങളിൽ ഭാരം കേററുമ്പോൾ, അതു തങ്ങൾക്ക് അസഹ്യമാണെന്ന് അറിയിക്കുവാനായി ആ മൃഗങ്ങൾ നിലവിളിച്ചു. കുലീനരായ കുലപുത്രരുടെ കളത്രങ്ങളുടെ വാഹനങ്ങൾ നിറച്ച് അഭിജാതരായ രാജപുത്രരുടെ ധൂൎത്തരായ ദൂതന്മാരെ കാണാമാ

യിരുന്നു. ഗമനസമയം അറിയാതെയിരുന്ന ഗജഭട ന്മാർ പുതിയ ഭൃത്യന്മാരെ അന്വേഷിച്ചു. രാജപ്രസാദ ത്താൽ പ്രഖ്യാതരായി ഭവിച്ച പദാതിഭടന്മാർ രാജാവി ന്റെ വാത്സല്യപാത്രങ്ങളായ വാരവാജികളെ നയിച്ചു. അഴകിയ രാവണന്മാരായ ഒരു കൂട്ടം ഭടന്മാർ കപ്പൂരക്കുട്ടു കൾ കനത്തിൽ മെയ്യിൽ തേച്ചിരുന്നു. ദാരുനിർമ്മിതങ്ങ ളായ മൃഗരൂപങ്ങളോടും, കിങ്കിണികളോടും, മുളന്തണ്ടു കളോടും കൂടിയ വാറുകൾ സ്ഥാനപാലന്മാരുടെ ജീനിക ളിൽ തൂങ്ങിക്കിടന്നിരുന്നു. കുതിരവാറുകളുടെ കൂട്ടത്താൽ കുഴങ്ങിയ രക്ഷകന്മാരോടുകൂടി അശ്വങ്ങളുടെ ഇടയ്ക്കു കുര ങ്ങുകൾ ഉണ്ടായിരുന്നു.

പ്രഭാതത്തിൽ നടക്കുവാൻ പോകുന്ന സൈനികാഭ്യാ സവേളയിൽ കുതിരകൾക്കു തിന്നുവാനായി പാതി തിന്ന പുൽക്കുമ്പുകളെ ലായച്ചേവകർ വലിച്ചിഴച്ചുകൊണ്ടു പോയി. മൃഗങ്ങളുടെ തീററി അന്വേഷിച്ചു നടക്കുന്നവർ അന്യോന്യം വിളിച്ചു പറയുന്ന ശബ്ദങ്ങൾ ഉച്ചത്തിൽ കേട്ടുതുടങ്ങി. കുതിച്ചു ചാടുന്ന യുവതുരഗങ്ങൾ യാത്ര തുടങ്ങുന്ന ബഹളത്തിൽ വഴിതെററിപ്പായുമ്പോൾ ഉണ്ടാ കുന്ന ലായങ്ങളുടെ ഞെരിയലിൽനിന്നു പുറപ്പെട്ട ശബ്ദം അവിടെ മാറെറാലിക്കൊണ്ടു. യാത്രയ്ക്കു തയ്യാറായ ഗജ ങ്ങളുടെ ആനക്കാരുടെ വിളികൾ കേട്ടു ബദ്ധപ്പെട്ടു വരുന്ന സ്ത്രീകൾ ആ മൃഗങ്ങളുടെ മസ്തകങ്ങളിൽ ചാത്തുവാനായി കുറിക്കൂട്ടുകൾ നൽകി. സമീപസ്ഥരായ ഹീനജനങ്ങൾ ആനകളും കുതിരകളും യാത്ര പുറപ്പെട്ടയുടനേ ഓടി ച്ചെന്നു്, ആനക്കാരും കുതിരച്ചേവകരും ഉപേക്ഷിച്ചു പോയ ധാന്യക്കുമ്പാരങ്ങളെ കൊള്ളചെയ്തു കൊണ്ടു പോയി. വസ്ത്രങ്ങളടങ്ങിയ കെട്ടുകളോടുകൂടി കഴുതകൾ

സൈന്യത്തെ അനുഗമിച്ചിരുന്നു. ശബ്ദമുണ്ടാക്കുന്ന ചക്രങ്ങളുള്ള വണ്ടികളുടെ സമൂഹങ്ങൾ വഴിനിറയെ കാണാമായിരുന്നു. തൽക്കാലത്തേക്കു നിക്ഷേപിക്കപ്പെട്ട പാത്രങ്ങൾ വഹിച്ചുകൊണ്ടു കാളകൾ നടന്നിരുന്നു. മുമ്പിലായി ഓടിച്ചു കൊണ്ടുപോയ തടിയൻ കാളകൾ തങ്ങളുടെ സമീപത്തു കിടന്നിരുന്ന പുല്ലു തിന്നുവാനുള്ള കൊതികൊണ്ടു പുറകിലായിപ്പോയി. പ്രധാന സാമന്തരുടെ അടുക്കളസ്സാമാനങ്ങൾ മുമ്പിലായി കൊണ്ടുപോയിരുന്നു. ആദ്യം കൊടികൾ വഹിച്ചിരുന്നവർ ബദ്ധപ്പെട്ടു നടന്നു. ഭടരുടെ ഏറെക്കുറെ ചെറുതായ കുടിലുകളുടെ അന്തർഭാഗങ്ങളിൽനിന്ന് അവർ യാത്ര പുറപ്പെടുന്നതു കാണുവാൻ അവരുടെ അനേകം സ്നേഹിതന്മാർ കാത്തു നിന്നിരുന്നു. ആനകൾ ചവിട്ടി നശിപ്പിച്ച കുടിലുകളിൽനിന്നു പുറപ്പെട്ട സാധാരണ ജനങ്ങളുടെ ഏറുകൊണ്ടു വലഞ്ഞ ആനച്ചേവകർ തങ്ങളെ അവർ ഉപദ്രവിച്ചതിനു സാക്ഷ്യം വഹിക്കുവാൻ സമീപത്തു നിന്നിരുന്നവരോട് അഭ്യർത്ഥിച്ചു. സൈന്യത്തിൻെറ പ്രയാണത്താൽ നശിച്ച പുല്ലുമേഞ്ഞ കുടിലുകളിൽനിന്നു നിർഭാഗ്യവാന്മാരായ കുടുംബക്കാർ ഓടിപ്പോയി. തങ്ങളുടെ കച്ചവടച്ചരക്കുകൾ വഹിച്ചിരുന്ന കാളകൾ ഈ ബഹളത്തിനിടയ്ക്കു വിരണ്ടോടിപ്പോകുന്നതു നൈരാശ്യത്തോടെ വണിക്കുകൾ നോക്കിനിന്നു. ഒരു കൂട്ടം അന്തഃപുരഗജങ്ങളുടെ മുന്നിൽ നടന്നിരുന്ന തീവട്ടിക്കാരുടെ തീവട്ടികൾ പൊഴിച്ച പ്രകാശം കണ്ടു വഴിമദ്ധ്യേ നിന്നിരുന്ന ജനക്കൂട്ടം അവിടെനിന്നു പിൻമാറി. തങ്ങളുടെ പുറകിൽ കെട്ടിയിരുന്ന പട്ടികളോട് അശ്വങ്ങളിലേറിയിരുന്നവർ നിലവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. തങ്ങളുടെ സ്ഥിരവും ദ്രുതവുമായ

നടത്ത നിമിത്തം ഒരു സുഖമായ ഇരിപ്പിടം നൽകുന്ന ഉയൻ്ന ടംഗണക്കതിരകളെ വൃദ്ധന്മാർ പ്രശംസിച്ചു. നിലത്തുവീണ കോവർകഴുതകളോട് നിസ്സഹായരായി ദക്ഷിണാപഥക്കാരായ കോവർകഴുതക്കാർ മല്ലിട്ടു. ലോകമാസകലം പൊടികൊണ്ടു നിറഞ്ഞു.

സൈന്യത്തിൻെറ പ്രസ്ഥാനസമയത്തു രാജവസതിയുടെ മുൻവശം പിടിയാനകളിൽ കേറിയിരുന്ന സാമന്തന്മാരെക്കൊണ്ടു നിറഞ്ഞിരുന്നു. സ്വർണ്ണത്തകിടു ചുററിയ വില്ലുകൾ ഏന്തിയിരുന്ന ആനക്കാരേയും, അന്തരാസനങ്ങളിൽ സ്ഥിതിചെയ്തിരുന്ന വാൾക്കാരായ വിശ്വസ്തഭൃത്യന്മാരേയും, ചാമരങ്ങൾ വീശുന്ന വെററിലച്ചെല്ലക്കാരേയും, ചാട്ടുകുന്തങ്ങൾ നിറഞ്ഞ തൂണികളോടുകൂടി പിറകിൽ ഇരുന്നിരുന്ന പരിജനങ്ങളേയും ഈ ഗജങ്ങളിൽ കാണാമായിരുന്നു. ഇവയുടെ പള്ളാണങ്ങൾ അവയിൽ അടങ്ങിയിരുന്ന അനവധി കരവാളങ്ങളാലും, സുവർണ്ണബാണങ്ങളാലും കുടിലങ്ങളായി ഭവിച്ചിരുന്നു. പള്ളാണങ്ങളുടെ ഇരുവശങ്ങളേയും ചേർത്തു കെട്ടിയിരുന്ന വാറുകൾ ഈ സാമന്തരുടെ തൂണികൊണ്ടുണ്ടാക്കിയ ഇരിപ്പുമെത്തകളെ നിശ്ചലമാക്കിച്ചമച്ച് ഇവക്കു സുഖമായ ആസനങ്ങൾ നൽകിയിരുന്നു. ചാഞ്ചാടിക്കൊണ്ടിരുന്ന ഇവരുടെ ചവിട്ടുപടികളിൽനിന്നു പുറപ്പെട്ട ശബ്ദം ഇവരുടെ കാൽചിലമ്പുകളിലുള്ള രത്നങ്ങളിൽനിന്നുളവായ നാദത്തോടു കലൻ്ന് അതിനെ വർദ്ധിപ്പിച്ചു. മനോഹരമായ നിറമുള്ള പട്ടുടുപ്പുകളാണ് ഇവർ ധരിച്ചിരുന്നത്. വണ്ടുകളെപ്പോലെ ഇരുണ്ട നിറമുള്ളതും മൃദുവുമായ ഇവരുടെ കാലുറകൾ ഇവരുടെ ചെമ്പിച്ച കാലുകളിൽ ചുററിയിരുന്ന ചെല്ലി തെറിച്ച വാറുകളുടെ വെളുപ്പു വർദ്ധി

പ്പിച്ചു. ഇവരുടെ പട്ടുടുപ്പുകളുടെ കൃഷ്ണനിറത്തിന് ഇവർ ധരിച്ചിരുന്ന വജ്രങ്ങൾ നിറംകൂട്ടി. ഉടുപ്പുകൾക്കു മീതേ ഇവർ ചീനഉരസ്ത്രാണങ്ങൾ ധരിച്ചിരുന്നു. ഇവരുടെ ഉടുപ്പുകൾ മുത്തുകൾകൊണ്ടും, ഉള്ളുടുപ്പുകൾ പഞ്ചവർണ്ണങ്ങൾകൊണ്ടും വിളങ്ങി. മയിൽപീലിയുടെ നിറമുള്ള വേഷ്ടികളും ഇവർ ധരിച്ചിരുന്നു. കായികാഭ്യാസം നിമിത്തം ലോലമായി ഭവിച്ചിരുന്ന ഇവരുടെ മദ്ധ്യപ്രദേശങ്ങളിൽ മനോഹരങ്ങളായ അരക്കെട്ടുകൾ ഇവർ ചുററിയിരുന്നു. ഇവരുടെ ചലനങ്ങളാൽ തങ്ങളുടെ മുത്തുമാലകളോടു കുടുങ്ങിപ്പോയ കർണ്ണാഭരണങ്ങളെ വേർപെടുത്തുവാനായി ഭൃത്യന്മാർ ഓടിപ്പൊയ്ക്കൊണ്ടിരുന്നു. സ്വർണ്ണവേല നിറഞ്ഞിരുന്ന ഇവരുടെ കടുക്കനും, മററു കർണ്ണാഭരണങ്ങളും തമ്മിൽ കൂട്ടിമുട്ടുന്നശബ്ദം ചിലപ്പോൾകേൾക്കാമായിരുന്നു. ഇവരുടെ തലപ്പാവുകളിലായിരുന്നു ഇവരുടെ കർണ്ണങ്ങൾ അണിഞ്ഞിരുന്ന താമരപ്പൂക്കളുടെ തണ്ടുകളെ ഉറപ്പിച്ചിരുന്നത്. ഇളംകുങ്കുമനിറമുള്ള തുണികൾ ഇവർ തങ്ങളുടെ ശിരസ്സുകളിൽ ചുറ്റിയിരുന്നു. രത്നം പതിച്ച ചണത്തലപ്പാവുകളാണ് ഇവർ ധരിച്ചിരുന്നത്. അവരുടെ കേശങ്ങളിലെ അളിവൃന്ദങ്ങൾ കണ്ടാൽ മയിൽപീലിയാണെന്നു തോന്നിപ്പോകും. അവരുടെ ആനക്കോപ്പുകൾ ദീർഘയാത്രനിമിത്തം മുഷിഞ്ഞിരുന്നു. പല നിറങ്ങളിലുമുള്ള ഉരുണ്ട കാർദരംഗപ്പരിചകളോടും, ചാമരങ്ങളുടെ വീശൽ ഏററുകൊണ്ടും ഓടിച്ചുപോകുന്ന അനേകം അഭിമാനികളും അസ്വസ്ഥരുമായ യോധാക്കളെക്കൊണ്ട് ആ സ്ഥലം നിറഞ്ഞു. കുതിച്ചുചാടുന്ന അനേകം കാംഭോജക്കുതിരകളുടെ സുവർണ്ണാഭരണങ്ങളിൽനിന്നു പുറപ്പെട്ട നാദം

അവിടെ മാറെറാലികൊണ്ടു. ലംബാ എന്നു പേരുള്ള അനേകം മദ്ദളങ്ങളിൽനിന്നു പുറപ്പെട്ട കഠോരശബ്ദം മനുഷ്യരുടെ ചെവികളെ പൊട്ടിച്ചു. ഈ യോധാക്കളുടെ പേരുകൾ ഉറക്കെ വിളിച്ചുപറയപ്പെട്ടു. അവരുടെ ആജ്ഞകൾ നിറവേററുവാൻ സന്നദ്ധരായി ഭൃത്യന്മാർ കാത്തുനിന്നു.

വന്ദ്യനായ സൂൎയ്യൻ ഉദിച്ചയുടനെ രാജാവു സൈന്യസമായോഗം നടത്തുവാൻ പോകുന്നു എന്നു സൂചിപ്പിക്കുന്ന ശംഖനാദം പിന്നെയും പിന്നെയും മുഴങ്ങി. അല്പനേരം കഴിഞ്ഞയുടനെ ഒരു പിടിയാനയിൽ കേറി രാജാവു പ്രത്യക്ഷപ്പെട്ടു. ആ ഗജത്തിൻെറ ചെവികളുടെ ചാഞ്ചാട്ടങ്ങൾ അദ്ദേഹത്തിൻെറ ഈ പ്രഥമ ദിഗ്വിജയയാത്രയിൽ പോലും ലോകവിജയാൎത്ഥം ദിഗ്ഗജങ്ങളെ അവിടെ വരുത്തുന്നതുപോലെ തോന്നി. വൈഡൂൎയ്യദണ്ഡവും, സൂൎയ്യോദയദർശനത്താൽ കോപിച്ചു ചുവന്നതായി ഭവിച്ചിരുന്ന പത്മരാഗങ്ങൾ പതിച്ച അഗ്രവുമുള്ള മംഗളസൂചകമായ ഒരു കുടയും, ദ്വിതീയ വാസുകിയെപ്പോലെ ശരീരത്തോടു ചേൎന്നു കിടക്കുന്നതും കദളീഗർഭത്തെക്കാൾ മാർദ്ദവമേറിയതുമായ ഒരു പുതിയ പട്ടുടുപ്പും ധരിച്ചിരുന്ന ആ നൃപതിയെ കണ്ടാൽ, അമൃതമഥനദിവസത്തിൽ പാൽക്കടലിൽനിന്നുണ്ടായ നുരയും പതയും ആകാശത്തെ വെളുപ്പിച്ചതിൻെറ സ്മരണ ഉണ്ടാകും. കല്പവൃക്ഷതുല്യം യൌവ്വനത്തിൽതന്നെ ഒരു ഇന്ദ്രൻെറ പദവി പ്രാപിച്ച അദ്ദേഹം, ചാമരങ്ങൾ ചലിപ്പിച്ച തൻെറ കൎണ്ണമാലയിലെ പുഷ്പങ്ങളുടെ പൂമ്പൊടി, ദിക്കുകൾ ആസകലം തൻെറ കൈവശമാക്കുവാൻ വേണ്ടി, ആകാശം മുഴവനും വിതറി. ഉദയസൂൎയ്യൻെറ സുവൎണ്ണവിഗ്രഹം തൻെറ മകുടരത്നത്തിലുണ്ടായിരുന്ന അദ്ദേഹം ഉദയസൂൎയ്യരശ്മിയെ പാനം ചെയ്യു

ന്നതുപോലെ തോന്നി. താംബൂലംകൊണ്ടും സിന്ദൂരം കൊണ്ടും കടുംചുവപ്പിയന്ന അദ്ദേഹത്തിൻെറ അധരം തൻെറ കീഴിലുള്ള ദ്വീപഖണ്ഡങ്ങളെ തന്നോട് അനുരാഗമുള്ളവൎക്ക സമ്മാനങ്ങളായി നൽകുന്ന ശാസനത്തിൻെറ മുദ്രപോലെ വിളങ്ങി. തൻെറ മുത്തുമാലകൾ പൊഴിച്ച പ്രകാശപടലം അംബരത്തിൻെറ വെഞ്ചാമരങ്ങളായി ഭവിച്ചു. രാജകീയസൈന്യത്തെ നിരീക്ഷിക്കുവാനായി മൂന്നിലൊരു ഭാഗം ഉയൎത്തപ്പെട്ട അദ്ദേഹത്തിന്റെ പുരികങ്ങൾ മൂന്നു ലോകങ്ങളിലും അദ്ദേഹം കപ്പം ചുമത്തുന്നതുപോലെ തോന്നിച്ചു. അദ്ദേഹത്തിൻെറ ബാഹുക്കളായ നീണ്ട കൊത്തളങ്ങൾ സപ്തസമുദ്രങ്ങളാകുന്ന കിടങ്ങുകളെ ഒരു രക്ഷകൎത്താവിൻെറ വാത്സല്യത്തോടുകൂടി ആലിംഗനം ചെയ്യുന്നതുപോലെ തോന്നി. പാൽക്കടലിൻെറ മാധുൎയ്യത്തോടുകൂടിയ ശ്രീദേവി ഗാഢമായി ആലിംഗനം ചെയ്തിരുന്ന അദ്ദേഹത്തെ സൈന്യപാളയത്തിലെ ജനങ്ങളുടെ കൌതുകമിയന്ന അനേകായിരം കണ്ണുകൾ അമൃതംപോലെ പാനം ചെയ്തു. സ്നേഹത്താൽ സ്നിഗ്ദ്ധങ്ങളായ രാജകീയഹൃദയങ്ങളുടെ അടിത്തട്ടുകൾവരെ അദ്ദേഹത്തിൻെറ മഹത്തായ ഗുണങ്ങൾ അദ്ദേഹത്തെ ആഴ്ത്തി. കാണികളുടെ മജ്ജകളെപ്പോലും അദ്ദേഹത്തിന്റെ മഹിമ സ്നിഗ്ദ്ധമാക്കിച്ചമച്ചു. അമൎത്ത്യരുടെ നാഥനു തുല്യം തൻെറ ജ്യേഷ്ഠൻെറ വധത്തിൻെറ കളങ്കം അദ്ദേഹം കഴുകിക്കളെയുന്നതുപോലെ തോന്നി; ഭൂമിയെ ശുദ്ധി ചെയ്യുവാനായി പൃഥുവിനെപ്പോലെ അദ്ദേഹം നൃപസമൂഹങ്ങളെ നശിപ്പിക്കുന്നതിൽ ഏൎപ്പെട്ടിരിക്കുന്നതുപോലെ തോന്നി. അദ്ദേഹത്തിന്റെ ഗതി കണ്ടാൽ സൂൎയ്യസഞ്ചാരം ഒരുത്തൻ സ്മരിക്കും. തൻെറ ആവിൎഭാവം മുൻകൂട്ടി അറിയിക്കുന്ന അനേകായിരം രശ്മിതുല്യരായ പട്ടക്കാർ അദ്ദേ

ഹത്തിൻെറ മുമ്പിലായി ഗമിച്ചിരുന്നു. തങ്ങളുടെ കർത്തവ്യം കാര്യക്ഷമമായി നിർവ്വഹിച്ചു് ഇവർ മുമ്പിൽ നടന്നു വഴി തെളിച്ചു. സമാധാനപരിപാലനം ഇവർ കണിശമായി നിർവ്വഹിച്ചു. ഭീതരായി ഓടുന്ന ജനസമൂഹങ്ങളുടെ തിരക്കു മറച്ച ഭൂഭാഗങ്ങളെ അവർ ആക്രമിച്ചു പിടിച്ചടക്കുന്നതുപോലെ തോന്നി. പാറുന്ന കൊടിക്കൂറകളുടെ സമൂഹങ്ങൾകൊണ്ടു് ഇവർ വായുവിന്റെ ചാപല്യങ്ങളെ മറച്ചു. ഇവരുടെ ചരിക്കുന്ന പാദങ്ങൾ ജനിപ്പിച്ച ധൂളിപടലം സൂര്യരശ്മികളെ ഓടിച്ചുകളഞ്ഞു. ഇവരുടെ പൊൻമഴുകളുടെ അഗ്രങ്ങൾ പൊഴിച്ച പ്രകാശം പകലിനെപ്പോലും അകററിനിറുത്തുകയും ചെയ്തു.

അനന്തരം ഭക്തിപൂർവ്വം വളച്ച ശരീരങ്ങളോടും, ഭയത്താൽ ത്രസിക്കുന്ന ഹൃദയങ്ങളോടും, തങ്ങളുടെ ചലനങ്ങൾ ഇളക്കിയ രത്നങ്ങൾ പതിച്ചിരുന്ന സുവർണ്ണമകുടങ്ങൾ പരത്തിയ പ്രകാശംകൊണ്ടും ചലിക്കുന്ന കുസുമങ്ങളോടുകൂടിയ ഉഷ്ണീഷങ്ങൾ പൊഴിച്ച പൂമ്പൊടികൊണ്ടും വിളങ്ങിയ ശിരസ്സുകളോടും, രാജാക്കന്മാർ ഹർഷനെ കുമ്പിട്ടപ്പോൾ, കീഴ്പോട്ടും, ഇരുവശങ്ങളിലും, മേല്പോട്ടും വീണ അവരുടെ മകുടാഭരണരശ്മികൾ ശുഭശകുനം സൂചിപ്പിക്കുന്ന കാട്ടുകാക്കകളാണെന്നു തോന്നും. അപ്പോൾ ധൂമമേഘജാലങ്ങൾകൊണ്ടു നിറഞ്ഞിരുന്ന ആകാശത്തിലേയ്ക്കു് അവ മയിലുകളെപ്പോലെ ഉയൎന്നപ്പോൾ, ആകാശത്തിലെ ഭരണാധികാരികൾ തങ്ങളുടെ ഭവനദ്വാരങ്ങളിൽ പാരിജാതവൃക്ഷത്തിൽനിന്നു നിർമ്മിച്ച തോരണങ്ങൾ തൂക്കുന്നതുപോലെ തോന്നി. ഇപ്രകാരം കുമ്പിടലുകളാൽ സ്വാഗതം ചെയ്യപ്പെട്ടവനും, ആരാധനാരൂപത്തിൽ രാജഹൃദയങ്ങളെ കവൎന്നവനുമായ ആ വീരരിൽ വീരൻ,

അവരുടെ ഇടയ്ക്ക് അവരുടെ യോഗ്യത അനുസരിച്ച് കാൽനോട്ടങ്ങൾ, വശത്തേയ്ക്കുള്ള നോട്ടങ്ങൾ, പൂർണ്ണനോട്ടങ്ങൾ, പുരികം ഉയർത്തലുകൾ, അർദ്ധസ്മിതങ്ങൾ, നേരമ്പോക്കുകൾ, ഫലിതങ്ങൾ, ആരോഗ്യാന്വേഷണങ്ങൾ, പ്രതിസ്വാഗതങ്ങൾ, ഉദാസീനങ്ങളായ പുരികചലനങ്ങൾ, നിർദ്ദേശങ്ങൾ എന്നീ തൻെറ പ്രീതിലക്ഷ്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

രാജാവു യാത്ര തുടങ്ങിയയുടനെ അതിൽനിന്നുണ്ടായ കളകളനാദം കേട്ടു ഭയപ്പെട്ടു ദിഗ്ഗജങ്ങൾ സൂൽക്കാരം ചെയ്യുന്നതുപോലെ തൂര്യവാദ്യങ്ങളുടെ പ്രതിധ്വനി ദിഗ്ഭാഗങ്ങളിൽ മുഴങ്ങി..................

ഇതിനിടയ്ക്ക് ഇപ്രകാരമുള്ള സംഭാഷണങ്ങൾ സൈന്യത്തിൻെറ ഒരു ഭാഗത്തു നടന്നുകൊണ്ടിരുന്നു. 'വേഗം നടക്ക്, എന്റെ കുഞ്ഞേ.' 'നിങ്ങൾ പിറകിലായിപ്പോയതെന്ത്? ഇതാ ഒരു കുതിര ഓടിവരുന്നു!' 'മുൻപട അതിവേഗത്തിൽ നമ്മുടെ നേക്കു വരുമ്പോൾ, നീ ഞൊണ്ടി ഞൊണ്ടി നടക്കുന്നല്ലോ, എൻെറ ചങ്ങാതി!' 'നീ എന്തിന് ഒട്ടകത്തെ ഓടിക്കുന്നു? എടാ ദയവില്ലാത്തവനേ! അതാ ഒരു കുഞ്ഞു കിടക്കുന്നതു നീ കാണുന്നില്ലേ?' 'അനുജാ! രാമിലാ! പൊടിയിൽ പുതഞ്ഞു പോകാതെ സൂക്ഷിച്ചോ'. 'അതാ! ആ ചാക്കിലെ മാവ് ചോൎന്നുപോകുന്നു. ഇത്ര ബദ്ധപ്പെടാനെന്ത്? നീ പൊയ്ക്കോ.' 'കാളേ നീ വഴി തെററി കുതിരകളുടെ ഇടയ്ക്കു പോകുന്നോ?' എടീ, മുക്കോത്തി! നീ നടന്നുവരുന്നോ?' 'പിടിയാനെ! നിനക്ക് ആനകളുടെ കൂട്ടത്തിൽപ്പോണം, അല്ലേ?' 'അല്ലാ! ചെറുപയറുചാക്ക് അഴിഞ്ഞു പയറു പോകുന്നല്ലോ!' 'ഞാൻ വിളിച്ചു പറയുന്നതൊന്നും നീ കേൾക്കുന്നില്ലേ?' 'നീ ഒരു

കുഴിയിൽ ചാടാൻ പോകുന്നു. പതുക്കെ പോ, താന്തോന്നി!' 'കാടിക്കാരാ! നിൻെറ കുടം ഉടഞ്ഞുപോയല്ലോ!' 'മടിയ, നിനക്കു കരിമ്പു നടന്നുകൊണ്ടു തിന്നുകൂടേ?' 'നിൻെറ കാളയെ ഓടിച്ചു കൊണ്ടുപോ.' 'പഴം പറിക്കാൻ നിനക്കു് എത്ര നേരം വേണം, എടാ!' 'നമുക്കു വളരെ ദൂരെ പോകാനുണ്ടു്. എന്താ ദ്രോണക! നീ പതുക്കെ നടക്കുന്നതു്? ഒരു കള്ളൻകാരണം ഈ യാത്ര മുടങ്ങുന്നു.' 'ഇനിയുള്ള വഴി കുന്നും കുഴിയുമാണു്. ചേട്ടാ! ശക്കരക്കുടം പൊട്ടാതെ സൂക്ഷിച്ചുകൊള്ളണെ.' 'അരിച്ചാക്കിനു ഘനം കൂടിപ്പോയി. കാളയ്ക്കു് അതു ചുമക്കുവാൻ വയ്യാ.' 'വേഗത്തിൽ ഈ അമരവയലിൽ നിന്നു കുറെ ഇല വെട്ടു്. ആളില്ലാത്ത വയലിലെ കൃഷി എങ്ങിനെ ആയിത്തീരുമെന്നു് ആക്കറിയാം!' 'നിൻെറ കാളകളെ പിടിച്ചോ! ഈ കണ്ടത്തിൽ കാവൽക്കാരുണ്ടു്.' 'വണ്ടി വഴിയിൽ പുതഞ്ഞുപോയി. ഒരു കുതിരയെ അതിന്റെ നുകത്തിൽ കെട്ടി വലിപ്പിക്കു്.' 'യക്ഷപാലിതാ! നീ പെണ്ണുങ്ങളെ ചവിട്ടുന്നോ! നിന്റെ കണ്ണു പൊടിഞ്ഞുപോയോ?' 'എടാ നശിച്ച ആനക്കാരാ! നീ എന്റെ ആനയുടെ തുമ്പിക്കൈയ് പിടിച്ചു കളിക്കുന്നോ? അവനെ ചവിട്ടിക്കൊല്ലു്, ആനേ.' 'അനുജാ, നീ ചെളിയിൽക്കൂടി നടക്കുന്നതെന്തു്'. 'കരുണയുള്ളവരെ! ഈ കാളയെ ചെളിയിൽനിന്നു പിടിച്ചു കേററണേ!' 'ഇങ്ങിനെ വാ, കുഞ്ഞേ! വലിയ ആനപ്പടയുടെ ഇടയിൽനിന്നു രക്ഷപ്പെടുവാൻ പ്രയാസമാണു്.'

വേറെ ഒരു സ്ഥലത്തു് ആനക്കാരും, ബ്രഹ്മചാരികളും, മൂർഖന്മാരും, കഴുതക്കാരും, സൈന്യപരിചാരകന്മാരും, തസ്കരന്മാരും, ഭൃത്യന്മാരും, ധൂർത്തന്മാരും,

ചണ്ഡാലന്മാരും ഭടന്മാരുടെ ആഹാരത്തിൽനിന്നു് ധാരാളമായി ശേഷിച്ച അന്നം മതിയാകുന്നിടത്തോളം ഭുജിച്ചു തൃപ്തിപ്പെട്ടു് ക്രീഡാപരരായി തങ്ങളുടെ സന്തോഷത്തെ കിലകിലരവത്താൽ പ്രകടിപ്പിച്ചു. ഒരു സ്ഥലത്തു കുഗ്രാമങ്ങളിലെ കുടുംബങ്ങളിൽനിന്നും ക്ലേശിച്ചു ലഭിച്ച ക്ഷീണിച്ച കാളകളിൽ നിക്ഷേപിച്ചിരുന്ന ആഹാരസാധനങ്ങളെ സൂക്ഷിച്ചു വഹിച്ചുകൊണ്ടു പോകുന്നതിനുള്ള ബുദ്ധിമുട്ടുകളാൽ ഖിന്നരായിത്തീർന്ന ഭൃത്യശൂന്യരായ പാവപ്പെട്ട കുലപുത്രന്മാർ തന്നെത്താനെ തങ്ങളുടെ ഗൃഹസാമാനങ്ങളെ പിടിച്ചുകൊണ്ടു് ഇപ്രകാരം മുറുമുറുത്തു. 'ഈ ഒരു ദണ്ഡയാത്ര വേഗത്തിൽ അവസാനിക്കട്ടേ.' 'ദാഹം ശമിക്കട്ടേ.' 'നമ്മുടെ ദാസ്യം ശുഭമായി പരിണമിക്കട്ടേ.' 'സകല കഷ്ടപ്പാടുകളുടേയും ഇരിപ്പിടമായ ഈ പാളയത്തിൽനിന്നു പോയാൽ മതി.' വേറൊരു സ്ഥലത്തു്, കാഠിന്യവും ഘനവുമുള്ള കറുത്ത ഉരുളൻതടികൾ, സുവർണ്ണപാദപീഠങ്ങൾ, വെററിലത്തട്ടങ്ങൾ, കലശങ്ങൾ, കോളാമ്പികൾ, സ്നാനത്തോണികൾ എന്നിവ ചുമന്നുകൊണ്ടും, വഴിക്കു നില്ക്കുന്നവരെ തങ്ങൾ രാജകീയസാമാനങ്ങളെ വഹിച്ചുകൊണ്ടുപോകുകയാണെന്നുള്ള അഹങ്കാരത്താൽ പിടിച്ചു തള്ളിക്കൊണ്ടും, രാജഭൃത്യന്മാർ, അതിവേഗത്തിൽ ഒഴുകുന്ന ജലപ്രവാഹത്തിൽകൂടി ചരിക്കുന്ന കപ്പലുകളെപ്പോലെ, ഒരുമിച്ചു ബന്ധിച്ചിരിക്കുന്നുവെന്നു തോന്നുമാറു് ഒരു വരിയായി ശീഘ്രത്തിൽ കടന്നു പോയി. പന്നിത്തോലിനാൽ ബന്ധിക്കപ്പെട്ട കോലാട്ടുകൾ, തൂങ്ങിക്കിടക്കുന്ന മാനുകളുടെ പൂർവ്വഭാഗമാംസങ്ങൾ, ഊക്കരികിലുകൾ, ശിശുമുയലുകൾ, മുളകുരുന്നുകൾ, പച്ചക്കറിച്ചെടികൾ എന്ന ഭക്ഷണപദാർത്ഥ

ങ്ങളും, വെള്ളവസ്ത്രങ്ങളാൽ മൂടിയ മുഖങ്ങളിൽ ഉണങ്ങീട്ടില്ലാത്ത മുദ്രകളോടുകൂടി തൈരുപാത്രങ്ങളും, തട്ടങ്ങൾ, ചീനച്ചട്ടികൾ, ചട്ടുകങ്ങൾ, ശൂലങ്ങൾ, ചെമ്പുചട്ടികൾ എന്ന അടുക്കളസാമഗ്രികൾ നിറഞ്ഞ കുട്ടകളും വഹിച്ചുകൊണ്ടു ചില രാജകീയപരിജനങ്ങൾ അവരെ പിന്തുടൎന്നു. ഒരിടത്തു് ക്ഷീണിച്ച വാഹനമൃഗങ്ങളെ ഉത്സാഹപ്പെടുത്തുവാൻ നിയുക്തരായ ദുഷ്ടഭൃത്യന്മാർ 'വേല ചെയ്യുന്നതു ഞങ്ങളും പണം വാങ്ങുന്നതു മററുള്ളവരും' എന്നു പുലമ്പിക്കൊണ്ടു കുലപുത്രലോകത്തെ ഉപദ്രവിച്ചു. മററൊരിടത്തു രാജാവിനെ കാണുന്നതിനുള്ള മോഹത്തോടുകൂടി ഗ്രാമനിവാസികൾ വന്നു നിന്നിരുന്നു. വഴിക്കുള്ള ഗ്രാമങ്ങളിലെ മൂഢന്മാരായ അസംഖ്യം വിരുത്തിക്കാർ പൂൎണ്ണകുംഭങ്ങൾ വഹിച്ചിരുന്ന വൃദ്ധജനങ്ങളോടുകൂടി തൈരു്, പതിയൻശക്കര, കണ്ടശ്ശക്കര, പുഷ്പസമ്പൂൎണ്ണമായ കൂടകൾ എന്നിവ കൊണ്ടുവന്നു. കുപിതരും നിഷ്ഠുരരുമായ ചെറിയ ഉദ്യോഗസ്ഥന്മാരെ ഭയപ്പെട്ടു് അവർ പിന്നോട്ടു് ഓടിയെങ്കിലും, ദൂരേ നിന്നു തങ്ങളുടെ ദൃഷ്ടികളെ രാജാവിൽ പതിപ്പിച്ചുകൊണ്ടു് അവരിൽ ചിലർ മുമ്പിലത്തെ താലൂക്കുദ്യോഗസ്ഥന്മാരുടെ ദോഷങ്ങളും, പണ്ടത്തെ പല ഉദ്യോഗസ്ഥന്മാരുടെ പ്രശംസകളും, പഴയ കള്ളന്മാരുടെ അക്രമങ്ങളും അദ്ദേഹത്തെ ധരിപ്പിക്കുവാൻ ശ്രമിച്ചു. അപ്പോഴുള്ള ഭരണാധികാരികളെക്കൊണ്ടു തൃപ്തിപ്പെട്ടവർ, രാജാവു ധൎമ്മത്തിന്റെ അവതാരമാണു് എന്നു് ഉറക്കെ പ്രശംസിച്ചു. മററു ചിലർ തങ്ങളുടെ പാകമായ ധാന്യങ്ങളുടെ നഷ്ടത്തെ ഓൎത്തു ഭാൎയ്യമാരോടുകൂടി അവിടെ വന്നു ദുഃഖാധിക്യത്താൽ ഭയം വിസ്മരിച്ചു തങ്ങളുടെ നഷ്ടങ്ങളെക്കുറിച്ചു വിലപിക്കു

കയും, 'രാജാവ് എവിടെ?', 'രാജാവാകാൻ ഇദ്ദേഹത്തിനു യോഗ്യതയുണ്ടോ?' 'എന്തൊരു രാജാവ്!' എന്നു വിളിച്ചു പറയുകയും ചെയ്തു.

മുയലുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടി. കമ്പുകൾ ധരിച്ചിരുന്ന ജനക്കൂട്ടങ്ങൾ അവയുടെ പിറകിൽ ബദ്ധപ്പെട്ടോടി പന്തടിക്കുന്നതുപോലെ അവയെ അടിച്ചു കൊന്നു........മററാരിടത്തു പതിരുകൊണ്ടു ചാമ്പൽ നിറം പൂണ്ടിരുന്ന വയ്ക്കോൽകെട്ടുകളും വഹിച്ചുകൊണ്ട് ഓടിച്ചുപോകുന്ന പുല്ലുകാർ പൊടിപടലം ഇളക്കി. പഴയ കമ്പിളിരോമംകൊണ്ടു നെയ്ത വൃത്തികെട്ടതും കീറിപ്പറിഞ്ഞതുമായ ചവുക്കാളങ്ങളാലും, തങ്ങളുടെ യജമാനന്മാർ സമ്മാനിച്ച കീറിയ കുപ്പായങ്ങളാലും നിർമ്മിക്കപ്പെട്ട തങ്ങളുടെ പഴയ ജീനികളുടെ ഒരററത്ത് ഇവർ അരിവാളുകൾ തൂക്കിയിട്ടിരുന്നു. ഒരു സ്ഥലത്തു കുറേ അശ്വഭടന്മാർ ആസന്നമായ ഗൌഢയുദ്ധം അഭിനയിച്ചു. മററൊരു സ്ഥലത്തു വൃക്ഷങ്ങളിൽ കേറിയിരുന്ന് ഉച്ചത്തിൽ ശാപങ്ങൾ വർഷിച്ചുകൊണ്ടിരുന്ന ബ്രാഹ്മണരെ നിലത്തു നിന്നിരുന്ന രാജകീയ ഉദ്യോഗസ്ഥന്മാർ വടികൾകൊണ്ടു തല്ലിയോടിച്ചു. ഒരിടത്തു ഭക്ഷണസാധനങ്ങൾ എറിഞ്ഞു് ഗ്രാമീണർ തങ്ങളുടെ നായ്ക്കളെ പിടിച്ചു കെട്ടി. മററാരിടത്തു വിജയകാമികളായ സാമന്തന്മാർ കേറിയിരുന്ന കുതിരകൾ തമ്മിൽ കൂട്ടിമുട്ടി ബഹളമുണ്ടായി."

# അദ്ധ്യായം ൧.

ഹർഷനും സാഹിത്യലോകവും.

തന്റെ സമകാലീനരായ ചീനചക്രവത്തി ടൈ-ട്സുങ്ങിനേയും, പാരസികചക്രവത്തി കുസ്രു പാർവിസിനേയും പോലെ, ഹഷനും കലാകാരന്മാരേയും സാഹിത്യകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ അതിയായ താല്പൎയ്യം കാണിച്ചിരുന്നു. ഹഷന്റെ സമകാലീനരായ മററു ചില ഭാരതീയനൃപന്മാരും ഈ നയംതന്നെ സ്വീകരിച്ചിരുന്നു എന്നും പ്രസ്താവിച്ചുകൊള്ളട്ടെ. ഉദാഹരണങ്ങളായി ഹഷന്റെ സമകാലീനരും ദക്ഷിണ ഇൻഡ്യയിലെ രാജാക്കന്മാരുമായ ദുവ്വിനീതന്റേയും, വിഷ്ണുവർദ്ധനന്റേയും, മഹേന്ദ്രവമ്മന്റേയും നാമങ്ങൾ ഉദ്ധരിക്കാവുന്നതാണു്. മൈസൂറിലെ ഗംഗരാജാവായ ദുവ്വിനീതനും ആന്ധ്രദേശത്തെ പൂവ്വചാലുക്യരാജാവും കുന്തളചക്രവത്തിയായ പുലികേശി രണ്ടാമന്റെ സഹോദരനുമായ വിഷ്ണുവർദ്ധനനും കിരാതാൎജ്ജുനീയമഹാകാവ്യത്തിന്റെ കത്തവായ ഭാരവിമഹാകവിയെ പ്രോത്സാഹിപ്പിച്ചു. മദ്രാസിനടുത്തുള്ള കാഞ്ചീപുരത്തെ പല്ലവരാജാവായ മഹേന്ദ്രവമ്മൻ "മത്തവിലാസപ്രഹസനം" എന്ന ഒരു സംസ്കൃതപ്രഹസനം രചിക്കുകയും, സംഗീതക്കാരേയും ശില്പികളേയും സാഹിത്യകാരന്മാരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മഹേന്ദ്രവമ്മൻ പണി കഴിപ്പിച്ച പല ശിലാഗുഹക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും ദക്ഷിണ ഇൻഡ്യയിൽ നിലനില്ക്കുന്നുണ്ടു്.

സംസ്കൃതഭാഷയിലെ സാഹിത്യകാരന്മാരെ മാത്രമല്ല ഹഷൻെറ സമകാലീനരായ ദക്ഷിണഇൻഡ്യയിലെ രാജാക്കന്മാർ പ്രോത്സാഹിപ്പിച്ചിരുന്നതു്. തങ്ങളുടെ രാജ്യങ്ങളിലെ നാട്ടുഭാഷാകവികൾക്കും അവർ മുക്തഹസ്തം പ്രോത്സാഹനങ്ങൾ നൽകി. കന്നാടകഭാഷയുടെ ജനനത്തിനു ദുർവിനീതൻെറ സഹായങ്ങളുണ്ടായിരുന്നു. ചെന്തമിഴ് ഭാഷയുടെ പുഷ്കകാലമായ മൂന്നാംതമിഴ് സംഘകാലം തുടങ്ങിയതു് ഹഷൻെറ ശതാബ്ദമായ ഏ. ഡി. ഏഴാംശതാബ്ദമാണെന്നു വിചാരിക്കുവാൻ കാരണങ്ങളുമുണ്ടു്. അന്നു ചെന്തമിഴായിരുന്നു കേരളത്തിലെ സാഹിത്യഭാഷയെന്നും ഇവിടെ ഓക്കേണ്ടതാണ്. തമിഴ് ഭാഷയിലെ പ്രസിദ്ധ സ്തോത്രകവികളായ തിരുനാവുക്കരചനും തിരുജ്ഞാനസംബന്ധനും തങ്ങളുടെ തേവാരപ്പാട്ടുകൾ രചിച്ചതും ഈ ശതാബ്ദത്തിലായിരുന്നു.

ഹഷൻ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചതിനു പുറമേ, പല്ലവരാജാവായ മഹേന്ദ്രവമ്മനെപ്പോലെ സാഹിത്യകൃതികൾ രചിച്ചു് സംസ്കൃതസാഹിത്യത്തെ പോഷിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അദ്ദേഹം മൂന്നു നാടകങ്ങളും, രണ്ടു സ്തോത്രങ്ങളും, ഭരതനാട്യശാസ്ത്രത്തിനു് ഒരു ഭാഷ്യവും രചിച്ചിട്ടുണ്ടു്. ആദ്യമായി അദ്ദേഹത്തിൻെറ നാടകങ്ങളെക്കുറിച്ചു പ്രതിപാദിക്കാം.

ഹഷൻ രചിച്ച നാടകങ്ങൾ രത്നാവലി, പ്രിയദശിക, നാഗാനന്ദം എന്നിവയാണ്. ഉത്തമങ്ങളായ സംസ്കൃതനാടകങ്ങളുടെ കൂട്ടത്തിൽ പണ്ഡിതന്മാർ രത്നാവലിക്കും, പ്രിയദർശികയ്ക്കും ഒരു സ്ഥാനം നൽകിയിട്ടില്ല. ഈ സ്ഥാനം അവ അർഹിക്കുന്നുമില്ല. അനിതര

സാധാരണമായ നടനാത്മകത്വമോ, അചിന്തിതപൂൎവ്വങ്ങളോ അതിമനോഹരങ്ങളോ ആയ ആശയങ്ങളോ, പ്രശംസനീയമായ കവിതാചാതുൎയ്യമോ അവയിൽ കാണുന്നില്ല. എന്നാലും അവയുടെ പ്രസന്നവും സരളവും ആയ ഭാഷാരീതിയും, അവയിൽ ഹൎഷൻ പ്രദർശിപ്പിച്ചിരിക്കുന്ന ലളിതമായ അഭിരുചിയും, നാടകരചനാമാൎഗ്ഗത്തിലുള്ള പാടവവും നിമിത്തം അവയ്ക്കും സംസ്കൃതനാടകലോകത്തിൽ ഒരു മാന്യമായ സ്ഥാനം ലഭിച്ചിട്ടുണ്ട്. ഹൎഷൻെറ നാടകങ്ങളിലെ ഭാഷാരീതിയും, അദ്ദേഹത്തിൻെറ പണ്ഡിതസദസ്സിലെ അംഗവും ആശ്രിതനുമായ ബാണൻെറ കൃതികളിലെ ഭാഷാരീതിയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ, ഹൎഷൻെറ ഭാഷാരീതിയുടെ ശ്രേഷ്ഠത നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ഹൎഷൻെറ ഭാഷാരീതി പ്രസന്നവും, സരളവും, ശാലീനവും; ബാണൻേറതു കലുഷവും, വക്രവും, ദീപ്രവുമാകുന്നു. ശ്ലേഷയോടും, ക്ലിഷ്ടമായ ഉപമയോടും ബാണൻ കാണിക്കുന്ന ഭ്രമം ഹൎഷൻെറ കൃതികളിൽ കാണുന്നില്ല. ഹൎഷൻെറ നാടകങ്ങളിലുള്ള ഈ ഗുണങ്ങൾ നിമിത്തമാണ് അദ്ദേഹത്തെ കവിതാകാമിനിയുടെ ഹൎഷമായി പ്രസന്നരാഘവകൎത്താവായ ജയദേവകവി സങ്കല്പിച്ചിട്ടുള്ളതും. നാടകരചനയെ സംബന്ധിച്ച് ആലങ്കാരികന്മാർ സൃഷ്ടിച്ചിട്ടുള്ള നിയമങ്ങളെ രത്നാവലിയിൽ ഹൎഷൻ അതിയായ നിഷ്കൎഷയോടുകൂടി അനുസരിച്ചിരുന്നതിനാൽ, ആ നിയമങ്ങളെ ഉദാഹരിക്കുവാനായി നാട്യശാസ്ത്രജ്ഞനായ ദശരൂപകകൎത്താവും, സാഹിത്യശാസ്ത്രജ്ഞനായ സാഹിത്യദൎപ്പണകൎത്താവും അതിൽനിന്നു പല ഭാഗങ്ങളും എടുത്തു തങ്ങളുടെ കൃതികളിൽ ഉദ്ധരിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, രത്നാവലിയിലും പ്രിയദൎശികയിലും താൻ ജന്മനാ ഒരു കവിയായിരുന്നു എന്നു ഹൎഷൻ കാണിക്കു ന്നില്ലെങ്കിലും, നാടകരചനയുടെ സാങ്കേതികമാൎഗ്ഗത്തിൽ തനിക്ക് അതിയായ പാടവമുണ്ടെന്ന് അവയിൽ അദ്ദേ ഹം പ്രദൎശിപ്പിച്ചിരിക്കുന്നു. നാടകീയസാങ്കേതികമാൎഗ്ഗ ത്തെപ്പററിയുള്ള ഈ പരിജ്ഞാനമാണ് അദ്ദേഹത്തെ ഭരതന്റെ നാട്യശാസ്ത്രത്തിന് ഒരു വ്യാഖ്യാനമെഴുതുവാൻ പ്രേരിപ്പിച്ചതും.

കാളിദാസൻെറ മാളവികാഗ്നിമിത്രത്തെ മാതൃക യാക്കി രചിക്കപ്പെട്ടിട്ടുള്ള നാടകങ്ങളാണു രത്നാവലിയും പ്രിയദൎശികയും: ഇവയുടെ ഇതിഹാസങ്ങൾ ഹൎഷൻ ഗുണാഢ്യന്റെ ബൃഹൽകഥയിൽനിന്ന് എടുത്തിരിക്കണം. സുപ്രസിദ്ധനായ വത്സരാജാവ് ഉദയനനാണ് ഈ രണ്ടു നാടകങ്ങളുടേയും കഥാനായകൻ. ഉദയനനെത്തന്നെ നായകനാക്കി ഭാസൻ ഹൎഷനു മുമ്പു നാടകങ്ങൾ രചി ച്ചിരുന്നു. മാളവികാഗ്നിമിത്രം മാത്രമല്ല, ഭാസനാടകങ്ങളും കൂടി രത്നാവലിയുടേയും പ്രിയദൎശികയുടേയും രചനയിൽ ഹൎഷൻ ഉപയോഗപ്പെടുത്തിയിരുന്നു എന്നും ആ നാട കങ്ങൾ സ്പഷ്ടമാക്കുന്നുണ്ട്.

നാലങ്കങ്ങളുള്ള ഒരു നാടികയായ രത്നാവലിയുടെ കഥ ഇവിടെ സംക്ഷേപിക്കുന്നു. സിംഹളരാജാവായ വിക്രമബാഹുവിന്റെ പുത്രി രത്നാവലിയെ വേൾക്കുന്നവൻ ലോകജേതാവായിത്തീരുമെന്ന് ഒരു പ്രവചനം കേട്ട് കൌശാംബിയിലെ വത്സരാജാവായ ഉദയനന്റെ പ്രസിദ്ധ മന്ത്രിയായ യൌഗന്ധരായണൻ തൻെറ സ്വാമിക്ക് ആ രാജകുമാരിയെ വിവാഹം ചെയ്യിച്ചു കൊടുക്കാൻ നിശ്ച യിച്ചു. വാസവദത്ത എന്ന രാജ്ഞിയിൽ ഉദയനൻ

അത്യന്തം അനുരക്തനായിരുന്നതിനാൽ, അദ്ദേഹം അന്യ വിവാഹത്തിൽ വിമുഖനായിരിക്കുമെന്നു യൌഗന്ധരായണന് അറിയാമായിരുന്നു. അതിനാൽ രാജാവിനോട്ട് ഈ സംഗതിയെക്കുറിച്ച് ഒന്നും പറയാതെ അദ്ദേഹംതന്നെ വിക്രമബാഹുവിനോടു രത്നാവലിയെ തന്റെ സ്വാമിയുടെ രാജ്ഞിയാക്കണമെന്ന് അപേക്ഷിച്ചു. വിക്രമബാഹു ഈ അപേക്ഷ സ്വീകരിക്കുകയും, രത്നാവലിയേയും പരിവാരങ്ങളേയും ഒരു കപ്പലിൽ കയററി കൌശാംബിയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യവശാൽ ആ കപ്പൽ സമുദ്രത്തിൽ മുങ്ങിപ്പോയി. രത്നാവലി കപ്പലിൻെറ ഒരു പലകയെ അഭയംപ്രാപിച്ചു കടലിൽ പൊങ്ങിക്കിടന്നു. ഈ അപായകരമായ സ്ഥിതിയിൽ നിന്നു രത്നാവലിയെ കൌശാംബിയിലെ ഒരു കച്ചവടക്കാരൻ രക്ഷപ്പെടുത്തി. അവളുടെ കണ്ഠത്തിലുള്ള ഒരു വിലയേറിയ മാല കണ്ടു് അവൾ കുലീനയാണെന്നു കരുതി ആ വണികൻ അവളെ യൌഗന്ധരായണൻെറ മുമ്പിൽ ഹാജരാക്കി. യൌഗന്ധരായണൻ അവൾക്കു സാഗരിക എന്ന നാമം നൽകി, അവളെ ഉദയനന്റെ രാജ്ഞിയായ വാസവദത്തയുടെ ഒരു ദാസിയായി നിയമിക്കുകയും ചെയ്തു.

വസന്തോത്സവം തുടങ്ങി. ഉദയനനും വിദൂഷകനായ വസന്തകനും ഒരുമിച്ച് ഒരു ദിവസം കൊട്ടാരത്തിൽ സ്വൈരസല്ലാപം ചെയ്തുകൊണ്ടിരിക്കുമ്പോൾ, വാസവദത്തരാജ്ഞിയുടെ ചേടിമാരായ മദനികയും ചൂതലതികയും വസന്തോത്സവഗാനം ചൊല്ലിക്കൊണ്ടു് അവരുടെ സമീപത്തു വന്ന് ഉദ്യാനത്തിലുണ്ടായിരുന്ന കാമദേവന്റെ പ്രതിമയ്ക്കു് അച്ചൻ കഴിക്കുന്നതിനു രാജ്ഞി ഉദയനനെ

വിളിക്കുന്നുവെന്ന് അദ്ദേഹത്തെ ധരിപ്പിച്ചു. ഉടനെ ഉദയനനും വിദൂഷകനും വാസവദത്തയുടെ സമീപത്തു ചെന്നു. അവിടെ രാജ്ഞിയോടുകൂടി കാഞ്ചനമാല, സാഗരിക എന്നു രണ്ടു ചേടികൾ നില്ക്കുന്നുണ്ടായിരുന്നു. രാജാവു വരുന്നതു കണ്ടു പരസ്ത്രീശങ്കിനിയായ വാസവദത്ത അതിലാവണ്യവതിയായ സാഗരികയെ തന്റെ കിളിയെ സൂക്ഷിച്ചുകൊണ്ടിരിക്കുവാനായി പറഞ്ഞയച്ചു. എന്നാൽ സാഗരിക കുറേ ദൂരത്തു ചെന്നു രാജ്ഞി കാണാതെ ഉദയനൻ കാമദേവനെ പൂജിക്കുന്നതു കണ്ടുകൊണ്ടു നിന്നു. ഈ വസന്തോത്സവകർമ്മങ്ങൾ കഴിഞ്ഞയുടനെ സന്ധ്യയാകാറായി എന്ന് അണിയറയിൽനിന്ന് ഒരു ശ്ലോകം കേൾക്കുമാറായി. ഉദയനനെക്കണ്ട് അനുരാഗാർണ്ണവത്തിൽ നിമഗ്നയായി പരിതസ്ഥിതികളെ വിസ്മരിച്ചു നിന്നിരുന്ന സാഗരികയ്ക്ക് ഈ ശ്ലോകത്തിൽനിന്നും തന്നിൽ അനുരാഗം ജനിപ്പിച്ച പുരുഷൻ പിതാവു നൽകിയ വത്സരാജാവുതന്നെ എന്ന് ഇദംപ്രഥമമായി മനസ്സിലാകുകയും ചെയ്തു.

രാജ്ഞിയുടെ കിളിയെ തന്നെ ഏല്പിച്ചുംവച്ചു പോയ സഖി സാഗരികയെ കണ്ടുപിടിക്കുന്നതിനായി ആ കിളിയോടുകൂടി സുസംഗത എന്ന ചേടി ഉദ്യാനത്തിൽ വന്നു. അപ്പോൾ സാഗരിക ഒരു ലതാഗൃഹത്തിൽ ഇരുന്നു ചിത്രമെഴുതുന്നതു സുസംഗത കണ്ടു. സുസംഗതയെ കണ്ടയുടനെ സാഗരിക താൻ എഴുതിയ ചിത്രത്തെ മറയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും ആ ഉദ്യമം നിഷ്ഫലമായി പരിണമിച്ചതേയുള്ളു. ഉദയനന്റെ ചിത്രമാണു തന്റെ സഖി വരച്ചിരുന്നതെന്നു സുസംഗതയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. സാഗരികയുടെ മനോഗതി അറിഞ്ഞ

യുടനെ സുസംഗത ആ ചിത്രം വാങ്ങി അതിൽത്തന്നെ സാഗരികയുടേയും ചിത്രം വരച്ചു. ഈ അനുരാഗത്തെക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, കൊട്ടാരത്തിലുള്ള ഒരു വാനരം ചങ്ങല പൊട്ടിച്ചുവെന്ന് അവർ ആരോ പറഞ്ഞു കേട്ടു. ഉടനെ ഭയപ്പെട്ട് ആ ചിത്രങ്ങളേയും കിളിയേയും അവിടെ വച്ചുംവച്ച് അവർ ഓടിപ്പോകുകയും ചെയ്തു.

അല്പനേരം കഴിഞ്ഞയുടനെ ഉദയനനും വിദൂഷകനും ആ ലതാഗൃഹത്തിനു സമീപം വന്നു. അപ്പോൾ അവിടെ സ്ഥിതിചെയ്തിരുന്ന കിളി സാഗരികയും സുസംഗതയും തമ്മിൽ അല്പം മുമ്പു നടന്ന സംഭാഷണത്തെ ആവത്തിച്ചു പറയുന്നതു കേട്ട് അവർ അത്ഭുതപ്പെട്ടു. അനന്തരം അവർ ആ ലതാഗൃഹത്തിൽ പ്രവേശിച്ചു. സാഗരികയും സുസംഗതയും അവിടെ മറന്നു വെച്ചേച്ചു പോയ ചിത്രത്തെക്കണ്ടിട്ട് ഉദയനൻ സാഗരികയിൽ അനുരക്തനായി ഭവിച്ചു. അദ്ദേഹം സാഗരികയുടെ ചിത്രം നോക്കി അവളുടെ ലാവണ്യത്തെ പ്രശംസിച്ചുതുടങ്ങി. അപ്പോൾ ആ ചിത്രം എടുക്കുവാനായി അവിടെ വന്ന സാഗരികയും സുസംഗതയും ഉദയനൻെറ ഈ സ്തുതികളെ ഒളിച്ചു നിന്നു കേൾക്കുകയും ചെയ്തു.

ഒടുക്കം സുസംഗത രാജാവിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ സാഗരിക നിന്നിരുന്ന സ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടു പോയി. തൻെറ പ്രേമഭാജനമായ സാഗരികയെ കണ്ടയുടനെ ഉദയനൻ അവളോടു തന്റെ അനുരാഗം അറിയിക്കുവാൻ തുടങ്ങി. അപ്പോൾ വാസവദത്തരാജ്ഞിയും കാഞ്ചനമാലയും അവിടെ വന്നു. ഉടനെ സുസംഗതയും സാഗരികയും ഓടി ഒളിച്ചു. വാസ

വദത്ത അവിടെ ഉണ്ടായിരുന്ന ചിത്രം കണ്ടു കോപിച്ചു് അവിടെ നിന്നും പോകുവാൻ തുടങ്ങി. ഉടനെ, സാന്ത്വനവാക്കുകളാൽ വാസവദത്തയുടെ കോപം ശമിപ്പിക്കുവാൻ ഉദയനൻ ശ്രമിച്ചുവെങ്കിലും അദ്ദേഹത്തിൻെറ പ്രയത്നം നിഷ്ഫലമായി പരിണമിച്ചതേയുള്ളൂ.

പിന്നീടു് വിദൂഷകൻ വസന്തകൻ സുസംഗതയുമായി കൂടിയാലോചിച്ചു് രാജാവിനും സാഗരികയ്ക്കും തമ്മിൽ ഒരു രഹസ്യസമാഗമത്തിന് ഏർപ്പാടു ചെയ്തു. വാസവദത്തയുടെ അന്യചേടികൾക്കു സംശയം ജനിക്കാതെ ഇരിക്കുവാനായി സമാഗമസമയത്തിൽ സാഗരിക രാജ്ഞിയുടെ വസ്ത്രങ്ങൾ ധരിച്ചു് ഉദ്യാനത്തിലുള്ള ഒരു മാധവീലതാഗൃഹത്തിൽ ചെല്ലണമെന്നായിരുന്നു അവർ നിശ്ചയിച്ചിരുന്നതു്. എന്നാൽ വാസവദത്ത ഈ സംഗതി തൻെറ വിശ്വസ്തചേടികൾ മൂലം അറിഞ്ഞിരുന്നു. സൂര്യാസ്തമനത്തെ വർണ്ണിച്ചുംകൊണ്ടു് ഉദയനൻ സാഗരികയുമായുള്ള സമാഗമത്തിനു നിശ്ചയിച്ചിട്ടുള്ള മാധവീലതാഗൃഹത്തിൽ പ്രവേശിച്ചു. അനന്തരം അദ്ദേഹം സാഗരികയെ കൂട്ടിക്കൊണ്ടു വരാനായി വിദൂഷകനെ നിയോഗിച്ചു.

വസന്തകൻ പോയയുടനെ വാസവദത്ത കാഞ്ചനമാലയോടുകൂടി ആ ലതാഗൃഹത്തിൽ വന്നു. വാസവദത്ത രാജ്ഞിയുടെ വേഷം ധരിച്ചിരുന്ന സാഗരികയാണെന്നു വിചാരിച്ചു് ഉദയനൻ തൻെറ അനുരാഗം പ്രകടിപ്പിക്കുവാൻ തുടങ്ങി. ഇതു കേട്ടു കുപിതയായിത്തീർന്ന വാസവദത്ത ഉടനെ തൻെറ മൂടുപടം മാററി താൻ രാജ്ഞിയാണെന്നു് ഉദയനനെ മനസ്സിലാക്കി. തനിക്കു പററിയ വിഡ്ഢിത്വം മനസ്സിലായയുടനെ ഉദയനൻ വാസവദത്തയുടെ കാൽക്കൽ വീണു. എന്നാൽ ഭർത്താവിൻെറ

അപരാധം ക്ഷമിക്കാതെ വാസവദത്ത കോപാന്ധയായി അവിടെ നിന്നു പോയതേയുള്ളു. അപ്പോൾ സാഗരിക രാജ്ഞിയുടെ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ഉദ്യാനത്തിൽ പ്രവേശിച്ചു. അവിടെ ഉദയനനെ കാണാത്തതിനാലും രാജ്ഞി തൻെറ രഹസ്യസമാഗമത്തെ കണ്ടുപിടിക്കുമെന്നുള്ള ഭയംമൂലവും, സാഗരിക ആത്മഹത്യ ചെയ്തു തന്റെ കഷ്ടപ്പാടുകളെ അവസാനിപ്പിക്കുവാൻ നിശ്ചയിച്ചു. ഈ നിശ്ചയത്തോടുകൂടി അവൾ ഒരു വള്ളി എടുത്തു് അതിനെ തൻെറ കഴുത്തിൽ ചുററി. ഈ ഉദ്യമത്തിൽനിന്നും ഉണ്ടായ ശബ്ദം കേട്ട് ഉദയനൻ വിദൂഷകനോടുകൂടി അവിടെ ഓടി എത്തി അവളെ ആത്മഹത്യയിൽനിന്നു രക്ഷിക്കുകയും ചെയ്തു.

താൻ ഭത്താവിനോടു കലഹിച്ചതിനെക്കുറിച്ചു വാസവദത്തയ്ക്കു പശ്ചാത്താപം തോന്നിത്തുടങ്ങി. അതിനാൽ ആ രാജ്ഞി ഭത്താവിൻെറ അപരാധത്തെ വിസ്മരിച്ച് അദ്ദേഹവുമായി രഞ്ജിക്കുന്നതിന് കാഞ്ചനമാലയോടുകൂടി അവിടെ വന്നു. അപ്പോൾ ഉദയനൻ സാഗരികയുമായി സംസാരിക്കുന്ന ശബ്ദം കേട്ട് അവർ ഒളിച്ചുനിന്ന് ആ സംഭാഷണം ശ്രവിച്ചു. ഉദയനൻെറ പ്രേമസംപൂർണ്ണമായ സല്ലാപങ്ങൾ കേട്ട് അസഹ്യമായ കോപത്തോടുകൂടി വാസവദത്ത അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഉടനേതന്നെ സരസനായ ഭത്താവിൻെറ ഒഴികഴിവുകളെ കേൾക്കാതെ വാസവദത്ത രാജ്ഞി സാഗരികയേയും വസന്തകനേയും ബന്ധനത്തിൽ വയ്പിക്കുകയും ചെയ്തു.

ഉദയനൻെറ പ്രയത്നത്താൽ വാസവദത്ത വസന്തകനെ ബന്ധനത്തിൽനിന്നു താമസിക്കാതെ മോചി

പ്പിച്ചു. എന്നാൽ നിർഭാഗ്യവതിയായ സാഗരികയ്ക്കു മാത്രം കാരാഗൃഹമോചനം ലഭിച്ചിരുന്നില്ല. തന്നെ രാജ്ഞി വധിക്കുമെന്നു വിചാരിച്ച് സാഗരിക തൻെറ അമൂല്യമായ മാല വിദൂഷകനു സമ്മാനിച്ചു. വസന്തകൻ അതിനെ ഉദയനനു കൊടുക്കുകയും ചെയ്തു. സാഗരികയുടെ ശോചനീയമായ അവസ്ഥയെക്കുറിച്ചു ദുഃഖിച്ചുകൊണ്ടിരുന്ന ഉദയനന് അചിരേണ ഒരു സന്തോഷവാൎത്ത കേൾക്കുവാൻ കഴിഞ്ഞു. തൻെറ സേനാധിപനായ രുമനാൻ കോസലരാജാവിനെ തോല്പിച്ചുവെന്നായിരുന്നു ഈ വാൎത്ത. അനന്തരം ഒരു ഇന്ദ്രജാലക്കാരൻ അദ്ദേഹത്തെ സന്ദർശിച്ചു പല അത്ഭുതവിദ്യകളും അദ്ദേഹത്തിനേയും രാജ്ഞിയേയും കാണിച്ചു. ഈ ഇന്ദ്രജാലം നടന്നുകൊണ്ടിരിക്കുമ്പോൾ, രത്നാവലിയെ കൂട്ടിക്കൊണ്ടുവരാനായി യൌഗന്ധരായണൻ സിംഹളത്തിലേയ്ക്ക് അയച്ചിരുന്ന ബാഭ്രവ്യനും, സിംഹളരാജാവിൻെറ ദൂതനായ വസുഭൂതിയും കടലിൽനിന്നു രക്ഷപ്പെട്ട് അവിടെ വന്നുചേൎന്നു. ഇവർ രത്നാവലിയുടെ മാല അവിടെ കണ്ടെത്തുകൊണ്ട് അത്ഭുതപ്പെട്ടുപോയി. അനന്തരം കപ്പൽ ഉടഞ്ഞ വൃത്താന്തം അവർ ഉദയനനോടു പറഞ്ഞുകേൾപ്പിച്ചു.

ഇതിനിടയ്ക്ക് അന്തഃപുരം തീ പിടിക്കുന്നു എന്ന് ഒരു വിളി അവർ കേട്ടു. ഉടനെ അതിനകത്തു ബന്ധനസ്ഥയായിരിക്കുന്ന സാഗരികയെ രക്ഷിക്കണമെന്ന് വാസവദത്ത ഉദയനനോട് അപേക്ഷിച്ചു. ഉദയനൻ അതിനു വിമുഖനായിരുന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. രാജാവു സാഗരികയ്ക്കു കാരാഗൃഹമോചനം നൾകിയ ഉടനെ അവിടെയുണ്ടായിരുന്ന ഇന്ദ്രജാലക്കാരൻ മിത്ഥ്യയായി ഉണ്ടാക്കിത്തീൎത്ത അഗ്നിബാധ അവസാനി

ക്കുകയും ചെയ്തു. അനന്തരം ബാഭ്രവ്യനും വസുഭൂതിയും തങ്ങൾ മരിച്ചുപോയെന്നു വിചാരിച്ചിരുന്ന രത്നാവലിയെ കണ്ടു സാഗരികയാണു രത്നാവലിയെന്ന് ഉദയനനെ ധരിപ്പിച്ചു. ഉടനെ യൌഗന്ധരായണൻ അവിടെ വന്നു രാജാവിനോടും രാജ്ഞിയോടും താൻ രത്നാവലിയെ അദ്ദേഹത്തിൻെറ രാജ്ഞിയാക്കുവാൻ ശ്രമിച്ച വിവരവും മററു സകല വൃത്താന്തങ്ങളും പറഞ്ഞുകേൾപ്പിച്ചു. ഒടുവിൽ വാസവദത്ത തൻെറ മാതുലപുത്രിയായ രത്നാവലിയെ സസന്തോഷം ഉദയനനു വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു.

ഹർഷൻെറ രണ്ടാമത്തെ നാടകമായ പ്രിയദർശികയുടെ കഥാവസ്തു ചുവടേ സംഗ്രഹിക്കുന്നു. അംഗരാജാവായ ദൃഢവർമ്മൻ തൻെറ പുത്രി പ്രിയദർശികയെ കലിംഗരാജാവിനു വിവാഹംചെയ്തു കൊടുക്കുന്നതിൽ വൈമനസ്യം പ്രദർശിപ്പിക്കുകയും, ആ രാജകുമാരിയെ കൌശാംബിയിലെ വത്സരാജാവായ ഉദയനനു കല്യാണം കഴിച്ചുകൊടുക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. ഉദയനനെ പ്രദ്യോതൻ എന്ന അവന്തിരാജാവ് അല്പകാലം തടവിൽ പാർപ്പിച്ച തക്കം നോക്കി കലിംഗരാജാവു ദൃഢവർമ്മനെ തടവുകാരനായി പിടിച്ചു. ഈ രാഷ്ട്രീയകലാപങ്ങൾക്കിടയിൽ ദൃഢവർമ്മൻ പ്രിയദർശികയെ അവളുടെ രക്ഷാർത്ഥം തൻെറ മിത്രമായ വിന്ധ്യകേതു എന്ന രാജാവിന്റെ കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നു. താമസിയാതെ ഉദയനൻ വിന്ധ്യകേതുവിനോടു യുദ്ധം ചെയ്ത് അദ്ദേഹത്തെ വധിച്ചു. വിന്ധ്യകേതുവിൻെറ കൊട്ടാരത്തെ പിടിച്ചടക്കിയപ്പോൾ അതിൽനിന്ന് ഉദയനൻെറ സേനാധിപതിക്കു തടവുകാരായി ലഭിച്ചവരുടെ കൂട്ടത്തിൽ പ്രിയദർശികയും

ഉണ്ടായിരുന്നു. അവൾ വിന്ധ്യകേതുവിൻെറ പുത്രിയാ ണെന്നു വിചാരിച്ച് ആ ഉദ്യോഗസ്ഥൻ അവൾക്ക് ആരണ്യക എന്ന നാമം നൽകി അവളെ വാസവദത്ത രാജ്ഞിയുടെ ചേടിയായി നിയമിക്കുകയും ചെയ്തു.

ഒരു ദിവസം ഉദയനൻ വിദൂഷകനോടുകൂടി ഉദ്യാനത്തിൽ സഞ്ചരിക്കുമ്പോൾ താമരപ്പൂക്കൾ പറിച്ചുകൊണ്ടു നിന്നിരുന്ന ആരണ്യകയേയും ഇന്ദീവരികയേയും അദ്ദേഹം കാണുകയും, ഉടനേതന്നെ അദ്ദേഹത്തിന് ആരണ്യകയിൽ അനുരാഗം ജനിക്കുകയും ചെയ്തു. അല്പനേരം കഴിഞ്ഞയുടനെ ഇന്ദീവരിക അവിടെനിന്നു പോയി. ഉടനെ ആ കമലങ്ങൾക്കു ചുററും പറന്നുകൊണ്ടിരുന്ന വണ്ടുകൾ ആരണ്യകയെ ഉപദ്രവിക്കുവാൻ തുടങ്ങി. ഇതു കണ്ടു ഭയപ്പെട്ട് അവൾ നിലവിളിച്ചു. ഉടനെ ഉദയനൻ അവളുടെ അടുത്തു ചെന്ന് ആ ഭ്രമരങ്ങളെ ഓടിച്ചുകളഞ്ഞു. അനന്തരം അദ്ദേഹം അവളുടെ കരം ഗ്രഹിച്ചു. ഭയാക്രാന്തയായിരുന്ന അവൾക്ക് അല്പനേരത്തേയ്ക്ക് ഒരു അന്യൻ തൻെറ കരം ഗ്രഹിച്ചിരിക്കുന്നുവെന്നു മനസ്സിലായില്ല. എന്നാൽ അതു ബോധം വന്നയുടനെ അവൾ പിന്നെയും നിലവിളിച്ചു. അപ്പോൾ ആ അന്യൻ ഉദയനൻ ആണെന്നു വിദൂഷകൻ അവളെ ധരിപ്പിച്ചു. തൻെറ വരനായി പിതാവു നിശ്ചയിച്ചിരുന്ന പുരുഷനാണ് അദ്ദേഹം എന്ന് അവൾക്കു മനസ്സിലായയുടനെ അവൾക്കും അദ്ദേഹത്തോട് അനുരാഗം ഉണ്ടായി. അനന്തരം ഇന്ദീവരികയുടെ ആഗമനം കണ്ട് രാജാവും വിദൂഷകനും അവിടെനിന്നു പോയി.

വത്സരാജാവിൻേറയും വാസവദത്തയുടേയും അത്ഭുതകരങ്ങളായ വിവാഹസംഭവങ്ങളെ ആസ്പദമാക്കി ആ

രാജ്ഞിയുടെ ഒരു വൃദ്ധമിത്രമായ സാംസ്കൃത്യായനി രചിച്ച ഒരു നാടകം ഉദയനൻെറ കൊട്ടാരത്തിൽ കൂടെക്കൂടെ അഭിനയിക്കുക പതിവുണ്ടായിരുന്നു. ഇതിൻെറ അഭിനയത്തിൽ ആരണ്യക നായികയുടേയും, മനോരമ എന്ന ചേടി നായകൻേറയും വേഷം കെട്ടുകയാണു പതിവ്. തനിക്ക് ഉദയനനിൽ അനുരാഗം ജനിച്ച വിവരം ആരണ്യക മനോരമയോടു പറഞ്ഞിരുന്നതിനാൽ, മനോരമയും വിദൂഷകനും കൂടി ആലോചിച്ച് ആരണ്യകയേയും ഉദയനനേയും ആ നാടകാഭിനയത്തിൽ നായികാനായകന്മാരായി വേഷം കെട്ടിക്കുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. ഒടുക്കം ആ നാടകാഭിനയം അവിടെ വച്ചു നടന്നു. ഇതിൽ നായകൻെറ വേഷം ധരിച്ചിരുന്ന ഉദയനൻ യഥാർത്ഥമായ അനുരാഗത്തോടുകൂടി അഭിനയിച്ചതിനാൽ വാസവദത്ത നീരസത്തോടുകൂടി അവിടെനിന്ന് എഴുന്നേററു പോയി. അനന്തരം ആ രാജ്ഞി ഉറങ്ങിക്കിടന്നിരുന്ന വിദൂഷകനെ പെട്ടെന്ന് ഉണർത്തി, ആ സാധുവിൽനിന്നും വിവരമെല്ലാം മനസ്സിലാക്കി. ഉടനെ കോപാന്ധയായി ആ രാജ്ഞി ആരണ്യകയെ ബന്ധനത്തിലാക്കുകയും ചെയ്തു.

ദൃഢവർമ്മനും വാസവദത്തയ്ക്കും തമ്മിൽ ബന്ധുത്വം ഉണ്ടായിരുന്നതിനാൽ, ഉദയനൻ രാജ്ഞിയെ സന്തോഷിപ്പിക്കുവാനായി കലിംഗരാജാവിനെ തോല്പിച്ചു പ്രിയദർശികയുടെ പിതാവിന് അംഗരാജ്യം തിരിച്ചുകൊടുത്തു. രാജ്യം തനിക്കു ലഭിച്ചതിന് തൻെറ കൃതജ്ഞത പ്രകടിപ്പിക്കുവാനായി ദൃഢവർമ്മൻ ഒരു മന്ത്രിയെ ഉദയനൻെറ രാജധാനിയായ കൌശാംബിയിലേയ്ക്ക് അയച്ചു. ഈ മന്ത്രിയിൽനിന്നു പ്രിയദർശികയുടെ തിരോധാനം ഉദയ

നനം വാസവദത്തയും അറിഞ്ഞു. അപ്പോൾ മനോരമ രാജസദസ്സിൽ പെട്ടെന്നു പ്രവേശിച്ച് ആരണ്യക വിഷം തിന്നു മരിച്ചുവെന്ന് അവരെ അറിയിച്ചു. വിഷങ്ങൾക്കു പ്രത്യൌഷധങ്ങൾ അറിയാമായിരുന്ന ഉദയനൻ ഉടനെ ആരണ്യകയെ പുനൎജ്ജീവിപ്പിച്ചു. അപ്പോൾ ആരണ്യക യാണു കാണാതെ പോയ പ്രിയദർശികയെന്നു ദൃഢവൎമ്മൻെറ മന്ത്രി വാസവദത്തയെ ധരിപ്പിച്ചു. ഇതു് അറിഞ്ഞയുടനെ വാസവദത്ത പ്രിയദർശികയെ ഭൎത്താവിനു വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു.

ഹൎഷൻെറ മൂന്നാമത്തെ നാടകമായ നാഗാനന്ദം അദ്ദേഹത്തിൻെറ ഇതര നാടകങ്ങളിൽനിന്നു പാടേ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല, അതിനു സംസ്കൃത നാടകങ്ങളുടെ കൂട്ടത്തിൽ അപ്രതിരൂപമായ ഒരു സ്ഥാനവും കൂടിയുണ്ടു്. അപ്രതിരൂപമായ ഈ സ്ഥാനം നാഗാനന്ദത്തിനു കിട്ടിയതിനുള്ള കാരണം മനസ്സിലാക്കുവാൻ "രസം"എന്ന ആലങ്കാരികരുടെ സാങ്കേതികപദത്തിൻ്റെ അൎത്ഥമെന്തെന്ന് അറിഞ്ഞേ മതിയാവൂ.

ഹൎഷൻ്റെ കാലംവരെയുള്ള ആലങ്കാരികന്മാർ ഭരത നാട്യശാസ്ത്രത്തിൽ വിവരിച്ചിട്ടുള്ള എട്ടു രസങ്ങൾ മാത്രമേ കാവ്യത്തിലും നാടകത്തിലും അംഗീകരിച്ചിരുന്നുള്ളു. ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം എന്നിവയാണു് അഷ്ടരസങ്ങൾ. രസം എന്നതു്, "വിഭാവാനുഭാവവ്യഭിചാരീസംയോഗാത് രസനിഷ്പത്തിഃ" എന്ന ഭരതനാട്യശാസ്ത്രത്തിലെ സുപ്രസിദ്ധമായ വാക്യമനുസരിച്ചു, വിഭാവങ്ങളുടേയും അനുഭാവങ്ങളുടേയും, വ്യഭിചാരീഭാവങ്ങളുടേയും വേണ്ട വിധത്തിലുള്ള ചേരുവയും പ്രകടനവും നിമിത്തം കാണികളിൽ ജനിക്കുന്ന ആനന്ദവികാരമാണു്. പ്രണയം മുത

ലായ വികാരങ്ങളെ ജനിപ്പിക്കുന്ന സാധനങ്ങളാണ് വിഭാവങ്ങൾ. നായകൻ, വസന്തം, ചന്ദ്രിക മുതലായവ വിഭാവങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഈ വികാരങ്ങൾ ജനിപ്പിക്കുന്ന പ്രത്യക്ഷഫലങ്ങളാണ് അനുഭാവങ്ങൾ. പുരികങ്ങളുടെ ചലനം, ഒളിച്ചുനോട്ടം എന്നിവ അനുഭാവത്തെ ഉദാഹരിക്കുന്നു. പ്രധാന വികാരത്തെ പോഷിപ്പിക്കുന്നതിന് ഉതകുന്ന താല്ക്കാലികവികാരങ്ങളാണു വ്യഭിചാരീഭാവങ്ങൾ. അനുരാഗമെന്ന വികാരത്തെ വൎദ്ധിപ്പിക്കുന്ന കോപം, ആശങ്ക മുതലായവയെ വ്യഭിചാരീഭാവങ്ങൾക്ക് ഉദാഹരണമായി എടുക്കാം. ഈ വിഭാവങ്ങളേയും അനുഭാവങ്ങളേയും വ്യഭിചാരീഭാവങ്ങളേയും കാവ്യം, സംഗീതം മുതലായവയുടെ സഹായസഹിതം പ്രദർശിപ്പിക്കുമ്പോൾ, രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സാ, വിസ്മയം എന്ന എട്ടു സ്ഥായീഭാവങ്ങളിൽ ഒന്ന് കാണികളുടെ മനസ്സിൽ ജനിക്കുന്നതാണ്. ഈ സ്ഥായീഭാവങ്ങൾ കാണികളുടെ മനസ്സിൽ വളൎന്ന് അവൎക്ക് തങ്ങൾ കാണുന്ന രംഗത്തോടു സ്ഥലകാലാദികളെ മറന്നുള്ള ഭാവനാപരമായ ലയം ഉണ്ടാകുമ്പോൾ, അവരിൽ ജനിക്കുന്ന ആനന്ദത്തിനാണ് ആലങ്കാരികന്മാർ രസം എന്ന പേരിട്ടിട്ടുള്ളത്. രതി എന്ന സ്ഥായീഭാവത്തിൽനിന്നു ശൃംഗാരരസവും, ഹാസം എന്നതിൽനിന്നു ഹാസ്യവും, ശോകം എന്നതിൽനിന്നു കരുണവും, ക്രോധം എന്നതിൽനിന്നു രൌദ്രവും, ഉത്സാഹം എന്നതിൽനിന്നു വീരരസവും, ഭയം എന്നതിൽനിന്നു ഭയാനകവും, ജുഗുപ്സാ എന്നതിൽനിന്നു ബീഭത്സവും, വിസ്മയമെന്നതിൽനിന്ന് അത്ഭുതവും ജനിക്കുകയും ചെയ്യുന്നു.

ഇതായിരുന്നു ഹർഷൻെറ കാലംവരെയുള്ള ആലങ്കാരികന്മാരുടെ സിദ്ധാന്തം. ഇതനുസരിച്ചു കവികൾ ഈ എട്ടു രസങ്ങളിൽ ഒന്നല്ലെങ്കിൽ മററൊന്ന് ഉൾക്കൊള്ളുന്ന കാവ്യങ്ങളും നാടകങ്ങളും രചിച്ചു വന്നിരുന്നു. ഈ അഷ്ടരസങ്ങൾക്കു പുറമേ, സർവ്വസംഗപരിത്യാഗിയായ ഒരു സന്യാസിവര്യൻെറ മനസ്ഥിതിയിൽ കാണാവുന്ന ശമം എന്ന സ്ഥായീഭാവത്തിൽനിന്നു ജനിക്കുന്ന ശാന്തം എന്ന ഒൻപതാമത്തെ ഒരു രസമുണ്ടെന്നും, ഇതിൻെറ വിഭാവങ്ങൾ തപസ്സു മുതലായവയാണെന്നും, അനുഭാവം കാമക്രോധാദിവികാരങ്ങളുടെ അഭാവമാണെന്നും, ഇതിൻെറ വ്യഭിചാരീഭാവങ്ങൾ ധൃതി, മതി മുതലായവയാണെന്നും ഹർഷൻ വാദിച്ചു. സകല രസങ്ങളും അനുഭവിക്കുന്നതിന് ആത്മവിസ്മൃതിയും, സ്ഥലകാലാദി പരിതസ്ഥിതിയുടെ വിസ്മൃതിയും അപരിത്യാജ്യമാകയാൽ, സകല രസങ്ങളുടേയും അനുഭവത്തിനു വാസ്തവത്തിൽ ശാന്തരസത്തിൻെറ സ്വഭാവമുണ്ട്. തന്നിമിത്തം സകല രസങ്ങളും ശാന്തരസത്തിൽ അടങ്ങിയിരിക്കുന്നു എന്നും, ഇപ്രകാരം സകല രസങ്ങളേയും ഉൾക്കൊള്ളുന്നതും, തന്നിമിത്തം മറ്റെല്ലാ രസങ്ങളെക്കാൾ പ്രധാനമായതുമായ ശാന്തരസത്തെ ആസ്പദിച്ചു കാവ്യങ്ങളും, പ്രത്യേകിച്ചു നാടകങ്ങളും സൃഷ്ടിക്കേണ്ടതാണെന്നും, സൃഷ്ടിക്കാവുന്നതാണെന്നുമുള്ള തന്റെ അഭിപ്രായം സ്ഥാപിക്കുവാനാണു ഹർഷൻ നാഗാനന്ദം രചിച്ചതു്. പിൽക്കാലത്തെ ആലങ്കാരികന്മാരായ ആനന്ദവർദ്ധനനും, അഭിനവഗുപ്തനും ശാന്തരസത്തിൻെറ സ്വീകരണത്തിനു വേണ്ടി വാദിച്ചിട്ടുള്ളതിൻെറ പോക്കിൽ നിന്നാണു ഹർഷൻെറ പ്രസ്തുത വാദം എന്തായിരുന്നു എന്ന് നമുക്ക് അനുമാനിക്കാൻ സാധിക്കുന്നതു്.

നമുക്ക് ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങളിൽനിന്ന്, ഈ വാദം ഇദംപ്രഥമമായി പുറപ്പെടുവിച്ചതു ഹർഷനാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഭരതനാട്യശാസ്ത്രത്തിനു താൻ രചിച്ച ഭാഷ്യത്തിലായിരിക്കണം ഹർഷൻ ഈ വാദം ആദ്യമായി പുറപ്പെടുവിച്ചത്. ഇത് ആദ്യമായി പുറപ്പെട്ടപ്പോൾ, ഇതിനു യാഥാസ്ഥിതികരായ ആലങ്കാരികരിൽനിന്നും, സാഹിത്യകാരന്മാരിൽനിന്നും ശക്തിയേറിയ എതിർപ്പു നേരിടേണ്ടതായി വന്നിരിക്കണം. ഇവർ ഭരതനാട്യശാസ്ത്രത്തെ മുറുകെ പിടിച്ചുകൊണ്ടു ഭരതൻ പ്രസ്താവിച്ചിട്ടുള്ള നാല്പത്തൊൻപതു ഭാവങ്ങളിൽ ശമം എന്ന ഭാവം വന്നിട്ടില്ലെന്നും, തപസ്സും മററും ശാന്തരസമല്ല, തത്വജ്ഞാനമാണു ജനിപ്പിക്കുന്നതെന്നും, അതിനാൽ അവ ശാന്തരസത്തിന്റെ വിഭാവങ്ങളല്ലെന്നും, ധൃതി മുതലായവ സുഖാനുഭവങ്ങളെ സംബന്ധിച്ചവയാകയാൽ അവ ശാന്തരസത്തിൻെറ വ്യഭിചാരീഭാവങ്ങളല്ലെന്നും, തന്നിമിത്തം ശാന്തം എന്നൊരു രസമേ ഇല്ലെന്നും വാദിച്ചിരുന്നിരിക്കണം. എന്നാൽ കാലക്രമേണ പല ആലങ്കാരികന്മാരും ഹർഷൻെറ അഭിപ്രായം സ്വീകരിച്ച് ശാന്തം ഒൻപതാമത്തെ രസമാണെന്നു സമ്മതിക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തിച്ച ആദ്യത്തെ ആലങ്കാരികൻ, നമുക്ക് അറിയാവുന്നിടത്തോളം എട്ടാംശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഉദ്ഭടനാണെന്നു വേണം വിചാരിക്കേണ്ടത്. ഹർഷൻെറ കാലത്തിനു ശേഷം ജീവിച്ചിരുന്ന ഉദ്ഭടൻ, അഭിനവഗുപ്തൻ മുതലായ പല ആലങ്കാരികരും ശാന്തത്തെ ഒരു രസമായി അംഗീകരിച്ചു എങ്കിലും, ഹർഷൻെറ കാലത്തിനു ശേഷം ഒരു നാടകകർത്താവും

ശാന്തരസത്തെ ആസ്വദിച്ച് ഒരു നാടകംപോലും രചിച്ചിരുന്നില്ല. ഈ സംഗതിയാണ് നാഗാനന്ദത്തിന സംസ്കൃത നാടകങ്ങളുടെ കൂട്ടത്തിൽ അപ്രതിരൂപമായ ഒരു സ്ഥാനം നൽകിയതു്.

രത്നാവലിയിൽനിന്നും, പ്രിയദർശികയിൽനിന്നും പാടേ വിഭിന്നമായ ഒരു നാടകമാണ നാഗാനന്ദം എന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആദ്യത്തെ രണ്ടു നാടകങ്ങളിലും പൊന്തിച്ചുനിൽക്കുന്ന രസം ശൃംഗാരമാണ്. നാഗാനന്ദത്തിലാകട്ടെ, ശാന്തരസമാണ മുഖ്യരസം. രത്നാവലിയുടേയും പ്രിയദർശികയുടേയും നാന്ദിശ്ലോകങ്ങളിൽ ഹർഷൻ ഗൌരീ, ശിവൻ മുതലായ ഹിന്ദു ദേവതകളെയാണ സ്തുതിച്ചിരിക്കുന്നതു്. ഉദാഹരണമായി രത്നാവലിയിലേയും പ്രിയദർശികയിലേയും നാന്ദിശ്ലോകങ്ങളുടെ പരിഭാഷകൾ ചുവടെ ഉദ്ധരിക്കുന്നു:—

"പാദാഗ്രംകൊണ്ടു നിന്നും കുചഭരനതയാ-
യദ്രിതൻ പുത്രി മന്ദം
ഭൂതേശാരാധനത്തെത്തുടരുമളവവൻ
സസ്പൃഹം നോക്കമൂലം
ജാതവ്രീളം വിയത്തുൽപുളകമൊടു വിറ-
ച്ചുത്തമാംഗത്തിലുന്നീ-
ട്ടേതാനം താനിടയ്ക്കിട്ടൊരു സുമനിചയം
നിങ്ങളെക്കാത്തിടട്ടെ."

(രത്നാവലി)

"ഒകൈലാസം പൊക്കിടുമ്പോൾഗ്ഗണനിര
കുതുകം പൂണ്ടു കൂട്ടിക്കുമാരൻ
ചേലോടേ മാതൃരങ്കേ മരുവിയഹിഗണം
പാരമായ് ക്കോപമാർന്നു

കാലാലുള്ളൂന്നിനാലേ ദശമുഖനഥ പാ-
താളലോകത്തിലായ-
ക്കാലം പേടിച്ചുചെന്നിട്ടുമ തഴകിരസി-
ച്ചോരു ദേവൻ തുണയ്ക്കും."

(പ്രിയദശ്ശിക)

എന്നാൽ,

"ധ്യാനവ്യാജമൊടേത്തു നാരിയെ നിന-
ച്ചീടുന്ന നീ കൺമിഴി-
ച്ചാനംഗാത്തിയിലാണ്ട ഞങ്ങളിലതിൻ-
കോണൊന്നയച്ചീടുക
ദീനത്രാണപരായണത്വകപടം കൊള്ളാ-
മിതെന്നീർഷ്യയാൽ
സൂനാസ്ത്രന്റെ വധുക്കളാലഭിഹിതൻ
ബോധിസ്ഥബുദ്ധൻ തുണ."

എന്ന് നാഗാനന്ദത്തിന്റെ നാന്ദിശ്ലോകത്തിൽ ഹർഷൻ ബുദ്ധനേയാണ് സ്തുതിച്ചിരിക്കുന്നത്. ഹഷന്റെ അന്ത്യകാലത്തോടു സമീപിച്ച് അദ്ദേഹം ഒരു ബുദ്ധമത വിശ്വാസിയായി ഭവിച്ചിരുന്നു എന്നു പിന്നീടു പ്രസ്താവിക്കുന്നതാണ്. ഈ മതപരിവത്തനം നിമിത്തമാണു നാഗാനന്ദത്തിൽ പ്രസ്തുത വ്യത്യാസങ്ങൾ ഉണ്ടായത്.

ഹിന്ദുമതം പ്രാചീനകാലങ്ങളിൽ ആദ്യത്തെ മൂന്ന് ആശ്രമങ്ങൾ മാത്രമേ സ്വീകരിച്ചിരുന്നുള്ളു എന്നും, അതു ഗൃഹസ്ഥാശ്രമത്തെയാണ് സദാ വാഴ്ത്തിയിരിക്കുന്നതെന്നും, മനസ്സില്ലാമനസ്സോടുകൂടിയാണ് അതു് ഋഷഭൻ സ്ഥാപിച്ച പ്രാചീനജൈനമതത്തിൽനിന്നു സന്യാസാശ്രമം സ്വീകരിച്ചതെന്നും, ഇതിനെ നാലാമത്തെ ആശ്രമമായി സ്വീകരിച്ചതിനു ശേഷവും ഹിന്ദുമതത്തിന്

അതിനോട്ട് അധികമായ അനുകൂലഭാവം തോന്നിയിരുന്നില്ലെന്നും, ഒരു സന്യാസിയെ കാണുന്നതു് ഒരു ദുശ്ശകുനമായി ഹിന്ദുക്കൾ ഗണിക്കുന്നതു് ഈ മനസ്ഥിതിയുടെ പ്രതിബിംബനമാണെന്നും ചില പണ്ഡിതന്മാർ സ്ഥാപിച്ചിട്ടുണ്ടു്. അഗ്നിക ഭരദ്വാജൻ എന്ന ബ്രാഹ്മണൻ ഒരിക്കൽ യജ്ഞം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ബുദ്ധൻ ആ സ്ഥലത്തു പ്രത്യക്ഷപ്പെട്ടു. അപ്പോൾ ആ ബ്രാഹ്മണൻ കോപാന്ധനായി ബുദ്ധനോടു മാറിനില്ക്കുവാൻ പറഞ്ഞു എന്നു സുത്തനിപാതത്തിൽ കാണുന്നു. പിന്നെയും ഒരിക്കൽ മണ്ഡനമിശ്രൻ യാഗംചെയ്തുകൊണ്ടിരിക്കുമ്പോൾ സന്യാസിയായ ശങ്കരാചാര്യൻ അവിടെ കേറിച്ചെന്നു. ഉടനെ കുപിതനായി നിന്നിടത്തു നിൽക്കുവാൻ മണ്ഡനമിശ്രൻ ബ്രാഹ്മണസന്യാസിയായ ശങ്കരനോട്ട് ആജ്ഞാപിച്ചു എന്നു് ആനന്ദഗിരി പറഞ്ഞിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളും സന്യാസാശ്രമത്തോടു ഹിന്ദുമതം സ്വീകരിച്ചിരുന്ന നില നല്ലപോലെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്.

നേരേ മറിച്ചു് ബുദ്ധമതം ജൈനമതത്തെ അനുകരിച്ചു സന്യാസാശ്രമം മററു മൂന്നു ആശ്രമങ്ങളിലും വച്ചു ശ്രേഷ്ഠമാണെന്ന അഭിപ്രായം സ്വീകരിച്ചിട്ടുള്ള ഒരു മതമാണു്. അതിൻെറ സ്ഥാപകനായ ശാക്യമുനിയും സർവ്വും പരിത്യജിച്ചു സന്യാസം വരിച്ചതിനു ശേഷമാണല്ലോ ആ മതത്തെ സ്ഥാപിച്ചതും. ബുദ്ധൻ സന്യാസാശ്രമമെന്ന ആശയം ജൈനമതത്തിൽനിന്നു സ്വീകരിച്ചപ്പോൾ, പരോപകാരാർത്ഥമായി വേണം സന്യസിക്കേണ്ടതു് എന്ന പുതിയ തത്വത്തെ സ്വമോക്ഷാർത്ഥം സന്യസിക്കണമെന്നുള്ള ജൈനരുടെ പഴയ ആശയത്തെ പരിത്യജിച്ചു് അദ്ദേഹം അംഗീകരിക്കുകയുണ്ടായി. സ്വമോ

ക്ഷാൎത്ഥം സന്ന്യസിക്കുന്ന "പ്രത്യേകബുദ്ധ"ന്മാൎക്കു പരോപകാരാൎത്ഥം സന്ന്യസിക്കുന്ന ബോധിസത്വന്മാരുടേയും ബുദ്ധന്മാരുടേയും ഉയൎന്ന സ്ഥാനം ബുദ്ധമതം നൽകാതെയിരുന്നതിനു കാരണവും ഇതുതന്നെയാകുന്നു. ഹർഷനു് ബുദ്ധമതത്തോടു തോന്നിയ അതിയായ ബഹുമാനമാണു് അദ്ദേഹത്തെ ആ മതം വാഴ്ത്തിയിരിക്കുന്ന പരോപകാരാൎത്ഥമുള്ള സന്ന്യാസമനസ്ഥിതിയിൽ നിന്നു ജനിച്ച ശാന്തരസത്തിനു തന്റെ പുതിയ നാടകത്തിൽ പ്രാമുഖ്യം നൽകുവാൻ പ്രേരിപ്പിച്ചതു്.

നാഗാനന്ദം രചിക്കുവാൻ ഹർഷനു് ഒരു മാതൃകയുണ്ടായിരുന്നു എന്നു വിചാരിക്കുവാൻ കാരണമുണ്ടു്. പരമമായ തന്റെ ആത്മത്യാഗം പ്രദർശിപ്പിക്കുവാനായി മണിചൂഡൻ എന്ന നായകൻ തന്റെ ഭാൎയ്യയേയും കുഞ്ഞുങ്ങളേയും ഒരു ബ്രാഹ്മണനു വിട്ടുകൊടുത്ത ഒരു ബൌദ്ധകഥയെ ആസ്പദിച്ചു ചന്ദ്രവ്യാകരണത്തിന്റെ സുപ്രസിദ്ധ കൎത്താവായ ചന്ദ്രഗോമി രചിച്ച ലോകാനന്ദം എന്ന ഒരു നാടകത്തിന്റെ ടിബററൻഭാഷയിലുള്ള ഒരു പരിഭാഷ നമുക്കു ലഭിച്ചിട്ടുണ്ടു്. തുഞ്ജീനൻ ഒന്നാമൻ എന്ന കാശ്മീരരാജാവിന്റെ കാലത്തു ജീവിച്ചിരുന്നവനും, മഹാഭാരതകൎത്താവായ വ്യാസനോടു തുല്യം നാടകത്തിൽ കീൎത്തി നേടിയവനുമായ ഒരു ചന്ദകൻ, അതായതു്, ചന്ദ്രകൻ എന്ന കവിയെപ്പററി രാജതരംഗിണി എന്ന കാശ്മീരചരിത്രം പ്രസ്താവിച്ചിരിക്കുന്നു. ഈ ചന്ദ്രകമഹാകവിയും ചന്ദ്രഗോമി എന്ന പ്രസിദ്ധനായ ബൌദ്ധവൈയ്യാകരണനും ഒന്നാണെന്നു വിചാരിക്കുവാൻ കാരണമുണ്ടു്.

തുഞ്ജീനൻ ഒന്നാമന്റെ വാഴ്ചക്കാലത്തു് ഒരു ഭയങ്കരമായ ക്ഷാമം കാശ്മീരത്തെ കഷ്ടപ്പെടുത്തി എന്നു രാജതരംഗിണിയിൽ പ്രസ്താവിച്ചിരിക്കുന്നു. കാശ്മീരത്തിന്റെ അയൽരാജ്യമായിരുന്ന പെർസ്യായിലെ സാസൻവംശത്തിലെ രാജാവും, ഏ. ഡി. ൪൫൯ മുതൽക്കു് ൪൮൪-വരെ നാടുവാണിരുന്നവനുമായ ഫിറൂസിന്റെ കാലത്തുണ്ടായ ക്ഷാമത്തെയാണു രാജതരംഗിണിയിൽ സൂചിപ്പിച്ചിട്ടുള്ളതെന്നു വിശ്വസിക്കാം. അതിനാൽ ചന്ദ്രകകവിയുടെ കാലം ഏ. ഡി. ൪൫൦-നു സമീപിച്ചായിരിക്കണം. ചന്ദ്രഗോമി തന്റെ കാലത്തു് ഒരു ഗുപ്തചക്രവൎത്തിക്കു ഹൂണന്മാരുടെ മേലുണ്ടായ ഒരു വിജയത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ഈ വിജയം സ്കന്ദഗുപ്തൻ ഏ. ഡി. ൪൫൦-നു സമീപിച്ചു ഹൂണന്മാരെ തോല്പിച്ചതിനെ സൂചിപ്പിക്കുന്നു എന്നു വിചാരിക്കാവുന്നതിനാൽ, ചന്ദ്രകകവിയും ചന്ദ്രഗോമിയും ഒരു കാലത്തു ജീവിച്ചിരുന്നു എന്നും, തന്നിമിത്തം അവർ രണ്ടു പേരും ഒന്നാണെന്നും വിശ്വസിക്കാവുന്നതാണു്. ചന്ദ്രകന്റെ, അഥവാ, ചന്ദ്രഗോമിയുടെ ലോകാനന്ദനാടകത്തിലെ കഥയുടെ പോക്കിൽനിന്നു് അതിൽ ശാന്തരസം പൊന്തിച്ചു നിന്നിരുന്നു എന്നു് അനുമാനിക്കാം. ഈ സംഗതിയിൽ നിന്നും, ലോകാനന്ദം, നാഗാനന്ദം എന്ന പേരുകളുടെ സാദൃശ്യത്തിൽ നിന്നും, ഹൎഷന്റെ നാഗാനന്ദത്തിനു മാതൃകയായി ഭവിച്ച നാടകം പ്രസ്തുത ലോകാനന്ദമെന്ന ബൌദ്ധനാടകമാണെന്നു വിശ്വസിക്കാം. ഹൎഷനു ശാന്തരസത്തെപ്പററി തന്റെ പുതിയ വാദം പുറപ്പെടുവിക്കുവാൻ പ്രേരകമായിത്തീൎന്നതു ലോകാനന്ദം ആണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. രാജതരംഗിണിയിൽ ചന്ദ്രകനെ നാടകലോകത്തിലെ വ്യാസൻ എന്നു വൎണ്ണിച്ചിരി

ക്കുന്നതു നാടകത്തിൽ ഇദംപ്രഥമമായി ശാന്തരസം പ്രയോഗിച്ച് ഒരു വിപ്ലവമുണ്ടാക്കിയത്ത് അദ്ദേഹമായിരുന്നതുകൊണ്ടായിരിക്കാം.

ബൗദ്ധജാതകകഥകളും, അപദാനങ്ങളും ഒരു ബോധിസത്വനായ ജീമൂതവാഹനൻെറ കഥ പ്രസ്താവിക്കുന്നുണ്ട്. ഹഷൻെറ കാലത്തിനു ശേഷം, ജീവിച്ചിരുന്ന സോമദേവനും ക്ഷേമേന്ദ്രനും യഥാക്രമം അവരുടെ കൃതികളായ കഥാസരിത്സാഗരത്തിലും, ബൃഹത്കഥാമഞ്ജരിയിലും ഈ കഥ വണ്ണിച്ചിരിക്കുന്നു. വിദ്യാധരജാതകം എന്ന ജാതകകഥയെ പുതുക്കിയാണു പ്രസ്തുത നാടകത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്ത് എന്നു പ്രസ്താവനയിൽ കവി സൂത്രധാരനെക്കൊണ്ടു പറയിച്ചിരിക്കുന്നു.

അഞ്ച് അങ്കങ്ങളുള്ള നാഗാനന്ദത്തിൻെറ കഥ ചുവടെ സംക്ഷേപിക്കുന്നു. വിദ്യാധരരാജാവായ ജീമൂതകേതുവിനു പിതൃഭക്തി മൂത്തീകരിച്ചിരുന്നവനും, യുവചാപല്യങ്ങളിൽ വിമുഖനും, പരോപകാരം തൻെറ സകല പ്രവൃത്തികളുടേയും മൂലതത്വമായി സ്വീകരിച്ചിരുന്നവനുമായ ജീമൂതവാഹനൻ എന്നൊരു പുത്രൻ ഉണ്ടായിരുന്നു. ഒരിക്കൽ പിതാവിൻെറ ആജ്ഞ അനുസരിച്ച് ആ രാജകുമാരൻ വിദൂഷകനായ ആത്രേയനോടുകൂടി മലയപവ്വതത്തിനു സമീപമുള്ള ഒരു ആശ്രമത്തിൽ കുറേക്കാലം നിവസിക്കുവാനായി പോയി. അപ്പോൾ ഒരു സൌന്ദയ്യവതിയായ യുവതി ആ ആശ്രമത്തിനു സമീപം ഇരുന്നു ഗൌരീദേവിയെ സ്തുതിച്ചു ഗാനംചെയ്യുന്നത്ത് അവർ കണ്ടു. സിദ്ധന്മാരുടെ രാജാവായ വിശ്വാവസുവിൻെറ പുത്രി മലയവതി ആയിരുന്നു ആ യുവതി. ഗാനം അവസാനിപ്പിച്ചതിനു ശേഷം മലയവതി തൻ്റെ

ചേടിയായ ചതുരികയോട്ട് താൻ ഒരു സ്വപ്നം കണ്ടു വെന്നും, അതിൽ ഗൌരീദേവി തൻെറ മുമ്പിൽ പ്രത്യ ക്ഷപ്പെട്ടു തനിക്കു ഒരു വിദ്യാധരരാജകുമാരനെ വര നായി ലഭിക്കുമെന്നു പ്രവചിച്ചു എന്നും പറഞ്ഞു കേൾ പ്പിച്ചു. ഈ സംഭാഷണം ജീമൂതവാഹനനും വിദൂഷകനും ഒളിച്ചുനിന്നു കേട്ടുകൊണ്ടിരുന്നു. അനന്തരം മലയവതി യുടെ രൂപലാവണ്യത്തെക്കണ്ടു സ്തംഭിച്ചു നിന്നുപോയ ജീമൂതവാഹനനെ ആത്രേയൻ വലിച്ചിഴച്ച് ആ സ്ത്രീക ളുടെ മുമ്പിൽ കൊണ്ടുചെന്നു. മലയവതിയോട്ട് അവൾ ആരെന്നറിയാതെ അനുരക്തനായിത്തീർന്നിരുന്ന ജീമൂത വാഹനനോടു സംസാരിക്കുവാൻ ആ രാജകുമാരിക്കു ലജ്ജ തോന്നി. ജീമൂതവാഹനനും അധികമൊന്നും സംസാരി ച്ചതുമില്ല. അതിനാൽ ചതുരികയും ആത്രേയനും സംഭാ ഷണഭാരം വഹിക്കേണ്ടിവന്നു.

ഈ സംഭാഷണത്തിനിടയ്ക്കു ആ ആശ്രമത്തിൻെറ നാഥനായ കൌശികമുനിയുടെ ഒരു ശിഷ്യൻ അവിടെ വന്നു മലയവതിയെ ആശ്രമത്തിലേയ്ക്കു വിളിച്ചു. ആ മുനിശിഷ്യൻ ജീമൂതവാഹനനെ കണ്ടയുടനെ അദ്ദേഹം ആരാണെന്ന് അനുമാനിച്ച് അദ്ദേഹത്തേയും ആശ്രമ ത്തിലേയ്ക്കു ക്ഷണിച്ചു. വിശ്വാവസു മലയവതിയെ ജീമൂത വാഹനനു വിവാഹം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചി രുന്നുവെന്നും, ആ വിവരം ജീമൂതവാഹനനെ ധരിപ്പിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം അറിയുന്നതിനായി തന്റെ പുത്രൻ മിത്രാവസുവിനെ ആ വിദ്യാധരകുമാരൻെറ അടു ക്കലേയ്ക്കു വിശ്വാവസു അയച്ചിരുന്നുവെന്നും ആ മുനിശി ഷ്യന് അറിയാമായിരുന്നതാനും.

രണ്ടാംഅങ്കത്തിൽ ജീമൂതവാഹനനോടുള്ള തൻെറ അനുരാഗത്തെ മലയവതി ചതുരികയോടു പ്രകാശിപ്പിക്കുന്നു. അതിൽനിന്നു ജനിച്ച പരവശതയോടുകൂടി ആ രാജകുമാരി അവിടെയുള്ള ഒരു വള്ളിക്കുടിലിൽ ഇരിക്കുമ്പോൾ, ജീമൂതവാഹനനും വിദൂഷകനും അതിനു സമീപം വന്ന് അതിനകത്തു മലയവതി ഉണ്ടെന്നറിയാതെ സംഭാഷണംചെയ്യുന്നു. മലയവതിയോടു ജീമൂതവാഹനനു തോന്നിയ അനുരാഗമായിരുന്നു അവരുടെ സംഭാഷണവിഷയം. തൻെറ പ്രിയതമ താൻ അവളെ സ്നേഹിക്കുന്നില്ലെന്നു വിചാരിച്ച് ആ വള്ളിക്കുടിലിൽ ഇരുന്നു കരയുന്നതായി താൻ സ്വപ്നം കണ്ടുവെന്നു ജീമൂതവാഹനൻ വിദൂഷകനോടു പറഞ്ഞു. ഈ സംഭാഷണം കേട്ടയുടനെ മലയവതിയും ചതുരികയും ആ ലതാഗൃഹത്തിൽനിന്നു മാറി മറഞ്ഞു നിന്നു. അനന്തരം ജീമൂതവാഹനനും വിദൂഷകനും അതിൽ പ്രവേശിച്ചു. ജീമൂതവാഹനൻ തൻെറ സ്വപ്നം ആവർത്തിച്ചു പറഞ്ഞുകൊണ്ടു പ്രിയതമയുടെ ചിത്രം അവിടെയുള്ള ഒരു ശിലയിൽ വരയ്ക്കുകയും ചെയ്തു. ഇതു കേട്ടുകൊണ്ടു നിന്നിരുന്ന മലയവതി ജീമൂതവാഹനൻ അന്യയായ ഒരു യുവതിയിലാണ് അനുരക്തനായിത്തീർന്നിരുന്നതെന്നു തെറ്റിദ്ധരിച്ചു ദുഃഖസാഗരത്തിൽ നിമഗ്നയായിത്തീർന്നു. അപ്പോൾ മിത്രാവസു അവിടെ പ്രവേശിച്ചു പിതാവിൻെറ സന്ദേശം ജീമൂതവാഹനനെ ധരിപ്പിച്ചു. തൻെറ പ്രിയതമ സിദ്ധരാജാവിൻെറ പുത്രിയാണെന്ന് അറിയാതെ ജീമൂതവാഹനൻ, തനിക്ക് ഒരു അന്യയുവതിയിൽ അനുരാഗം ജനിച്ചിരുന്നതിനാൽ വിശ്വാവസുവിൻെറ പുത്രിയെ വിവാഹം ചെയ്യുവാൻ മനസ്സില്ലെന്നു മിത്രാവസുവിനോടു മറുപടി പറഞ്ഞു. ഉടനെ,

ഈ വിവാഹകാൎയ്യത്തെ ജീമൂതകേതുവിനെ ധരിപ്പിച്ച് അദ്ദേഹത്തിൻെറ നിർബന്ധത്താൽ ജീമൂതവാഹനനെ കൊണ്ട് അതു ചെയ്യിപ്പിക്കാം എന്നു വിചാരിച്ച് മിത്രാവസു അവിടെനിന്നും പോകുകയും ചെയ്തു. മിത്രാവസുവും ജീമൂതവാഹനനും തമ്മിൽ ഉണ്ടായ സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്ന മലയവതി നൈരാശ്യക്കുണ്ടിൽ നിമഗ്നയായതിനാൽ, തൻെറ കഷ്ടപ്പാടുകളെ രത്നാവലിയെപ്പോലെ അവസാനിപ്പിക്കുവാൻ അവൾ നിശ്ചയിച്ചു. ഈ ഉദ്ദേശത്തോടുകൂടി ഒരു വള്ളി അവൾ തൻെറ കഴുത്തിൽ കെട്ടിയപ്പോൾ അതു കണ്ടുനിന്നിരുന്ന ചതുരിക നിലവിളിച്ചു തുടങ്ങി. ഇതു കേട്ടു ജീമൂതവാഹനൻ ഓടിച്ചെന്നു തൻെറ പ്രിയതമയെ ആത്മഹത്യയിൽനിന്നു രക്ഷപ്പെടുത്തി. അനന്തരം ആത്രേയൻേറയും ചതുരികയുടേയും സഹായത്താൽ അവരുടെ മിത്ഥ്യാബോധങ്ങൾ നീങ്ങുകയും, ജീമൂതവാഹനൻ സസന്തോഷം മലയവതിയെ വിവാഹംചെയ്യുവാൻ സമ്മതിക്കുകയും ചെയ്തു.

ജീമൂതവാഹനൻേറയും മലയവതിയുടേയും വിവാഹാനന്തരമുണ്ടായ ആഘോഷങ്ങളാണു മൂന്നാം അങ്കത്തിലെ രംഗം. ജീമൂതവാഹനനും മലയവതിയും തമ്മിൽ ഉണ്ടായ സൈ്വരസല്ലാപങ്ങളും, വിവാഹാഘോഷങ്ങൾക്കിടയ്ക്കു വിദൂഷകൻ സ്ത്രീവേഷം ധരിച്ചു നിൽക്കുമ്പോൾ മലയവതിയുടെ ഒരു ചേടിയായ നവമാലികയുടെ കാമുകൻ ശേഖരൻ, മദ്യപാനിയായി വിദൂഷകനെ നവമാലികയാണെന്നു തെറ്റിദ്ധരിച്ച്, ആ സാധുവിനോട് അനുരാഗവാക്കുകൾ പറയുന്നതും, ഇതു കണ്ടു നവമാലികയും ശേഖരനും തമ്മിൽ പിണങ്ങുന്നതും, ഒടുവിൽ വിവരം അറിഞ്ഞു് അവർ വിദൂഷകനെ ഉപദ്രവിക്കുന്നതും നാഗാ

നന്ദകർത്താവു് ഈ അങ്കത്തിൽ സരസമായി വൎണ്ണിച്ചിരിക്കുന്നു. അനന്തരം മിത്രാവസു ജീമൂതവാഹനൻെറ സമീപത്തിൽ വന്നു്, വിദ്യാധരന്മാരുടെ രാജ്യം മതംഗൻ എന്ന പ്രഭു കൈവശപ്പെടുത്തിയ വിവരം അദ്ദേഹത്തെ ധരിപ്പിക്കുകയും, മതംഗനോടു യുദ്ധംചെയ്തു രാജ്യം തിരിച്ചെടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ ജീമൂതവാഹനനു് അതിനു മനസ്സുണ്ടായിരുന്നില്ല.

"സ്വന്തം ശരീരവുമയാചിതനായുമേവൻ
താന്തന്നെയേകുമലിവോടു പരാൎത്ഥമാക്കും
എന്തിന്നവൻ തരികയോ തവ ഘോരഹിംസാ-
ചിന്തയ്ക്കുനുജ്ഞയുമതും ബത നാട്ടിനായോ?"

എന്നാണു് ജീമൂതവാഹനൻ മിത്രാവസുവിനോടു മറുപടി പറയുന്നതു്. ഇതു കേട്ട പുച്ഛരസത്തോടുകൂടി മിത്രാവസു അവിടെനിന്നു പോകുകയും ചെയ്തു.

പഴയ സംസ്കൃതനാടകരചനാരീതി അനുകരിച്ചാണു ഹൎഷൻ നാഗാനന്ദത്തിലെ ഈ മൂന്നു അങ്കങ്ങളും രചിച്ചിട്ടുള്ളതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ നാലും അഞ്ചും അങ്കങ്ങളിൽ അദ്ദേഹം ഈ രീതിയിൽ നിന്നു വ്യതിചലിച്ചു തൻെറ പുതിയ വാദം നാടകീകരിച്ചിരിക്കുന്നു.

നാലാമങ്കത്തിൽ ജീമൂതവാഹനൻ മിത്രാവസുവിനോടുകൂടി ഒരു കടൽത്തീരത്തിൽ പ്രത്യക്ഷപ്പെടുന്നു. അവിടെ ചുററിനടന്നപ്പോൾ ഒരു സ്ഥലത്തു് അസ്ഥികൾ കുന്നുപോലെ കൂടിക്കിടക്കുന്നതു് അവർ കണ്ടു. അതിനു കാരണമെന്താണെന്നു ജീമൂതവാഹനൻ മിത്രാവസുവി

നോടു ചോദിച്ചു. നാഗരാജാവു ഗരുഡനെ തൃപ്തിപ്പെടുത്തുവാൻ ദിവസംപ്രതി ആ ഖഗപതിക്കു കൊടുത്തുവന്നിരുന്ന നാഗങ്ങളുടെ അസ്ഥിസഞ്ചയമാണു് അവിടെ അവർ കണ്ടതെന്നു മിത്രാവസു തൻെറ സ്യാലനെ ധരിപ്പിച്ചു. അനന്തരം മിത്രാവസു അവിടെ നിന്നു പോകുകയും ചെയ്തു.

അനവധി ജീവജാലങ്ങളുടെ നാശം സൂചിപ്പിച്ച ആ അസ്ഥിഗിരികളെക്കണ്ടു ദുഃഖിച്ചു ജീമൂതവാഹനൻ അവിടെ നിൽക്കുമ്പോൾ, അദ്ദേഹം അതിദയനീയമായ ഒരു രോദനം കേട്ടു. തന്റെ ഏകപുത്രനായ ശംഖചൂഡനെ അന്നു ഗരുഡനു് ഇരയായി കൊടുക്കേണ്ട ദിവസമായിരുന്നതിനാൽ, ആ പുത്രനോടുകൂടി അവിടെ വന്നിരുന്ന വൃദ്ധയായ നാഗമാതാവിന്റെ രോദനമായിരുന്നു ജീമൂതവാഹനൻ കേട്ടതു്. അനുകമ്പാലയമായിരുന്ന ജീമൂതവാഹനൻ ഉടനെ ശംഖചൂഡനു പകരം താൻ ഗരുഡൻെറ ഇരയായിത്തീരുവാൻ സന്നദ്ധനാണെന്നു് അവരെ അറിയിച്ചു. ഇതു കേട്ടു ശംഖചൂഡൻ ജീമൂതവാഹനൻെറ പരോപകാരശീലത്തെ പ്രശംസിച്ചുവെങ്കിലും, ആ ഉത്തമപുരുഷനെ തനിക്കു പകരം മരിക്കുവാൻ ആ നാഗം അനുവദിച്ചില്ല. അനന്തരം ശംഖചൂഡൻ തൻെറ ആസന്നമായ മരണത്തിനു മുമ്പിൽ ശിവനെ വന്ദിക്കുന്നതിനായി സമീപത്തുള്ള ഒരു ശിവക്ഷേത്രത്തിലേയ്ക്കു മാതാവിനോടുകൂടി പോയി. അപ്പോൾ മലയവതിയുടെ മാതാവിൻെറ ഒരു ദൂതൻ ഒരു ചുവന്ന വസ്ത്രം ആ രാജ്ഞിയുടെ സമ്മാനമായി ജീമൂതവാഹനനു് കൊടുത്തു. ഗരുഡൻെറ ഇരയായി നിൽക്കുന്ന നാഗങ്ങളെ ആ പക്ഷിരാജാവിനു തിരിച്ചറിയുവാൻ അവർ ചുവന്ന

വസ്ത്രം ധരിച്ച് ഒരു പ്രത്യേകസ്ഥലത്തു നിൽക്കണം എന്നായിരുന്ന അദ്ദേഹവും നാഗരാജാവും തമ്മിൽ നടത്തിയ ഉടമ്പടി. ശംഖചൂഡൻ ശിവക്ഷേത്രത്തിലേയ്ക്കു പോയപ്പോൾ തൻെറ ചുവന്ന വസ്ത്രവും ആ നാഗൻ കൊണ്ടു പോയിരുന്നു. ശംഖചൂഡനെ രക്ഷിക്കുവാൻ നിശ്ചയിച്ചിരുന്ന ജീമൂതവാഹനൻ ചുവന്ന വസ്ത്രം ഇല്ലാതെ വിഷമിച്ചു നില്ക്കുമ്പോൾ ആണു സിദ്ധരാജ്ഞിയുടെ സമ്മാനം അദ്ദേഹത്തിനു ലഭിച്ചത്. തൻെറ ആഗ്രഹനിവൃത്തിക്കു മാൎഗ്ഗം ഉണ്ടായതിനാൽ സന്തോഷിച്ചു ജീമൂതവാഹനൻ ആ ദൂതനെ വേഗത്തിൽ പറഞ്ഞയച്ചു. അനന്തരം താൻ ഗരുഡൻെറ ഇരയായി വിട്ടിരുന്ന നാഗമെന്ന് ആ ഖഗവരനെ ധരിപ്പിക്കുവാനായി ജീമൂതവാഹനൻ തൻെറ ശത്രുവിൻെറ സമ്മാനമായ ചുവന്ന വസ്ത്രം ധരിച്ചു ഗരുഡൻെറ ഇരകളായ നാഗങ്ങൾ നിൽക്കുക പതിവുള്ള പാറയിൽ ചെന്നു നിന്നു. കുറേനേരം കഴിഞ്ഞു ഭയങ്കരനായ ആ പക്ഷിരാജാവ് അവിടെ പറന്നെത്തി ജീമൂതവാഹനനെ എടുത്തുകൊണ്ടു മലയപൎവ്വതശിഖരത്തിലേയ്ക്കു പോയി.

അഞ്ചാം അങ്കത്തിൽ ജീമൂതവാഹനൻെറ ഒരു ചൂഡാമണി ജീമൂതകേതുവിന്റെ സമീപത്ത് ആകാശമാൎഗ്ഗത്തിൽനിന്നും വീണതു കണ്ടു്, ആ വിദ്യാധരരാജാവും രാജ്ഞിയും മലയവതിയും ആ രാജകുമാരന് എന്തോ വിപത്തു സംഭവിച്ചുവെന്നു വിചാരിച്ചു ദുഃഖിക്കുന്നു. അപ്പോൾ അതിതീവ്രമായ ശോകത്തോടുകൂടി ശംഖചൂഡൻ തന്റെ ജീവരക്ഷകനെ ഗരുഡനിൽ നിന്നും രക്ഷപ്പെടുത്തുവാനായി പോകുന്നതു് അവർ കണ്ടു. ശംഖചൂഡനിൽനിന്നും ജീമൂതവാഹനൻെറ ബന്ധുക്കൾ സംഗതി ആസകലം

മനസ്സിലാക്കി. ഉടനെ ആ മാതാപിതാക്കന്മാരും മലയവതിയും അഗ്നിപ്രവേശം ചെയ്യുവാൻ ഒരുങ്ങി. ശംഖചൂഡൻ അവരെ അതിൽനിന്നും വിരമിപ്പിച്ച് അവരെ തന്നോടുകൂടി വരാൻ ക്ഷണിച്ചു. അനന്തരം അവർ നാലുപേരും ഗരുഡനെ അന്വേഷിച്ചു യാത്ര തുടങ്ങി.

ഈ സമയത്തു ഗരുഡൻ ജീമൂതവാഹനനെ മലയപർവ്വതത്തിന്റെ മുകളിൽ കൊണ്ടുചെന്ന് അദ്ദേഹത്തെ കൊത്തിത്തിന്നുതുടങ്ങിയിരുന്നു. എന്നാൽ സാധാരണയായി നാഗങ്ങൾ കാണിക്കാറുള്ള ഭയവും ദുഃഖവും ജീമൂതവാഹനൻ കാണിക്കാത്തതിനാലും, ഭയത്തിനു പകരം അനുകമ്പരസം അദ്ദേഹത്തിന്റെ മുഖത്തിൽ സ്ഫുരിച്ചിരുന്നതിനാലും ഗരുഡന് ആശ്ചര്യം തോന്നി. അതുകൊണ്ട് ഗരുഡൻ തന്റെ തീറ്റി മതിയാക്കി ആ ദിവ്യപുരുഷൻ ആരാണെന്നു കണ്ടുപിടിക്കുന്നതിനായി അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിത്തുടങ്ങി. ഉടനെ ജീമൂതവാഹനൻ ഭയങ്കരനായ ആ പക്ഷിരാജാവിനോടു വിശപ്പു ശമിക്കുന്നതുവരെ തന്നെ ഭക്ഷിക്കുവാൻ ഇപ്രകാരം അപേക്ഷിച്ചു:—

“സിരമുറികളിൽനിന്നിങ്ങൂറിട്ടുന്നുണ്ടു രക്തം
വിരവിലിനിയുമററില്ലെൻെറ ദേഹത്തിൽ മാംസം
അരിയ പശി നിനക്കും ശാന്തമായില്ല നൂനം
ഗരുഡ! പറകയെന്തേ ഭക്ഷണം നീ നിറുത്തീ?”

ഇതു കേട്ടു ഗരുഡന്റെ അത്ഭുതം പതിന്മടങ്ങു വർദ്ധിച്ചു. അപ്പോൾ ശംഖചൂഡൻ അവിടെ പ്രവേശിച്ചു താനാണു നാഗമെന്നും, ജീമൂതവാഹനനെ ഭക്ഷിക്കാതെ തന്നെ ഭക്ഷിക്കണമെന്നും പറഞ്ഞുകൊണ്ടു ഗരുഡന്റെ സമീപ

ത്തു ചെന്നു. ഗുണവാനായ ജീമൂതവാഹനനെയാണു താൻ ആസന്നമരണനാക്കിത്തീൎത്തതെന്നു ഗരുഡൻ അറിഞ്ഞപ്പോൾ, അദ്ദേഹത്തിനു തോന്നിയ പശ്ചാത്താപത്തിനു കണക്കും കയ്യുമില്ല. ഉടനെ ഗരുഡൻ ആത്മഹത്യ ചെയ്യുവാൻ തുനിഞ്ഞു. അപ്പോൾ അഗ്നിപ്രവേശനത്തിനുള്ള അഗ്നി വഹിച്ചുകൊണ്ടു ജീമൂതകേതുവും രാജ്ഞിയും മലയവതിയും അവിടെ വന്നുചേൎന്നു. ബന്ധുക്കളുടെ ആഗമനം കണ്ടു് ജീമൂതവാഹനൻ തൻെറ രക്തമണിഞ്ഞ ദേഹത്തെ ഒരു വസ്ത്രത്താൽ ശംഖചൂഡനെക്കൊണ്ടു മൂടിച്ചു. ജീമൂതവാഹനൻ മൃതനായില്ലെന്നറിഞ്ഞു സസന്തോഷം അവർ അടുത്തുചെന്നപ്പോൾ അവരെ വന്ദിക്കുവാനായി അദ്ദേഹം എഴുന്നേൽക്കുവാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ നിണമണിഞ്ഞ ഗാത്രത്തെ മറച്ചിരുന്ന വസ്ത്രം നിലത്തു വീഴുകയും, ആസന്നമരണനായ അദ്ദേഹവും അതിനെത്തുടൎന്നു മൂൎച്ഛിച്ചു നിലത്തു പതിക്കുകയും ചെയ്തു. ഇതു കണ്ടു് അദ്ദേഹത്തിൻെറ ബന്ധുക്കളും ശംഖചൂഡനും അസഹ്യമായ ദുഃഖത്താൽ വാവിട്ടു കരഞ്ഞു. ദുഃഖസാഗരത്തിൽ നിമഗ്നനായി ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്ന ഗരുഡൻ ഉടനെ തൻെറ പക്ഷങ്ങൾകൊണ്ടു വീശി ജീമൂതവാഹനൻെറ മോഹാലസ്യം മാററി. തൻെറ പാപത്തിനു് ഉപശാന്തിമാൎഗ്ഗം എന്താണെന്നു് ആ പക്ഷി ജീമൂതവാഹനനോടു ചോദിച്ചു. ജീവജാലങ്ങളെ ഇനിമേൽ ഹിംസിക്കരുതെന്നും, പൂൎവ്വകൎമ്മങ്ങളെക്കുറിച്ചു പശ്ചാത്തപിക്കണമെന്നും അദ്ദേഹം ഗരുഡനോടു് ഉപദേശിച്ചു. അനന്തരം പുത്രനഷ്ടത്താൽ ദുഃഖിച്ചിരിക്കുന്ന വൃദ്ധമാതാവിനെ ചെന്നുകണ്ടു് ആശ്വസിപ്പിക്കുവാൻ ശംഖചൂഡനോടു ജീമൂതവാഹനൻ പറഞ്ഞു. ഒടുക്കം

പരോപകാരാത്ഥം താൻ മരിക്കുന്നതിൽ തനിക്ക് അത്യ ന്തം സന്തോഷമുണ്ടെന്നു വാവിട്ടു കരയുന്ന ബന്ധുക്കളോടു പറഞ്ഞുകൊണ്ടു ജീമൂതവാഹനൻ ഇഹലോകവാസം വെടിയുകയും ചെയ്തു.

ജീമൂതവാഹനന്റെ മരണാനന്തരം അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരും, കളത്രവും, ശംഖചൂഡനും അഗ്നി പ്രവേശം ചെയ്യുന്നതിനായി ചിത കൂട്ടിത്തുടങ്ങി. ദേവ ലോകത്തുനിന്ന് അമൃതം കൊണ്ടുവന്നു ജീമൂതവാഹന നേയും താൻ നശിപ്പിച്ച നാഗജാലങ്ങളേയും പുനർജ്ജീ വിപ്പിക്കണം എന്നു നിശ്ചയിച്ച് ഗരുഡൻ ഉടൻതന്നെ അവിടെ നിന്ന് അതിവേഗത്തിൽ പറന്നുപോയി. അന ന്തരം ഗൌരീദേവി അഗ്നിപ്രവേശനത്തിന് ഒരുങ്ങുന്ന ജീമൂതവാഹനൻെറ ബന്ധുമിത്രാദികളുടെ മുമ്പിൽ പ്രത്യ ക്ഷപ്പെട്ട് അവരെ ആത്മഹത്യയിൽ നിന്നു രക്ഷിക്കയും ജീമൂതവാഹനനെ പുനർജ്ജീവിപ്പിക്കയും ചെയ്തു. അ പ്പോൾ ഗരുഡൻെറ പ്രേരണയാൽ ദേവകൾ അവിടെ അമൃതമഴ പൊഴിച്ചു. അത് ഏററു മരിച്ച നാഗങ്ങളെ ല്ലാം പുനര്ജ്ജീവിച്ച് അവിടെ വന്നു ജീമൂതവാഹനനെ വാഴ്ത്തിത്തുടങ്ങി. ഒടുക്കം ഗൌരീദേവി ജീമൂതവാഹനനെ വിദ്യാധരചക്രവത്തിയായി അഭിഷേകംചെയ്യുകയുംചെയ്തു.

ഹർഷൻെറ കാവ്യരീതി കാണിക്കുവാനായി രത്നാ വലിയിൽനിന്നു ചില ശ്ലോകങ്ങളുടെ പരിഭാഷകൾ ചുവടെ ചേക്കുന്നു. ജീവനുള്ള ഒരു യുദ്ധവണ്ണനയാണു ചുവടെ ചേക്കുന്ന ശ്ലോകത്തിൽ കാണുന്നതു്.

"ഉഷ്ണീഷത്തോടു കണ്ഠം ശിതശരവരമൊ-
ട്ടെയ്തറുത്തും സുവമ്മം
മുട്ടിച്ചിന്തും സ്ഫുലിംഗം രുധിരതടിനിയിൽ-
ത്താണുമുദ്രികതഘോഷം

യുദ്ധാരംഭത്തിലൂക്കൻപടകളഖിലവും
നഷ്ടമായീ രുമണ്വാൻ
ഒററയ്ക്കപ്പോഠം വധിച്ചു കരിവരനിലെഴും
ഭൂപനെ ത്യക്തശങ്കം."

വാസവദത്തയെ സമാധാനപ്പെടുത്തുന്നതിൽ തനിക്കു ലഭിച്ച വിജയം ഉദയനൻ ചുവടെ ചേർത്തിരിക്കുന്ന ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നു.

"കള്ളസ്സത്യം കഥിച്ചും പ്രിയവചനമുര-
ച്ചംഘ്രിപത്മേ നമിച്ചും
ദാക്ഷിണ്യം ചെയ്തുമേററം പുനരപി പെരുതാം
ലജ്ജയും ഞാൻ നടിച്ചും
ചേടീവാക്യങ്ങളാലും ധൃതിരസമഴകോ-
ടേകിയില്ലെൻപ്രിയയ്ക്കി-
ങ്ങെന്നാൽ താനേ കരഞ്ഞൊട്ടൊരുവിധമകല-
ത്താക്കിനാഠം രോഷഭാവം."

സാഗരികയെ തിയ്യിൽനിന്നു രക്ഷിക്കുവാനായി തിയ്യിൽ ചാടുമ്പോഠം ഉദയനൻ അഗ്നിയോടു പറയുന്ന ശ്ലോകമാണു ചുവടെ ചേക്കുന്നതു്.

"കെടുക കെടുക തിയ്യേ ധൂമമെല്ലാമടക്കി-
ശ്ശിഖകളുമിതെല്ലാമെന്തിനായ് കാട്ടിടുന്നു?
പ്രളയദഹനനെത്താൻ വെന്നിടും കാന്തയാഠംതൻ
വിരഹശിഖയിൽ ഞാൻ വെന്തില്ല പിന്നെന്തു
[കൂട്ടം?"

തൻെറ പരസ്ത്രീപ്രേമത്താൽ നൈരാശ്യപ്പെട്ടു വാസവദത്ത ആത്മഹത്യ ചെയ്യേക്കുമെന്നു് ഉദയനൻ ഭയപ്പെടുന്ന ശ്ലോകവും കൂടി ചുവടെ ഉദ്ധരിക്കുന്നു,

"നാരംതോറം പ്രീതിയും സൽപ്രണയസുബദ്ധമാ-
നാദിയും തിങ്ങി മേവും
പതിക്കീയപ്രിയം ഞാൻ ശിവ ശിവ നവമാ-
യൊന്നു ചെയ്യുള്ളതോർത്തു്
കഷ്ടം ദുഃഖം സഹിക്കാതവളിഹ വെടിയും
ജീവിതം തക്കമെന്യേ
സുസ്നേഹത്തിൻെറ ഭംഗം ജനത ബത സഹി-
ക്കില്ല കില്ലില്ല തെല്ലും."

പ്രസ്തുത നാടകങ്ങൾക്കു പുറമേ ഹർഷൻ സുപ്രഭാതസ്തോത്രം എന്നും, അഷ്ടമഹാശ്രീചൈത്യസംസ്തുതസ്തോത്രമെന്നും രണ്ടു ബൌദ്ധസ്തോത്രങ്ങളും, ഒരു ഭരതനാട്യശാസ്ത്രഭാഷ്യവും, ചില ഒററശ്ലോകങ്ങളും രചിച്ചിട്ടുണ്ടു്.

ഹഷൻെറ രണ്ടു ബൌദ്ധസ്തോത്രങ്ങൾക്കും സ്തോത്രസാഹിത്യത്തിൽ ഒരു മാന്യമായ സ്ഥാനംപോലും കരസ്ഥമാക്കുവാൻ സാധിച്ചിട്ടില്ല. ലങ്കേശ്വരൻെറ ശിവസ്തോത്രം മുതലായവയിൽ കാണുന്ന ശബ്ദഭംഗി അവയിൽ കാണ്മാനില്ല. സ്തോത്രങ്ങളിലെ രസം ഭക്തി ആണെന്നു് വൈഷ്ണവ ആലങ്കാരികന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതും ഹഷൻെറ സ്തോത്രങ്ങളിൽ കുറവാണു്. ഹഷൻെറ രണ്ടു സ്തോത്രങ്ങളിൽ ഒന്നായ സുപ്രഭാതസ്തോത്രം ഈ ജീവചരിത്രത്തിൻെറ രണ്ടാമത്തെ അനുബന്ധത്തിൽ ചേത്തിട്ടുണ്ടു്.

ഭരതനാട്യശാസ്ത്രത്തിനു ഹർഷൻ എഴുതിയ ഭാഷ്യത്തിനു ഹഷവാത്തികം എന്നാണു പേരു്. കുമാരിലഭട്ടൻെറ തന്ത്രവാത്തികംപോലെ ഇതു് ഗദ്യവും പദ്യവും കൂട്ടിക്കലത്തിയാണു രചിക്കപ്പെട്ടിട്ടുള്ളതു്. ഈ കൃതിയുടെ ഒരു പ്രതി നമുക്കു് ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും, അതിൽ

നിന്നു ചില ഭാഗങ്ങൾ അഭിനവഗുപ്തൻ തന്റെ കൃതിയായ "അഭിനവഭാരതി"യിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഇതിൽ ഹഷൻ പ്രഖ്യാപനം ചെയ്യിരിക്കുവാൻ ഇടയുള്ള പുതിയ വാദത്തെപ്പറ്റി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹഷന്റെ ഒററശ്ലോകങ്ങളിൽ ഒന്നിനെ വല്ലഭദേവന്റെ സുഭാഷിതാവലിയിലും, ശാർങ്ഗധരപദ്ധതിയിലും, സുഭാഷിതാർണ്ണവത്തിലും ചേർത്തിട്ടുണ്ടു്.

ലിംഗാനുശാസനം എന്ന ഒരു വ്യാകരണഗ്രന്ഥം ഹഷൻ എന്ന പേരോ, ബിരുദമോ ഉള്ള ഒരു രാജാവു രചിച്ചിട്ടുണ്ടു്. ഈ ഹഷൻ നമ്മുടെ കഥാനായകനാണെന്നു ചില പണ്ഡിതന്മാർ വിചാരിക്കുന്നു. ഈ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. ഈ ലിംഗാനുശാസനം ഭട്ടഭരദ്വാജപുത്രനായ പൃഥിവീശ്വരന്റെ ലക്ഷണാ എന്ന വ്യാഖ്യാനത്തോടുകൂടി ഇപ്പോൾ മദ്രാസ് സർവ്വകലാശാലക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ ഭാഷ്യത്തിന്റെ അന്ത്യത്തിലുള്ള ഒരു ശ്ലോകത്തിൽ ശാസ്ത്രകാരനായ ഹഷൻ അതിനു് ഒരു ഭാഷ്യം രചിക്കുവാൻ തന്നോടു കേണു് അപേക്ഷിച്ചു എന്നു ഭാഷ്യകാരൻ പ്രസ്താവിച്ചിരിക്കുന്നതിനാൽ, ശാസ്ത്രകാരനും ഭാഷ്യകാരനും സമകാലീനരാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ലിംഗാനുശാസനഭാഷ്യത്തിന്റെ ഒരു കൈയെഴുത്തുപ്രതി ഡാക്ടർ ഫ്രാങ്കിനു ലഭിക്കുകയുണ്ടായി. അതിനും ലക്ഷണാ എന്നുതന്നെ പേരുണ്ടെങ്കിലും, ഭാഷ്യകാരന്റെ നാമം ഭട്ടദീപ്തസ്വാമിപുത്രൻ ശബരസ്വാമി എന്നാണു്. പൃഥിവീശ്വരന്റെ പിതാവായ ഭട്ടഭരദ്വാജൻ എ. ഡി. അഞ്ചാംശതാബ്ദത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ ന്യായശാസ്ത്രജ്ഞനായ ഉദ്ദ്യോതകരനാണെന്നു

തോന്നുന്നു. മീമാംസകനായ ശബരസ്വാമിയെ ശകാരിയായ വിക്രമാദിത്യനോട്—അതായത്, ഏ. ഡി. അഞ്ചാംശതാബ്ദത്തിൽ നാടുവാണ സ്കന്ദഗുപ്തൻ വിക്രമാദിത്യനോട്—ഐതിഹ്യം ഘടിപ്പിക്കുന്നുണ്ട്. അഞ്ചാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വസുബന്ധു എന്ന സുപ്രസിദ്ധ ബൌദ്ധാചാൎയ്യന്റെ സമകാലീനനായി ഹൎഷൻ എന്ന ഒരു പ്രബലനായ രാജാവിനെപ്പററി ബുദ്ധമതചരിത്രകൎത്താവായ താരാനാഥൻ എന്ന ടിബററുകാരൻ ഗ്രന്ഥകാരൻ പ്രസ്താവിച്ചിരിക്കയും ചെയ്യുന്നു. വിക്രമാദിത്യസദസ്സിലെ നവരത്നഐതിഹ്യം പ്രസ്താവിക്കുന്നവരരുചിയും മറെറാരു ലിംഗാനുശാസനം എന്ന വ്യാകരണഗ്രന്ഥം രചിച്ചിട്ടുണ്ട്. നമ്മുടെ കഥാനായകനായ ഹൎഷനു വ്യാകരണശാസ്ത്രത്തോടു താല്പൎയ്യമുണ്ടായിരുന്നു എന്നുള്ള ഒരു സൂചനയും അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നില്ല. അദ്ദേഹത്തിനു നാട്യശാസ്ത്രത്തോടു മാത്രമേ താല്പൎയ്യമുണ്ടായിരുന്നുള്ളു. നേരേ മറിച്ച് സ്കന്ദഗുപ്തന്റെ ഒരു ബന്ധുവായ വസുരാതൻ ഒരു വൈയ്യാകരണനാകയാൽ സ്കന്ദഗുപ്തന് ആ ശാസ്ത്രത്തിൽ താല്പൎയ്യം ജനിക്കുവാൻ ഇടയുണ്ട്. ഏവംവിധങ്ങളായ കാരണങ്ങളാൽ ഹൎഷരചിതമായ ലിംഗാനുശാസനം നമ്മുടെ കഥാനായകന്റെ കൃതിയല്ലെന്നും, അതു ഹൎഷൻ എന്ന ബിരുദവും കൂടിയുള്ള സ്കന്ദഗുപ്തൻ വിക്രമാദിത്യന്റേതാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

ഹൎഷൻ കലാകാരന്മാരേയും സാഹിത്യകാരന്മാരേയും പ്രോത്സാഹിപ്പിച്ചിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹൎഷനു വീണവായനയിൽ സാമൎത്ഥ്യവും വലിയ താല്പൎയ്യവുമുണ്ടായിരുന്നു എന്നു ബാണന്റെ വാക്കു

കളിൽനിന്നു മനസ്സിലാക്കാം. തന്നിമിത്തം അദ്ദേഹം സംഗീതക്കാരെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നു വിശ്വസിക്കുകയും ചെയ്യാം. തൻെറ കൊട്ടാരത്തിൽ വെച്ചു പല നാടകങ്ങളും അഭിനയിപ്പിച്ച് ഹർഷൻ നാട്യകലയുടെ വളച്ച്ചയേയും സഹായിച്ചു. ഈ നാടകങ്ങളിൽ ചിലതിൽ ഹർഷൻ തന്നെ ഒരു നടനായി വേഷം കെട്ടി അവയുടെ അഭിനയത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഈ പാർട്ടുകളിൽ തൻെറ സ്വന്തം കൃതിയായ നാഗാനന്ദത്തിലെ നായകനായ ജീമൂതവാഹനൻെറ പാർട്ട് അഭിനയിക്കുന്നതിനാണു ഹഷ്ൻ അധികം ഇഷ്ടപ്പെട്ടിരുന്നതെന്നും യുവൻചാങ്ങിന്റെ വാക്കുകളിൽനിന്നു മനസ്സിലാക്കാം. നാലന്ദയിലും മററു സ്ഥലങ്ങളിലും വിഹാരങ്ങളും ബൌദ്ധക്ഷേത്രങ്ങളും, പല സ്ഥലങ്ങളിലും കൊട്ടാരങ്ങളും പണി കഴിപ്പിച്ചും, ബുദ്ധൻ, സൂൎയ്യദേവൻ, ശിവൻ മുതലായവരുടെ പ്രതിമകൾ കൊത്തിച്ചും, ഹർഷൻ ശില്പികളേയും പ്രതിമാശില്പികളേയും പ്രോത്സാഹിപ്പിച്ചിരുന്നു. പക്ഷെ ശില്പത്തിലും പ്രതിമാശില്പത്തിലും ഗുപ്തന്മാരുടെ കാലത്തുണ്ടായിരുന്ന രീതികൾ തുടൎന്നുകൊണ്ടു പോകുകയല്ലാതെ പുതുതായ ഒരു പരിവൎത്തനവും ഹഷ്ൻ ഇവയിൽ വരുത്തിവച്ചിട്ടില്ല. പ്രതിമാശില്പത്തെ സംബന്ധിച്ചിടത്തോളം ഹർഷൻെറ കാലത്തു ഗുപ്തപ്രതിമാശില്പത്തിൻെറ വൈശിഷ്ട്യം അധഃപതിക്കുകയേ ചെയ്തുള്ളു. ഈ അധഃപതനം മനസ്സിലാക്കുവാൻ ഗുപ്തകലയുടെ ചില തത്വങ്ങൾ ഗ്രഹിച്ചേ മതിയാവൂ.

ഭാരതീയ പ്രതിമാശില്പകലയുടെ ചരിത്രത്തെ പല ഘട്ടങ്ങളായി വിദഗ്ദ്ധന്മാർ വിഭജിച്ചിട്ടുണ്ട്. എ. ഡി. ൬൦൦ മുതൽക്ക് ൧൨൦൦-വരെ നിലനിന്ന മദ്ധ്യകാലഘട്ട

ത്തെ ഏ. ഡി. ൩൦൦ മുതൽക്ക ൫൦൦-വരെ നിലനിന്ന ഗുപ്തകാലമെന്നും, ഏ. ഡി. ൫൦൦ മുതൽക്ക് ൬൦൦-വരെ നിലനിന്ന ഗുപ്തോത്തരഭാഗത്തിൻെറ പൂവ്ഭാഗമെന്നും, ഏ. ഡി. ൬൦൦ മുതൽക്ക് ൮൦൦-വരെ നിലനിന്ന ഗുപ്തോത്തരഭാഗത്തിൻെറ ഉത്തരഭാഗമെന്നും മൂന്നായി വിഭജിക്കാം. ഹഷൻെറ കാലത്തെ പ്രതിമാശില്പം ഗുപ്തോത്തരകാലത്തിൻെറ പൂവ്ഭാഗത്തെ പ്രതിമാശില്പത്തിൽ ഉൾപ്പെടുന്നു. ഗുപ്തകാലത്താണു ഭാരതീയ പ്രതിമാശില്പം പരമകാഷ്ഠ പ്രാപിച്ചതെന്നാണു സാധാരണയായി പറഞ്ഞുവരുന്നതു്. മദ്ധ്യകാലഘട്ടത്തിലെ പ്രതിമാശില്പത്തിൻെറ മൌലികമായ ആശയം സവ്ജ്ഞനും ആത്മജ്ഞാനമുള്ളവനുമായ ഈശ്വരൻെറ സവ്ജ്ഞത്വവും ആത്മജ്ഞത്വവും ചിത്രീകരിക്കണമെന്നാകുന്നു. ധ്യാനയോഗത്തിലിരിക്കുന്ന, അഥവാ, സമാധിയിലിരിക്കുന്ന ഒരു യോഗിയുടെ ഭാവവും രൂപവുംമുഖേനയാണ് അന്നത്തെ പ്രതിമാശില്പികൾ ഈ ആശയം നിറവേററിയതു്.

ധ്യാനയോഗം ഒന്നിൽതന്നെ മനസ്സുറപ്പിച്ചുകൊണ്ടിരിക്കുന്നതാണല്ലോ. ഒന്നിൽതന്നെ മനസ്സുറപ്പിക്കുന്നതിനുള്ള ഉത്തമമാഗ്ഗം, ശരീരവും, കഴുത്തും, ശിരസ്സും ഋജുവാക്കി ഒരേ രേഖയിൽ വച്ചുകൊണ്ടു മൂക്കിൻെറ അററത്തു ദൃഷ്ടിപതിപ്പിക്കുന്നതാണെന്നു ഭഗവൽഗീതയിൽ പറഞ്ഞിരിക്കുന്നു. ഈ മുഖഭാവമാണു മദ്ധ്യകാലഘട്ടത്തിലെ പ്രതിമാശില്പത്തിൽ, പ്രത്യേകിച്ചു് ഉത്തരഭാരതത്തിലെ പ്രതിമകളിൽ, കാണുന്നതു്. മദ്ധ്യകാലഘട്ടത്തിനു മുമ്പുള്ള ഭാരതീയ പ്രതിമാശില്പം ധ്യാനയോഗതത്വം സ്വീകരിക്കായ്കയാൽ, അതു് സാദൃശ്യാത്മകവും, ഐഹികമന്ന

സ്ഥിതി നിറഞ്ഞതും, ചലനാത്മകവുമായിരുന്നു. നേരേ മറിച്ച് മദ്ധ്യകാലഘട്ടത്തിലെ പ്രതിമാശില്പം ധ്യാനയോഗതത്വം സ്വീകരിച്ചിരുന്നതിനാൽ അതു് ആദർശാത്മകവും പരലോകോന്മുഖവും, നിശ്ചലതാത്മകവുമാണു്.

ധ്യാനയോഗതത്വം സ്വീകരിച്ചിരുന്ന ഗുപ്തകാലപ്രതിമാശില്പത്തിനു് ഉദാഹരണമായി ഏ. ഡി. ൫-ാംശതാബ്ദത്തിൽ നിർമ്മിച്ചതും, ഇപ്പോൾ സാരാനാഥത്തിലെ മ്യൂസിയത്തിലിരിക്കുന്നതും, ഗോവർദ്ധനഗിരിയെ വഹിച്ചുകൊണ്ടു നിൽക്കുന്ന ഗോപാലകൃഷ്ണനെ ചിത്രീകരിക്കുന്നതുമായ ശിലാപ്രതിമ എടുക്കാം. ഒരു കനത്ത സാധനത്തെ "ലീലയായി" വഹിച്ചുകൊണ്ടു നിൽക്കുന്നു എന്നു ശരീരം നല്ലപോലെ കാണിക്കുന്നുണ്ടെങ്കിലും, മുഖത്തു മൂക്കിൻെറ അററത്തു് ദൃഷ്ടി പതിച്ചിരിക്കുന്ന ധ്യാനയോഗഭാവമാണു പാതി അടഞ്ഞ കണ്ണുകൾ കാണിക്കുന്നതു്. ഒരു സാധാരണ മനുഷ്യനു് ഇത്രയധികം ഭാരം വഹിക്കുമ്പോൾ മൂക്കിൻെറ അററത്തു തുടരെ നോക്കുന്നതിനു സാധിക്കുകയില്ല. കൃഷ്ണൻ ദിവ്യനായതിനാൽ, അദ്ദേഹത്തിനു് അതു സാധിച്ചു എന്നു നമുക്കു വിശ്വസിക്കാം. എന്നാൽ ഈ കൃത്രിമതത്വം മദ്ധ്യകാലത്തെ പ്രതിമാശില്പത്തിൽ പലപ്പോഴും അതിരു കവിഞ്ഞു പോയിട്ടുണ്ടു്. ഗുപ്തോത്തരകാലത്തിൻെറ പൂർവ്വഭാഗം മുതൽക്കാണു്, അതായതു്, ഹർഷൻെറ കാലം മുതൽക്കാണു്, ഈ കൃത്രിമതത്വം അധികമായി കാണുന്നതു്. ഇതു നിമിത്തമാണു ഹർഷൻെറ കാലത്തു ഗുപ്തരുടെ പ്രതിമാശില്പത്തിനു് അധഃപതനമുണ്ടായി എന്നു മുകളിൽ പ്രസ്താവിച്ചതും. ഇത്തരം പ്രതിമാശില്പത്തിനു് ഒരു ഉദാഹരണമായി യുണൈറഡ്പ്രോവിൻസിലെ

ഡാൻസിജില്ലയിലുള്ള ഡിയോഗാറിലെ ഗുപ്തക്ഷേത്രത്തിലുള്ള ഗജേന്ദ്രമോക്ഷശില്പവേല എടുക്കാം. നാഗത്താൽ ചുററപ്പെട്ട ഗജേന്ദ്രനെ രക്ഷിക്കുവാനായി വരുന്ന വിഷ്ണുവിനേയും, അദ്ദേഹത്തിൻെറ വാഹനമായ ഗരുഡനേയും ഒന്നുപോലെ മൂക്കിൻെറ അററത്തു നോക്കിക്കൊണ്ടിരിക്കുന്ന ധ്യാനയോഗഭാവത്തിലാണു കൊത്തിയിരിക്കുന്നതു്. ഗദ പ്രയോഗിക്കുവാൻ സന്നദ്ധനായി കാണിച്ചിരിക്കുന്ന വിഷ്ണു ധ്യാനയോഗത്തിൽ മൂക്കിന്റെ അററത്തു നോക്കിക്കൊണ്ടിരിക്കുന്നതും, വാഹനമായ ഗരുഡനും ആ ഭാവം കൊടുത്തിരിക്കുന്നതും അതികൃത്രിമമായ നിലകളാണു്. ഈ ധ്യാനയോഗഭാവം വരുത്തുവാൻ ശരീരവും, കഴുത്തും, ശിരസ്സും ഋജുവാക്കി, കണ്ണു പാതി അടച്ചു മൂക്കിൽ നോക്കിക്കൊണ്ടിരിക്കേണ്ടതിനാൽ, ഇത്തരം പ്രതിമകൾക്കു സ്വാഭാവികത്വം വരുത്തുവാനും, തന്മൂലം വേണ്ടവിധത്തിലുള്ള കലാഭാവത്വം നൽകുവാനും എളുപ്പത്തിൽ സാധിക്കുകയില്ല. ദക്ഷിണഭാരതത്തിലെ മദ്ധ്യകാലപ്രതിമകളിൽ ഈ ഋജുത്വവും ധ്യാനയോഗഭാവവും അധികമായി കാണുന്നില്ല.

ഹർഷൻെറ സാഹിത്യസദസ്സിന്ന് അലങ്കാരങ്ങളായിരുന്ന കവികൾ ബാണഭട്ടനും, ബാണഭട്ടൻെറ ശ്വശുരനായ മയൂരനും, മാതംഗദിവാകരനുമാണു്. ഇവരിൽ ബാണനോടു ഹർഷൻ പ്രത്യേകമായ കാരുണ്യം കാണിച്ചിരുന്നു. ശോണാ (സോൺ) നദിയുടെ തീരങ്ങളിൽ സ്ഥിതിചെയ്തിരുന്ന പ്രീതികൂടഗ്രാമത്തിൽ ജനിച്ച ഒരു ബ്രാഹ്മണനാണു ബാണൻ. വിദ്യാഭ്യാസവും, ദേശസഞ്ചാരവും കഴിഞ്ഞു തൻെറ സ്വദേശത്തു പാൎക്കുമ്പോഴാണു

യുവാവായ ബാണനു ഹഷൻെറ പ്രീതി നേടുവാൻ കഴിഞ്ഞതു്. ഹഷനമായുണ്ടായ തൻെറ ആദ്യത്തെ കൂടിക്കാഴ്ച ബാണൻ തൻെറ ഹഷചരിതത്തിൽ ഭംഗിയായി വിവരിക്കുന്നുണ്ടു്.

ബാണൻ പ്രീതികൂടത്തിൽ പാക്കുമ്പോഠം ഒരു ദിവസം ഒരു ദൂതൻ ഹഷൻെറ ധാത്രീപുത്രനായ കൃഷ്ണൻെറ ഒരു ലേഖനം അദ്ദേഹത്തിനു കൊണ്ടു കൊടുത്തു. ഏഷണിക്കാരുടെ കുസൃതിമൂലം ഹഷനു ബാണനോടു തിരുവുള്ളക്കേടു് ഉണ്ടെന്നും, അവർ ബാണൻ ധൂത്തനായി ജീവിക്കുന്നു എന്നു ഹഷനെ ധരിപ്പിച്ചിട്ടുണ്ടെന്നും, അതിനാൽ എഴുത്തു കിട്ടിയയുടനെ രാജധാനിയിലേക്കു പുറപ്പെടണമെന്നുമായിരുന്നു ബാണൻെറ മിത്രമായിരുന്ന കൃഷ്ണൻ ദൂതൻ മുഖേന അദ്ദേഹത്തെ അറിയിച്ചതു്. പിറേറദ്ദിവസം ഒരു ശുഭമുഹൂത്തത്തിൽ പ്രീതികൂടത്തിൽനിന്നും അന്നു ഹഷൻ പാളയമടിച്ചിരുന്ന അജിരാവതീ നദീതിരത്തുള്ള മണിതാരഗ്രാമത്തിലെ രാജവസതയിലേക്കു ബാണൻ യാത്രതിരിച്ചു. മൂന്നു ദിവസത്തെ യാത്ര കഴിഞ്ഞു ബാണൻ ആ സ്ഥലത്തു് എത്തി. അന്നു് ഉച്ച തിരിഞ്ഞപ്പോഠം ബാണൻ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. കൊട്ടാരദ്വാരത്തിൽ എത്തിയയുടനെ ബാണനോടുകൂടി വന്നിരുന്ന കൃഷ്ണൻെറ ദൂതൻ അദ്ദേഹത്തോടു് അവിടെ നിൽക്കുവാൻ പറഞ്ഞതിനുശേഷം അകത്തേക്കു പോയി. കുറേ നേരം കഴിഞ്ഞു് ആ ദൂതൻ ഹഷൻെറ പ്രധാന ദ്വാരരക്ഷകനായ പാരിയാത്രനേയും കൊണ്ടു ബാണൻ നിന്നിരുന്ന സ്ഥലത്തു വന്നു. ഹഷനു ബാണൻ മുഖം കാണിക്കുന്നതിൽ വിരോധമില്ലെന്നു പാരിയാത്രൻ ബാണനോടു പറഞ്ഞു. ഉടനെ ബാണൻ കൊട്ടാരത്തിനകത്തു പ്രവേശിച്ചു.

വനായു, ആരട്ടം മുതലായ സ്ഥലങ്ങളിൽനിന്നു കൊ ണ്ടുവന്ന പല അശ്വങ്ങൾ നിറഞ്ഞിരുന്ന ലായമാണു കൊട്ടാരത്തിനകത്തു ചെന്നയുടനെ ബാണൻ കണ്ടതു്. അദ്ദേഹം ഹർഷന്റെ പ്രേമഭാജനമായ ദർപ്പശാതൻ എന്ന മദഗജത്തെ നോക്കിക്കൊണ്ടു കുറേനേരം നിന്നു. അനന്തരം പല സാമന്തരാജാക്കന്മാരേയും കടന്നു ഹർഷൻ ഇരുന്നിരുന്ന സ്ഥലത്തു ബാണൻ എത്തി. അപ്പോൾ ഹർഷൻ ഒരു മഞ്ചത്തിൽ ചാരിക്കിടന്നു വിശ്രമിക്കയായിരുന്നു. ഒരു ചേടി അദ്ദേഹത്തിന്റെ കാൽ തിരുമ്മുന്നുണ്ടായിരുന്നു. അവളുടെ കരത്തിൽനിന്നു തന്റെ കാലു വീണു പോയതിനാൽ ഹർഷൻ തന്റെ കൈയിലുണ്ടായിരുന്ന വീണയുടെ കോണം കൊണ്ടു് അവളെ മെല്ലെ ഒന്നു താഡിച്ചു. ബാണൻ ഹർഷനെ അഭിവന്ദനം ചെയ്തു. അപ്പോൾ ഉത്തരദിക്കിൽ അല്പം ദൂരത്തുനിന്നു് "അല്ലയോ, ആനക്കുട്ടി! നിന്റെ വിളയാട്ടങ്ങളും തോന്ന്യാസങ്ങളും ഉപേക്ഷിച്ചു മര്യാദയെ വിനയപൂർവം സ്വീകരിച്ചാലും. സിംഹനഖതുല്യമായ അങ്കുശം നിന്നെ വെറുതെ വിട്ടേക്കുകയില്ല" എന്ന അർത്ഥമുള്ള ഒരു ശ്ലോകം ഒരു ആനക്കാരൻ പറയുന്നതു് ആ രാജസദസ്സിലുള്ളവർ എല്ലാവരും കേട്ടു. ഇതു കേൾക്കുകയും, ബാണനെ കാണുകയും ചെയ്തപ്പോൾ, ഹർഷൻ ഗംഭീരസ്വരത്തിൽ, "ഈ മനുഷ്യനാണോ ബാണൻ?" എന്നു ചോദിച്ചു. "തിരുമനസ്സു കൊണ്ടു കല്പിക്കുന്ന ഇദ്ദേഹം തന്നെ ബാണൻ" എന്നു ദ്വാരപാലൻ മറുപടി പറഞ്ഞു. ഉടനെ "ഇയ്യാൾ ഇതുവരെ എന്റെ പ്രസാദം നേടുവാൻ ശ്രമിക്കാത്തതു കൊണ്ടു ഞാൻ ഈ മനുഷ്യനെ കാണുകയില്ല" എന്നു പറഞ്ഞുകൊണ്ടു ഹർഷൻ തന്റെ പുറകിൽ സ്ഥിതി

ചെയ്തിരുന്ന തൻെറ ഉററമിത്രമായ മാലവരാജസൂനുവി നോട്ട് "ഈ മനുഷ്യൻ ഒരു വലിയ വിടനാണ്" എന്ന് അഭിപ്രായപ്പെട്ടു. അപ്രതീക്ഷിതങ്ങളായ ഈ വാക്കുകൾ കേട്ടപ്പോൾ ബാണൻ താൻ ഒരു വിടനല്ലെന്നു സ്ഥാപി ക്കുവാനായി ഇപ്രകാരം വാദിച്ചു.

"അല്ലയോ മഹാരാജാവേ! പരമാൎത്ഥം അറിയാത്ത വനെപ്പോലെയും, എന്നെ വിശ്വസിക്കാത്തവനെപ്പോ ലെയും, അന്യരാൽ നയിക്കപ്പെടുന്നവനെപ്പോലെയും, ലോകവൃത്താന്തങ്ങളിൽ അജ്ഞനെപ്പോലെയും തിരുമന സ്സുകൊണ്ട് ഇങ്ങിനെ കല്പിക്കുന്നത് എന്തുകൊണ്ടാണ്? ലോകരുടെ സ്വഭാവങ്ങളിലും, സംഭാഷണങ്ങളിലും തോ ന്ന്യാസങ്ങളും വൈചിത്ര്യങ്ങളും കാണുമല്ലൊ. മഹാന്മാ ൎക്ക് അവയുടെ പരമാൎത്ഥം കണ്ടുപിടിക്കേണ്ട ചുമതല യുണ്ട്. എന്നെ വിശിഷ്ടഗുണങ്ങളില്ലാത്തവനായി അവി ടുന്നു പരിഗണിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സോമപരായ വാത്സ്യായനഗോത്രത്തിൽപെട്ട ഒരു ബ്രാ ഹ്മണകുലത്തിൽ ജനിച്ചവനാണു ഞാൻ. ഉപനയനാദി യായ സകല സംസ്കാരങ്ങളും യഥാകാലം ഞാൻ നിൎവ്വ ഹിച്ചിട്ടുണ്ട്. വേദങ്ങളും, വേദാന്തങ്ങളും ഞാൻ നല്ല പോലെ പഠിച്ചിട്ടുമുണ്ട്. ശാസ്ത്രങ്ങളും ഞാൻ യഥാ ശക്തി മനസ്സിലാക്കിയിരിക്കുന്നു. എൻെറ വിവാഹം മുതല്ക്ക് ഞാൻ കൎത്തവ്യനിഷ്ഠയുള്ള ഒരു ഗൃഹസ്ഥനായി ഭവിച്ചിരിക്കുന്നു. അതിനാൽ ഞാൻ എങ്ങിനെയാണ് ഒരു വിടനായിത്തീരുന്നത്? ഇരുലോകങ്ങൾക്കും വിരോ ധകരമല്ലാത്തവയായ ചാപല്യങ്ങൾ ഞാൻ ബാല്യത്തിൽ ചെയ്തുപോയിട്ടുണ്ട്. അതു ഞാൻ സമ്മതിക്കുന്നു. അവ യെക്കുറിച്ച് എൻെറ ഹൃദയത്തിൽ പശ്ചാത്താപമുണ്ട്.

എന്നാൽ, ബുദ്ധനെപ്പോലെ ശാന്തമനസ്സോടും, മനുവിനെപ്പോലെ വർണ്ണാശ്രമസ്ഥാപനനിഷ്ഠയോടും, യമനെപ്പോലെ ദണ്ഡം ധരിച്ചും, അവിടുന്നു സപ്തസമുദ്രങ്ങളും സകല ഖണ്ഡങ്ങളും മേഖലയായുള്ള ഭൂമിയെ ഭരിക്കുന്ന ഇക്കാലത്തു്, സർവ്വദോഷബന്ധുവായ അവിനയത്തിന്റെ വേഷംകെട്ടി മനോരംഗത്തിൽപോലും അഭിനയിക്കുവാൻ ആൎക്കു ധൈൎയ്യമുണ്ടാകും? മനുഷ്യരുടെ കാൎയ്യത്തെക്കുറിച്ചു ഞാൻ അധികമൊന്നും പറയാൻ തുനിയുന്നില്ല. അവിടുത്തെ പ്രഭാവം നിമിത്തം വണ്ടുകൾ പോലും പേടിയോടുകൂടിയാണു മധു കുടിക്കുന്നതു്. അതു ഹേതുവായിത്തന്നെ ചക്രവാകങ്ങൾക്കു തങ്ങളുടെ അതിയായ വിഷയാസക്തിയിൽ ലജ്ജ തോന്നുന്നതും. കപികളും ചാപല്യങ്ങൾ പ്രവൎത്തിക്കുമ്പോൾ, അവിടുത്തെ ഓൎത്തു ഭയപ്പെട്ടുപോകുന്നു. കാട്ടുമൃഗങ്ങൾ കരുണയോടുകൂടി മാത്രമേ മാംസം ഭക്ഷിക്കുന്നുള്ളു. കാലക്രമേണ അവിടുത്തേയ്ക്കു തന്നെത്താനേ എന്റെ സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കും. ബുദ്ധിമാന്മാരുടെ പ്രകൃതി അവരെ തെററായി പ്രവൎത്തിക്കുവാൻ ഒരിക്കലും അനുവദിക്കുകയില്ല."

ബാണന്റെ ഈ വാക്കുകൾ കേട്ടതിനുശേഷം "ഞാൻ എല്ലാം കേട്ടു" എന്നു മാത്രം ഹൎഷൻ പറഞ്ഞു. അദ്ദേഹം ആസനദാനം മുതലായ പ്രസാദങ്ങൾ അന്നു ബാണനു നൽകിയില്ല. എന്നാൽ കരുണയേറിയ ഒരു നോട്ടം ഹൎഷൻ ബാണനിൽ പതിക്കാതെയുമിരുന്നില്ല. ഈ കൂടിക്കാഴ്ച കഴിഞ്ഞു് അധികം താമസിക്കാതെ ബാണനു് ഹൎഷന്റെ പ്രീതി നേടുവാൻ സാധിച്ചു. ബാണനു

ഹർഷൻ "വശ്യവാണീകവിചക്രവർത്തി" എന്ന ബിരുദം നൽകിയെന്നു് കർണ്ണാടകപഞ്ചതന്ത്രം എന്ന കൃതിയുടെ കർത്താവായ ദുർഗ്ഗസിംഹൻ എന്ന കവിയുടെ വാക്കുകളിൽ നിന്നു മനസ്സിലാക്കാം.

ബാണൻെറ പ്രധാനകൃതികൾ ഹർഷചരിതവും, കാദംബരിയുമാകുന്നു. തൻെറ രക്ഷിതാവായ ഹർഷൻെറ ജീവിതത്തെ ആസ്പദിച്ച് ബാണൻ രചിച്ച ഒരു ചരിത്ര ആഖ്യായികയാണു ഹർഷചരിതം. നമുക്കു ലഭിച്ചിട്ടുള്ള സംസ്കൃതത്തിലെ ഏകചരിത്രാഖ്യായികയാണു ഹർഷചരിതം എന്ന സംഗതി അതിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ടു്. ഹർഷൻെറ ജീവചരിത്രം രചിക്കുവാൻ ഇതു വളരെ സഹായിക്കുന്നുമുണ്ടു്. ഹർഷചരിത്തെക്കാൾ പ്രസിദ്ധി നേടിയ കാദംബരി ഒരു പുരാണകഥയെ ആസ്പദിച്ചു് അദ്ദേഹം രചിച്ച ഒരു കഥയാണു്. കാദംബരിയുടെ രസം അനുഭവിച്ചാൽ പിന്നെ ആഹാരത്തിൽ പോലും രസം തോന്നുകയില്ലെന്നു് അർത്ഥമുള്ള

"കാദംബരീ രസജ്ഞാനാം
ആഹാരോപി ന രോചതേ."

എന്ന ചൊല്ലു് അതിൻെറ പ്രസിദ്ധി സ്പഷ്ടമാക്കുന്നുണ്ടു്. ബാണൻെറ ഹർഷചരിതവും കാദംബരിയും പാഞ്ചാലരീതിയിൽ രചിച്ചിട്ടുള്ള കൃതികളുടെ മുന്നണിയിൽ നിൽക്കുന്നു എന്നാണു് പണ്ഡിതന്മാരുടെ അഭിപ്രായം ഈ രണ്ടു കൃതികളും ഒന്നുപോലെ ബാണൻ പൂർത്തിയാക്കിയിരുന്നിട്ടില്ല. കാദംബരി മാത്രം ബാണൻെറ പുത്രനായ പുളിന്ദൻ പൂർത്തിയാക്കി.

ഹർഷചരിതത്തിനും, കാദംബരിക്കും പുറമേ, ബാണൻ ചണ്ഡീശതകം എന്ന കാവ്യവും, മുകുടതാഡിതക എന്ന നാടകവും, സവ്ചരിതപ്രഹസനം എന്ന ഒരു പ്രഹസനവും കൂടി രചിച്ചിരുന്നു. ചണ്ഡീദേവിയേയും തൻെറ ഭാൎയ്യയേയും ഒരേ സമയത്തുതന്നെ സ്തുതിക്കുവാൻ നിശ്ചയിച്ചുകൊണ്ടാണു ബാണൻ ചണ്ഡീശതകം രചിച്ചതു് എന്നാണു് ഐതിഹ്യം. മുകുടതാഡിതകയും സവ്ചരിതപ്രഹസനവും നമുക്കു് ഇതുവരെ ലഭിച്ചിട്ടില്ല. മുകുടതാഡിതകയിലെ ഒരു ശ്ലോകം നളചമ്പുവിന്റെ വ്യാഖ്യാതാവായ ചണ്ഡപാലൻ ഉദ്ധരിച്ചിട്ടുണ്ടു്. ഈ നാടകത്തിൻെറ പേരു് പദതാഡിതക എന്ന ശ്യാമിലകൻെറ ഭാണത്തിൻെറ നാമത്തെ നമ്മുടെ സ്മരണയിൽ കൊണ്ടുവരുന്നുണ്ടു്. പദതാഡിതകയുടെ കാലം ഹൎഷൻെറ കാലത്തിനു സമീപിച്ചായിരിക്കാമെന്നു് ഡാക്ടർ തോമസ് അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതിൻെറ സാങ്കേതികമാൎഗ്ഗത്തിനും, ഹൎഷൻെറ സമകാലീനനായ മഹേന്ദ്രവൎമ്മന്റെ മത്തവിലാസപ്രഹസനത്തിൻെറ സാങ്കേതികമാർഗ്ഗത്തിനും തമ്മിൽ സാദൃശ്യവുമുണ്ടു്. അതിനാൽ പദതാഡിതകയുടെ സ്മരണയോടുകൂടി ബാണൻ രചിച്ച ഒരു നാടകമായിരുന്നിരിക്കാം ഇതു്. ഭാണങ്ങളിലെ കഥാപാത്രമായ വിടനെപ്പോലെ ഒരു കഥാപാത്രം മുകുടതാഡിതകയിൽ ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം അതിൻെറ സ്മരണയോടുകൂടി ഹൎഷൻ ബാണനെ ആദ്യമായി കണ്ടപ്പോൾ ആ കവിയെ ഒരു വിടൻ എന്നു വിളിച്ചതും.

ബാണൻെറ ശ്വശുരനായ മയൂരൻെറ പ്രധാന കൃതി ഗൌഡരീതിയിൽ രചിച്ചിട്ടുള്ള സൂൎയ്യശതകം എന്ന

കാവ്യമാണ്. തന്നെ പിടികൂടിയിരുന്ന കുഷ്ഠരോഗം ശമിപ്പിക്കുവാനാണ് മയൂരൻ ഈ സ്തോത്രകാവ്യം രചിച്ചതെന്നും, സൂര്യദേവനെ ഭജിച്ചുകൊണ്ട് ഈ സ്തോത്രം രചിച്ചു കഴിഞ്ഞയുടനെ അദ്ദേഹത്തിൻെറ മഹാരോഗം ശമിച്ചു എന്നും ഐതിഹ്യമുണ്ട്. ബാണനും മയൂരനും തമ്മിൽ കവിതാരചനയിൽ "ഞാൻ കേമൻ, ഞാൻ കേമൻ" എന്നു ഭാവിച്ചു സദാ മത്സരിച്ചുകൊണ്ടിരുന്നു. ഇവരുടെ മത്സരം ശമിപ്പിക്കുന്നതിനായി ഒരിക്കൽ ഇവരെ കാശ്മീരത്തിലെ സരസ്വതീപീഠം സന്ദർശിക്കുവാൻ ഹർഷൻ പറഞ്ഞയച്ചു എന്നും, അവിടെ വച്ച് "ഓം" എന്ന ഒററ അക്ഷരത്തിൻെറ വ്യാഖ്യാനങ്ങൾ മാത്രമടങ്ങിയ അനേകം കാളച്ചുമടുകൾ കണ്ടപ്പോൾ ഇവരുടെ അഹംഭാവം കുറേ ശമിച്ചു എന്നും ഒരു കഥയുണ്ട്.

ഹർഷൻെറ പണ്ഡിതസദസ്സിലെ മറെറാരു അംഗമായ മാതംഗദിവാകരന് ചണ്ഡാലദിവാകരൻ എന്ന ഒരു പേരുംകൂടിയുണ്ട്. ഒരുപക്ഷെ, അദ്ദേഹം ഒരു ഹരിജൻ ആയിരുന്നതിനാലായിരിക്കാം അദ്ദേഹത്തിന് ഈ നാമം ലഭിച്ചത്. മാതംഗദിവാകരൻെറ ചില ഒററശ്ലോകങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു.

ഹർഷൻ എന്നൊരു രാജാവിൻെറ പണ്ഡിതസഭയിലുള്ള പല കവികളും ഒന്നുചേർന്ന് ഒരു ബൌദ്ധജാതകമാല രചിച്ചിട്ടുള്ളതായി ഹർഷൻെറ മരണശേഷം ഭാരതത്തിൽ സഞ്ചരിച്ച ഇററ്സിംഗ് എന്ന ചീനത്തുകാരനായ സഞ്ചാരി പറഞ്ഞിരിക്കുന്നു. ഇതിൻെറ

ഉത്ഭവം ഇപ്രകാരമാണ്:—"ഒരു ദിവസം ഹഷ്ൻ തന്റെ രാജധാനിയിലുള്ള കവികളെ വിളിച്ചു വരുത്തി അവർ ഓരോരുത്തരും പിറേറദ്ദിവസം രാവിലേ ബുദ്ധന്റെ ജാതകകഥകളെക്കുറിച്ചു ശ്ലോകങ്ങൾ രചിച്ചുകൊണ്ടുവരണമെന്ന് ആജ്ഞാപിച്ചു. ഈ ആജ്ഞ അനുസരിച്ച് അഞ്ഞൂറു കവികൾ ബുദ്ധന്റെ ജനനത്തെ സംബന്ധിച്ചുള്ള കവിതകൾ രചിച്ച് അടുത്ത ദിവസം തന്നെ ഹഷ്നു സമപ്പിച്ചു. ഇവയെ കൂട്ടിച്ചേത്താണ് ജാതകമാല ഉണ്ടാക്കപ്പെട്ടിട്ടുള്ളത്." ഇതിൽ പ്രസ്താവിച്ചിരിക്കുന്ന ഹഷ്ൻ നമ്മുടെ കഥാനായകനാണെന്നു തോന്നുന്നില്ല. ഇതിലേ ഹഷ്ൻ ഹർഷൻ എന്ന ബിരുദമുണ്ടായിരുന്ന സ്കന്ദഗുപ്തൻ ആയിരുന്നിരിക്കുവാൻ ഇടയുണ്ട്. ആര്യശൂരന്റെ സുപ്രസിദ്ധമായ ജാതകമാലയല്ല ഇററ്സിംഗ് പ്രസ്താവിച്ചിട്ടുള്ള ജാതകമാല എന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

# അദ്ധ്യായം ൨൰

ഹർഷൻെറ കാലത്തെ ഭാരതത്തിലെ പ്രധാന മതങ്ങൾ ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നിവയായിരുന്നു. ക്രിസ്ത്യാനികൾ അന്നു ഭാരതത്തിൻെറ പശ്ചിമതീരത്തുള്ള പ്രദേശങ്ങളിൽ പാർത്തിരുന്നു എങ്കിലും, അവരുടെ സംഖ്യ തുലോം തുച്ഛമായിരുന്നു. കുറേ യഹൂദർ അന്നു കേരളത്തിലെ കൊടുങ്ങല്ലൂരിൽ പാർത്തിരുന്നു. കച്ചവടത്തിനു വേണ്ടി ചില പാർസികളും ഇൻഡ്യയുടെ പശ്ചിമതീരങ്ങളിൽ തൽക്കാലതാമസം ഉറപ്പിച്ചിരുന്നു. ഹിന്ദുമതത്തിൻെറ ശാഖകളായ ശൈവമതത്തിലും, വൈഷ്ണവമതത്തിലും ഒന്നുപോലെ എ. ഡി. ആറാം ശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിലും, ഏഴാംശതാബ്ദത്തിലുമായി ഒരു പുതിയ ഉണർവ്വ ജനിച്ചു. കാശ്മീരത്തേയും തമിഴ്നാടിലേയും ശൈവന്മാരുടെ ഇടയ്ക്കും, തമിഴ്നാടിലേയും കണ്ണാടകത്തിലേയും വൈഷ്ണവന്മാരുടെ ഇടയ്ക്കും ഇതു പ്രത്യേകിച്ചു കാണാമായിരുന്നു. തമിഴ്നാടിലെ ആദിനായനാരന്മാരായ (അതായതു്, ശൈവയോഗികളായ) കോച്ചെങ്കണനായനാർ, കണ്ണപ്പനായനാർ, തിരുനാവുക്കരചനായനാർ, തിരുജ്ഞാനസംബന്ധമൂർത്തിനായനാർ എന്നിവരും, തമിഴ്നാടിലെ ആദിആൾവാർമാരായ (അതായതു്, വൈഷ്ണവയോഗികളായ) പൊയ്ക്കൈആൾവാർ, പൂതത്താൾവാർ, പേയാൾവാർ, തിരുമഴിചൈആൾവാർ എന്നിവരും ഇക്കാല

മതവും, കുടുംബജീവിതവും, സ്വഭാവവും.

ത്താണു ജീവിച്ചിരുന്നതു്. ഹിന്ദുദേവന്മാരുടെ ഇടയ്ക്കു് അന്നു സൂൎയ്യദേവന് ഭാരതത്തിൻെറ മിക്ക ഭാഗങ്ങളിലും അതിയായ പ്രാധാന്യമുണ്ടായിരുന്നു. അന്നത്തെ ചില സൂൎയ്യക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും ഭാരതത്തിൽ കാണാവുന്നതാണു്. ഹഷൻെറ വംശസ്ഥാപകനായ പുഷ്പഭൂതി ഒരു ശൈവനായിരുന്നുവെങ്കിലും, ഹഷൻെറ പ്രപിതാമഹനായ രാജ്യവർദ്ധനനും, പിതാമഹനായ ആദിത്യവർദ്ധനനും, പിതാവായ പ്രഭാകരവർദ്ധനനും ആദിത്യഭക്തന്മാരായിട്ടാണു വൎത്തിച്ചിരുന്നതു്.

അന്നത്തെ ബുദ്ധമതത്തിൽ ഹീനയാന, മഹായാന എന്ന രണ്ടു പ്രധാന ശാഖകളും, ഇവ ഓരോന്നിലും അനേകം ഉപശാഖകളുമുണ്ടായിരുന്നു. ഈ രണ്ടു പ്രധാന ശാഖകൾക്കും ഹഷൻെറ കാലത്തു് ഭാരതത്തിൽ പ്രചാരവുമുണ്ടായിരുന്നു. ഇന്നു സിലോണിൽ കാണാവുന്ന ബുദ്ധമതമാണു ഹീനയാനബുദ്ധമതം. മഹായാനബുദ്ധമതം ഇന്നു ടിബററ്, ചീനം, മംഗോളിയ, ജപ്പാൻ എന്നീ രാജ്യങ്ങളിൽ കാണാവുന്നതാണു്. ബി. സി. ഒന്നാംശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന നാഗാൎജ്ജുനനാണു മഹായാനമതത്തിൻെറ സ്ഥാപകൻ. മോക്ഷമാൎഗ്ഗങ്ങളിൽ ഹീനയാനമതം ശീലത്തിനു കല്പിച്ചിരുന്ന പ്രാധാന്യം മഹായാനമതം അതിനു കല്പിക്കുന്നില്ല. മഹായാനമതത്തിൽ ബുദ്ധൻ തൻെറ മാനുഷികസ്വഭാവം കൈവെടിഞ്ഞു് ഒരു ദിവ്യനായും, മോക്ഷത്തിന് ഒരു ഉപായമായും ഭവിച്ചു. തന്നിമിത്തം അതിൽ ഭക്തിമാൎഗ്ഗത്തിന് ഒരു സ്ഥാനം ലഭിക്കുകയും, ഹീനയാനമത

ത്തിൻെറ നിരീശ്വരത്വസ്വഭാവം കുറേ കുറയുകയും ചെയ്തു. ശൂന്യവാദം, അതായത്, ഒരുതരം മായാവാദം മഹായാനമതത്തിൻെറ മറെറാരു പ്രത്യേകതയാണ്. ശക്തിദേവികളെ ആരാധിക്കുന്ന താന്ത്രികമതവുമായി ഹഷൻെറ കാലത്തെ മഹായാനമതം കലന്നിരുന്നു. ഇതിൻെറ ഫലമായി ശാക്തേയരായ ഹിന്ദുക്കളുടെ ഇടയ്ക്കും അതിനു പ്രചാരം സിദ്ധിച്ചിരുന്നു.

ജൈനമതത്തിൻെറ രണ്ടു പ്രധാന ശാഖകളായ ദിഗംബരമതവും, ശ്വേതാംബരമതവും ഹഷൻ്റെ കാലത്തു ഭാരതത്തിൽ പ്രചരിച്ചിരുന്നു. പശ്ചിമോത്തരഭാരതത്തിൽ ശ്വേതാംബരമതത്തിനും, ദക്ഷിണഭാരതത്തിൽ ദിഗംബരമതത്തിനും അന്ന് അധികം പ്രാബല്യമുണ്ടായിരുന്നു.

ഹഷൻ്റെ ജ്യേഷ്ഠനായ രാജ്യവദ്ധനൻ ബുദ്ധമതം സ്വീകരിച്ചിരുന്നു എന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹഷൻ തൻെറ ജീവിതത്തിൻെറ പ്രാരംഭത്തിൽ ഒരു ഹിന്ദുവായിരുന്നുവെങ്കിലും, അതിൻെറ ഉത്തരാദ്ധത്തിൽ അദ്ദേഹം ഒരു തനി ബുദ്ധമതവിശ്വാസിയായി ഭവിച്ചു. ഹഷൻ്റെ ഈ മതപരിവത്തനം സാധാരണയായി ചരിത്രകാരന്മാർ വിഗണിച്ചിരിക്കുന്നതു് അവരുടെ ചരിത്രങ്ങൾക്ക് ഒരു കുറവാണ്. അവരുടെ ഈ ഉപേക്ഷനിമിത്തം ഇൻഡ്യയിൽ അശോകനൊഴികെ മറെറാരു ബൌദ്ധചക്രവത്തിയും ഉണ്ടായിരുന്നില്ലെന്ന് ഒരു ധാരണ സാധാരണ ജനങ്ങളുടെ ഇടയ്ക്കു പരന്നിട്ടുണ്ട്. ഇതു മാറ്റേണ്ട കാലം വൈകിയിരിക്കുന്നു. അശോകനു പുറമേ, സ്ഥാനേശ്വരത്തെ ഹഷവദ്ധനൻ, ബംഗാളിലെ പാലവംശ

ത്തിലെ ധമ്മപാലൻ മുതലായ പ്രസിദ്ധരായ ബൌദ്ധ ചക്രവത്തികൾ വാസ്തവത്തിൽ ഭാരതത്തിലുണ്ടായിരുന്നു. ഹീനയാനമതമാണു ഹർഷൻ ആദ്യം സ്വീകരിച്ചിരുന്നതു്. എന്നാൽ ചീനസഞ്ചാരിയും, ഒരു മഹായാന ഭിക്ഷുവുമായ യുവൻചാങ്ങിന്റെ പ്രേരണയാൽ, ഹഷൻ തൻെറ അന്ത്യകാലത്തിനു സമീപിച്ചു മഹായാനമതം സ്വീകരിച്ചു. യുവൻചാങ്ങിന്റെ വാക്കുകളിൽനിന്നു ഹർഷൻെറ സോദരിയായ രാജ്യശ്രീയും ബുദ്ധമതം സ്വീകരിച്ചിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഹർഷന്റെ പ്രസ്തുത മതപരിവത്തനം അദ്ദേഹത്തിൻെറ ഹിന്ദുക്കളായ ചില പ്രജകൾക്കു രസിച്ചിരുന്നില്ലെന്നും, തന്നിമിത്തം അവരിൽ ചിലർ അദ്ദേഹത്തെ വധിക്കുവാൻ ഉദ്യമിച്ചു എന്നും പിന്നീടു പ്രസ്താവിക്കുന്നതാണു്.

ഹഷൻെറ ജീവചരിത്രരചനയ്ക്കും, അക്കാലത്തെ ഭാരതചരിത്രത്തിൻെറ നിമ്മാണത്തിനും ഒന്നുപോലെ അമൂല്യമായ സഹായം നൽകുന്ന ഒരു സഞ്ചാരഗ്രന്ഥം രചിച്ച ചീനഭിക്ഷുവായ യുവൻചാങ്ങിനെക്കുറിച്ചു ചില വിവരങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ചീനത്തെ ഹോനൻ എന്ന പ്രദേശത്തുള്ള ചിൻലിയു എന്ന നഗരത്തിൽ ഏ. ഡി. ൬൦൨-ൽ ജനിച്ച യുവൻചാങ്ങ് തൻെറ ഇരുപതാമത്തെ വയസ്സിൽ ഒരു ബൌദ്ധഭിക്ഷുവായി ഭവിച്ചു. ഇരുപത്തിആറാമത്തെ വയസ്സിൽ ബുദ്ധമതഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനും, ബുദ്ധൻെറ ജനനത്താലും, നിവാസത്താലും പരിപൂതങ്ങളായി ഭവിച്ചിരുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുമായി യുവൻചാങ്ങ്

ചീനത്തെ ചങ്ങൻ എന്ന സ്ഥലത്തുനിന്നു തന്റെ സുപ്രസിദ്ധമായ സഞ്ചാരം തുടങ്ങി. ഭാരതത്തിൻെറ പശ്ചിമോത്തരഭാഗത്തിനപ്പുറമുള്ള പല രാജ്യങ്ങളിലും, അനന്തരം ഉത്തര ഭാരതത്തിലെ പല ഭാഗങ്ങളിലും സഞ്ചരിച്ചതിനുശേഷം, യുവൻചാങ്ങ് അന്നത്തെ ഭാരതത്തിലെ പ്രസിദ്ധപ്പെട്ട സർവ്വകലാശാലയായ നാലന്ദവിഹാരത്തിൽ കുറേക്കാലം പഠിച്ചു താമസിച്ചു.

യുവൻചാങ്ങ് നാലന്ദവിഹാരത്തിൽ പാർത്തിരുന്ന കാലത്തു് ഒരു മതപണ്ഡിതസമ്മേളനം നടത്തുവാൻ ഹർഷൻ നിശ്ചയിക്കയും, അതിൽ പങ്കുകൊണ്ടു വാദപ്രതിവാദം നടത്തുവാനായി നാലു മഹായാനമതപണ്ഡിതന്മാരെ അയച്ചുകൊടുക്കണമെന്നു നാലന്ദവിഹാരാദ്ധ്യക്ഷനായ ശീലഭദ്രന് അദ്ദേഹം എഴുതി അയയ്ക്കുകയും ചെയ്തു. ശീലഭദ്രൻ ഇതിനായി തിരഞ്ഞെടുത്തവരിൽ ഒരാൾ യുവൻചാങ്ങായിരുന്നു. എന്നാൽ അപ്പോൾ ഹർഷൻ കൊംഗോദരാജ്യവുമായുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതിനാൽ അതിന്റെ അവസാനത്തിനു ശേഷമേ പ്രസ്തുത മതസമ്മേളനം നടന്നുള്ളു.

ഇതിനിടയ്ക്കു യുവൻചാങ്ങ് കാമരൂപത്തേയ്ക്കു പോയി അതിൻെറ രാജാവായ ഭാസ്കരവർമ്മനെ സന്ദർശിച്ചു. ഭാസ്കരവർമ്മൻെറ അതിഥിയായി യുവൻചാങ്ങ് പാർത്തിരുന്നപ്പോൾ, കൊംഗോദയുദ്ധം കഴിഞ്ഞു് തിരിച്ചെത്തിയിരുന്ന ഹർഷൻ, ആ ചീനസഞ്ചാരിയെ തന്റെ പാളയസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു വരാൻ ഭാസ്കരവർമ്മനോടു്

ആജ്ഞാപിച്ചു. ഇതിന്ന മറുപടിയായി ആ സഞ്ചാരിയെ ഉടനേ തന്നെ കൂട്ടിക്കൊണ്ടു വരാൻ സാധിക്കുകയില്ലെന്നു ഭാസ്കരവൎമ്മൻ ഹൎഷനെ ധരിപ്പിച്ചു. ഇതു കേട്ടയുടനെ കുപിതനായി ഭവിച്ച ഹൎഷൻ തന്റെ ദൂതനോടു കൂടി തന്നെ യുവൻചാങ്ങിനെ അയയ്ക്കണമെന്ന് അലംഘനീയമായ വിധത്തിൽ ഭാസ്കരവൎമ്മനോട്ട് ആജ്ഞാപിച്ചു. ഭാസ്കരവൎമ്മൻ യുവൻചാങ്ങിനോടുകൂടി ഹൎഷന്റെ പാളയസ്ഥലത്തേക്കു പോയി.

ഹൎഷൻ പഞ്ചവാദ്യസഹിതം ഭാസ്കരവൎമ്മന്റെ പാളയത്തിൽ ചെന്നു. ഭാസ്കരവൎമ്മൻ അദ്ദേഹത്തെ എതിരേററു യുവൻചാങ്ങ് ഇരുന്നിരുന്ന സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. യുവൻചാങ്ങിനെ നമസ്കരിച്ച് അദ്ദേഹത്തെ പുകഴ്ത്തി ശ്ലോകങ്ങൾ ചൊല്ലിയതിനുശേഷം, ഹൎഷനും യുവൻചാങ്ങും തമ്മിൽ ചുവടെ ചേൎക്കുന്ന സംഭാഷണം നടന്നതായി യുവൻചാങ്ങിന്റെ ജീവചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നു.

ഹൎഷൻ:—"അവിടുത്തെ ശിഷ്യൻ അവിടുത്തെ കാണണമെന്നു പറഞ്ഞയച്ചപ്പോൾ അവിടുന്ന് ആ അപേക്ഷ സ്വീകരിക്കാത്തതു് എന്തുകൊണ്ടാണ്?"

യുവൻചാങ്ങ്:—"ഞാൻ ബൌദ്ധധൎമ്മങ്ങളെ ആരാഞ്ഞു് ഈ രാജ്യത്തിലേയ്ക്കു വന്നു. ഇവിടെ വന്നതിനു ശേഷം ഞാൻ യോഗചൎയ്യഭൂമിശാസ്ത്രം (ഒരു മഹായാന മതഗ്രന്ഥം) പഠിച്ചു. അവിടുത്തെ ദൂതൻ വന്ന സമയത്തു് ഞാൻ ഈ ശാസ്ത്രം ആസകലം പഠിച്ചു കഴിഞ്ഞിരുന്നില്ല. അതിനാലാണു ഞാൻ അവിടുത്തെ കല്പന ഉടൻ തന്നെ അനുസരിക്കാത്തതു്."

ഹഷ്ൻ:—"അവിടുന്നു ചീനത്തുനിന്നാണല്ലോ വന്നതു്. ത്സിനിലെ രാജകുമാരൻെറ (അതായതു് ചീനചക്രവത്തിയായ ടൈട്സുങ്ങിന്റെ) വിജയങ്ങളെ പ്രശംസിച്ചു ചീനത്തുകാർ ഗാനങ്ങരം രചിച്ചു് അവയെ ലാസ്യങ്ങളോടുകൂടി അഭിനയിക്കുന്നുവെന്നു ഞാൻ കേട്ടു. ത്സിനിലെ രാജകുമാരൻ എങ്ങിനെയുള്ള ആളാണെന്നും, അദ്ദേഹത്തിൻെറ പ്രശംസകരം ജനങ്ങരം ഇപ്രകാരം പാടത്തക്കവണ്ണം അദ്ദേഹം എന്തു പ്രവത്തിച്ചിട്ടുണ്ടെന്നും എനിക്കറിയുവാൻ മോഹമുണ്ടു്."

യുവൻചാങ്:—"അല്ലയോ മഹാരാജാവേ! വിദ്വാന്മാരെ ബഹുമാനിക്കുന്നവനും, ജനങ്ങളെ ദുഷ്ടന്മാരുടെ അക്രമങ്ങളിൽ നിന്നു സംരക്ഷിക്കുന്നവനും, ബലപ്രയോഗത്തേയും ക്രൂരതയേയും അമച്ചു വരുത്തുന്നവനും, അസംഖ്യം കുടുംബങ്ങളെ കാത്തുരക്ഷിക്കുന്നവനും, ഐശ്വയ്യം പ്രദാനംചെയ്യുന്നവനും ആയ ഒരു രാജാവു് എന്റെ നാട്ടിൽ ഉണ്ടാകുമ്പോരം, ദൂരേയുള്ള ഗ്രാമങ്ങളിൽപോലും എത്തുന്ന വിധത്തിൽ എന്റെ നാട്ടുകാർ അവരുടെ പൂവ്വീകന്മാരുടെ ക്ഷേത്രങ്ങളിൽവച്ചു് അദ്ദേഹത്തെ സ്തുതിച്ചു ഗാനംചെയ്യുക പതിവാണു്. ചീനത്തിലെ ചക്രവത്തി അദ്ദേഹത്തിന്റെ സിംഹാസനാരോഹണത്തിനു മുമ്പു ധരിച്ചിരുന്ന നാമമാണു 'ത്സിനിലെ രാജകുമാരൻ' എന്നതു്. അക്കാലത്തു് ആകാശവും ഭൂമിയും ഒന്നുപോലെ ക്ഷോഭിച്ചിരുന്നു..........ചക്രവത്തിയുടെ പുത്രനായ ആ രാജകുമാരൻ അപ്പോരം ഈശ്വരൻെറ ആജ്ഞ അനുസരിച്ചു് മഹത്തായ ഉത്സാഹത്തോടുകൂടി തൻെറ സേനയെ വിനിയോഗിച്ചു്, മഴുവും കുന്തവും പ്രയോഗിച്ചു്, കലാപത്തിൽ

പെട്ടിരുന്ന പ്രദേശങ്ങളെ രക്ഷിക്കുകയും, ലോകത്തിനു സമാധാനം നൽകുകയും ചെയ്തു. ജ്യോതിസ്സുകളാകുന്ന സൂര്യചന്ദ്രനക്ഷത്രങ്ങളെ അദ്ദേഹം വീണ്ടും പ്രകാശിപ്പിച്ചു. അദ്ദേഹം ചെയ്ത ഗുണങ്ങൾ ലോകം ആസകലം നിറഞ്ഞു. ഈ കാരണങ്ങളാലാണ് അവർ അദ്ദേഹത്തിൻെറ പ്രശംസകൾ പാടുന്നത്."

ഹഷ്വൻ:—"ഇപ്രകാരമുള്ള ഒരു മനുഷ്യനെ ഈശ്വരൻ തന്നെ രാജാവാകാൻ അയച്ചിരുന്നിരിക്കണം."

അനന്തരം ഹഷ്വൻ യുവൻചാങ്ങിനോടു യാത്ര പറഞ്ഞു പിരിഞ്ഞു. പിറേറദ്ദിവസം രാവിലെ ഒരു രാജദൂതൻ വന്ന് യുവൻചാങ്ങിനെ ഹഷ്വൻെറ കൊട്ടാരത്തിലേക്കു വിളിച്ചു കൊണ്ടുപോയി. ഇരുപത്് ഉദ്യോഗസ്ഥന്മാരോടുകൂടി ഹഷ്വൻ കൊട്ടാരത്തിൽനിന്നു പുറപ്പെട്ടു വാദ്യഘോഷങ്ങളോടും, പുഷ്പവൃഷ്ടിയോടും യുവൻചാങ്ങിനെ എതിരേററു കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഈ സന്ദർഭത്തിൽ യുവൻചാങ്് താൻ ഹീനയാനമതതത്വങ്ങളെ ധ്വംസിക്കുന്നതിനായി രചിച്ച ഒരു മഹായാനമതഗ്രന്ഥം ഹഷ്വനു സമ്മാനിച്ചു. ഇതു പഠിച്ചതിനുശേഷം ഹഷ്വൻ ഹീനയാനമതം ഉപേക്ഷിച്ചു മഹായാനമതം വിശ്വസിക്കുകയും ചെയ്തു.

അനന്തരം യുവൻചാങ്് ഹഷ്വനോടുകൂടി കന്യാകുബ്ജത്തിലേക്കു പോയി. ഏ. ഡി. നൂർമ്പ-ൽ ഹഷ്വൻ കന്യാകുബ്ജത്തിൽ വച്ച് മുമ്പു പ്രസ്താവിച്ചിട്ടുള്ള മതപണ്ഡിതസമ്മേളനം നടത്തുകയും ചെയ്തു. ഈ മതസമ്മേളനത്തിൽ മദ്ധ്യഭാരതത്തിലെ പതിനെട്ടു

രാജാക്കന്മാരും, ഹീനയാനമതാനുസാരികളും മഹാ യാനമതാനുസാരികളുമായ മൂവായിരം ബൌദ്ധമതപ ണ്ഡിതന്മാരും, രണ്ടായിരം ബ്രാഹ്മണരും, ജൈനന്മാരും, നാളന്ദവിഹാരത്തിലെ ആയിരം ഭിക്ഷുക്കളും ഹാജരായി രുന്നു എന്ന് യുവൻചാങ്ങ് പ്രസ്താവിക്കുന്നുണ്ട്. ഇതിൽ നടന്ന വാദപ്രതിവാദങ്ങളിൽ മഹായാനമതക്കാരാണു ജയിച്ചതു്. ഈ മഹാസമ്മേളനം നടന്നുകൊണ്ടിരിക്കു മ്പോൾ, സമ്മേളനശാലയ്ക്കു തീപിടിച്ചു. ഹർഷൻെറ പ്രത്യേക പ്രയത്നം ഹേതുവാൽ അതു് മുഴുവനും നശി ച്ചില്ല. ഉടനേതന്നെ ഒരു ഘാതകൻ കഠാരികൊണ്ടു ഹർഷനെ വധിക്കുവാൻ ശ്രമിച്ചു. ഹർഷന്റെ അകമ്പടി ക്കാർ ഈ വധോദ്യമം ചെറുത്തു ഘാതകനെ ബന്ധന ത്തിലാക്കി. ഘാതകനെ ഹർഷൻ തന്നെ വിസ്തരിച്ച പ്പോൾ, ഈ കൊലപാതകത്തിനു തന്നെ പ്രേരിപ്പിച്ചതു് ബൌദ്ധമതത്തിന്റെ ശത്രുക്കളാണെന്നു് ആ മനുഷ്യൻ സമ്മതിച്ചു. ഉടനെ അതിനോടു ബന്ധപ്പെട്ടിട്ടുള്ള അ ഞ്ഞൂറു ബ്രാഹ്മണരെ ഹർഷൻ തടവിൽ പാർപ്പിച്ചു. അവ രെ വിസ്തരിച്ചപ്പോൾ, ബുദ്ധമതത്തോടു ഹർഷൻ കാണി ച്ച പ്രതിപത്തി കാരണം തങ്ങൾ കത്തുന്ന അമ്പുകൾ എയ്തു് ആ സമ്മേളനശാലയ്ക്കു തീപിടിപ്പിച്ചു എന്നും ഇതിൽനിന്നു ജനിച്ച ബഹളത്തിനിടയ്ക്കു് അദ്ദേഹത്തെ വധിക്കുവാൻ ഒരാളെ നിയോഗിച്ചിരുന്നു എന്നും അദ്ദേഹ ത്തിനു മനസ്സിലാക്കുവാൻ കഴിഞ്ഞു. അനന്തരം ഹർഷൻ ആ രാജദ്രോഹക്കുററത്തിൽ പങ്കുകൊണ്ടിരുന്ന അബ്രാഹ്മ ണരായ പ്രമാണികളെ വധിപ്പിക്കുകയും, അതിൽ ഉൾ പ്പെട്ടിരുന്ന അഞ്ഞൂറു ബ്രാഹ്മണരെ നാടുകടത്തുകയും ചെയ്തു.

അന്നത്തെ ഹിന്ദുക്കളും ബൌദ്ധന്മാരുമായ പല രാജാക്കന്മാരും നടത്താറുള്ള പഞ്ചവഷ്ദാനം ഹർഷനും നടത്തി വന്നിരുന്നു. പ്രയാഗയിൽ വച്ചു ഹഷ്ൻ നടത്തിയ പഞ്ചവാർഷികമഹാദാനങ്ങളിൽ ഒന്നിനെ യുവൻചാങ്ങിന്റെ ജീവചരിത്രകാരൻ ചുവടേ ചേത്തിരിക്കുന്ന പ്രകാരം വണ്ണിച്ചിരിക്കുന്നു:—

"ദാനകമ്മം നടത്തുന്നതിനായി അവിടെ മുളവേലികളോട്ടുക്രുടിയതും, ഓരോ വശത്തും ആയിരം അടി ദൈർഘ്യവും ചതുരശ്രാകൃതിയുമുള്ളതുമായ ഒരു തുറന്ന സ്ഥലം ഉണ്ടാക്കുവാനും, വിലയേറിയ ദാനസാമാനങ്ങളെ സൂക്ഷിച്ചുവയ്ക്കുന്നതിനായി അതിന്റെ മദ്ധ്യത്തിൽ പുല്ലു മേഞ്ഞ പത്തിൽ അധികം ശാലകൾ നിമ്മിക്കുവാനും ചക്രവത്തി ആജ്ഞാപിച്ചിരുന്നു. സ്വണ്ണം, വെള്ളി, നല്ല മുത്തുകൾ, ചുവന്ന സ്ഫടികങ്ങൾ, ഇന്ദ്രനീലം, മഹാനീലം മുതലായ രത്നങ്ങൾ എന്നിവയായിരുന്നു അവിടെ ശേഖരിക്കപ്പെട്ടിരുന്ന ദാനസാമാനങ്ങൾ. ദാനത്തിനുള്ള പട്ടുവസ്ത്രങ്ങൾ, മററു വസ്ത്രങ്ങൾ, സ്വണ്ണനാണയങ്ങൾ, വെള്ളിനാണയങ്ങൾ മുതലായവയെ നിക്ഷേപിക്കുന്നതിന് പ്രസ്തുത ശാലകൾക്കു പുറമേ അദ്ദേഹം നൂറിൽ അധികം നീണ്ട ഭവനങ്ങളും അവിടെ കെട്ടിച്ചിരുന്നു. വേലിക്കു പുറമേ ആയി ഒരു വലിയ ഉപഹാരശാലയും അവിടെ ഉണ്ടായിരുന്നു. പല തരത്തിലുള്ള ധനം നിക്ഷേപിക്കപ്പെട്ടിരുന്ന ഈ ശാലകളുടെ മുമ്പിലായി നമ്മുടെ രാജധാനിയിലെ ചന്തസ്ഥലത്തെ പീടികകൾ പോലെ നെടുനീളത്തിൽ ആയിരം ആളുകൾക്കു ഇരിക്കാൻ സൌകയ്യമുള്ള നൂറു ശാലകളും കെട്ടിച്ചിരുന്നു.

ദാനസമയത്തിനു കുറേ മുമ്പു ദാനം വാങ്ങുന്നതിന് ആ സ്ഥലത്തു വരാൻ ചക്രവൎത്തി ശ്രമണന്മാരേയും, പാഷണ്ഡന്മാരേയും, നിർഗ്രന്ഥന്മാരേയും (ജൈനരേയും), ദരിദ്രന്മാരേയും, അനാഥന്മാരേയും, ബ്രഹ്മചാരികളേയും ഒരു വിളംബരംമുഖേന ക്ഷണിച്ചിരുന്നു. യുവൻചാങ് അപ്പോൾ കന്യാകുബ്ജത്തിൽനിന്ന് അവിടെ വന്നുചേൎന്നിരുന്നില്ല. എന്നാൽ ഒടുക്കം അദ്ദേഹം അവിടെ എത്തി. പതിനെട്ടു സാമന്തരാജാക്കന്മാരോടുകൂടി ശീലാദിത്യചക്രവൎത്തിയും അവിടെ വന്നുചേൎന്നു. അവർ ദാനസ്ഥലത്തു വന്നപ്പോൾ അവിടെ അഞ്ചുലക്ഷം മതാചാൎയ്യന്മാരും അന്യജനങ്ങളും കൂടിയിരുന്നു. ശീലാദിത്യചക്രവൎത്തി ഗംഗാനദിയുടെ ഉത്തരതീരത്തിൽ പാളയമടിച്ചു നിവസിച്ചു. ദക്ഷിണഭാരതത്തിലെ (വലഭിയിലെ) രാജാവായ ധ്രുവഭട്ടൻ (ധ്രുവസേനൻ) ആ രണ്ടു നദികളുടെ സംഗമസ്ഥലത്തിനു പടിഞ്ഞാറായിയാണു നിവസിച്ചതു്. കുമാരരാജാവ് (കാമരൂപത്തിലെ ഭാസ്കരവൎമ്മൻ) യമുനാനദിയുടെ ദക്ഷിണഭാഗത്തുള്ള ഒരു ഉദ്യാനത്തിൽ വസിച്ചു. ദാനം വാങ്ങുന്നതിനു വന്ന ജനങ്ങൾ ധ്രുവഭട്ടന്റെ വസതിക്കു പടിഞ്ഞാറായി, നിവസിക്കുകയും ചെയ്തു.

പിറേറദ്ദിവസം രാവിലെ ശീലാദിത്യചക്രവൎത്തിയുടേയും കുമാരരാജാവിന്റേയും സൈന്യങ്ങൾ വഞ്ചികളിലും, ധ്രുവഭട്ടന്റെ സൈന്യങ്ങൾ ഗജങ്ങളിലും കയറി അണിനിരക്കുകയും, ഒടുക്കം ദാനസ്ഥലത്തിനു സമീപത്തു വച്ച് അവ രണ്ടും യോജിക്കുകയും ചെയ്തു. പതിനെട്ടു രാജാക്കന്മാരും അവൎക്കു നിർദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ ഹാജരുണ്ടായിരുന്നു.

ഒന്നാംദിവസം ആ ദാനസ്ഥലത്തുള്ള പുല്ലു മേഞ്ഞ ക്ഷേത്രങ്ങളിൽ ഒന്നിൽ അദ്ദേഹം ബുദ്ധൻെറ പ്രതിമ സ്ഥാപിക്കുകയും, വിലയേറിയ സാധനങ്ങളും വസ്ത്രങ്ങളും പുഷ്പങ്ങളും വാദ്യഘോഷസഹിതം ദാനംചെയ്യുകയും ചെയ്തു. വൈകുന്നേരം അവർ ഓരോരുത്തരും അവരവരുടെ വസതികളിലേയ്ക്കു തിരിച്ചു പോയി. രണ്ടാംദിവസം അദ്ദേഹം സ്ഥാപിച്ചതു് ആദിത്യദേവൻെറ പ്രതിമ ആയിരുന്നു. അതിനു ശേഷം അദ്ദേഹം ഒന്നാംദിവസത്തെ ദാനങ്ങളെക്കാൾ കുറഞ്ഞ സുവർണ്ണാദികളും വസ്ത്രാദികളും ദാനംചെയ്തു. മൂന്നാംദിവസം അദ്ദേഹം ശിവൻെറ പ്രതിമ സ്ഥാപിക്കുകയും, രണ്ടാംദിവസത്തെപ്പോലെ ദാനം ചെയ്യുകയും ചെയ്തു. നാലാംദിവസം അദ്ദേഹം നൂറു വരികളായി നിരന്നു നിന്നിരുന്ന പതിനായിരം മതാചാൎയ്യന്മാൎക്കു് ദാനം നൽകി. അവരിൽ ഓരോരുത്തൎക്കും പത്തു സ്വൎണ്ണനാണയങ്ങളും, ഒരു വസ്ത്രവും, പലതരം പാനീയങ്ങളും, ആഹാരസാധനങ്ങളും, സുഗന്ധദ്രവ്യങ്ങളും, പുഷ്പങ്ങളും ലഭിച്ചു. ദാനം അവസാനിച്ചതിനു ശേഷം അദ്ദേഹം തൻെറ വസതിയിലേയ്ക്കു പോയി. അനന്തരം അഞ്ചാമതായി അദ്ദേഹം ഇരുപതു ദിവസം ബ്രാഹ്മണൎക്കു ദാനംചെയ്തു. ആറാമതായി പാഷണ്ഡന്മാൎക്കാണു് അദ്ദേഹം പത്തു ദിവസം ദാനംചെയ്തതു്. ഏഴാമതായി ദൂരദേശങ്ങളിൽനിന്നു വന്ന നിൎഗ്രന്ഥന്മാൎക്കു് (ജൈനൎക്കു്) അദ്ദേഹം പത്തു ദിവസം ദാനം നൽകി. എട്ടാമതായി അദ്ദേഹം ദരിദ്രന്മാൎക്കും, അനാഥൎക്കും, ബ്രഹ്മചാരികൾക്കും ദാനംചെയ്തു. ഇതു് ഒരു മാസം നിലനിന്നു. ഇതു് അവസാനിച്ചപ്പോൾ രാജഭണ്ഡാഗാരത്തിൽ അഞ്ചു വൎഷംകൊണ്ടു ശേഖരിച്ചു വച്ചി

രുന്ന ധനം ആസകലം അവസാനിച്ചു. ഇതിനശേഷം ആ ചക്രവൎത്തിക്കു രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനും രാജ്യത്തിൽ സമാധാനപരിപാലനം ചെയ്യുന്നതിനും അത്യാവശ്യമായ ഗജങ്ങളും, അശ്വങ്ങളും, യുദ്ധസാമഗ്രികളും മാത്രമേ ശേഷിച്ചുള്ളു. അദ്ദേഹം ധരിച്ചിരുന്ന വസ്ത്രങ്ങളും, മാലകളും, കൎണ്ണാഭരണങ്ങളും, കൈവളകളും, മകുടമാലകളും, കണ്ഠത്തിലെ മുത്തുമാലകളും, കേശമദ്ധ്യത്തെ അലങ്കരിച്ചിരുന്ന പത്മരാഗവും, എന്നുവേണ്ട, അദ്ദേഹത്തിന്റെ സകല സാമാനങ്ങളും അദ്ദേഹം ദാനംചെയ്തിരുന്നതാനും. ഇപ്രകാരം തന്റെ സകല സാമാനങ്ങളേയും ദാനംചെയ്തതിനു ശേഷം അദ്ദേഹം തന്റെ സഹോദരിയോട് ഒരു സാധാരണ വസ്ത്രം വാങ്ങി ധരിക്കുകയും ചെയ്തു.

ഈ മഹാദാനത്തിനു ശേഷമാണ് യുവൻചാങ് ഹൎഷനോടു യാത്ര പറഞ്ഞു ചീനത്തിലേയ്ക്കു തിരിച്ചതു്. ആ സഞ്ചാരിയെ തന്റെ സാമ്രാജ്യാതൃത്തികൾവരെ കൊണ്ടുവിടുന്നതിനു ഹൎഷൻ തന്റെ സാമന്തനായ ഉദ്ധതൻ എന്ന രാജാവിനെ നിയോഗിക്കുകയുംചെയ്തു.

ഹൎഷൻ പ്രത്യേകമായ പ്രോത്സാഹനം നൽകിയിരുന്ന ബാണൻ ഒരു ബ്രാഹ്മണനും, മയൂരൻ ഒരു ജൈനനുമായിരുന്നു. ഒരു ബൌദ്ധനായ യുവൻചാങ്ങിനെ ഹൎഷൻ സഹായിച്ചു. മുകളിൽ ചേൎത്തിട്ടുള്ള മഹാദാനവൎണ്ണനയിൽ അദ്ദേഹം ഹിന്ദുമതാചാൎയ്യന്മാൎക്കും, ബുദ്ധമതാചാൎയ്യന്മാൎക്കും, ജൈനമതാചാൎയ്യന്മാൎക്കും ദാനങ്ങൾ നൽകി എന്നു പ്രസ്താവിച്ചിട്ടുമുണ്ടല്ലോ. ഈ സംഗതികളിൽനിന്നു തന്റെ കാലത്തു പ്രചാരത്തിലിരുന്ന മൂന്നു പ്രധാന മതങ്ങളേയും സമദൃഷ്ട്യാ വീക്ഷിച്ച് അവ

യുടെ അനുചരന്മാരോട്ട് ഹഷൻ ഒന്നുപോലെ പെരുമാറി യിരുന്നു എന്നു വിശദമാകുന്നുണ്ടല്ലൊ. ഹഷന്റെ സാമന്ത രിൽ ഒരുവനും, ഒരു ഹിന്ദുവുമായ കാമരൂപത്തിലെ ഭാസ്ക രവമ്മനും, ഹഷന്റെ മറെറാരു സാമന്തനും, ജാമാതാവും, ഒരു ബൌദ്ധനുമായ വലഭിയിലെ ധ്രുവസേനനും ഹർഷ നെപ്പോലെ പരമതസഹിഷ്ണുത പ്രദർശിപ്പിച്ചിരുന്നു. എന്നാൽ കർണ്ണസുവർണ്ണത്തിലെ രാജാവായ ശശാങ്കൻ ഇതു കാണിക്കാതെ ബൌദ്ധപുണ്യസ്ഥലങ്ങളെ നശിപ്പി ക്കുകയാണു ചെയ്തതു്. ഹർഷൻെറ സമകാലീനനായ കാഞ്ചീപുരത്തെ പല്ലവരാജാവു മഹേന്ദ്രവമ്മനും താൻ ജൈനമതം ഉപേക്ഷിച്ചു ശൈവമതം സ്വീകരിച്ചതോ ടുകൂടി ജൈനരെ ഹിംസിച്ചു എന്നു് ഐതിഹ്യങ്ങ ളുണ്ടു്.

ഇങ്ങിനെ ഹർഷൻ സകല മതങ്ങളേയും സമ ദൃഷ്ട്യാ വീക്ഷിച്ചിരുന്നു എന്നതിനു വേണ്ട തെളിവുകൾ ഉണ്ടെങ്കിലും, സുപ്രസിദ്ധ ബൌദ്ധചരിത്രകാരനായ താരാനാഥൻെറ ചില പ്രസ്താവനകൾ ഇതിനു വിരുദ്ധ മായുള്ള രേഖകളാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നി പ്പോകും. താരാനാഥൻെറ വാക്കുകൾ ചുവടെ ചേക്കുന്നു: "മഹാപ്രസിദ്ധനായ വസുബന്ധു ആചായ്യൻെറ അന്ത്യ കാലങ്ങളിൽ, ഗംഭീരപക്ഷൻ എന്ന രാജാവിൻെറ മര ണാനന്തരം, പശ്ചിമദിക്കിലുള്ള മരുരാജ്യത്തിൽ ജനിച്ച വനും, ശക്തിമാനുമായ ശ്രീഹർഷൻ എന്ന രാജാവു നാടു വാണിരുന്നു. പശ്ചിമദിക്കിലുള്ള സകല രാജ്യങ്ങ ളേയും അദ്ദേഹം കീഴടക്കി. ഒടുക്കം അദ്ദേഹം ബൌദ്ധ ധമ്മം സ്വീകരിക്കുകയും, ഗുണപ്രഭാചായ്യനെ ഗുരുവായി വരിക്കുകയും ചെയ്തു. ഇക്കാലത്തു വൃക്ഷചന്ദ്രൻെറ പിൻ

ഗാമിയായ വിഗമചന്ദ്രനും, അദ്ദേഹത്തിൻെറ പുത്രനായ കാമചന്ദ്രനും പ്രാബല്യത്തോടും, ധനപുഷ്ടിയോടും, ദാനശീലത്തോടുംകൂടി പൂവ്വദിക്ക ഭരിച്ചിരുന്നു. ഇവർ ന്യായമായി രാജ്യം ഭരിച്ചിരുന്നുവെങ്കിലും, രത്നത്രയങ്ങളെ (അതായതു് ബുദ്ധമതത്തെ) ഇവർ അഭയം പ്രാപിച്ചിരുന്നില്ല. ബുദ്ധമതക്കാരേയും പാഷണ്ഡന്മാരേയും ഇവർ ഒന്നുപോലെ ബഹുമാനിച്ചിരുന്നുവെങ്കിലും, ഇവരുടെ ചായ്‌വ് ജൈനമതത്തിലേക്കായിരുന്നു. മഹാസമ്മതനാണ് അന്നു കാശ്മീരം ഭരിച്ചിരുന്നതു്. അക്കാലത്തുതന്നെ പൂവ്വദിക്കിൽ സ്ഥിരമതിആചായ്യനും, ദിങ്നാഗനും ജീവജാലങ്ങളുടെ രക്ഷണാത്ഥം പ്രയത്നിച്ചു."

പിന്നെയും, പ്രസിദ്ധരായ ബൌദ്ധമതക്കാരുടെ ജീവിതസംഭവങ്ങൾ വണ്ണിക്കുന്ന ഭാഗത്തിൽ താരാനാഥൻ ഇപ്രകാരം പറയുന്നു: "ശ്രീഹർഷൻ ശക്തിമാനായ രാജാവായിത്തീന്നതിനു ശേഷം, അദ്ദേഹം മ്ലേഛന്മാരുടെ മതത്തെ നശിപ്പിക്കുവാൻ നിശ്ചയിച്ചു. മൌലസ്ഥാനത്തിനു (മൂൽട്ടാൻ)സമീപമുള്ള ഒരു സ്ഥലത്തു് അദ്ദേഹം മരംകൊണ്ടു് ഒരു പള്ളി പണി കഴിപ്പിച്ചു് അതിലേയ്ക്കു സകല മ്ലേഛന്മാരേയും അദ്ദേഹം ക്ഷണിച്ചുവരുത്തുകയും ചെയ്തു. കുറെ മാസങ്ങൾ കഴിയുന്നതുവരെ അദ്ദേഹം അവരെ യഥാവിധി സല്കരിച്ചു് അവരുടെ സകല ആവശ്യങ്ങളേയും നിറവേററി. അദ്ദേഹം അവരെക്കൊണ്ടു് അവരുടെ സകല മതഗ്രന്ഥങ്ങളേയും അവിടെ കൊണ്ടുവരുവിച്ചിരുന്നു. അനന്തരം അദ്ദേഹം ആ പള്ളിക്കു തീ കൊളുത്തി അവരേയും അവരുടെ മതഗ്രന്ഥങ്ങളേയും നശിപ്പിച്ചു. ഇതിനാൽ പന്തീരായിരത്തോളം മ്ലേഛന്മാക്കു നാശം

സംഭവിച്ചു. ഇതുകൊണ്ട് മ്ലേഛന്മാരുടെ മതത്തിന്റെ ഉല്പത്തിസ്ഥാനമായ ഖൊറസ്സാൻരാജ്യത്തിൽ അതിനു പ്രചാരമില്ലാതെ ആയി ഭവിച്ചു. അവിടെയുള്ള ഒരു നെയ്ത്തുകാരൻ മാത്രമെ അതിനെ അനുസരിച്ചിരുന്നുള്ളു. ആ രാജാവിന്റെ പ്രസ്തുത പ്രവൃത്തിമൂലം പാരസികരുടേയും ശകന്മാരുടേയും മതത്തിനു നൂറു വഷത്തേയ്ക്കു് അധഃപതനം സംഭവിച്ചു. അനന്തരം പാപമോചനാത്ഥം അദ്ദേഹം മരുദേശത്തിലും, മാലവത്തിലും, മേവാറിലും, ചിത്തുവിലും, ശിതവരത്തിലും ഓരോ മഹാവിഹാരങ്ങൾ കെട്ടിക്കുകയും, അവയിൽ ഓരോന്നിലും ആയിരം ഭിക്ഷുക്കളെ നിവസിപ്പിക്കുകയും, ധമ്മത്തെ ധാരാളമായി പരത്തുകയും ചെയ്തു."

താരാനാഥൻ പ്രസ്താവിക്കുന്ന മതഭ്രാന്തനായ ഹർഷൻ വസുബന്ധുവിൻേറയും, അദ്ദേഹത്തിന്റെ ശിഷ്യന്മാരായ സ്ഥിരമതിയുടേയും, ദിങ്നാഗന്റേയും സമകാലീനനാകയാൽ, അദ്ദേഹം നമ്മുടെ കഥാനായകനല്ലെന്നുള്ളതു തീച്ചതന്നെ. എന്തെന്നാൽ വസുബന്ധുവും ശിഷ്യന്മാരും ഏ. ഡി. അഞ്ചാം ശതാബ്ദത്തിലാണു ജീവിച്ചിരുന്നത്. താരാനാഥൻ പറയുന്ന ഹഷൻ സ്കന്ദഗുപ്തനാണെന്നും, ഈ ഹഷൻ ഹിംസിച്ച മതക്കാർ പാർസികളാണെന്നും വിചാരിക്കുവാൻ കാരണവുമുണ്ട്.

രാജ്യവർദ്ധനൻേറ വധത്തിനു മുമ്പുതന്നെ ഹഷൻ വിവാഹം ചെയ്തിരുന്നു എന്നും, ഈ രാജ്ഞിക്കു പുറമേ പ്രാചീന ഭാരതീയ രാജാക്കന്മാരുടെ പതിവനുസരിച്ച് ഹർഷൻേറ അന്തഃപുരത്തിൽ അനേകം സ്ത്രീകൾ ഉണ്ടായിരുന്നു എന്നും ബാണന്റെ വാക്കുകളിൽനിന്നു മനസ്സിലാക്കാം. എന്നാൽ ഈ സ്ത്രീജനങ്ങളുമായി രമിക്കുന്ന

തിനു ഹർഷൻ വിമുഖനായിരുന്നു എന്നും ബാണൻ സൂചിപ്പിക്കുന്നു. ഈ വിഷയത്തിൽ ഹർഷൻ പ്രാചീന ഭാരതീയ നൃപന്മാരിൽ ഭൂരിപക്ഷവും പ്രദർശിപ്പിക്കാത്തതായ ആത്മനിയന്ത്രണം കാണിച്ചിരുന്നു. ഹർഷനു തൻെറ രാജ്ഞിയിൽ ഒരു പുത്രനും, ഒരു പുത്രിയും ഉണ്ടായിരുന്നതായി നമുക്കു് അറിവുണ്ടു്. പുത്രൻ അദ്ദേഹത്തിൻെറ ജീവിതകാലത്തിൽതന്നെ മരിച്ചുപോയി. പുത്രി മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ വലഭിയിലെ രാജാവായ ധ്രുവസേനൻെറ രാജ്ഞിയായി ഭവിച്ചു. എ. ഡി. ൬൪൭-ൽ ഹർഷൻ കാലധർമ്മം പ്രാപിച്ചപ്പോൾ, അദ്ദേഹത്തിനു് ഒരു പുത്രനില്ലാതിരുന്നതിനാലാണു മുമ്പു വിവരിച്ചതുപോലെ, അദ്ദേഹത്തിൻെറ മന്ത്രിയായ അരുണാശ്വരൻ, അഥവാ, അർജ്ജുനൻ അദ്ദേഹത്തിന്റെ സിംഹാസനം അപഹരിക്കുവാൻ ശ്രമിച്ചതും. ഹർഷൻെറ മരണത്തോടുകൂടി അദ്ദേഹത്തിൻെറ സാമ്രാജ്യം ഛിന്നിച്ചിതറിപ്പോകുകയും ചെയ്തു.

ഹർഷചരിതത്തിൽ ഹർഷന്റെ സ്വഭാവം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ബാണൻ വർണ്ണിച്ചിരിക്കുന്നു:— "അദ്ദേഹം ഏകനാണെങ്കിലും പലരും പല വിധത്തിലാണു് അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നതു്. അദ്ദേഹത്തെ ധനം നിഃസ്നേഹനായും, ദോഷം ആശ്രയിക്കാൻ കൊള്ളരുതാത്തവനായും, ഇന്ദ്രിയങ്ങൾ അതിയായ ആത്മനിയന്ത്രണമുള്ളവനായും, കലി പിടികിട്ടാത്തവനായും, പതിനെട്ടു ദോഷങ്ങൾ കാമക്രോധാദിവികാരങ്ങളില്ലാത്തവനായും, ദുന്ദുടത്ത ഭീരുവായും, കാമൻ ദുർഗ്രഹമായ ചിത്തവൃത്തിയോടു കൂടിയവനായും, സരസ്വതി തൻെറ ഭാര്യയായ സാമ്രാജ്യലക്ഷ്മിയിൽ

മാത്രം തല്പരനായും, പരകളത്രങ്ങൾ നപുംസകനായും, സന്ന്യാസിമാർ മഹാസന്ന്യാസിയായും, ഗണികകൾ വഞ്ചകനായും, സുഹൃത്തുക്കൾ അന്യരാൽ നയിക്കപ്പെടുന്നവനായും, ബ്രാഹ്മണർ ഭൃത്യനായും, ശത്രുക്കൾ സുസഹായനായും പരിഗണിച്ചു വന്നു...............കൃതയുഗത്തിന്റെ കാരണവും, ദേവസൃഷ്ടിയുടെ ബീജവും, അഭിമാനത്തിന്റെ ഉല്പത്തിദ്വീപും, കരുണയുടെ ഗൃഹവും, പുരുഷോത്തമന്റെ അടുത്ത അയൽപക്കക്കാരനും, പരാക്രമത്തിന്റെ ഖനിപർവ്വതവും, സരസ്വതിയുടെ സർവ്വവിദ്യാസംഗീതഗൃഹവും, ലക്ഷ്മിയുടെ പുനരുത്ഥാനത്തിനുള്ള രണ്ടാമത്തെ അമൃതമഥനദിവസവും, വൈദഗ്ദ്ധ്യത്തിന്റെ ബലപ്രകടനവും, മര്യാദകളുടെ ഏകസ്ഥാനവും, കാന്തിയുടെ സർവ്വസ്വത്തുക്കളുടേയും വിലപേശലും, രൂപപരമാണുസൃഷ്ടിയുടെ പരമോൽകർഷവും, രാജ്യത്തിന്റെ സകല ദുശ്ചരിതങ്ങൾക്കും പ്രായശ്ചിത്തവും, സർവ്വശത്രുസൈന്യയുക്തനായ കാമനോടുള്ള പോർവിളിയും, പുരന്ദരനായ ഇന്ദ്രന്റെ ദർശനത്തിനുള്ള ഉപായവും, ധർമ്മത്തിന്റെ ആവർത്തനവും, കലകളുടെ കന്യാന്തഃപുരവും, സൌഭാഗ്യത്തിന്റെ പരമപ്രമാണവും, സർവ്വപ്രജാപതികളുടേയും രാജ്യാഭിഷേകത്തിന്റെ അന്ത്യത്തിലുള്ള സ്നാനവും ആയി അദ്ദേഹം പ്രശോഭിച്ചു. കൂടാതെ, ആ ചക്രവർത്തി ഗംഭീരനും, പ്രസന്നനും, ഭയം ജനിപ്പിക്കുന്നവനും, രമണീയനും, കൌതുകജനനും, പുണ്യനും ആയിരുന്നു."

ഒരു കവിയുടെ ഭാവനയോടും, അതിശയോക്തിയോടും, ഒരു ആശ്രിതന്റെ സ്വാമിഭക്തിയോടും, അന്ധവിശ്വാസത്തോടും, ബാണൻ ചെയ്തിട്ടുള്ള ഈ സ്വഭാവവ

ണ്ണനയിൽ കവിതാരസവും, അലങ്കാരങ്ങളും പ്രചുരമാണെങ്കിലും, സത്യത്തിൻെറ അംശങ്ങൾ ദുർല്ലഭമാണെന്നേ പറയാവൂ. ഹർഷൻെറ സേവകനായ ബാണൻേറയും, അദ്ദേഹത്തിൽനിന്നു സഹായങ്ങൾ ധാരാളമായി ലഭിച്ചിരുന്ന ചീനസഞ്ചാരി യുവൻചാങ്ങിൻേറയും പക്ഷപാതപൂർണ്ണങ്ങളായ വർണ്ണനകളും, വിവരണങ്ങളും, ഹർഷൻെറ സ്വഭാവത്തേയും ശേഷിയേയും സംബന്ധിച്ച് ആധുനികലോകരിൽ തെററിദ്ധാരണകൾ ഉളവാക്കിയിട്ടുമുണ്ട്. ബാണൻെറ മുകളിലുദ്ധരിച്ച സ്വഭാവവർണ്ണനയിൽ എത്രമാത്രം വാസ്തവമുണ്ടെന്നു പരിശോധിച്ചു നോക്കാം.

ഹർഷൻ ഒരു ധീരപുരുഷനായിരുന്നു എന്നുള്ള ബാണൻെറ വാക്കു നമുക്കു വിശ്വസിക്കാം. ഈ ധീരതയ്ക്കു് ഒരു ഉദാഹരണവും ബാണൻ പ്രസ്താവിക്കുന്നുണ്ട്. തൻെറ സ്നേഹഭാജനമായിരുന്ന ദപ്പ്ശാതൻ എന്ന മദഗജത്തിൻെറ തുമ്പിക്കൈയിൽനിന്നു ഹർഷൻ ശ്രീകുമാരൻ എന്ന ഒരു രാജാവിനെ തൻെറ ജീവനെ പണയം വച്ചു രക്ഷിച്ചു. അനന്തരം ഹർഷൻ ആ മദയാനയെ കാട്ടിലേക്ക് അഴിച്ചു വിടുകയും ചെയ്തു. പിന്നെയും, തൻെറ യുദ്ധങ്ങളിൽ ഹർഷൻ സധൈര്യം നേരിട്ടു യുദ്ധം ചെയ്യുക പതിവായിരുന്നു എന്നു ബാണൻെറ വാക്കുകളിൽനിന്നു മനസ്സിലാക്കാം. എന്നാൽ ഹർഷനു കായികമായ ധൈര്യം മാത്രമാണു് ഉണ്ടായിരുന്നതു്. അദ്ദേഹത്തിനു് അതിനെക്കാൾ ശ്രേഷ്ഠമായ മാനസികധൈര്യം ഇല്ലായിരുന്നു എന്നു കന്യാകുബ്ജസിംഹാസനത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ സംശയങ്ങളും തീപ്പും കാണിക്കുന്നുണ്ട്. രാഷ്ട്രീയമായി പര്യാലോചിച്ചാൽ ഇക്കാ

യ്യത്തിൽ ഹർഷൻ ചെയ്യേണ്ടിയിരുന്നതു് കന്യാകുബ്ജ ത്തെ സ്ഥാനേശ്വരത്തോടു നേരിട്ടു കൂട്ടിച്ചേക്കുകയാണെന്നു കാണാം. സ്ഥാനേശ്വരത്തെ പ്രബലമാക്കി അതുമുഖേന ഉത്തരഇൻഡ്യയിൽ കുറേക്കാലമെങ്കിലും നിലനില്ക്കുന്ന ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനു്, ഇപ്രകാരം പ്രവൎത്തിച്ചിരുന്നുവെങ്കിൽ, ഒരുപക്ഷെ ഹർഷനു സാധിക്കുമായിരുന്നു. ഇതു ചെയ്യുന്നതിനു വേണ്ട മനോധൈൎയ്യം ഹർഷനു് ഉണ്ടായിരുന്നില്ല. കൃതഘ്നത മുതലായ ധാൎമ്മികങ്ങളായ പഴികൾ, ഇങ്ങിനെ പ്രവൎത്തിക്കുന്നതായാൽ, ജനങ്ങൾ തന്നിൽ ആരോപിക്കുമെന്നു ഹർഷൻ ഭയന്നിരിക്കണം. കന്യാകുബ്ജത്തെ അതിന്റെ ന്യായമായ അവകാശിയായ സുവ്രതവൎമ്മനു വിട്ടു കൊടുത്തിട്ടു്, “സുവ്രതവൎമ്മൻ എന്തും ചെയ്തുകൊള്ളട്ടെ. അദ്ദേഹം എന്തു് ഉപദ്രവം ചെയ്താലും, അതിനെയെല്ലാം അമൎത്തുവാൻ എനിക്കു ശക്തിയുണ്ടു്” എന്നു വിചാരിച്ചു് തന്നിൽ തന്നെ വിശ്വസിക്കാൻ വേണ്ട മനോധൈൎയ്യവും ഹർഷൻ കാണിച്ചിരുന്നില്ല. ഇവ രണ്ടിൽ ഒന്നും ചെയ്യാതെ തനിക്കു മനോധൈൎയ്യമില്ലെന്നു സുസ്പഷ്ടമാക്കുന്ന ഒരു ദുർബലന്റെ തീൎപ്പാണു വാസ്തവത്തിൽ അദ്ദേഹം ചെയ്തതു്. ഈ തീൎപ്പുമൂലം ഹർഷന്റെ മരണാനന്തരം അരുണാശ്വന്റെ കലക്കം ഉണ്ടാകുകയും ചെയ്തു.

മനോധൈൎയ്യമില്ലായ്മ മനുഷ്യൎക്കു് ഒരു വലിയ കുറവാണു്. ധാൎമ്മികമായ ഒരു ദുൎഘടവേളയിൽ എന്തു ചെയ്യണമെന്നറിയാതെ വലയുന്നതു മനോധൈൎയ്യമില്ലായ്മ നിമിത്തമാകുന്നു. ടെമ്പിൾ തർസ്റ്റൺ എന്ന ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ ഇതിനെപ്പററി ചുവടെ ചേക്കുന്ന പ്രകാരം

പറഞ്ഞിരിക്കുന്നു:—"ജീവിതത്തെ കെടുക്കുന്നതു് എന്തു ചെയ്യണമെന്നറിയാതെ വലയുന്ന സ്വഭാവമാണു്. ആത്മഹത്യ ചെയ്യുന്നവരെ നാലുകൂട്ടംവഴികളിൽ കുഴിച്ചിടാറുണ്ടായിരുന്നു; എന്തുകൊണ്ടെന്നാൽ അവിടേ വച്ചാണു് ഏതു വഴി തിരിയണമെന്നറിയാതെ. മനുഷ്യർ തങ്ങളുടെ ജീവിതങ്ങളെ കെടുക്കുന്നതു്." പിന്നീടു പ്രസ്താവിക്കുന്ന ഹഷ്ൻെറ പരാജയത്തിനു് ഒരു പ്രധാന കാരണം അദ്ദേഹത്തിൻെറ പ്രസ്തുത മനോധൈൎയ്യമില്ലായ്മയാണുതാനും.

അപകടകാലങ്ങളിൽ ഹഷ്ൻ പ്രത്യുല്പന്നമതി കാണിച്ചിരുന്നു എന്നു മുകളിൽ പ്രസ്താവിച്ചിട്ടുള്ള മതപണ്ഡിതസമ്മേളനത്തിൻെറ വിവരണം കാണിക്കുന്നുണ്ടു്. ഇതു് മാനസികമായ ഉണവിൽനിന്നു ജനിക്കുന്നതാണു്; അല്ലാതെ, മനോധൈൎയ്യത്തിൻെറ ലക്ഷണമല്ല. സമ്മേളനശാലയ്ക്കു തീപിടിച്ചപ്പോൾ ഹഷ്ൻ ലേശവും സംഭ്രമം കാണിക്കാതെ തീകെടുത്താൻ ഭഗീരഥപ്രയത്നം ചെയ്തു. ഹഷ്ൻെറ പ്രത്യുല്പന്നമതിക്കു് ഉദാഹരണമായി ബാണൻ ഒരു സംഭവം പ്രസ്താവിക്കുന്നുണ്ടു്. ഹഷ്ൻെറ പ്രഥമയുദ്ധയാത്രയിൽ അദ്ദേഹം പാളയമടിച്ചതു് സരസ്വതീനദീതീരങ്ങളിലുള്ള ഒരു ഗ്രാമത്തിലായിരുന്നു. പതിവനുസരിച്ചു് അതിലെ ഗ്രാമനായകൻ പുഷ്പഭൂതിവംശത്തിൻെറ ലാഞ്ഛനമായ വൃഷഭത്തിൻെറ രൂപം കൊത്തിയിട്ടുള്ള പുതിയ ഒരു സ്വൎണ്ണനാണയം ഹഷ്നു തിരുമുൽക്കാഴ്ചയായി നൽകി. ഗ്രാമനായകൻെറ പക്കൽനിന്നു് ഹഷ്ൻ അതു വാങ്ങിച്ചപ്പോൾ, അതു യദൃച്ഛയാ സരസ്വതീനദീതീരത്തിലെ ചെളി നിറഞ്ഞ പ്രദേശത്തു വീണു് അതിലുള്ള വൃഷഭചിഹ്നം ആ ചെളിയിൽ പതിച്ചു.

ഈ സംഭവം കണ്ടുനിന്നിരുന്ന സകല ജനങ്ങളും ഇതു് ഒരു ദുശ്ശകുനമാണെന്നു വിചാരിച്ചു സ്തംഭിച്ചുനിന്നുപോയി. ഇതു കണ്ടയുടനെ അതു് ഒരു ശുഭശകുനമാണെന്നും, ഭൂമി ആസകലം തൻെറ ലാഞ്ഛനത്താൽ അങ്കിതമാകുമെന്നും ഹഷൻ പറഞ്ഞു് അവരുടെ ദുശ്ശങ്കകൾ മാററുകയും ചെയ്തു.

ഹഷൻെറ മിത്രപ്രിയതചത്തെപ്പററി ബാണൻ പ്രസ്താവിച്ചിരിക്കുന്നതും വാസ്തവമാണു്. ബാണനോടുള്ള പെരുമാററത്തെത്തന്നെ ഇതിനു് ഒരു ഉത്തമദൃഷ്ടാന്തമായി പരിഗണിക്കാം. എന്നാൽ ഈ മിത്രവാത്സല്യം പിൽക്കാലങ്ങളിൽ ഒരു ഗൌരവതരമായ അപവാദത്തിനു കാരണമായി ഭവിച്ചു. ബാണനു് ഹഷൻ അനവധി ധനം സമ്മാനിച്ചതു്, തൻെറ പേരു വച്ചു പ്രസിദ്ധപ്പെടുത്തുവാനായി നാടകങ്ങളും, മററു കൃതികളും ബാണൻ രചിച്ചു ഹഷനു കൊടുത്തതുകൊണ്ടായിരുന്നു എന്നത്രേ പ്രസ്തുത അപവാദം. ഇതിനു യാതൊരു അടിസ്ഥാനവും ഉണ്ടായിരുന്നില്ല. മിത്രവാത്സല്യത്തിനു പുറമേ, തന്നോടു രക്തബന്ധമുള്ളവരേയും ഹർഷൻ ഗാഢമായി സ്നേഹിച്ചിരുന്നു. തൻെറ സഹോദരിയായ രാജ്യശ്രീയോടു് അദ്ദേഹം കാണിച്ചിരുന്ന വാത്സല്യം ഇതിനു മകുടോദാഹരണമാണു്. ഹർഷൻ രാജ്യശ്രീയെ കന്യാകുബ്ജത്തിലെ രാജ്ഞിയായി വാഴിച്ചു താൻ ആ രാജ്ഞിയുടെ പ്രതിപുരുഷനായി മാത്രം ആ രാജ്യം ഭരിച്ചതിനു് ഒരു കാരണം ഈ സഹോദരീവാത്സല്യമാണു്. ഇതിൽനിന്നുണ്ടായ ദൃഷ്യം മുമ്പു ചൂണ്ടിക്കാണിച്ചിരുന്നല്ലോ.

ഹർഷൻ കരുണയുടെ ഗൃഹമാണെന്നു ബാണൻ പറയുന്നതിലും കുറേ വാസ്തവമുണ്ടു്. തൻെറ ജ്യേഷ്ഠനെ ചതിച്ചു

വധിച്ച ശശാങ്കനെ ഹർഷനല്ലാതെ മറെറാരു രാജാവും വധിക്കുകയോ, രാജ്യഭ്രഷ്ടനാക്കുകയോ ചെയ്യാതെ അടങ്ങുകയില്ല. ഹർഷനാകട്ടെ ശശാങ്കനെ തോല്പിച്ച് അദ്ദേഹം പിടിച്ചടക്കിയ പ്രദേശങ്ങളിൽ ചിലതിനെ കൈവശപ്പെടുത്തിയതല്ലാതെ മറെറാരു ശിക്ഷയും ശശാങ്കനു നൽകിയിരുന്നില്ല. എന്നാൽ തന്നെ വധിക്കുന്നതിനുള്ള കൂടിയാലോചനയിൽ പങ്കുകൊണ്ടിരുന്നവരോടു ഹർഷൻ യാതൊരു ദയവും കാണിച്ചിരുന്നില്ലെന്നും ഇവിടെ ഓക്കേണ്ടതാണ്. തൻെറ സാമ്രാജ്യത്തിൽ ഹർഷൻ ജന്തുഹിംസ നിരോധിച്ചിരുന്നു എന്നു യുവൻചാങ് പറയുന്നുണ്ട്. ഇപ്രകാരം ഭാരതത്തിലെ പല ബൌദ്ധരാജാക്കന്മാരും, ജൈനരാജാക്കന്മാരും പ്രവൎത്തിച്ചിരുന്നതിനാൽ, ഇതിന് ഒരു പ്രത്യേകതയും നൽകുവാൻ പാടില്ല. കാമൻ ഹർഷനെ ദുർഗ്രഹചിത്തവൃത്തിയായി മനസ്സിലാക്കിയെന്നുള്ള ബാണൻെറ വാക്കുകളും വാസ്തവമാണ്. എന്നാൽ ഈ മനസ്ഥിതി ഹർഷനു വരുത്തിവച്ച അനപത്യത അദ്ദേഹത്തിൻെറ സാമ്രാജ്യം അദ്ദേഹം മരിച്ചയുടനേ തന്നെ ചിന്നിച്ചിതറിപ്പോകാൻ സഹായിക്കയും ചെയ്തു എന്നുംകൂടി പറഞ്ഞേ മതിയാവൂ.

ഹർഷനു ക്ഷമ കുറഞ്ഞിരുന്നു എന്ന് യുവൻചാങ്ങിനെ സംബന്ധിച്ച് അദ്ദേഹം ഭാസ്കരവൎമ്മനോടു പെരുമാറിയ രീതിയും, ബാണനുമായി പ്രഥമസമാഗമം ഉണ്ടായ ദിവസം തൻ്റെ കാല് കൈയിൽ നിന്നു വിട്ടുകളഞ്ഞ ദാസിയെ അദ്ദേഹം വീണയുടെ കോണംകൊണ്ട് അടിച്ച സംഭവവും കാണിക്കുന്നുണ്ട്. ഇതു് ഒരു മഹാസന്ന്യാസിക്കു യോജിക്കുന്നതല്ല.

പരോപകാരാൎത്ഥമുള്ള ആത്മപരിത്യാഗത്തിൻെറ മൂൎത്തീകരണമായ ജീമൂതവാഹനൻെറ കഥയെ ആസ്പദിച്ചു ഹർഷൻ നാഗാനന്ദം രചിച്ചതും, അതിലെ നായകൻെറ പാർട്ടു് അഭിനയിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതും, അദ്ദേഹത്തിൻെറ സ്വഭാവത്തിൽ, പ്രത്യേകിച്ചു് അന്ത്യകാലത്തെ സ്വഭാവത്തിൽ, അധികമായി കുടികൊണ്ടിരുന്ന സാത്വികഗുണം നിമിത്തമാണെന്നു് അനുമാനിക്കാം. ഇങ്ങിനെ കേവലം ഒരു മനുഷ്യൻ എന്ന നിലയിൽ അദ്ദേഹത്തെ നോക്കുന്ന പക്ഷം, അദ്ദേഹത്തിൻെറ കുറവുകൾ അംഗുലീപരിമിതങ്ങളാണെന്നു കാണാവുന്നതാണു്. ഇതു മാത്രമാണു് ബാണൻെറ മുകളിൽ ഉദ്ധരിച്ച വൎണ്ണനയിലുള്ള സത്യാംശം. എന്നാൽ ഹർഷൻ വെറും ഒരു വ്യക്തിമാത്രമായിരുന്നില്ലല്ലോ. അദ്ദേഹം ഒരു ചക്രവൎത്തിയും, ഒരു സാമ്രാജ്യം സൃഷ്ടിച്ചവനും, ഒരു കവിയായി സാഹിത്യരംഗത്തു കച്ച കെട്ടി ഇറങ്ങിയ ഒരു മനുഷ്യനും കൂടിയായിരുന്നു. ഈ ഭാവങ്ങളിൽ ഹർഷന്റെ ജീവിതം ഒരു പരാജയമാണെന്നു വേണം വാസ്തവത്തിൽ പറയേണ്ടതു്.

ഒരു സാഹിത്യകാരനെന്ന നിലയിൽ അദ്ദേഹത്തിനു മഹാകവിപ്പട്ടത്തിനു മോഹമുണ്ടായിരുന്നു എങ്കിലും, ആ മോഹം നിറവേററുവാൻ വേണ്ട വാസന അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരു ദുഷ്കവിയല്ലെങ്കിലും, ഒരു വെറും സാധാരണകവിയായി മാത്രമേ അദ്ദേഹത്തെ ഗണിക്കാവൂ. സംസ്കൃതനാടകലോകത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുവാൻ, ഒരു വിപ്ലവം വരുത്തിവയ്ക്കുവാൻ, അദ്ദേഹം നാഗാനന്ദംമുഖേന ശ്രമിച്ചതു് അവസാനത്തിൽ പരാജയത്തിലാണു കലാശിച്ചതു്. ഇതിൽ ശിഷ്യരില്ലാത്ത ഒരു

ത്തുശാലന്റെ നിലയാണു് ഹർഷനുണ്ടായിരുന്നതും. കലയെ സംബന്ധിച്ചിടത്തോളം, ഗുപ്തകലയെ വച്ചു പുലത്തിവഷളാക്കിക്കൊണ്ടുപോയതല്ലാതെ, കാഞ്ചീപുരത്തെ പല്ലവരാജാവായ മഹേന്ദ്രവമ്മനെപ്പോലെ ശില്പകലയിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുവാൻ ഹർഷനു സാധിച്ചിരുന്നുമില്ല.

ഹർഷൻ സൃഷ്ടിച്ച സാമ്രാജ്യം അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ച നിമിഷത്തിൽ തന്നെ ഛിന്നിച്ചിതറിപ്പോയി. തന്റെ സമകാലീനനായ ചീനചക്രവത്തിടൈട്സുങ്ങിനെപ്പോലെ ദീർഘകാലം നിലനിന്ന ഒരു സാമ്രാജ്യം സൃഷ്ടിച്ചു ലോകചരിത്രത്തിലെ സാമ്രാജ്യസ്ഥാപകരുടെ മുന്നണിയിൽ ഒരു സ്ഥാനം കരസ്ഥമാക്കുവാൻ വേണ്ട ശേഷിയും ഹഷ്നുണ്ടായിരുന്നില്ല. തന്റെ മറ്റൊരു സമകാലീനനായ പാരസികചക്രവത്തി കുസ്രൂ പാവ്വിസിനെപ്പോലെ, താൽക്കാലികങ്ങളാണെങ്കിലും ജാജ്വല്യങ്ങളുമായിരുന്ന യുദ്ധവിജയങ്ങൾ നേടിയും, പ്രജാദ്രോഹകരമാണെങ്കിലും അത്ഭുതപൂർവ്വമായിരുന്ന ഒരു പരമസുഖജീവിതം നയിച്ചും, തത്വജ്ഞാനദൃഷ്ട്യാ ഒരു ചാപല്യമാണെങ്കിലും, ലൌകികദൃഷ്ട്യാ എന്നും ഹൃദയാകഷ്കമായി തോന്നുന്നതുമായ ഒരു അസാധാരണപ്രേമത്തിനു വശംവദനായും, ലോകചരിത്രത്തിൽ ഒരു പ്രത്യേകസ്ഥാനം നേടുന്നതിനും ഹർഷനു സാധിച്ചിരുന്നില്ല. സകലസുഖസാധനങ്ങളും വജ്ജിച്ചു തന്റെ രാജ്യത്തിലെ ഏററവും എളിയവനായ ഒരു പൌരനെപ്പോലെ മരണപയ്യന്തം ജീവിച്ചു ലോകരുടെ അതിയായ ബഹുമാനത്തിനു പാത്രീഭവിച്ച തന്റെ മറെറാരു സമകാലീനനെ, അതായത്തു് ഒമർ മഹാൻ എന്ന ഖലിഫിനെപ്പോലെ ജീവിക്കു

വാനം ഹർഷൻ അശക്തനായിരുന്നു. ഒമർ മഹാന്റെ അനന്യസദൃശങ്ങളായ കർത്തവ്യനിഷ്ഠയും, എളിയ ജീവിത രീതിയും കാണിക്കുന്ന ഒരു ചരിത്രൈതിഹ്യത്തെ കേര ളീയനായ ഇന്നത്തെ ഒരു യുവകവി ശ്രീമാൻ ബോധേ ശ്വരൻ ചുവടെ ചേർക്കുന്ന പ്രകാരം ഭംഗിയായി വിവരി ച്ചിരിക്കുന്നു:—

"ധരണിയെങ്ങുമേ മുസ്ലീമിൻധർമ്മ-
ഭരണം നന്നെന്നു പുകഴുമ്പോൾ,
പെരുതാം രാജ്യങ്ങൾ, നൃപതിവംശങ്ങൾ
തെരുതെരെയങ്ങു തകരുമ്പോൾ,
... ... ... ... ...
വിപുലസാമ്രാജ്യനികുതികൊണ്ടങ്ങു
ഖജനായാകയും നിറയുമ്പോൾ,—
ഒരു ദിനമന്നാൾ പെരുനാളും വന്നു
നഗരമുല്ലസിച്ചിളകയായ്!
മൃദുതരങ്ങളാം പുതിയ വസ്ത്രങ്ങൾ
പരിമളങ്ങളുമമിതമായ്
സുതരാമങ്ങണിഞ്ഞതുലകൌതുകാൽ
ജനതതി വാഴുമളവിങ്കൽ,
ഗുണമെഴുമോമർ, കുലപതിയുടെ
പ്രണയഭാജനരമണിയാം
അരുണമാം കവിൾ ചൊവ്വു മങ്ങിയും
കരുമിഴികളിൽ ജലമാൎന്നും
മധുരകോമളമൃദുലമേനിയെ
വിധുരമാക്കുന്നൊരുടയാട

കൃപയെഴും ഭർത്തൃനികടെ കാട്ടിയും
പരിഭവിച്ചുമങ്ങരചെയ്തു:
'പെരുനാളല്ലയോ! അവനിനായകാ!
ചെറുത്തു കാണുകെൻവസനത്തെ
ആരുമെക്കുഞ്ഞുങ്ങൾക്കണിവാനുമില്ല
പുതുതായുള്ളൊരു തുണിപോലും!
പുരിയിൽ വാഴുന്ന ജനമിന്നേവരും
സുരജനംപോലെ കഴിയുമ്പോൾ
പെരിയ ക്യാലിഫിൻപ്രണയിനിക്കഹോ
പുതിയൊരാടയ്ക്കു വകയില്ലേ?'
ചെറുത്തും ചാഞ്ചല്യമിയലാതന്നേരം
കരുണയാർന്നൊരു ധരണീശൻ
പ്രിയയോടോതിനാൻ മഹിതധർമ്മമാം
കനിയിലൂറിന പരമാർത്ഥം.
'ഇവനെഴുന്നതാം തൊഴിലിൻകൂലിയി-
ന്നിതുവരെയ്ക്കുള്ള തകിലവും
ഖജനായിൽനിന്നിങ്ങിവനു ലഭ്യമായ്;
കമനിയാളെ നീ കരയുന്നോ?'
ഇതുകേട്ടംഗന സപദി ചോദിച്ചാൾ,
'ഇനി നാളേയ്ക്കുള്ള തുകയെന്നാൽ
അരുതോ വാങ്ങുവാൻ അതിൽനിന്നിന്നെൻെറ
പുടകയൊന്നിനു വകകാണാം.'
'ചപലയായിത്ഥം പറയുന്നെന്തു നീ
ഇവനു നാളെയും ഭുവി വാസം
ധ്രുവമെന്നെങ്ങിനെ കരുതാം വല്ലഭേ!
ജഗദീശേച്ഛകളറിയാ നാം.'

സുചരിതയാകും തരുണി തന്നുടെ
പരിഭവം നീങ്ങിത്തെളികയായ്
ജനമെന്നും വാഴ്ത്തും നിലയിൽ വാണവർ
ഭുവനകാന്തിതൻകതിരുകൾ."

ഇതിൽ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു ലഘു ജീവിതമോ, ഒരു കത്തവ്യബോധമോ, ഹഷനെ സംബന്ധിച്ചു പറയാൻ സാധിക്കുകയില്ല. പ്രയാഗയിൽ വച്ചു ഹർഷൻ മാമൂലനുസരിച്ചു നടത്തിയ മുകളിൽ വിവരിച്ച മഹാദാനത്തെപ്പോലെയുള്ള മഹാദാനങ്ങൾ അദ്ദേഹത്തിൻെറ സമകാലീനരായ മററു ചില രാജാക്കന്മാരും യഥാശക്തി നടത്തിവന്നിരുന്നതായി യുവൻചാങ് തന്നെ തൻെറ സഞ്ചാരഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, അതിനു യാതൊരു പ്രത്യേകതയും നൽകുവാൻ പാടില്ല.

ഹഷൻെറ ജീവിതത്തിൻെറ പൂവാർദ്ധത്തിൽ പാണ്ഡ്യരാജ്യത്തിൽ നാടുവാണിരുന്നു എന്നു വിചാരിക്കുവാൻ കാരണമുള്ള കുലശേഖരപാണ്ഡ്യനെപ്പററി ഒരു ഐതിഹ്യം പ്രാചീന ചെന്തമിഴ്കാവ്യമായ ചിലപ്പതികാരം പ്രസ്താവിക്കുന്നുണ്ട്. തൻെറ ഭടന്മാർ ഒരു ബ്രാഹ്മണവിധവയുടെ ഭവനത്തിലെ കതകുകളെ ഇളക്കി നശിപ്പിച്ചതിൽ ആ വിധവ സങ്കടപ്പെട്ട വിവരം അറിഞ്ഞയുടനെ, കുലശേഖരപാണ്ഡ്യൻ ആ പൌരദ്രോഹം തന്റെ സൂക്ഷ്മക്കുറവുമൂലമേ സംഭവിച്ചതായി താൻ കരുതുന്നു എന്നു പറഞ്ഞു, അതിനു ശിക്ഷയായി തന്റെ ഒരു കൈയ് വെട്ടിക്ക

ളഞ്ഞു എന്നാണ് പ്രസ്തുത ഐതിഹ്യം. ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ഇത്തരം അനീതികൾ ഹഷന്റെ സാമ്രാജ്യത്തിലും നടന്നിരുന്നു എന്ന് മുമ്പ് ഹഷചരിതത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ള ഹഷൻെറ പ്രഥമദിഗ്വിജയയാത്രാവർണ്ണനയിൽനിന്നു മനസ്സിലാക്കാം. എത്രയെത്ര സാധുക്കളുടെ കുടിലുകളാണ് ഹഷൻെറ സൈന്യം നശിപ്പിച്ചത്! എത്രയെത്ര പാടങ്ങളിലെ വിളവുകളാണ് ഹഷൻെറ പട ഇല്ലായ്മ ചെയ്തത്! എന്നിട്ടും കുലശേഖരപാണ്ഡ്യനെപ്പോലെ ഹഷൻ പ്രവത്തിച്ചിരുന്നില്ലെന്നു മാത്രമല്ല, സങ്കടം പറയുവാൻ വന്ന ഗ്രാമീണരെ അദ്ദേഹത്തിൻെറ ചെറിയ ഉദ്യോഗസ്ഥന്മാർ ഭയപ്പെടുത്തി ഓടിക്കുകയാണു ചെയ്തത്! കുലശേഖരപാണ്ഡ്യൻെറ പ്രവൃത്തിപോലെയുള്ള ഒരു അനന്യസാധാരണമായ പ്രവൃത്തി ചെയ്ത് അനശ്വരമായ കീത്തി നേടാൻ വേണ്ട രാഷ്ട്രീയമായ ഭാവനാശക്തി ഹഷന് ലേശവും ഉണ്ടായിരുന്നില്ല.

സമകാലീനരുടേയോ, ആധുനിക മനുഷ്യരുടേയോ ശ്രദ്ധ പ്രത്യേകമായി ആകർഷിക്കത്തക്കവണ്ണമുള്ള അത്യാഡംബരയുക്തമായ ഒരു ജീവിതമോ, യതിജീവിതതുല്യമായ ഒന്നോ അല്ല ഹർഷൻ നയിച്ചിരുന്നത്. ആട്ടുന്ന ചാക്യാരായതു കൊണ്ടല്ല ഹർഷൻ അണിയിൽ പ്രധാനനല്ലാതെ ഭവിച്ചതെന്ന പരമാത്ഥം ഇവിടെ പ്രത്യേകമായി ഓമ്മിക്കേണ്ടതാണ്. വാസ്തവത്തിൽ, സാഹിത്യത്തിലെന്നപോലെ, യുദ്ധത്തിലും, ഭരണത്തിലും ഹഷനു കേവലം സാധാരണമായ സാമത്ഥ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

യഥാൎത്ഥമായ ശക്തിയുള്ള ചാലുക്യചക്രവൎത്തി പുലകേശിയുമായി പടവെട്ടേണ്ടി വന്നപ്പോറം, ഹൎഷൻ തോററു തൊപ്പിയിടുകയാണു ചെയ്തതു്. താരതമ്യേന ശക്തി കുറഞ്ഞ രാജ്യമായി കരുതാവുന്ന കാശ്മീരത്തോടുള്ള യുദ്ധത്തിൽപോലും ഹൎഷൻ പരാജയപ്പെട്ടുപോയി. നിത്യഭരണം സാധാരണമായ കൎത്തവ്യനിഷ്ഠയോടുകൂടി നടത്തിയതല്ലാതെ, ആ സദ്ഭരണം ശാശ്വതമായി നിലനിറുത്തിക്കൊണ്ടുപോകുന്നതിനു പൎയ്യാപ്തമായ യാതൊരു ഭരണപരിഷ്ക്കാരവും ഹൎഷൻ നടപ്പിൽ വരുത്തിയിരുന്നില്ല. കുസ്രുവിന്റേതുപോലെയുള്ള ഒരു പ്രണയത്തിനു വഴിപ്പെടാൻ ഹൎഷന്റെ ആത്മനിയന്ത്രണശീലം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. അത്തരത്തിലുള്ള ഒരു പ്രണയത്തിനു ഹൎഷൻ വഴിപ്പെട്ടിരുന്നുവെങ്കിൽ, താൻ അതിയായി ആഗ്രഹിച്ചിരുന്നു എന്നു് ഹൎഷന്റെ സാഹിത്യസദസ്സിലെ ഒരു അംഗമായ മാതംഗദിവാകരൻ "ആസീന്നാഥപിതാമഹീ" എന്നു തുടങ്ങുന്ന ശ്ലോകത്തിൽ ധ്വനിപ്പിച്ചിട്ടുള്ള പുത്രലാഭം ഒരുപക്ഷേ ഉണ്ടായി അദ്ദേഹത്തിനു തന്റെ സാമ്രാജ്യത്തെ ഒരു തലമുറയ്ക്കു കൂടിയെങ്കിലും വച്ചു പുലൎത്തിക്കൊണ്ടുപോകുവാൻ സാധിക്കുമായിരുന്നു.

പ്രസിദ്ധരായ അന്യഭാരതീയ ചക്രവൎത്തികളോടു താരതമ്യപ്പെടുത്തി നോക്കുന്ന പക്ഷവും, ഹൎഷൻ ഒരു ചക്രവൎത്തി എന്ന നിലയിൽ അവരുടെ പിന്നിലായി മാത്രമേ നിൽക്കുന്നുള്ളു എന്നു കാണാവുന്നതാണു്. അശോകന്റെ ധാൎമ്മികശക്തിയോ, സൎവ്വലോകദൃഷ്ടിയോ ഹൎഷനു് ഉണ്ടായിരുന്നില്ല. യുദ്ധപാടവത്തിൽ അദ്ദേഹം

സമുദ്രഗുപ്തൻേറയും, സ്കന്ദഗുപ്തൻേറയും, രാജേന്ദ്രചോഴൻേറയും വളരെ പിന്നിലായി മാത്രമേ സ്ഥിതിചെയ്യുന്നുള്ളു. രാജരാജചോഴൻേറയോ, അക്ബരുടേയോ ഭരണസാമാത്ഥ്യം ഹർഷനിൽ കാണുന്നില്ല. യുദ്ധപാടവത്തിൻേറയും, ഭരണസാമത്ഥ്യത്തിൻേറയും കുറവു മാത്രമല്ല, ഒരു ചക്രവൎത്തി എന്ന നിലയിൽ, അദ്ദേഹത്തിന്റെ കുറവുകളായി കരുതേണ്ടതു്. സാമാന്യമായ ഭരണസാമത്ഥ്യമുള്ള ഒരു രാജാവിനുപോലും, അല്പമായ ദീർഘദൃഷ്ടിക്രുടിയുണ്ടെങ്കിൽ, ചെയ്യു തൻെറ രാജ്യത്തെ പാരതന്ത്ര്യത്തിൽനിന്നു രക്ഷിക്കാമായിരുന്ന പ്രവൃത്തിപോലും അദ്ദേഹം ചെയ്തിരുന്നില്ലെന്നും, നേരേ മറിച്ച് താൻ നിന്നിരുന്ന സ്ഥലത്തിന് ഒരടിപോലും മുമ്പോട്ടു കാണുവാൻ കഴിയാത്തവനെപ്പോലെ തൻെറ നാട്ടിനെ പാരതന്ത്ര്യത്തിലേക്കു വലിച്ചിഴയ്ക്കുന്ന പ്രവൃത്തികളിലാണ് അദ്ദേഹം ഏപ്പെട്ടിരുന്നതെന്നും പറയേണ്ടിയിരിക്കുന്നു.

ഹഷൻെറ കാലത്തെ പ്രധാന ലോകസംഭവം മഹാനായ മഹമ്മദ് നബിയുടേയും അദ്ദേഹത്തിൻെറ ശിഷ്യന്മാരുടേയും കീഴിൽ അറബികൾ ഒരു മഹച്ഛക്തിയായി ഭവിച്ചതാണ്. ഹർഷൻെറ അന്ത്യകാലത്ത് അദ്ദേഹത്തിൻെറ സമകാലീനനായി ഏ. ഡി. ൬൩൪-മുതൽക്ക് ൬൪൪-വരെ നാടുവാണിരുന്ന മുകളിൽ പ്രസ്താവിച്ച സുപ്രസിദ്ധനായ ഖലിഫ് ഒമറിൻെറ ഭരണകാലത്താണ് അറബികൾ ഭാരതത്തെ ആദ്യമായി ആക്രമിച്ചതു്. ഇവരുടെ ആക്രമണം ചെറുക്കുന്നതിനായി ഇൻഡ്യയ്ക്കും അറേബ്യയ്ക്കും ഇടയ്ക്കു കിടക്കുന്ന പാരസികസാമ്രാജ്യവുമായി

സഖ്യം ചെയ്യുകയായിരുന്നു ഹഷ്ൻ ചെയ്യേണ്ടിയിരുന്നത്. ഇതിനു പകരം അദ്ദേഹം പാരസികരാജ്യവുമായി സ്വരച്ചേർച്ചയില്ലാതെ പെരുമാറി. കുസ്രു പാവിസിൻെറ നാടകീയമായ അധഃപതനത്തിനു ശേഷമുണ്ടായ പെർസ്യയുടെ ശക്തിക്ഷയം ഹർഷനെ രസിപ്പിച്ചിരിക്കണം. കുറേ കാലത്തേക്കെങ്കിലും ഭാരതത്തെ അറബികളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കുമായിരുന്നവയും, ഇൻഡ്യയുടെ പശ്ചിമോത്തരഭാഗത്തിൽ സ്ഥിതിചെയ്യുന്നവയുമായ സിന്ധു, വലഭി മുതലായ രാജ്യങ്ങളുടെ ശക്തിയെ അവയോടു പടവെട്ടി ഹഷ്ൻ ക്ഷയിപ്പിച്ചു. പിന്നെയും പുലകേശിയോടു സഖ്യം ചെയ്ത് താനും അദ്ദേഹവുമായി യോജിച്ച് അറബികളുടെ ആക്രമണം ചെറുക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയായിരുന്നു ഹർഷനു ദീർഘദൃഷ്ടിയുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ചെയ്യുമായിരുന്നത്. ഇതു ചെയ്യുന്നതിനു പകരം പുലകേശിയുമായി പോരാടുകയാണു ഹർഷൻ ചെയ്തത്. ഹർഷൻെറ പ്രസ്തുത പ്രവൃത്തികൾ ഭാരതത്തിലെ മുസ്ലിംവാഴ്ചയ്ക്കു വഴി തെളിക്കുകയും ചെയ്തു.

ഇപ്രകാരം യഥാർത്ഥമായ പരാജയമാണു ഹഷ്ൻെറ സാഹിത്യജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും പൊന്തിച്ചു നിൽക്കുന്നതെങ്കിലും, "അദ്ദേഹത്തിൻെറ മഹത്വം സകല ഗുണങ്ങളേയും, സകല സൌഭാഗ്യങ്ങളേയും, സാധാരണങ്ങളായ വരപ്രദാനങ്ങളേയും, അഖില ആശിസ്സുകളേയും, മനോരഥങ്ങളേയും, ഭാഗ്യങ്ങളേയും, ഉപമാനങ്ങളേയും, ധർമ്മങ്ങളേയും, ഐശ്വര്യങ്ങളേയും അതി

ക്രമിച്ചിരുന്നു" എന്നുള്ള ബാണന്റെ വാക്കുകൾ കേവലം അതിശയോക്തികളാണെങ്കിലും, അദ്ദേഹത്തിൽ മഹത്വത്തിന്റെ ഒരു അംശവും ഇല്ലെന്നു പറയാവുന്നതല്ല. വാസ്തവത്തിൽ മഹത്വത്തിന്റെ ചില അംശങ്ങൾ അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു. ജയമല്ല മഹത്വത്തിന്റെ മാനദണ്ഡം. ശേഷിയല്ല മഹത്വത്തിന്റെ അളവുകോൽ. ക്രിസ്തു തന്റെ ജീവിതകാലത്തു പരാജയപ്പെട്ട ഒരു ദേഹമായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മഹത്വം മരണാനന്തരം വെളിപ്പെട്ടു. അതുപോലെ ഹർഷനുണ്ടായിരുന്ന മഹത്വത്തിന്റെ അംശങ്ങൾ, അദ്ദേഹത്തിന്റെ കാലത്തിനുശേഷം ജീവിച്ചിരുന്നവർക്ക്, പ്രത്യേകിച്ച് ഇന്നുള്ളവർക്ക്, കാണാൻ കഴിയും. പരോപകാരാർത്ഥം ആത്മത്യാഗം ചെയ്യുക എന്ന ധർമ്മതത്വമാണ് ഇന്നത്തെ ലോകത്തിന്റെ നാരായവേരായി നിൽക്കുന്നത്. ഇന്ന ലോകത്തു പ്രചരിച്ചുവരുന്ന സിദ്ധാന്തങ്ങൾക്കു തമ്മിൽ എത്രമാത്രം പ്രത്യക്ഷമായ അകൽച്ച ഉണ്ടായിരുന്നാലും ശരി, അവയെ ഒരു ഏക മൌലികതത്വം, അതായതു്, പരോപകാരാർത്ഥമുള്ള ആത്മപരിത്യാഗം അഥവാ, സമുദായത്തിനു വേണ്ടി വ്യക്തികൾ ആത്മത്യാഗം ചെയ്യണം, എന്നതു് തമ്മിൽ ഘടിപ്പിക്കുന്നു. ഗാന്ധിജിയുടെ സിദ്ധാന്തമായാലും ശരി, ലെനിന്റേതായാലും ശരി, ഇതാണ് അവയിൽ പൊതുവായിക്കാണുന്ന മൌലികതത്വം.

ഈ തത്വത്തെ മഹാനായ ശാക്യമുനി ഇദംപ്രഥമമായി പ്രഖ്യാപനംചെയ്യുകയുണ്ടായി. എന്നാൽ മതസ്ഥാപകരുടേയും അവരുടെ അനുചരരുടേയും പ്രസംഗ

ങ്ങളെക്കാൾ അധികം ശാശ്വതമായി ഒരു ധാർമ്മികതത്വത്തെ സാധാരണ ലോകരുടെ ഇടയ്ക്കു വേരുറപ്പിയ്ക്കുന്നതു് ആ തത്വത്തിൻെറ നാടകീയമായ പ്രദർശനമാണു്. നാം ഒരു ചെവികൊണ്ടു കേൾക്കുന്നതു് മറേറ ചെവിയിൽ കൂടി പുറത്തു പോകും. എന്നാൽ നാം രണ്ടു കണ്ണുംകൊണ്ടു കാണുന്നതു മരണപര്യന്തം നാം മറക്കുകയില്ല. ഹർഷൻ്റെ നാഗാനന്ദം ബുദ്ധൻ ഇദംപ്രഥമമായി പ്രഖ്യാപനം ചെയ്ത പ്രസ്തുത തത്വത്തെ അതിൻെറ അഭിനയമുണ്ടാകുമ്പോഴെല്ലാം മനുഷ്യരുടെ മനസ്സിൽ പതിപ്പിച്ചുകൊണ്ടിരുന്നു. ശ്രേഷ്ഠമായ ഈ പ്രവൃത്തി ചെയ്തതിലാണു ഹർഷൻ്റെ മഹത്വം മുഖ്യമായി സ്ഥിതിചെയ്യുന്നതു്. ആരറിഞ്ഞു നാഗാനന്ദത്തിൻെറ ഒരു ജർമ്മൻപരിഭാഷയുടെ അഭിനയം ലെനിൻ്റെ ഗുരുവായ കാറൽ മാക്കിസിനെ ഭൂരിപക്ഷക്കാരായ തൊഴിലാളികൾക്കു വേണ്ടി ജീവിക്കേണ്ടതാണെന്നുള്ള മൌലികതത്വം പഠിപ്പിച്ചില്ലെന്നു്? ആരറിഞ്ഞു നാഗാനന്ദത്തിൻെറ ഒരു അഭിനയം മഹാത്മാ ഗാന്ധിയുടെ ജീവിതരീതിയിലുണ്ടായ സ്മരണീയമായ വ്യതിയാനത്തിനു്, അദ്ദേഹം അറിഞ്ഞോ അറിയാതേയോ, കാരണമായി ഭവിച്ചില്ലെന്നു്?

# അനുബന്ധം ഫ.

---

ഹർഷൻെറ മധുവനശാസനം.

ഓം സ്വസ്തിമഹാനൌഹസ്ത്യശ്വജയസ്കന്ധാവാരാത് കപിത്ഥികായാ മഹാരാജശ്രീ നരവാഹനസ്തസ്യ പുത്രസ്തത്പാദാനുധ്യാതശ് ശ്രീവജ്രിണീദേവ്യാമുല്പന്നഃ പരമാദിത്യഭക്തോ മഹാരാജശ്രീ രാജ്യവർദ്ധനസ്തസ്യ പുത്രസ്തത്പാദാനുധ്യാതശ് ശ്ര്യപ്സരോ ദേവ്യാമുല്പന്നഃ പരമാദിത്യഭക്തോ മഹാരാജശ്രീമദാദിത്യവർദ്ധനസ്തസ്യ പുത്രസ്തത്പാദാനുധ്യാത ശ്രീ മഹാസേനഗുപ്താദേവ്യാമുല്പന്നശ്ചതുസ്സമുദ്രാതിക്രാന്തകീർത്തിഃ പ്രതാപാനുരാഗോപനതാന്യരാജോ വർണ്ണാശ്രമവവ്യസ്ഥാപന പ്രവൃത്തചക്ര ഏകചക്രരഥ ഇവ പ്രജാനാമാർത്തിഹരഃ പരമാദിത്യഭക്തഃ പരമഭട്ടാരക മഹാരാജാധിരാജശ്രീ പ്രഭാകരവർദ്ധനസ്തസ്യ പുത്രസ്തത്പാദാനുധ്യാതഃ സിതയശഃ പ്രതാന വിച്ഛുരിത സകല ഭുവനമണ്ഡലഃ പരിഗൃഹീത ധനദവരുണേന്ദ്രപ്രഭൃതി ലോകപാലതേജാഃ സൽപഥോപാർജ്ജിതാനേകദ്രവിണഭൂമി പ്രധാന സമ്പ്രീണിതാർത്ഥി ഹൃദയോതിശയിത പൂർവ്വരാജചരിതോ ദേവ്യാമമലയശോമത്യാം ശ്രീയശോമത്യാമുല്പന്നഃ പരമസൌഗതഃ സുഗത ഇവ പരിഹിതൈകരതഃ പരമഭട്ടാരക മഹാരാജാധിരാജശ്രീ രാജ്യവർദ്ധനഃ.

രാജാനോ യുധി ദുഷ്ടവാജിന ഇവ ശ്രീദേവഗുപ്താദയഃ
കൃത്വാ യേനകശാപ്രഹാരവിമുഖഃ സർവ്വേ സമം സമ്യതാഃ

ഉത്ഖായദ്വിഷതോ വിജിത്യ വസുധാം കൃത്വാ പ്രജാനാം
[പ്രിയം
പ്രാണാനുജ്ഝിതവാനരാതിഭവനേ സത്യാനുരോധേന യഃ.

തസ്യാനുജസ്തത്പാദാനുധ്യാതഃ പരമമഹേശ്വരോ മഹേശ്വര ഇവ സർവസത്വാനുകമ്പീ പരമഭട്ടാരക മഹാരാജാധിരാജ ശ്രീഹർഷഃ ശ്രാവസ്തീഭുക്തൌകുണ്ഡധാനീവൈഷയിക സോമകുണ്ഡകാഗ്രാമേ സമുപഗതാൻ മഹാസാമന്തമഹാരാജദൌസ്സാധസാധനിക പ്രമാതാര രാജസ്ഥാനീയ കുമാരാമാത്യോപരിക വിഷയപതിഭടചാടസേവകാദീൻ പ്രതിവാസിജനപദാംശ്ച സമാജ്ഞാപയത്യസ്തുവഃ സംവിദിതമയം സോമകുണ്ഡകാഗ്രാമോ ബ്രാഹ്മണവാമരഥ്യേന കൂടശാസനേന ഭുക്തക ഇതി വിചാര്യ്യയതസ്തച്ഛാസനം ഭങ്ക്ത്വാ തസ്മാദാക്ഷിപ്യ ച സ്വസീമാപര്യ്യന്തഃ സോദ്രംഗഃ സർവരാജകുലാഭാവ്യ പ്രത്യായസമേതഃ സർവപരിഹൃതപരിഹാരോ വിഷയാദുദ്ധൃതപിണ്ഡഃ പുത്രപൌത്രാനുഗശ്ചന്ദ്രാർക്കക്ഷിതി സമകാലീനോ ഭൂമിച്ഛിദ്രന്യായേന മയാ പിതുഃ പരമഭട്ടാരക മഹാരാജാധിരാജശ്രീ പ്രഭാകരവർദ്ധനദേവസ്യ മാതുഃ പരമഭട്ടാരകാ മഹാദേവീ രാജ്ഞീ ശ്രീയശോമതീദേവ്യാ ജ്യേഷ്ഠഭ്രാതൃ പരമഭട്ടാരക മഹാരാജാധിരാജശ്രീ രാജ്യവർദ്ധനദേവപാദാനാം ച പുണ്യയശോഭിവൃദ്ധയേ സാവർണ്ണി സഗോത്രച്ഛന്ദോഗ സബ്രഹ്മചാരി ഭട്ടവാതസ്വാമി വിഷ്ണുവൃദ്ധസഗോത്രേ ബഹ്വൃച സബ്രഹ്മചാരി ഭട്ടശിവദേവസ്വാമിഭ്യാം പ്രതിഗ്രഹധർമ്മേണാഗ്രഹാരത്വേന പ്രതിപാദിതോ വിദിത്വാ ഭവദ്ഭിഃ സമനുമന്തവ്യഃ പ്രതിവാസിജാനപദൈരപ്യാജ്ഞാശ്രവണവിധേയൈർഭൂത്വാ യഥാ

ൎസമുചിത തുല്യമേയ ഭാഗഭോഗകരഹിരണ്യാദിപ്രത്യായാ അനയോരേവോപനേയാഃ സേവോപസ്ഥാനം ച കരണീയമിതി. അപി ച,

അസ്മത്കുലക്രമമുദാരമുദാഹരദ്ഭി-
രന്യൈശ്ച ദാനമിദമഭ്യനുമോദനീയം
ലക്ഷ്മ്യാസ്തഡിത്സലിലബുദ്ബുദചഞ്ചലായാ
ദാനം ഫലം പരയശഃ പരിപാലനം ച.

കമ്മണാ മനസാ വാചാ
കത്തവ്യം പ്രാണിനേ ഹിതം
ഹഷേണൈതത്സമാഖ്യാതം
ധമ്മാജ്ജനമനുത്തമം.

ദൂതകോത്ര മഹാപ്രമാതാര മഹാസാമന്ത ശ്രീസ്കന്ദഗുപ്തഃ മഹാക്ഷപടലാധികരണാധികൃത സാമന്തമഹാരാജേശ്വരഗുപ്ത. സമാദേശാച്ചോൽകീണ്ണം ഗർജ്ജരേണ. സംവത് ൨൫ മാഗ്ഗശീഷവദി ൬.

# അനുബന്ധം ൨

ഫഷ്ന്റെ സുപ്രഭാതസ്തോത്രം.

ഓം നമോ ബുദ്ധായ, നമോ ധമ്മായ, നമഃ സംഘായ.

൧. സ്തുതമപി സുരസംഘൈസ്സിദ്ധഗന്ധർവ്വയക്ഷൈർ-
ദിവിഭുവിസുവിചിത്രൈഃ സ്തോത്രവാഗ്ഭിർയ്യതീശൈഃ
അഹമപി കൃതശക്തിർന്നൌമിസംബുദ്ധമാദ്യം
നഭസി ഗരുഡയാതേ കിം ന യാന്തി ദ്വിരേഫാഃ

൨. ക്ഷപിതദുരിതപക്ഷഃ ക്ഷീണനിശ്ശേഷദോഷഃ
ദ്രവിതകനകവർണ്ണഃ ഫുല്ലപത്മായതാക്ഷഃ
സുരുചിരപരിവേഷഃ സുപ്രഭാമണ്ഡലശ്രീ-
ർദ്ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൩. മദനബലവിജേതുഃ കാപഥോച്ഛേദകർത്തു-
സ്ത്രിഭുവനഹിതകർത്തുഃ സ്ത്രീലതാജാലഹർത്തുഃ
ശമ സുഖ ഫലദാതുർഭേത്തുരജ്ഞാനശൈലം
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൪. അസുരസുരനരാണാം യോഽഗ്രജന്മാഗ്രദൈവഃ
സകലഭുവനനാഥോ ലോകസ്രഷ്ടേ ്വകശബ്ദഃ
സ്വപിതി മനുജധാതാ പത്മയോനിഃ സ്വയംഭൂ-
ർദ്ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം,

൭. ഉദയഗിരിതടസ്ഥോ വിദ്രുമച്ഛേദതാമ്ര-
സ്തിമിരനികരഹന്താ ചക്ഷുരേകം പ്രജാനാം
രവിരപി പരിലോലഃ സർവഥാ സോഽപി സുപ്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൮. ദ്വിരദദശനപാണ്ഡുഃ ശീതരശ്മിഃ ശശാങ്ക-
സ്തിലക ഇവ രജന്യാഃ സർവചൂഡാമണിര്യ്യഃ
അവിഗതമദരാഗഃ സർവഥാ സോഽപി സുപ്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൯. പ്രവരഭുജചതുഷ്കഃ ഷോഡശാർദ്ധാർദ്ധവക്ത്രോ
ജപനിയമവിധിജ്ഞഃ സാമവേദപ്രവക്താ
അമലകമലയോനിഃ സോഽപി ബ്രഹ്മാ പ്രസുപ്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൰. കുവലയദലനീലഃ പുണ്ഡരീകായതാക്ഷഃ
സുരരിപുബലഹന്താ വിശ്വകൃദ്വിശ്വരൂപീ
ഹരിരപി ചിരസുപ്തോ ഗർഭവാസൈരമുക്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൰൧. ഹിമഗിരിശിഖരസ്ഥഃ സർപ്പയജ്ഞോപവീത-
സ്ത്രിപുരദഹനദക്ഷോ വ്യാഘ്രചർമ്മോത്തരീയഃ
സഹഗിരിവരപുത്ര്യാ സോഽപി സുപ്തസ്ത്രിശൂലീ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൰൨. ജ്വലിതകുലിശപാണിർദ്ദുർജ്ജയോ ദാനവാരിഃ
സുരപതിരപി ശച്യാ വിഭ്രമേ മൂഢചേതാഃ
അനിശി നിശി ച സുപ്തഃ കാമപങ്കേ നിമഗ്നോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൧. ഹിമശശികുമുദാഭോ മദ്യപാനാരുണാക്ഷോ
ദൃഢകഠിനഭുജാംഗോ ലംഗലീശക്തിഹസ്തഃ
ബല ഇഹ ശയിതോഽസൌ രേവതീകണ്ഠലഗ്നോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൨. ഗജമുഖദശനൈകഃ സർവ്വതോ വിഘ്നഹന്താ
വിഗളിതമദധാരഃ ഷട്പദാകീർണ്ണഗണ്ഡഃ
ഗണപതിരപി സുപ്തോ വാരുണീപാനമത്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൩. അതസികുസുമനീലാ യസ്യ ശക്തിഃ കരാഗ്രേ
നവ കമലവപുഷ്മാൻ ഷൺമുഖഃ ക്രൌഞ്ചഹന്താ
ത്രിനയനതനയോഽസൌ നിത്യസുപ്തഃ കുമാരോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൪. കപിലജടകലാപോ രക്തതാമ്രാരുണാക്ഷഃ
പശുപതിരതികാലേ ദഗ്ധകോപാതിദക്ഷഃ
സമശരദലിതാംഗഃ സോഽപി സുപ്തോ ഹുതാശോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൫. യമ വരുണ കുവേരാ യക്ഷ ദൈത്യോരഗേന്ദ്രാ
ദിവി ഭുവി ഗഗനേ വാ ലോകപാലാസ്തഥാന്യേ
യുവതിമദകടാക്ഷൈർവീക്ഷിതാസ്തേഽപി സുപ്താ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൬. ഋഷയ ഇഹ മഹാന്തോ വത്സഭൃഗ്വംഗിരാദ്യാഃ
ക്രതു പുലഹ വസിഷ്ഠാ വ്യാസ വാൽമീകി ഗർഗ്ഗാഃ
പരയുവതിവിലാസൈസ്സമ്മോഹിതാസ്തേഽപി സുപ്തോ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൭. ഭവജലനിധിമഗ്നാ മോഹജാലാവൃതാംഗാ
മന കപില കണാദാ ഭ്രാമിതാ മൂഢചിത്താഃ
ശമസുഖഫലഹീനാ ബാലിശസ്തേഽപി സുപ്താ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൮. അശന വസന ഹീനാ ഭാവ്യമാനാ വിരൂപാ
അലമഖിലവിഘാതൈപ്രേതവദ്ദഗ്ദ്ധദേഹാഃ
ഉഭയഗതിവിഹീനാ നിത്യസുപ്താശ്ച നഗ്നാ
ദശബല തവ നിത്യം സുപ്രഭാതം പ്രഭാതം.

൧൯. സുപ്രഭാതം സുനക്ഷത്രം
ശ്രേയഃ പ്രത്യഭിനന്ദിതം
ബുദ്ധം ധമ്മം ച സംഘം ച
പ്രണാമാമി ദിനേ ദിനേ.

൨൦. സുപ്രഭാതം തവൈകസ്യ
ജ്ഞാനോന്മീലിതചക്ഷുഷഃ
അജ്ഞാനതിമിരാന്ധാനാം
നിത്യമസ്തമിതോ രവിഃ.

൨൧. പുനഃപ്രഭാതം പുനരുത്ഥിതോ രവിഃ
പുനശ്ശശാങ്കഃ പുനരേവ ശർവ്വരീ
മൃത്യുർജ്ജരാജന്മ തഥൈവ ഹേ മുനേ
ഗതാഗതിം മൂഢജനോ ന ബുദ്ധ്യതി.

൨൨. അജ്ഞാനനിദ്രരജനീ തമസി പ്രസുപ്തേ
തൃഷ്ണാവിശാലശയനേ വിഷയോപധാനേ
കാലേ ശുഭാശുഭഫലം പരികീർത്ത്യമാണേ
ജാഗർത്തി യഃ സതതമേവ നമോഽസ്തു തസ്മൈ.

൨൭ തീൎത്ഥേഷു ഗോകുലശതാനി പിബന്തി തോയം
തൃപ്തിം വ്രജന്തി ന ച തൽക്ഷയമഭ്യുപൈതി
ഏവം മുനേഃ കവിശതൈരപി സംസ്തുതസ്യ
ന ക്ഷീയതേ ഗുണനിധിർഗുണസാഗരസ്യ.

൨൮. സ്തുത്വാ ലോകഗുരും മഹാമുനിവരം
സദ്ധൎമ്മപുണ്യദ്രുമം
നിർദ്വന്ദ്വം ഹതരാഗദോഷതിമിരം
ശാന്തേന്ദ്രിയം നിഃസ്പൃഹം
യത് പുണ്യം സമുപാൎജ്ജിതം ഖലു മയാ
തേനൈവ ലോകോഽഖിലഃ
പ്രത്യൂഷേ സ്തുതിഹർഷിതോ ദശബലേ
ശ്രദ്ധാം പരാം വിന്ദതാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl No. M08 Acc. No. 19602

This book should be returned on or before the date last stamped below.

M08
Bal-H

19602

ബാലകൃഷ്ണപിള്ള
ഹർഷവർദ്ധനൻ

KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 19602

Author പൊലകുന്നപിള്ള

Title വിഷ്വക്സേനൻ

Indic Digital Archive Foundation
gpura.org